# ആത്മീയ
# സാക്ഷരതക്ക് ഒരാമുഖം

സയ്യിദ് ഇബ്ന മുഹമ്മദ്

&

സി.കെ . കുഞ്ഞിമുഹമ്മദ്

# ആത്മീയ

# സാക്ഷരതക്ക് ഒരാമുഖം

സയ്യിദ് ഇബ് ന മുഹമ്മദ്
&
സി.കെ. കുഞ്ഞിമുഹമ്മദ്

# സമർപ്പണം

**മതം മനുഷ്യനന്മക്കാണെന്ന് കരുതുന്നവർക്ക്.**

# അവതാരിക

**ആ**ത്മീയ സാക്ഷരതക്ക് ഒരാമുഖം എന്ന ഈ പുസ്തകം അതിന്റെ പേരുകൊണ്ടു തന്നെ കാലിക പ്രസക്തിയുള്ളതാണെന്നു തോന്നി . വായന പുരോഗമിക്കുന്നതിനനുസരിച്ച് ഇതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ഓരോ വിഷയവും ഇക്കാലത്തു മാത്രമല്ല എല്ലാ കാലത്തേക്കും പ്രസക്തമാണെന്നു മനസ്സിലായി . വിശ്വാസം, മതം തുടങ്ങിയ വിഷയങ്ങൾ വിമർശനപരമായ രീതിയിൽ കൈകാര്യം ചെയ്യുമ്പോൾ വളരെയേറെ സൂക്ഷ്മത പാലിക്കേണ്ടതായിട്ടുണ്ട്. ഈ പുസ്തകത്തിൽ മാനവരാശിയുടെ പൊതുവേയും ,മുസ്ലിംകളുടെ പ്രത്യേകിച്ചും അടിസ്ഥാന വിശ്വാസങ്ങളെ അവയിലെ ശരിതെറ്റുകളെ വിലയിരുത്താനാണ് ശ്രമിച്ചിട്ടുള്ളത്.

പ്രകോപനപരമെന്ന് തോന്നാവുന്നതും ശരാശരിയിലും താഴെയുള്ള കേവല വിശ്വാസികളുടെ വൈകാരികതയെ ഉദ്ദീപിപ്പിക്കാൻ പര്യാപ്തമായതുമായ വിഷയങ്ങളെ വളരെ പോസിറ്റീവായ ഒരു സമീപനത്തിലൂടെ മിതത്വത്തിലൂടെയും കൈകാര്യം ചെയ്ത രീതി കാണുമ്പോൾ ഗ്രന്ഥകർത്താക്കളുടെ ഉദ്ദേശശുദ്ധിയെ സംശയിക്കാനാകുന്നില്ല . തീർച്ചയായും ഗുണകാംക്ഷ തന്നെയാണ് ഈ രചനയുടെ പിന്നിലെ ചേതോവികാരമെന്ന് ദോഷൈക ദൃക്കുകകൾക്കു പോലും തോന്നാതിരിക്കില്ല .

ആത്മീയരംഗം എത്രമാത്രം അലങ്കോലവും , ആപൽക്കരവുമായ അവസ്ഥയിലൂടെയാണ് കടന്നുപോയ്ക്കൊണ്ടിരിക്കുന്നതെന്ന് ചിന്താശേഷിയുള്ള ആർക്കും മനസ്സിലാക്കുന്നതാണ് . ഒരു അവതാരത്തിന്റെയോ, രക്ഷകന്റേയോ ,പ്രവാചകന്റേയോ ആഗമനം പ്രതീ

ക്ഷിക്കുന്നതിനു പകരം മനുഷ്യരാശി ഇന്നേവരെ ആർജ്ജിച്ചിട്ടുള്ള അറിവുകളെയെല്ലാം സ്വാംശീകരിച്ച് പ്രതിവിധിക്കുവേണ്ടി പ്രയത്നിക്കുകയാണ് വേണ്ടത് .അങ്ങനെയൊരു  പ്രയത്നത്തിന്റെ നേരിയ ലാഞ്ചന ഈ ഗ്രന്ഥത്തിൽ കാണാം.

ഗ്രന്ഥകർത്താക്കൾ അവർക്കു സുപരിചിതമായതുകൊണ്ടായിരിക്കാം വിശുദ്ധ ഖുർആനെയാണ് ഈ ഗ്രന്ഥ രചനക്കു മുഖ്യമായും ആശ്രയിക്കുന്നത്. ഖുർആൻ ഒരുപുനർവായന അർഹിക്കുന്നു എന്ന കാര്യം ഈ ഗ്രന്ഥം നമ്മെ തുടർച്ചായായി ഓർമ്മിപ്പിക്കുന്നു . മനഃപ്പൂർവ്വമായോ, വിശ്വാസത്തിലെ അതിരുകവിയൽ കൊണ്ടോ എന്നു ഉറപ്പിച്ചു പറയാനിവില്ലെങ്കിലും ഗുരുതരമായ അർത്ഥഭേദങ്ങൾ ഖുർആൻ പരിഭാഷകളിൽ കടന്നുകൂടിയുണ്ടെന്ന കാര്യം ആദ്യമായി പറയുന്നത് ഏതായാലും ഇതിന്റെ ഗ്രന്ഥകാരന്മാരല്ല .സമൂഹത്തിൽ സജീവസാന്നിദ്ധ്യമുള്ള സംഘബലമുള്ള മതസംഘടനകളോരോന്നും പരസ്പരം ആരോപിക്കുന്നത് ഇതു തന്നെയാണ് .ഒരുവിഭാഗത്തിന്റെ പരിഭാഷ മറുവിഭാഗത്തിന് സ്വീകര്യമല്ല . എല്ലാവർക്കും പ്രത്യേകം പ്രത്യേകം പരിഭാഷകളുണ്ട്. അവയിലെ നിർവ്വചനങ്ങളും ഒന്നിനൊന്നിനു വൈരുദ്ധ്യങ്ങൾ നിറഞ്ഞവയുമാണ് .

ഈ ഗ്രന്ഥത്തിൽ കാണുന്നതരത്തിലാണ് ഖുർആന്റെ യഥാർത്ഥ അർത്ഥങ്ങളെങ്കിൽ  അത് വളരെ വിസ്മയകരമാണെന്നു മാത്രമല്ല ലോകഗതിയെതന്നെ മാറ്റിമറിക്കാൻ പര്യാപ്തവുമാണ് .അല്പം തമാശയോടെയാണെങ്കിലും ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ ഈ കുറിപ്പ് അവസാനിപ്പിക്കുകയാണ് :  ഈ ഗ്രന്ഥം കുറച്ചുകൂടി മുമ്പാണ് ഇറങ്ങിയിരുന്നതെങ്കിൽ യുക്തിവാദിയായ ശ്രീ  ഇടമറുകിന് ഖുർആൻ ഒരു വിമർശനപഠനം എന്ന ഗ്രന്ഥം രചിക്കേണ്ടി വരില്ലായിരുന്നു .

# മുഖവുര

**ആ**ഗോള സംഭവവികാസങ്ങളുടെ പശ്ചാതലത്തിൽ ഇസ്ലാമിനെക്കുറിച്ചും മുസ്ലിംകളെക്കുറിച്ചും മുസ്ലിംകളല്ലാത്തവർക്കിടയിലും മുസ്ലിംകളിൽ തന്നെയും ആശങ്കയും, സംശയങ്ങളും വർദ്ധിച്ചുവരുന്നതും , ഏതാണ്ട് എല്ലാ മതവിഭാഗങ്ങളും തന്താങ്ങളുടെ വിശ്വാസപ്രമാണങ്ങളിലേക്ക് തിരിച്ചുപോക്ക് നടത്തികൊണ്ടിരിക്കുന്നതുമായ കാഴ്ചയാണ് എങ്ങും.സമൂഹത്തിലാവട്ടെ അശാന്തിയും,പരസ്പരവിശ്വാസമില്ലായ്മയും, കുറ്റകൃത്യങ്ങളും നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടുമിരിക്കുന്നു .നന്മകളേറെയുണ്ടായിട്ടും മതങ്ങളൊന്നും തന്നെ അവയുടെ അന്തസ്സത്തക്ക് നിരക്കാത്തവിധം മനുഷ്യകുലത്തെ ചൂഷണം ചെയ്യാനും , അജ്ഞതയുടെ അന്ധകാരത്തിൽ തളച്ചിടുവാനുമാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ഇതിലെല്ലാം ഉൽക്കണ്ഠ പൂണ്ട ഒരു വിഭാഗം മതവും വേണ്ട, ദൈവവും വേണ്ട എന്ന നിലപാടിലെത്തിച്ചേരുന്നതിനു മുമ്പ് വാസ്തവത്തിൽ ഈ മതങ്ങളിലും , ദൈവത്തിലും മനുഷ്യരാശിയുടെ മോചനത്തിനു ആവശ്യമായ എന്തെങ്കിലും ഘടകങ്ങൾ അടങ്ങിയിട്ടുണ്ടോ എന്നുള്ള വളരെ വിനീതമായ ഒരന്വേഷണമാണ് ഞങ്ങളെ ഈ ഗ്രന്ഥ രചനക്ക് പ്രേരിപ്പിച്ചത്. മതങ്ങളും, ദൈവ സങ്കൽപങ്ങളും അടിസ്ഥാനപരമായി മനുഷ്യന് ആവശ്യമാണെന്നും എന്നാൽ അന്ധമായ കേവലവിശ്വാസം കൊണ്ടു മാത്രം അവയെ നിലനിർത്തിക്കൊണ്ടു പോകാനില്ലെന്നും സമർത്ഥിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

ആരെയും കുറ്റപ്പെടുത്തലോ അതിക്ഷേപിക്കലോ അല്ല ലക്ഷ്യം . പക്ഷെ കുറ്റകരമായ രീതിയിൽ ആത്മീയ പ്രമാണങ്ങളെ

വളച്ചൊടിച്ച് വ്യാജമാക്കുന്നതിനെ അപലപിക്കാനും ഇതിൽ മുതിർന്നിട്ടുണ്ട്. തികച്ചും സദുദ്ദേഷപരവും , ഗുണകാംക്ഷ നിറഞ്ഞതുമായ നിരീക്ഷണങ്ങളെ മറിച്ചു കാണരുതെന്നപേക്ഷയോടുകൂടി ഞങ്ങൾ ഈ ഗ്രന്ഥം സഹൃദയരായ അനുവാചകരുടെ മുമ്പിൽ സമർപ്പിക്കുകയാണ് .

മുസ്ലിം അവാന്തരവിഭാഗങ്ങൾക്കിടയിൽ ഹദീസുകളുടെ ആധികാരികതയെക്കുറിച്ചുള്ള തർക്കം പണ്ടേ ഉള്ളതാണ് .ഇപ്പോഴും ഉണ്ട്. ഇസ്ലാം പലവിഭാഗങ്ങളായും, മദ്ഹബുകളായും വേർപിരിഞ്ഞതിലും പരസ്പരം കലഹിച്ചതിലും ഇത്തരം ഹദീസുകൾക്കുള്ള പങ്ക് അനിഷേധ്യമാണ് .സ്പെയിനിലെ ഇസ്ലാമിക ഭരണത്തിന് അറുതി വരുത്തുന്നതിൽ കുരിശുയുദ്ധങ്ങളേക്കാൾ പങ്കു വഹിച്ചത് മദ് ഹബ്പരമായ സംഘർഷങ്ങളായിരുന്നു എന്നത് ചരിത്രമാണ് .അപ്പോഴൊക്കെയും ഖുർആന്റെ കാര്യത്തിൽ വലിയ അഭിപ്രായ വ്യത്യാസങ്ങളൊന്നും ഉണ്ടായതായി കേട്ടിട്ടില്ല. ഖുർആൻ പരിഭാഷപ്പെടുത്തുന്ന കാര്യത്തിൽ യാഥാസ്ഥികരെന്നു പറയുന്നവരും പുരോഗമന വാദികളെന്നു അവകാശപ്പെടുന്നവരും തമ്മിൽ ആദ്യകാലത്ത് തർക്കം നിലനിന്നിരുന്നതായി അറിയാം . എന്നാൽ ഇന്ന് ഓരോ വിഭാഗങ്ങളും ഖുർആൻ പരിഭാഷ ഇറക്കുന്നതിൽ കിടമത്സരമാണ് . ഇങ്ങനെ പരസ്പരം മത്സരിച്ച് ഇറക്കുന്ന പരിഭാഷകളിലാവട്ടെ തെറ്റുകളും ഖുർആന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കു നിരക്കാത്ത ഗുരുതരമായ അപാകതകളും കടന്നുകൂടിയുണ്ടെന്ന കാര്യം ഞങ്ങളല്ല മേൽപറഞ്ഞ വിഭാഗങ്ങളിൽ പെട്ടവർ തന്നെയാണ് പരസ്പരം ആരോപിക്കുന്നത്.

ഖുർആൻ വിഭാവനം ചെയ്യാത്ത സ്ത്രീവിരുദ്ധത ,മനുഷ്യവകാശലംഘനങ്ങൾ ,അറുകൊലകൾക്കുള്ള പ്രേരണകൾ ,തീവ്രവാദത്തിനുള്ള പ്രചോദനങ്ങൾ ,അടിമത്വം ,നിരക്ഷരതയെ പ്രോത്സാഹിപ്പിക്കൽ .യുക്തിയുടെയും, ബുദ്ധിയുടെയും ,ചിന്തയുടെയും നിഷേധങ്ങൾ.അന്ധവിശ്വാസങ്ങൾ ,തുടങ്ങിയ മാനവികതക്ക് നിരക്കാത്തതും

മാനവിക ഐക്യത്തിനു വിഘാതവുമായ നിവരവധി കാര്യങ്ങൾ അറിഞ്ഞോ അറിയാതെയോ ഇത്തരം പരിഭാഷകളിൽ കടന്നു കൂടിയതുമൂലം ഖുർആൻ തെറ്റിദ്ധരിക്കപ്പെടാൻ ഇടയായി.

ആശയങ്ങളെ ഉൾക്കൊള്ളാനുള്ള കഴിവുകേടോ, വൈമനസ്യ മോ, ഭാഷാപരമായ പരിമിതികളോ, ഇതൊന്നുമല്ലാത്ത തികഞ്ഞ ഗൂഢാലോചനയോ ഏതാണെന്ന് തീർത്തു പറയാനാകില്ല.പരിഭാഷ കൾക്കൊന്നിനും തന്നെ ഒട്ടും വായനാക്ഷമതയില്ല .ഖുർആന്റെ പുന ർവായനക്ക് ഇതൊക്കെയാണ് പ്രേരണയായത് .

ഈ ഗ്രന്ഥം കുറ്റമറ്റതാണെന്നോ ഈ വിഷയത്തിലുള്ള അവ സാനവാക്കാണെന്നോ അവകാശപ്പെടുന്നില്ല . മാനവികതയുടെ നല്ല നാളേക്കുവേണ്ടി ഞങ്ങളാലാവുന്ന ഒരു എളിയ ശ്രമം എന്ന നില ക്കു ഇതിനെ കണ്ടാൽ മതി .

ഈ ഗ്രന്ഥം പ്രസിദ്ധികരിക്കുന്നതിന് സഹായകമായ എല്ലാവ രോടും പ്രത്യേകിച്ച് ........ഞങ്ങളുടെ നന്ദിയും കൃതജ്ഞതയും രേഖ പ്പെടുത്തുന്നു .

**സയ്യിദ്ബ് നു മുഹമ്മദ്**

**&**

**സി.കെ.കുഞ്ഞിമുഹമ്മദ്.**

## ആത്മീയ നിരക്ഷരതയുടെ പ്രത്യാഘാതങ്ങൾ

ആത്മീയ സാക്ഷരത എന്ന നാം പറയുമ്പോൾ ഓരോ മതസമൂഹങ്ങൾക്കും അവരവരുടേതായ ചില ആചാരങ്ങളും അനു ഷ്ഠാനങ്ങളും അവ എങ്ങനെ കർമ്മപഥത്തിൽ നടപ്പാക്കണമെന്ന മുള്ള അറിവുകളുമാണ് നമ്മുടെ മനസ്സിലേക്കു വേഗത്തിൽ കടന്നു വ രിക. ഉദാഹരണമായി ഹൈന്ദവരുടെ ചില യാഗങ്ങൾ, ഹോമം, യജ്ഞം, പൂജാദികാര്യങ്ങൾ .ക്രൈസ്തവരെ സംബന്ധിച്ചാണെ ങ്കിൽ കുർബാന ,കൂദാശകൾ ,സ്നാനം. മുസ്ലിംകളെ സംബന്ധിച്ചാ ണെങ്കിൽ കുളിയും അവയുടെ ശർത്തുകളും, ഫർളുകളും ,വുളുമുറിയു ന്ന കാര്യങ്ങൾ പിന്നെ കുറച്ച് ദിക്റുകളും ദുആകളും അവയുടെ ശർ ത്തുകളും, ഫർളുകളും. മറ്റുള്ളവർക്കു അവരവരുടേതായ ഓരോ ചിട്ടവ ട്ടങ്ങളും.ഇങ്ങനെയുള്ള അറിവുള്ളവരാണ് മഹാപണ്ഡിതന്മാർ. ഇത്ത രം കാര്യങ്ങൾ അവന്റെ ജീവിത വ്യവഹാരങ്ങളിൽ ഏതെങ്കിലും ഒന്നിനെ സ്പർശിക്കുന്നതാണോ എന്ന ചോദിച്ചാൽ ഇല്ലെന്നായിരി ക്കും മറുപടി. മതമെന്നാൽ അദൃശ്യകാര്യങ്ങളെക്കുറിച്ച് അറിയാനു ള്ള മാർഗ്ഗമോ ചെപ്പടി വിദ്യയോ ആയി അധഃപതിപ്പിച്ചു. പുരോ ഹിതവർഗ്ഗം അതിനു എല്ലാ ഒത്താശകളും ചെയ്തുകൊണ്ടിരിക്കു മ്പോൾ നിക്ഷിപ്ത താല്പര്യക്കാരും ഒപ്പം കൂടിയിരിക്കുന്നു . മാത്രമല്ല അവന്റെ അധ്വാനം, സമയം,ധനം ,എന്നിവ പാഴാക്കുന്നതോ ടൊപ്പം സ്വപ്നങ്ങളെയും, പ്രതീക്ഷകളെയും യാഥാർത്ഥ്യങ്ങളിൽ

നിന്നും അകറ്റി തെറ്റായ പ്രതീക്ഷവെച്ചു പുലർത്താൻ പ്രേരിപ്പിക്കു കയും ചെയ്യുന്നു. ഇതൊക്കെ പഠിപ്പിക്കാനാണോ ദൈവദൂതന്മാർ വേദങ്ങളുമായി നിയോഗിക്കപ്പെട്ടത്? ഇത് പഠിപ്പിച്ചതിന്റെ പേരി ലായിരുന്നോ അവർ നാട്ടിൽ നിന്നും ആട്ടിയോടിക്കപ്പെട്ടതും ചില രൊക്കെ കൊല്ലപ്പെടാനിടയായതും?

മതങ്ങൾ അവയുടെ ആവിർഭാവകാലത്ത് മനുഷ്യന്റെ പച്ച യായ ജീവിതയാഥാർത്ഥ്യങ്ങളെ അഭിസംബോധന ചെയ്തപ്പോൾ പിൽക്കാലത്ത് അവ ജീർണ്ണതയുടെ പര്യായങ്ങളായി മാറിയത് നമു ക്കു കാണാൻ കഴിയും . എന്നാൽ ഇന്നത്തെ മതങ്ങൾക്ക് ഇത്തരം ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും പരസ്പരം തിരിച്ചറിയാനുള്ള ചില വേഷ, രൂപ വൈവിദ്ധ്യങ്ങൾ നിലനിർത്തികൊണ്ടു പോകലു മല്ലാതെ നീതിയിലും, നന്മയിലും അധിഷ്ഠിതമായതും, സംസ്കാര സമ്പന്നവുമായ ഒരു മാതൃകാ സമൂഹത്തെ സൃഷ്ടിച്ചെടുക്കലൊന്നും അവരുടെ അജണ്ടയിലില്ല .ഏതെങ്കിലും മേഖലയിൽ മനുഷ്യർ തമ്മിൽ യോജിക്കുന്നു എന്നു വരുമ്പോൾ അവരെ വിഘടിപ്പിച്ചു നിർത്താൻ പര്യാപ്തമായ വേഷ വിധാനങ്ങളിലെ വൈവിദ്ധ്യ ങ്ങൾക്കു അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

മനുഷ്യർ തമ്മിൽ ഐക്യപ്പെടാനുള്ള ശ്രമങ്ങൾക്കു തുരങ്കം വെക്കുന്ന അറിവുകളാണ് നിലവിലുള്ള ആത്മീയതയെക്കുറിച്ചുള്ള അറിവ്. പ്രപഞ്ചത്തിലെ സർവ്വ വസ്തുക്കളെയും സൃഷ്ടിച്ചു സംരക്ഷി ക്കുന്നവൻ ദൈവമാണെന്നു ഒരിടത്തു പറയുകയും എന്നിട്ടു അവന്റെ തന്നെ സൃഷ്ടിപ്പായ പ്രദേശങ്ങളിലേയും, വസ്തുക്കളിലേയും ചില വസ്തു ക്കൾക്കും പ്രദേശങ്ങൾക്കും പുണ്ണ്യം കൽപിക്കുകയും ചെയ്യുന്നു. ഉദാ ഹണത്തിനു നദികൾ, ജല സ്രോതസ്സുകൾ, മനുഷ്യ നിർമ്മിത കെട്ടിടങ്ങൾ എന്നിവ അതീവ പരിപാവനമാക്കുകയും അതിലേക്കു തീർത്ഥാടനം നടത്തുകയും അവിടെ ചൊല്ലേണ്ട മന്ത്രങ്ങളുമാണ് ആത്മീയ അറിവ് എന്നും ഇന്ന് ധാരണയുണ്ട്.അതിന്റെ അടിസ്ഥാ നത്തിലാണ് ഒരു കൂട്ടർ താടിവെക്കാൻ പറഞ്ഞിട്ടുണ്ടെങ്കിൽ മറ്റൊരു

കൂട്ടർ അതു പാടില്ല എന്നു വാശിപിടിക്കുന്നത്. ഒരു കൂട്ടർ മണിയടിച്ചാണ് തങ്ങളുടെ പ്രാർത്ഥനാ സമയം അറിയിക്കുന്നതെങ്കിൽ മറ്റൊരു കൂട്ടർ ബാങ്കു വിളിക്കുന്നു. ഇനി ഒരു കൂട്ടർ ശംഖ്നാദം മുഴക്കുന്നവരാണ്. ഒരു കൂട്ടർ ഒരു പ്രദേശത്തെ വെള്ളത്തിനു പുണ്യമുണ്ടെന്നു വാദിക്കുമ്പോൾ മറ്റൊരു കൂട്ടർ മറ്റൊരു പ്രദേശത്തെ ജലത്തിനു പുണ്യം അവകാശപ്പെടുന്നു .ഒരു കൂട്ടർ വെള്ളിയാഴ്ച സമ്മേളിക്കുമ്പോൾ മറ്റൊരു കൂട്ടർ ശനിയാഴ്ചയോ ഞായറാഴ്ചയോ സമ്മേളിക്കുന്നു.ഈ പ്രദേശങ്ങളും, ജലങ്ങളും, ജലസ്രോതസ്സുകളും, ദിവസങ്ങളും, എല്ലാം ദൈവത്തിന്റെ സൃഷ്ടികളാണെന്നു നാം മനസ്സിലാക്കണം . ഇവർ സൃഷ്ടിച്ച മതങ്ങൾ മണ്ണിനേയും, മനസ്സിനേയും വിഭജിച്ചതു കൂടാതെ ജീവിതത്തിനു ആവശ്യമായ സർവ്വ സ്രോതസ്സുകളും വിഭജിച്ചു. അവിടംകൊണ്ടും നിർത്താതെ സാഹിത്യം, കല, സംഗീതം, ഇവയെല്ലാം വിഭജിച്ചു. മനുഷ്യർക്ക് ഐക്യപ്പെടാനുള്ള സർവ്വ പഴുതുകളും കൊട്ടിയടച്ചു.

അനുഷ്ഠാന വൈജാത്യങ്ങളുടെ പേരിൽ സ്വന്തം ജനതയെ തന്നെ മൃഗീയമായി വേട്ടയാടി.ആഘോഷങ്ങൾ ഏതു ജനതക്കും സന്തോഷം പകരുന്ന കാര്യങ്ങളാണ് .പക്ഷെ ഈ അടുത്ത കാലത്തായി ചില മതക്കാർക്ക് അന്യമതസ്ഥരുടെ ആഘോഷവേളകളിൽ പങ്കെടുക്കുന്നതിനും ആശംസ കൈമാറുന്നതിനും വിലക്ക് ഏർപ്പെടുത്തിയതായി അറിയുന്നു .ഭരണകൂടങ്ങൾ ഏതു മതസംഘടനകളുടെ ഏതു തോന്ന്യാസത്തിനു നേരെയും കണ്ണടക്കുകയാണ് പതിവ്. മതവുമായി ബന്ധപ്പെട്ട ഏതൊന്നിനെയും സ്പർശിക്കാൻ അവർക്കു ഭയമാണ് . രാജ്യത്തിന്റെ ഐക്യത്തിനും, അഖണ്ഡതക്കും ഭീഷണി ഉയർത്തുന്നതായാൽ പോലും .ഈ നില തുടർന്നാൽ രാജ്യത്ത് അന്തഃച്ഛിദ്രവും ആഭ്യന്തര കലാപവുമായിരിക്കും ഫലം.

വ്യത്യസ്ത മതവിഭാഗങ്ങളിൽ പെടുന്നവർ തമ്മിൽ സൗഹാർദ്ധത്തിലും സ്നേഹത്തിലും വർത്തിക്കണമെന്നത് സംശയമില്ലാത്ത

കാര്യമാണ് . ഇന്തയയെപ്പോലെയുള്ള ഒരു മതസമൂഹത്തിൽ അതി ന് ഏറെ പ്രസക്തിയുണ്ട്. ഇന്ന് നാം കേരളത്തിൽ കാണുന്ന ചില മതസൗഹാർദ്ധ പ്രവർത്തനങ്ങളെ ഒന്ന് വിലയിരുത്താൻ ആഗ്രഹി ക്കുകയാണ് .കാരണം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരള ത്തിൽ എന്തൊക്കെ പ്രതിബദ്ധങ്ങളുണ്ടെങ്കിലും നല്ല സൗഹാർദ്ധ ത്തിൽ തന്നെയാണെന്നുവേണം പറയാൻ .

റംസാനിലെ നോമ്പും ,ജാതിമതഭേതമെന്യേയുള്ള നോമ്പു തുറ യും , ശബരിമലയിലെ വാവർ സാന്നിദ്ധ്യവും ,ഉറൂസുകളിലും ,നേർ ച്ചകളിലും ,പൂരങ്ങളിലുമുള്ള ജാതിമതാതീതമായ പങ്കാളിത്തങ്ങളുമെ ല്ലാം സൗഹാർദ്ധത്തിനു ആക്കം കൂട്ടുന്നവയാണ് . ഇതിനും പുറമെ ഹിന്ദുക്കൾ മുസൽമാന് പള്ളികൾ നിർമ്മിച്ചു കൊടുക്കുന്നതും ,അമു സ്ലിംകളുടെ ആരാധനലയങ്ങൾക്ക് മുസ്ലിംകൾ സംഭാവനകൊടുക്കു ന്നതും കേരളത്തിൽ പതിവു കാഴ്ച മാത്രമാണ് .എന്നാൽ ഇതിന്റെ യൊക്കെ ഒരു മറുവശം പറയാനാഗ്രഹിക്കുനന്നു . മതങ്ങൾ സൗഹാർദ്ധത്തിന്റെ പേരിൽ മറ്റു മതസ്ഥരെ പങ്കെടുപ്പിക്കുന്നതിലൂ ടെയോ , ഒരു മതസ്ഥർ മറ്റൊരു മതസ്ഥർക്ക് ആരാധനാലയങ്ങൾ നിർമ്മിക്കാൻ സഹായിക്കുന്നതിലൂടെയോ മാത്രം നിലനിർത്തപ്പെടുന്നതല്ല മാനവിക സൗഹൃദം .

മേൽപറഞ്ഞ കാര്യങ്ങളിലൂടെ ഉണ്ടാവുന്നതിനേക്കാൾ ,പര സ്പരം വിശ്വാസവും സ്നേഹവും സൗഹൃദവും ഉണ്ടായിത്തീരുക താഴെ പറയുന്ന ചില കാര്യങ്ങൾ കൂടി പരിഗണിക്കുമ്പോഴാണ് . മേൽപറ ഞ്ഞ കാര്യങ്ങളിലൊക്കെ തന്നെയും സൗഹാർദ്ധത്തേക്കാളും സ്നേ ഹത്തേക്കാളും മുന്നിട്ടു നിൽക്കുന്നത് അവസരവാദവും ,ഭയവും, ഒക്കെയാണെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കുമ്പോ ൾ മതങ്ങൾ തമ്മിൽ ആത്മീയമായി നിലനിൽക്കുന്ന ആശങ്കകൾ കൂടി ഇല്ലാതായിത്തീരുന്നതു കാണാം.

കച്ചവടസ്ഥലത്തും, വ്യവസായശാലകളിലും , ഔദ്യോഗിക കൃത്യനിർവ്വഹണങ്ങളിലും മറ്റു സാമൂഹികമായ സമസ്തമേഖലകളിലും

മതവിശ്വാസികൾ തങ്ങളുടെ മതപരമായ പക്ഷപാതിത്വങ്ങൾ കൈവെടിഞ്ഞ് പരസ്പരം നീതികാണിക്കുന്ന എന്നുറപ്പു വരുത്തിയാൽ ആദ്യം പറഞ്ഞ സൗഹാർദ്ധ പ്രവർത്തനത്തേക്കാൾ ആഴത്തിൽ മനുഷ്യമനസ്സുകളെ സ്വാധീനിക്കാനാവും എന്ന കാര്യത്തിൽ സംശയം വേണ്ട . ഈ പറഞ്ഞവയും ആത്മീയമായി ഉണ്ടാവേണ്ട ഒരു അവബോധം തന്നെയാണ് .

ഇന്നത്തെ വികലവും വികൃതവുമായ മതവിശ്വാസങ്ങൾക്കൊണ്ടുള്ള ഒരു ഗുണമെന്താണെന്നു ചോദിച്ചാൽ മറ്റു മതസ്ഥരെ അല്ല, തന്റെ തന്നെ മതത്തിലെ മറ്റു ഗ്രൂപ്പുകാരെ ശത്രുവായി കാണുകയും അവർക്ക് എങ്ങനെയൊക്കെ പാരവെക്കാം എന്നു നിരന്തരം ആലോചിച്ചു കൊണ്ടിരിക്കുകയും വേണം. സത്യത്തിൽ ഇയാൾ പോലും ആഗ്രഹിച്ചു എത്തിപ്പെട്ടതല്ല അവന്റെ മതം എന്നുള്ളതാണ് യാഥാർത്ഥ്യം.ചുരുക്കത്തിൽ  മത്തിന്റെ തത്വചിന്താപരവും ആശയാദർശാധിഷ്ഠിതവുമായ  ഉള്ളടക്കെ നിരാകരിക്കുകയും ആചാരനുഷ്ഠാന നിബദ്ധമായ മത്തെ തൽസ്ഥാനത്തെ സ്ഥാപിക്കുകയും ചെയ്തു.

വൻകിട കോർപ്പറേറ്റുകൾ,ചൂഷണമാണ് അവരുടെ ലക്ഷ്യമെങ്കിൽകൂടി,നിരന്തമായ  അധ്വാനത്തിലൂടെയും,  ആസൂത്രണത്തിലൂടെയും, ഗവേഷണ നിരീക്ഷണത്തിലൂടെയും, അവരുടെ സമ്പത്ത് വർദ്ധിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ ,മതസമൂഹങ്ങൾ യാതൊരു അധ്വാനവും കൂടാതെ ആത്മീയതയെക്കുറിച്ചുള്ള അബദ്ധധാരണകളും വിശ്വാസങ്ങളും പ്രചരിപ്പിച്ചുകൊണ്ട് കോടികൾ ആർജ്ജിച്ചുകൊണ്ട് സുഖഭോഗങ്ങളിൽ മുഴുകുന്നു .വിദ്യാഭ്യാസം എന്ന പേരിൽ മതങ്ങൾ നടത്തുന്നത് പൗരോഹിത്തെക്കുറിച്ചുള്ള പഠന കേന്ദ്രങ്ങൾ മാത്രമാണ്.(തികച്ചും വ്യാവസായിക അടിസ്ഥാനത്തിൽ  ആധുനിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ലാഭം മാത്രം മോഹിച്ച് നടത്തുന്ന ഒരു പ്രവണത ഈയിടെയായി വർദ്ധിച്ചിട്ടുണ്ട് എന്ന കാര്യം വിസ്മരിക്കുന്നില്ല ) വൈജ്ഞാനിക പുരോഗതി എന്നതിനേക്കാൾ ലാഭക്കൊതി

മാത്രമാണ് ഇതിന്റെ പിന്നിലെ ലക്ഷ്യമെന്നുള്ളതിന് ധാരാളം ഉദാഹരണങ്ങൾ ഉണ്ട്.

ഇന്നു ലോകത്ത് ബഹുഭൂരിപക്ഷവും ഈശ്വരവിശ്വാസികളും മതവിശ്വാസികളുമാണെന്നാണ് കരുതപ്പെടുന്നത്. നിർമ്മതരും നിരീശ്വരരും താരതമ്യേന കുറവാണെന്നും കരുതപ്പെടുന്നു. തങ്ങളുടെ മതങ്ങളും, ഈശ്വര സങ്കൽപങ്ങളും കുറ്റമറ്റതും ഉദാത്തമായ സത്യത്തിനും, ധർമ്മത്തിനും, മനുഷ്യസ്നേഹത്തിനും, നിദർശനങ്ങളാണെന്നും ഇവർ അവകാശപ്പെടുന്നു.എന്നാൽ മനുഷ്യചരിത്രത്തിലെ തുല്യതയില്ലാത്ത ക്രൂരതകൾക്കും, രക്തച്ചൊരിച്ചൊരിച്ചിലിനും ഭൂമിയുടെ അധികാരത്തിനു വേണ്ടി നടത്തുന്ന അക്രമ പരമ്പരകൾക്കും ഉത്തരവാദികൾ ഇവിടുത്തെ നിർമ്മതരോ നിരീശ്വര വാദികളോ ആണെന്ന് ഈ വിശ്വാസ കുത്തകക്കാർ പോലും പറയുമെന്നു തോന്നുന്നില്ല . ഇവർ വിശ്വാസികളാണെന്നാണ് അവകാശപ്പെടുന്നതെങ്കിലും യഥാർത്ഥത്തിൽ ഇവരൊന്നും തന്നെ ദൈവവിശ്വാസികളല്ല എന്നതാണ് നമ്മെ അത്ഭുതപ്പെടുത്തുന്ന കാര്യം.

ഇന്നത്തെ ഈശ്വര വിശ്വാസമെന്നു പറഞ്ഞാൽ സഭകളുടെയും ,പള്ളികളുടെയും, ക്ഷേത്രങ്ങളുടേയും, നിർമ്മാണത്തിനും, നിലനിൽപിനും വേണ്ടി ഏത് അവിഹിത മാർഗ്ഗങ്ങളിലൂടെയും,മനുഷ്യാധ്വാനത്തേയും അവരുടെ സമ്പത്തിനേയും വിശ്വാസത്തിന്റെ പേരു പറഞ്ഞു ചൂഷണം ചെയ്യാനുള്ള സംഘടിത പ്രവർത്തനം എന്നാണ് അർത്ഥം. അർത്ഥശൂന്യമായ ആചാരാനുഷ്ഠാനങ്ങളും അബദ്ധജഢിലമായ വിശ്വാസാഭാസങ്ങളുമല്ലാതെ മനുഷ്യന്റെ ജീവിതത്തെ ബാധിക്കുന്നതോ അവന്റെ നിലനിൽപിനു അത്യാവശ്യമായതോ ആയ കാര്യങ്ങളൊന്നും തന്നെ ഇന്നത്തെ മതപ്രവർത്തകരുടെ അജണ്ടയിൽ പോലും ഇല്ല .

ഇവരിൽ ഒരു വിഭാഗം മനുഷ്യരാശിക്കാകമാനം വിനാശകരമായ വസ്തുക്കളുടെ നിർമ്മാണത്തിലും, വിപണനത്തിലും ശ്രദ്ധകേ

ന്ദ്രീകരിച്ച് ലാഭം കൊയ്യാൻ ശ്രമിക്കുകയും അതിനുസഹായകമാകുന്ന വിധത്തിൽ ഭരണകൂടങ്ങളേയും അധികാര കേന്ദ്രങ്ങളേയും ഉയർത്തിക്കൊണ്ടുവരുന്നതിലും,നശിപ്പിച്ച് തങ്ങൾക്കനുകൂലമാക്കുന്നതിൽ വ്യാപൃതരുമാണ് .മറ്റൊരു കൂട്ടർ ജീർണ്ണിച്ച് മണ്ണടിഞ്ഞു പോയതും, കാലഹരണപ്പെട്ടതുമായ പുരാതന സംസ്കൃതികളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ വ്യഗ്രതയിൽ അക്രമാസക്തവും അയുക്തികവുമായ പ്രവർത്തനങ്ങളിലൂടെ ജനജീവിതത്തെ സൈ്വരം കെടുത്തുന്നവരാണ് .ഇനിയൊരു കൂട്ടർ ലോകത്തിന്റെ ഗതിവിഗതികളൊന്നും അറിയാതെ ദൈനംദിന പ്രാർത്ഥനകളുടെയും അനുഷ്ഠാനങ്ങളുടെയും ഘടനാരൂപങ്ങളെക്കുറിച്ച് അക്രമാസക്തമായ രീതിയിൽ തർക്കത്തിലാണ് .ഇവർക്ക് മനോഹരമായ അത്യാഡംബര കെട്ടിടങ്ങൾ നിർമ്മിച്ച് ദൈവത്തിനു സമർപ്പിക്കലും മാസാമാസവും വർഷാവർഷവും തീർത്ഥാടങ്ങളുടെ പേരിൽ വിശ്വാസികളെ ധൂർത്തടിക്കാൻ പ്രേരിപ്പിക്കലുമാണ് .തങ്ങളുടെ വിഭാഗത്തിൽ പെട്ടവർ ആഗോളതലത്തിൽ ,അനുകൂല ഘടകങ്ങൾ നിരവധിയുണ്ടായിട്ടും നിരക്ഷരരും, ദരിദ്രരും നിസ്സഹായരുമായി നൂറ്റാണ്ടുകളായി തുടരുമ്പോഴും അതിനെക്കുറിച്ചു യാതൊരു വേവലാതിയുമില്ലാതെ തങ്ങളുടെ സംഘടനകളുടെ വളർച്ചക്കും നിലനിൽപിനും വേണ്ടി അശ്രാന്തപരിശ്രമം നടത്തുകയാണ് .

സത്യത്തിനും ദൈവീക നീതിക്കും മാനവരാശിയുടെ നന്മക്കും നിലനിൽപിനും വേണ്ടി വല്ലതും പ്രവർത്തിക്കലൊന്നും ഇന്നത്തെ മതസമൂഹങ്ങളുടെ ലക്ഷ്യമല്ല . മര്യാദക്കു അധ്വാനിച്ചു ജീവിക്കുന്ന മനുഷ്യരെപ്പോലും മതഭ്രാന്തു കുത്തിവെച്ചു അവനെ വേഷം കൊണ്ടും സ്വഭാവം കൊണ്ടും ഒരു ഭീകരജന്തുവാക്കി മാറ്റുന്നു. ലോകത്തിന് ആണവായുധ നിർവ്യാപനം കൊണ്ടുള്ള നേട്ടമെന്താണെന്നോ മാനവരാശി അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മറ്റു ആഗോള പ്രതിസന്ധികൾ എന്തൊക്കെയാണെന്നോ ഭാവിതലമുറകളുടെ ഭാഗധേയങ്ങൾ നിർണ്ണയിക്കുന്നതിൽ മതത്തിനും വിശ്വാസങ്ങൾക്കും വല്ല

പങ്കം വഹിക്കാൻ കഴിയുമോ എന്നൊന്നുമുള്ള വേവലാതികൾ ഇവരെ അലട്ടുന്നില്ല.

മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളേയും മതവും വിശ്വാസവുമാണ് കൈകാര്യം ചെയ്യുന്നത് എന്നു പറയുകയും മതത്തിലോ വിശ്വാസത്തിലോ തരിമ്പും താല്പര്യമില്ലാത്ത കേവല രാഷ്ട്രീയക്കാർ എന്ന് ഇവർ തന്നെ അധിക്ഷേപിക്കാറുള്ള നിർമ്മത വാദികൾക്ക് മേൽപറഞ്ഞ ഗൗരവമേറിയ കാര്യങ്ങളൊക്കെ വിട്ടുകൊടുത്ത് നിഷ്ക്രിയരായി ഇരിക്കുകയും ചെയ്യുന്നു. യുക്തിയും ബുദ്ധിയും ഉപയോഗിച്ച് മനുഷ്യരാശിക്കുവേണ്ടി അഹോരാത്രം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരെ നിരീശ്വരവാദികളെന്നും നിർമ്മത വാദികളെന്നും മുദ്രകുത്തി ആക്ഷേപിക്കുകയും അവർ ഉണ്ടാക്കുന്ന നേട്ടങ്ങളെ നിർലജ്ജം അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുമ്പോൾ തന്നെ ഹോമം, യാഗം, ധ്യാനം,ദിക്ർഹൽക്ക,ദുആ, പ്രാർത്ഥന, തീർത്ഥാടനം തുടങ്ങിയ പ്രത്യക്ഷമായും പരോക്ഷമായും നിഷ് പ്രയോ ജനങ്ങളായ പ്രവർത്തനങ്ങളുടെ പേരിൽ മനുഷ്യന്റെ വിലപ്പെട്ട സമയവും, സമ്പത്തും, അദ്ധ്വാനവും പകരം യാതൊന്നും നൽകാതെ പാഴാക്കിക്കളയാൻ പ്രേരിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ആത്മീയത നേരിടുന്ന വലിയ ഒരു പ്രതിസന്ധിയാണ് ഇതെന്നു പറയാം.എല്ലാ യുക്തിബോധത്തോടുംകൂടി തന്നെ പറയട്ടെ ആത്മീയ പ്രതിസന്ധി നേരിടുന്ന ഒരുജനതക്കും പുരോഗതി കൈവരിക്കാനാവില്ല .ദൈവത്തേയോ മതങ്ങളേയോ അവയുടെ കുറവുകളുടെ പേരിൽ പൂർണ്ണമായി നിരാകരിക്കുകയല്ല വേണ്ടത് മറിച്ച് അവയെ കുറ്റമറ്റതും കാലാനുസൃതവുമായ പരികൽപനകൾക്ക് ഇണങ്ങുന്ന തരത്തിൽ ആക്കിത്തീർക്കുകയാണ് വേണ്ടത്.

ആത്മീയത , ഭൗതികത എന്ന വേർതിരിവു തന്നെ അസംബന്ധമാണ് . ഇവ രണ്ടും പരസ്പര പൂരകങ്ങളായിരിക്കെ ഇവയെ വേർതിരിച്ച് ഒരു വിഭാഗം ഭൗതികതക്കു പിന്നാലെയും, മറ്റൊരു വിഭാഗം ആത്മീയതക്കു പിന്നാലെയും പോവുക എന്നത് അയുക്തികത

മാത്രമല്ല അപ്രയോഗികവും അനർത്ഥവും കൂടിയാണ് .

പതിനായിരക്കണക്കിനു വർഷങ്ങളായി മനുഷ്യരെ പച്ചക്കു കത്തിക്കുകയും കൊന്നുതിന്നുകയും ചെയ്യപ്പെട്ടപ്പോഴൊന്നും പ്രതികരിക്കാത്ത മതവിശ്വാസികൾ ,വല്ലപ്പോഴും പ്രതികരിക്കുകയാണെങ്കിൽ തന്നെ അവനവന്റെ മതത്തിലും ഗ്രൂപ്പിലും പെട്ടവർക്കു എന്തെങ്കിലും സംഭവിക്കുമ്പോൾ മാത്രം, അപ്പോഴും നീതിയോ, അനീതിയോ അവന്റെ പ്രശ്നമല്ല . നമ്മുടെ ഗ്രൂപ്പിൽ പെട്ടവനായാൽ മാത്രം മതി. തികഞ്ഞ പക്ഷപാതമായിരിക്കും ഒരു മതവിശ്വാസി സ്വീകരിക്കുക .ഇവിടെ സ്വജനത്തെ സ്നേഹിക്കുന്നു എന്ന വ്യാജേന പരജന വിദ്വോഷമാണ് എല്ലായ്പ്പോഴും പ്രയോഗവൽക്കരിക്കുന്നത് .

മഹാനായ ഒരു മനുഷ്യ സ്നേഹിയും എന്നാൽ അനീതിയോ അക്രമമോ സ്വജനപക്ഷപാതമോ ഒരു ലവലേശം പോലും തന്റെ ജീവിതത്തിൽ കാണിക്കാത്തയാളുമായ ഒരു പ്രവാചകനെക്കുറിച്ച് നാം തന്നെ പൂജിക്കുന്ന ഗ്രന്ഥങ്ങളിൽ എഴുതിവെച്ച കാര്യങ്ങൾ മറ്റാരെങ്കിലും എടുത്ത് സിനിമയോ, ചെറുകഥയോ, നോവലോ ഒക്കെയാക്കി അവതരിപ്പിക്കുമ്പോൾ ആയുധമെടുത്ത് തെരുവിലിറങ്ങുകയും തങ്ങളുടെ തന്നെ മത വിഭാഗത്തിൽ പെട്ടതോ, നിരപരാധികളോ,പിഞ്ചുകുഞ്ഞുങ്ങളോ കൂടുന്നിടത്ത് കൊണ്ടു പോയി ബോംബ് ഒളിപ്പിച്ചുവെച്ച് അവരെ കൊന്നൊടുക്കി മുങ്ങുന്ന സമീപനമാണ് ആത്മീയ നിരക്ഷരതയുടെ ഫലമായി ഇന്നു നാം ലോകത്തു കണ്ടു വരുന്നത്. മനുഷ്യരെ കൊന്നും കൊലവിളിച്ചും പ്രതിഷേധം രേഖപ്പെടുത്തുന്ന ഈ രീതി ആത്മീയ നിരക്ഷതയല്ലെങ്കിൽ മറ്റെന്താണ്? ഇവിടെ എടുത്തു പറയേണ്ട കാര്യം ഒരു മതത്തെയോ മതപ്രവാചകനേയോ പരിഹസിച്ചവർ സർവ്വവിധ ഐശ്വര്യങ്ങളോടുകൂടി ജീവിക്കുമ്പോൾ ഇന്നൊന്നുമറിയാത്ത നിരപരാധികളെ കൊന്നൊടുക്കുന്നതിലെ യുക്തി എന്താണ് എന്നതാണ് ? .

ഇത്രയും സൂചിപ്പിച്ചത് വികലവും വികൃതവും വൈരുദ്ധ്യങ്ങൾ നിറഞ്ഞതുമായ ദൈവ വിശ്വാസമാണ് ദൈവവിശ്വാസമില്ലായ്മയേക്കാൾ അപകടകരമെന്ന സൂചിപ്പിക്കാനാണ് .വികലവും വൈരുദ്ധ്യങ്ങൾ നിറഞ്ഞതുമായ മതവിശ്വാസങ്ങളും മതവിശ്വാസികളുമാണ് മാനവരാശിയെ കാലാകാലങ്ങളിൽ പിറകോട്ടു വലിച്ചത് എന്ന നമുക്ക കാണാൻ കഴിയും .ലോകത്തിന് ശാസ്ത്രീയമായ പല അറിവുകളും നൽകിയ,അല്ലെങ്കിൽ സമൂഹത്തിന്റെ നന്മക്കും അവരുടെ അവകാശങ്ങൾക്കും വേണ്ടി പോരാടിയ,പല മനുഷ്യ സ്നേഹികളേയും അന്ധരായ മതപുരോഹിതരും, സ്വേച്ചാധിപതികളായ ഭരണകർത്താക്കളും കൊന്നകളഞ്ഞില്ലായിരുന്നവെങ്കിൽ ലോകം ഒരു ആയിരം വർഷമെങ്കിലും മുന്നോട്ടു പോയേനെ. അതുകൊണ്ട് അത്തരം വികലവും വികൃതവുമായ മതവിശ്വാസത്തിൽ നിന്നും മുക്തരായവരിൽ നിന്നേ ലോകത്തിന എന്തെങ്കിലും ഒരു നന്മ ലഭിച്ചിട്ടുള്ളു. മറ്റുള്ളവയിൽ നിന്നും പ്രകാശം സ്വീകരിച്ച് വെളിച്ചം വിതറുന്ന ഒരു ഗ്ലാസ്സിന്റെ ധർമ്മം പോലും ഇത്തരം വികലമായ മതപുരോഹിതരിൽനിന്നും ഉണ്ടാകാറില്ല എന്നതാണ് സത്യം.

യുക്തിരഹിതവും വികൃതവുമായ എല്ലാ മതവിശ്വാസങ്ങളെയും ഇവർ അംഗീകരിച്ചാലും ശരി, യുക്തിഭദ്രമായതും മാനവരാശിക്കുഗുണകരമായതും, മനുഷ്യനെ തിരിച്ചറിയണമെന്ന പറയുന്നതുമായ ദൈവ വിശ്വാസികളെയും വിശ്വാസങ്ങളെയും ഇവർ വെച്ചു പൊറുപ്പിക്കാറില്ല. ഇവരുടെ ഈ സമീപനം കാരണമാണ് സത്യാന്വേഷികളായ പലരും മതനിരാസത്തെക്കുറിച്ചും ദൈവനി ഷേധത്തെക്കുറിച്ചും ചിന്തിച്ചുകൊണ്ടിരിക്കുന്നത്.മനുഷ്യനന്മയിലും യുക്തിയിലുമധിഷ്ഠിതമായ ദൈവ വിശ്വാസത്തെയും, അതിന വേണ്ടി പ്രവർത്തിക്കുന്നവരേയും എതിർക്കാനും ഇല്ലാതാക്കാനും വേണ്ടി, ഏക ദൈവത്തെ വിളിക്കുന്നവരും ,ആൾദൈവങ്ങളെ ആരാധിക്കുന്നവരും, മുപ്പത്തിമുക്കോടി ദൈവങ്ങളെ പൂജിക്കുന്നവരും താൽക്കാലികമായി പരസ്പരം കൈകോർക്കുമെങ്കിലും, പിന്നീടങ്ങോട്ട് ഇതേ

മതവിശ്വാസികൾ തന്നെ പരസ്പരം ശത്രുതയിലും ,വിദ്വേഷത്തിലും കഴിഞ്ഞു കൂടുന്നവരായി നമുക്ക കാണാൻ കഴിയും. പരസ്പരം കുതി കാലു വെട്ടുന്നതിനെക്കുറിച്ചുമായിരിക്കും ഓരോ വിഭാഗവും ചിന്തി ക്കുന്നത്.

ഓരോ മതവിഭാഗവും വാശിപിടിക്കുന്നത് തന്റെ വിശ്വാസമാണ് ശരി എന്നും അതു മറ്റുള്ളവർ അംഗീകരിക്കണം എന്നുമാണ്. അല്ലാത്തവരൊക്കെ അധമരും എതിർക്കപ്പെടേണ്ടവരും ,കൊല്ലപ്പെടേണ്ടവരുമാണെന്ന ചിന്തയാണ് ഓരോരുത്തർക്കുമുള്ളത് .ആത്യന്തികമായി നാം വിലയിരുത്തിയാൽ ഈ മതവിശ്വാസികൾ വെച്ചു പുലർത്തുന്ന വിശ്വാസങ്ങളും, കർമ്മങ്ങളും തമ്മിൽ ചില സ്ഥലങ്ങളിലും പേരുകളിലുമല്ലാതെ യാതൊരു വ്യത്യാസവും ഇല്ല എന്നതാണ് . ഇങ്ങനെ യോജിപ്പിന്റെ മേഖലകൾ എണ്ണമറ്റതാണെങ്കിലും ഒരു കൂട്ടരുടെ വിശ്വാസം മറ്റൊരു കൂട്ടർക്കു അന്ധവിശ്വാസവുമാണ് .

ദൈവീക ഗ്രന്ഥമായ വിശുദ്ധഖുർആന്റെ ശരിയായ അധ്യാപനങ്ങളിൽ നിന്നും മുസ്ലിംകൾ എത്രയോ വിദൂരത്താണ് എന്ന സത്യം നാം നിഷേധിച്ചിട്ടു കാര്യമില്ല .ദൈവീക മഹത്ത്വവും പരിശുദ്ധിയും സ്ഥാപിച്ചെടുക്കാൻ മനുഷ്യൻ ചെയ്യേണ്ട അവന്റെ ധർമ്മത്തെ മാറ്റി മറിച്ച് മാലമണികളിൽ മന്ത്രങ്ങൾ ഉരുവിട്ടു കഴിയുന്ന രൂപത്തിൽ ഖുർആന് ദുർവ്യാഖ്യാനം നൽകി . സൂറത്തുൽ ജുമുഅയുടെ തുടക്കത്തിലെ ഒരു വചനം കാണുക:-

يُسَبِّحُ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ٱلْمَلِكِ ٱلْقُدُّوسِ ٱلْعَزِيزِ ٱلْحَكِيمِ ﴿١﴾

"യുസബ്ബിഹു ലില്ലാഹി മാഫിസ്സമാവാത്തി വമാഫിൽ അർളിൽ മലികിൽ ഖുദ്ദൂസിൽ അസീസിൽ അലീം."

ഈ വചനത്തിൽ യുക്തിമാനും പ്രതാപവാനും പരിശുദ്ധനുമായ ദൈവത്തിനുവേണ്ടിയുള്ള തസ്ബീഹിലാണ് ആകാശഭൂമിക

ളിലുള്ള സർവ്വവസ്തുക്കളുമെന്നാണ് പറയുന്നത്. ഇവിടെ ആകാശഭൂമി കളിലുള്ള സർവ്വ വസ്തുക്കളും ദൈവത്തിനു വേണ്ടി (ദൈവത്തിനു വേണ്ടി ചെയ്യുക എന്നു പറയുന്ന കാര്യങ്ങളൊക്കെ അവന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും വ്യവസ്ഥക്കും വേണ്ടി ചെയ്യുന്നതാണല്ലോ?) തസ്ബീഹിലാണെന്നു പറയുമ്പോൾ അവയെല്ലാം മാലമണികളിൽ മന്ത്രങ്ങൾ ഉരുവിട്ടിരിക്കുകയാണെന്നു ആരും വിശദീകരിക്കുന്നി ല്ലല്ലോ? വൃക്ഷലതാതികൾ അവയുടെ തസ്ബീഹിലാണ് എന്നു പറ ഞ്ഞാൽ അവ അന്തരീക്ഷത്തിലെ കാർബൺഡൈ ഓക്സൈഡ് വലി ച്ചെടുത്ത് സൂര്യപ്രകാശത്തിന്റെ സഹായത്തോടുകൂടി ഫോട്ടോസിന്ത സിസ് പ്രക്രിയയിലൂടെ ലോകത്തിനുവേണ്ട പ്രാണവായുവായി സം സ്കരിച്ചെടുക്കുക എന്നതാണ് അവയുടെ നമുക്കറിയാവുന്ന ഒരു തസ് ബീഹ് .ആ വായു മനുഷ്യന്റെ സഹായങ്ങളോ സാങ്കേതിക വിദ്യ യോ ഒന്നും കൂടാതെ പരാഗണം നടത്തുന്നു .മൃഗങ്ങൾ അവയുടെ ധർമ്മം ചെയ്യുന്നു .അവ അവക്കു നിശ്ചയിച്ച ധർമ്മങ്ങളിൽ നിന്നും വ്യതിചലിക്കുന്നില്ല അവക്കു നിശ്ചയിക്കപ്പെട്ട ക്രമത്തിലൂടെ വ്യതി ചലിക്കാതെ കഴിയുക എന്നത് അവയ്ക്കു നിർബന്ധമാണ് . കടൽ മഴ വർഷിപ്പിക്കുക എന്ന അതിന്റെ ധർമ്മത്തിലാണ്. ഒരു സെക്കന്റ് അത് അതിക്രമം കാണിക്കാൻ തുനിഞ്ഞാൽ ഭൂമിയെ തന്നെ വിഴ ങ്ങികളയാൻ സാധിക്കും. ഇവയെല്ലാം ഗോചരവസ്തുക്കളാണെങ്കിൽ അഗോചരവസ്തുക്കളുടെ അവസ്ഥയും ഇതു തന്നെയാണ്.അവയെല്ലാം അതാതിന്റെ പ്രവർത്തനപഥങ്ങളിൽ വ്യാപൃതരാണെന്നു കാണാം.

ഇവിടെ മനുഷ്യന്റെ കാര്യമെടുക്കുകയാണെങ്കിൽ അവൻ ജന്മ നാ മുൻപറഞ്ഞവയെപ്പോലെ ബോധവാനല്ല. അവൻ ശുദ്ധപ്രകൃ തിയിലാണ് ജനിക്കുന്നത്. അവന്റെ നാഥനുവേണ്ടി തസ്ബീഹ് ചെയ്യാൻ ബോധവാനല്ല . അവനു മാർഗ്ഗനിർദ്ദേശവും ദൂതന്മാരും പഠ നവും ആവശ്യമാണ് .എങ്കിലെ അവനു അവന്റെ തസ്ബീഹ് പൂർ ത്തിയാക്കാൻ കഴിയുകയുള്ളൂ .മാത്രമല്ല അവന്റെ തസ്ബീഹ് കുറ്റ

മറ്റതാവണമെങ്കിൽ നിരന്തരമായ ഉദ്ബോധനം അത്യന്താപേക്ഷി തമാണ്. കാരണം അവൻ ഇച്ഛാശക്തിയുള്ളവനാണ്.മറ്റ ജീവജാല ങ്ങളിൽ നിന്നും വ്യത്യസ്തമായി തന്റെ നിലപാടുകളിൽ മാറ്റം വരുത്താനോ, കൂട്ടാനോ, കുറക്കാനോ വേണ്ടെന്നു വെക്കാനോ സ്വാ തന്ത്ര്യമുള്ളവനാണ്. അതു തന്നെയാണ് അവനെ മറ്റ ജീവജാല ങ്ങളിൽ നിന്നും വ്യത്യസ്തനാക്കുന്നത്. അതിന്റെ ഫലമായി അവൻ നാഗരികതകളെ നിർമ്മിക്കാനും, വികസിപ്പിക്കാനും മാറ്റിമറിക്കാ നും പ്രാപ്തനാണ്. എന്നാൽ മേൽ പറഞ്ഞവയാകട്ടെ അവയുടെ ആദിമ അവസ്ഥയിൽ നിന്നും ഒരു മാറ്റവും സംഭവിക്കാത്തവയുമാണ്

മറ്റ ജീവജാലങ്ങൾ നിശ്ചലാവസ്ഥയിലും മനുഷ്യനാകട്ടെ നിരന്തമായ ചലനാവസ്ഥയിലുമാണ് .അവന്റെ അറിവിന്റെ ചക്രവാ ളം വികസിച്ചു കൊണ്ടേയിരിക്കും.ഒപ്പം അതിന്റെ അതൃപ്തികളും. ഈ അവസ്ഥയിലാണ് പ്രവാചകന്മാരുടെ ആഗമനത്തിന്റെ പ്രസക്തി . അതാണ് മുകളിൽ നാം ഉദ്ധരിച്ച വചനത്തിനു ശേഷം ദൈവം പറ യുന്നത് കാണുക:-

هُوَ ٱلَّذِى بَعَثَ فِى ٱلْأُمِّيِّـۧنَ رَسُولًا مِّنْهُمْ يَتْلُوا۟ عَلَيْهِمْ ءَايَـٰتِهِۦ وَيُزَكِّيهِمْ وَيُعَلِّمُهُمُ ٱلْكِتَـٰبَ وَٱلْحِكْمَةَ وَإِن كَانُوا۟ مِن قَبْلُ لَفِى ضَلَـٰلٍ مُّبِينٍ ﴿٢﴾

"ഹുവല്ലദീ ബഅഥ ഫിൽ ഉമ്മിയ്യീന റസൂലൻ മിൻഹും യത് ലൂ അലൈ ഹിം ആയാതിഹീ വയുസക്കീഹിം വയുഅല്ലിമുഹുമുൽ കിതാബ വൽഹിക് മത്ത വഇൻകാനൂ മിൻഖബ് ലു ലഫീ ഉലാലിൻ മുബീൻ "

ഈ വചനത്തിൽ വേദത്തെക്കുറിച്ച് ജ്ഞാനമില്ലാത്തവരിലേക്കു അവർക്കു ദൈവീക വേദവും യുക്തിജ്ഞാനവും പഠിപ്പിക്കാനും അതിലൂടെ അവരെ സംസ്കരിക്കാനും അവരിൽ നിന്നു തന്നെ ഒരു ദൂതനെ നിയോഗിച്ചതിനെക്കുറിച്ചാണ് ദൈവം പറയുന്നത്. ഈ വചനം പ്രപഞ്ചത്തിലെ സർവ്വ വസ്തുക്കളും ദൈവത്തിനു തസ്ബീഹു ചെയ്തു കൊണ്ടിരിക്കുന്നു എന്നു പറഞ്ഞ ശേഷമാണ് പറയുന്നത് എന്നതു കൊണ്ട് തന്നെ മനുഷ്യന്റെ തസ്ബീഹ് ഈ വേദം പഠിച്ച മനസ്സിലാക്കി അവന്റെ ധർമ്മം നിർവ്വഹിക്കുക എന്നതാണ്

അല്ലാതെ രാവും പകലും സുബ്ഹാനല്ലാഹ് എന്ന മന്ത്രം ഉരുവിട്ടു കൊണ്ടിരിക്കുകയല്ല .

അങ്ങനെ ലോകത്തുള്ള സർവ്വ മനുഷ്യരും ദിക്റും ചൊല്ലിയിരുന്നാൽ ഈ ലോകത്തെ ഇനിയൊരു അയ്യായിരം വർഷം പിറകോട്ടു വലിക്കലായിരിക്കും ഫലം.ദൈവത്തിനു എങ്ങനെയാണ് തക്ബീറു ചെയ്യേണ്ടതെന്നും അവൻ നമുക്കു പഠിപ്പിച്ചു തരുന്നു "വലിതുകബ്ബിറുല്ലാഹ അലാ മാ ഹദാക്കും വ ലഅല്ലക്കും തശ്കുറൂൻ " ദൈവം നിങ്ങൾക്കു നൽകിയ മാർഗ്ഗദർശനത്തിലൂടെ അവന്റെ പരമാധികാരം സ്ഥാപിക്കുവാനും നിങ്ങൾ നന്ദിയുള്ളവരാകുന്നതിനും .." ഇവിടെ ദൈവം നമുക്കു നൽകിയ മാർഗ്ഗദർശനം(ഹുദാ) സ്ഥാപിക്കുന്നതിലൂടെയാണ് അവന്റെ പരമാധികാരം സ്ഥാപിതമാകുന്നത് എന്നും അങ്ങനെയാണ് നന്ദിയുള്ളവരായിത്തീരേണ്ടത് എന്നുമാണ് ദൈവം പറയുന്നത്. ഇത് ഒരു ഉദാഹരണത്തിലൂടെ പറയുകയാണെങ്കിൽ ആരെങ്കിലും നമുക്കു ഒരു വസ്തു സമ്മാനമായി നൽകി എന്നു വിചാരിക്കുക .എങ്കിൽ അയാൾ ആ വസ്തു നൽകിയ വ്യക്തിക്ക് ഒരു നന്ദി പറയുകയും അതിനെ വളരെ നന്നായി ഉപയോഗിക്കുകയുമാണെങ്കിൽ അതാണ് അദ്ദേഹത്തെ സന്തോഷിപ്പിക്കുന്ന കാര്യം. അദ്ദേഹം ഒരു തുവാലയാണ് നൽകിയതെന്നു വിചാരിക്കുക അതിന്റെ പിറ്റേ ദിവസം അയാൾ വീട്ടിൽ വന്നപ്പോൾ അത് കരിയും ചെളിയുമായി തറയിൽ വീണു കിടക്കുന്നത് അയാൾ കാണുകയും നാം അയാളെ കാണുമ്പോഴൊക്കെ നന്ദി നന്ദി എന്നു പറഞ്ഞുകൊണ്ടുമിരുന്നാൽ എങ്ങനെയുണ്ടാകും.?

പുതിയ പുതിയ വിവരങ്ങളടങ്ങിയതും,അവനു അജ്ഞാതമായ അറിവുകൾ അറിയിച്ചു കൊടുക്കേണ്ടതിലേക്കുള്ള വേദപുസ്തകങ്ങളും ദൈവം അവനു നൽകുന്നു.മനുഷ്യൻ ഇച്ഛാശക്തിയുള്ളവനാകയാൽ അവന്റെ നിഷേധാത്മക സ്വഭാവം തുടർന്നു കൊണ്ടേയിരിക്കുകയും അവനെ തൃപ്തനാക്കാൻവിധം മാർഗ്ഗനിർദ്ദേശങ്ങൾ കിട്ടിക്കൊണ്ടിരിക്കുകയും വേണം.അത് അവന്റെ കാലത്തിനും ദേശത്തിനും സ്വഭാ

വത്തിനനുസൃതമായി ലഭിച്ചുകൊണ്ടേയിരിക്കണം .

ഈ കാര്യമാണ് പരമകാരുണികൻ പറയുന്നത് :-

عَلَّمَ ٱلْإِنسَٰنَ مَا لَمْ يَعْلَمْ ﴿٥﴾

"അല്ലമൽ ഇൻസാന മാലം യഅലം" മനുഷ്യനു അവനറിയാത്തതു പഠിപ്പിച്ച നാഥൻ അത്യുദാരനാണെന്നാണ് ദൈവം പറയുന്നത്. പ്രവാചകനായ മുഹമ്മദ് നബിയുടെ ദൗത്യത്തോടുകൂടി മനുഷ്യനു ലഭിക്കേണ്ട മൗലികമായ സന്ദേശങ്ങൾ ലഭിച്ചുകഴിഞ്ഞെങ്കിലും അതിനെക്കുറിച്ചുള്ള വിശദാംശങ്ങളും വിശദീകരണങ്ങളും അവനുള്ള കാലത്തോളം കിട്ടിക്കൊണ്ടിരിക്കും . അല്ലെങ്കിൽ ജീർണ്ണതയായിരിക്കുംഫലം. അത്തരം മാർഗ്ഗ നിർദ്ദേശങ്ങൾ വ്യാജമോ ,വികലമോ മൗലിക നിയമങ്ങളോട് നീതികാണിക്കാത്തതോ ആണെങ്കിൽ സർവ്വനാശമായിരിക്കും ഫലം. അതിനാൽ ആ സർവ്വ നാശത്തെ അതിജീവിക്കാനുള്ള സത്യാന്വേഷണമല്ലാതെ വേറെ വഴിയില്ല .

പരമ്പരാഗതമായി ലഭിച്ച സമ്പ്രദായങ്ങളെ ചോദ്യം ചെയ്യാതെയും സംശയ ദൃഷ്ടിയോടെ കാണാതെയും സത്യാന്വേഷണം പൂർത്തിയാവുകയില്ല. . ഇന്ന് ആത്മീയത ഏതുതരത്തിലുള്ളതാണെങ്കിലും ഏത് വിഭാഗത്തിന്റേതാണെങ്കിലും യുക്തി അനാവശ്യവസ്തുവാണെന്നാണ് ധാരണ. അതുകൊണ്ടുതന്നെ യുക്തിബോധമുള്ള സത്യാന്വേഷികളും സ്വതന്ത്ര ചിന്തകരും മതമുൽഘോഷിക്കുന്ന ആത്മീയത നിഷ് പ്രയോജനമെന്നു കരുതിയാൽ അവരെ കുറ്റപ്പെടുത്താൻ കഴിയില്ല. മനുഷ്യ ജീവിതത്തിനു പ്രയോജനകരമായ എല്ലാ കണ്ടുപിടുത്തങ്ങളും യുക്തിബോധത്തിൽ നിന്നാണ് ഉണ്ടായത് എന്തിനു മതങ്ങൾതന്നെയും അതാതു കാലത്തെ യുക്തിരാഹിത്യത്തിനെതിരെയുള്ള വിശ്വാസങ്ങളെയും ആചാരങ്ങളെയും ചോദ്യം ചെയ്യാൻ ദൈവത്താൽ അവതരിപ്പിക്കപ്പെട്ടവയായിരുന്നു.

പ്രപഞ്ചത്തോളം വിശാലമായ ആശയങ്ങളെ അതിന്റെ യഥാർത്ഥ വലുപ്പത്തിൽ കാണാൻ ശ്രമിക്കുന്നതിനു പകരം തങ്ങളുടെ സങ്കുചിതമായ അർത്ഥ വ്യാഖ്യാനങ്ങൾക്കൊണ്ടുണ്ടാക്കിത്തീർന്ന

അനർത്ഥങ്ങൾ ചില്ലറയല്ല .ഉദാഹരണത്തിനു ഇബ്രാഹീം നബി നേരിട്ട അഗ്നി പരീക്ഷണങ്ങളെ അഗ്നി കുണ്ഠമായും ആ അഗ്നികുണ്ഠം ഐസായ കഥയുമാണ് ഇവർ പ്രചരിപ്പിക്കുന്നത്. മനുഷ്യനെ പുഷ്ടിപ്പെടുത്താനുള്ളതാണല്ലോ ഭക്ഷണം. തീയാകട്ടെ ദഹിപ്പിക്കാൻ ഉതകുന്നതും. പാവങ്ങളുടെയും അനാഥകളുടെയും ധനം അന്യായമായി തിന്നുന്നവർ അവരുടെ വയറ്റിലേക്കു തീയാണ് നിറക്കുന്നത് എന്നു പറഞ്ഞാൽ തീയിന്റെ കട്ടകൾ ഓരോന്നും വിഴുങ്ങുകയാണ് എന്നല്ലല്ലോ അർത്ഥമാക്കുന്നത്.ആ കാര്യം ഖുർആൻ പറയുന്നത് കാണുക:-

إِنَّ ٱلَّذِينَ يَأْكُلُونَ أَمْوَٰلَ ٱلْيَتَـٰمَىٰ ظُلْمًا إِنَّمَا يَأْكُلُونَ فِى بُطُونِهِمْ نَارًا ۖ وَسَيَصْلَوْنَ سَعِيرًا ﴿١٠﴾

" ഇന്നല്ലദീന യഅകുലൂന അംവാലൽയതാമാ ളുൽമൻ ഇന്നമാ യഅ കുലൂന ഫീ ബുത്വൂനിഹിം നാറൻ വസയസ്ലൗന സഈറാ"(4:10)

"തീർച്ചയായും അനാഥരുടെ സ്വത്തുക്കൾ അതിക്രമമായി തിന്നുന്നവർ അവരുടെ വയറുകളിൽ തീ നിറക്കുക മാത്രമാണ് .അവർ അടുത്തുതന്നെ അഗ്നിയിലേക്കു ചേരുകയും ചെയ്യും."

അതുപോലെ നിങ്ങൾ അഗ്നിയുടെ വക്കിലായിരുന്നു എന്നു പറഞ്ഞാൽ സർവ്വനാശത്തിലേക്കും പോയിക്കൊണ്ടിരിക്കുകയായിരുന്നു എന്നല്ലേ അർത്ഥം പരമകാരുണികൻ പറയുന്നു :-

وَٱعْتَصِمُوا۟ بِحَبْلِ ٱللَّهِ جَمِيعًا وَلَا تَفَرَّقُوا۟ ۚ وَٱذْكُرُوا۟ نِعْمَتَ ٱللَّهِ عَلَيْكُمْ إِذْ كُنتُمْ أَعْدَآءً فَأَلَّفَ بَيْنَ قُلُوبِكُمْ فَأَصْبَحْتُم بِنِعْمَتِهِۦٓ إِخْوَٰنًا وَكُنتُمْ عَلَىٰ شَفَا حُفْرَةٍ مِّنَ ٱلنَّارِ فَأَنقَذَكُم مِّنْهَا ۗ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمْ ءَايَـٰتِهِۦ لَعَلَّكُمْ تَهْتَدُونَ ﴿١٠٣﴾

"..വകുൻതും അലാശഫാഹുഫ്റത്തിൻ മിനന്നാരി ഫഅൻഖദക്കും.."

"..........നിങ്ങൾ ഒരു തീകുണ്ടിന്റെ വക്കത്തായിരുന്നു അതിൽ നി

ന്നും നിങ്ങളെ നാം രക്ഷപ്പെടുത്തി......"

ഈ വചനത്തിൽ അവർ അഗ്നിയുടെ വക്കിലായിരുന്നു എന്നു പറഞ്ഞതുകൊണ്ട് അവർ പ്രവാചകൻ വന്നപ്പോൾ തീക്കായാനിരിക്കുകയായിരുന്നു എന്നല്ലല്ലോ അർത്ഥമാക്കുന്നത് അതുപോലെ മറ്റൊരു വചനം കൂടി കാണുക :-

كُلَّمَا أَوْقَدُوا نَارًا لِّلْحَرْبِ أَطْفَأَهَااللهُ

"...കുല്ലമാ ഔഖദൂ നാറൻ ലിഹർബിൻ അത്ഫഅഹല്ലാഹു..(5:64)

".....അവർ യുദ്ധത്തിനുവേണ്ടി തീ കത്തിച്ചപ്പോഴൊക്കെയും ദൈവം അത് കെടുത്തിക്കളഞ്ഞു...."

ഇവിടെ ശത്രുക്കൾ യുദ്ധത്തിനുള്ള അഗ്നി കത്തിക്കുമ്പോഴൊക്കെ അല്ലാഹു അതിനെകെടുത്തികളഞ്ഞു എന്നു പറഞ്ഞാൽ അവർ കത്തിച്ച അഗ്നിയല്ലല്ലോ? ഇങ്ങനെ ഖുർആനിൽ അഗ്നി എന്ന പദം ഉപയോഗിക്കുമ്പോഴേക്കും അതെല്ലാം തീയാണെന്ന രൂപത്തിൽ വ്യാഖ്യാനിക്കുന്നത് ഖുർആന്റെ ആശയവിശാലതയെ തകർക്കലും അതിനെ അപ്രായോഗിക ഗ്രന്ഥമാക്കലുമാണ് .

ഇബ്രാഹീം നബിയുടെ ഉന്നതമായ ത്യാഗങ്ങളെ അനുസ്മരിപ്പിക്കുന്നു എന്ന വ്യാജേന നാൽക്കാലികളെ അറുത്തു വിതരണം ചെയ്യുന്നതിലൂടെ ഇവർ പരിഹാസ്യരാകുന്നു. എന്നിട്ട് ഇബ്രാഹീം നബി അനുഷ്ടിച്ച മഹാത്യാഗമാണ് ഞങ്ങൾ അനുഷ്ടിക്കുന്നത് എന്നു അവകാശപ്പെടുകയും ചെയ്യുന്നു .മിണ്ടാപ്രാണികളായ മൃഗങ്ങളെ ഭക്ഷ്യാവശ്യത്തിനു വേണ്ടി കാശാപ്പു ചെയ്യുന്നത് മനുഷ്യൻ ചെയ്യുന്ന മഹാത്യാഗമാണോ?.

ഒരാശയം അതിന്റെ പ്രയോഗക്ഷമതകൊണ്ടു മാത്രമെ നിലനിൽക്കുകയുള്ളൂ സാമ്പ്രദായിക മതങ്ങളുടെ പല ആശയങ്ങളും പ്രയോഗക്ഷമമോ, പ്രയോജനപ്രദമോ അല്ല . അതുകൊണ്ടുതന്നെ പ്രായോഗിക മനുഷ്യനു അവയെക്കുറിച്ചു പുനരാലോചിക്കേണ്ടിവരുന്നു ദൈനംദിന ജീവിതത്തിൽ അവനെ അലട്ടുന്ന ഒരു പ്രശ്നത്തിൽ പോലും പ്രായോഗിക പരിഹാരം നിർദ്ദേശിക്കാൻ ആവാതെ ഇരു

ട്ടിൽ തപ്പുകയാണ് മതങ്ങൾ അതിനു പുറമെ ജീവിതമൂല്യങ്ങളെ ക്കുറിച്ച് ഒട്ടും പ്രയോഗികമല്ലാത്ത വ്യാമോഹങ്ങൾ പ്രചരിപ്പിക്കുക യും ചെയ്യുന്നു .കാലത്തിനൊപ്പം സഞ്ചരിക്കുന്നതിനു പകരം കാല ത്തിന്റെ പിറകിൽ കടിച്ചുതൂങ്ങി പിറകോട്ടു വലിക്കുകയാണ് മത ങ്ങൾ .അതിന്റെ ഫലമായി മാനവരാശിക്കു ഒട്ടും പ്രയോജനകരമ ല്ലെന്നു മാത്രമല്ല ഹാനികരവും കൂടിയായ പല പ്രത്യയശാസ്ത്രങ്ങളും രംഗപ്രവേശം ചെയ്തു. ഖുർആന്റെ തമസ്കരണം കാരണം ലോകത്ത് ഉണ്ടായ പല അട്ടിമറികൾക്കും കാരണമായി.

ആത്മീയ ആചാര്യൻ എന്ന സങ്കൽപത്തിലും വിശ്വസികൾ ജുഗുപ്സാ വഹമായ അജ്ഞത പുലർത്തുന്നവരാണ്.പ്രവാചകന്മാരോ ളം ഔന്നിത്ത്യമുള്ള ആത്മീയ നേതാക്കൾ മുസ്ലിംകൾക്കെന്നല്ല മറ്റാ ർക്കും ഉണ്ടെന്നു തോന്നുന്നില്ല .അവരുടെ ജീവിത ലാളിത്യത്തെ ക്കുറിച്ച് ശത്രുക്കൾ പോലും ആദരവോടെയല്ലാതെ പറഞ്ഞു കേട്ടി ട്ടില്ല .പരിശുദ്ധ ഖുർആൻ പറയുന്നതു കാണുക:-

وَقَالُوا۟ مَالِ هَٰذَا ٱلرَّسُولِ يَأْكُلُ ٱلطَّعَامَ وَيَمْشِى فِى ٱلْأَسْوَاقِ ۙ
لَوْلَآ أُنزِلَ إِلَيْهِ مَلَكٌ فَيَكُونَ مَعَهُۥ نَذِيرًا ﴿٧﴾

“ വ ഖാലൂ മാലിഹാദർറസൂലി യഅകുലുത്തആമ വയംശീഫിൽ അ സ് വാക്കി ലൗലാ ഉൻസില ഇലൈഹി മലക്കുൻ ഫയകൂന മഅഹു നദീറാ"

“അവർ പറയുകയും ചെയ്തു :- ഈ ദൂതനു എന്തുപറ്റി? അദ്ദേഹമിതാ ഭക്ഷണം കഴിക്കുകയും അങ്ങാടികളിൽ നടക്കുകയും ചെയ്യുന്നു ! അ ദ്ദേഹത്തിലേക്ക് ഒരു മലക്കിനെ ഇറക്കപ്പെടുകയും എന്നിട്ട് തനിക്ക് അദ്ദേഹത്തോടൊപ്പം ഒരു മുന്നറിയിപ്പുകാരനാവുകയും ചെയ്യാമായി രുന്നില്ലേ?”(25:7)

ഈ വചനത്തിൽ ദൈവദൂതനെ ആക്ഷേപിച്ചുകൊണ്ടു അദ്ദേ ഹത്തിന്റെ ശത്രുക്കൾ പറയുന്ന കാര്യമാണ് വിവരിക്കുന്നത്. ഇവിടെ

അവർ പറഞ്ഞ കുറ്റം ഈ പ്രവാചകൻ എന്താണ് അങ്ങാടിയിലൂടെ നടക്കുന്നത് എന്നാണ്.അപ്പോൾ സാധാരണക്കാരുടെ ഇടയിലൂടെ നടക്കുന്നവരായിരുന്നു ദൈവദൂതന്മാർ എന്നു ഈ വചനത്തിൽ നിന്നും വ്യക്തമായല്ലോ? ഇവിടെ ശത്രുക്കൾ ദൂതനെക്കുറിച്ച് ആരോപിച്ച കുറ്റമാണെന്നാണ് പറയുന്നതെങ്കിൽ ദൈവം തന്നെ പറയുന്ന ഒരു വചനം കാണുക :-

وَمَآ أَرْسَلْنَا قَبْلَكَ مِنَ ٱلْمُرْسَلِينَ إِلَّآ إِنَّهُمْ لَيَأْكُلُونَ ٱلطَّعَامَ وَيَمْشُونَ فِى ٱلْأَسْوَاقِ ۗ وَجَعَلْنَا بَعْضَكُمْ لِبَعْضٍ فِتْنَةً أَتَصْبِرُونَ ۗ وَكَانَ رَبُّكَ بَصِيرًا ﴿٢٠﴾

"വമാ അർസൽനാ കബ് ലക മിനൽമുർസലീന ഇല്ലാ അന്നഹും ല യഅകുലൂന വ യംശൂന ഫിൽഅസ് വാഖി ......"

"ഭക്ഷണം കഴിക്കുന്നവരും അങ്ങാടികളിൽ നടക്കുന്നവരും തന്നെയായിട്ടല്ലാതെ നിന്റെ മുമ്പ് ദൂതന്മാരിൽ നിന്നും ആരേയും നാം അയച്ചിട്ടേ ഇല്ല .നിങ്ങളിൽ ചിലരെ നാം മറ്റുചിലർക്കു നിങ്ങൾ പരിശ്രമിക്കുന്നുണ്ടോ എന്നൊരു പരീക്ഷണമാക്കുകയും നിന്റെ നാഥൻ എല്ലാം കാണുന്നവനാവുകയും ചെയ്തിരിക്കുന്നു "(25:20)

ഈ വചനത്തിലും പറയുന്നത് പൂർവ്വ പ്രവാചരൊക്കെ തന്നെയും അങ്ങാടിയിലൂടെ നടക്കുന്ന ദൂതന്മാർ തന്നെയായിരുന്നു എന്നാണ്.സൂറത്തുൽ കഹ്ഫിന്റെ അവസാനത്തിൽ പ്രവാചകനോടു ഞാൻ നിങ്ങളെയെപ്പോലെയുള്ള മനുഷ്യൻ മാത്രമാണെന്നു പറയുവാനാണ് കൽപിക്കുന്നത്.(ഖുൽ ഇന്നമാ അന ബശറുൻ മിഥ് ലുക്കും ). ചുരുക്കത്തിൽ പ്രവാചകന്മാർ ജനങ്ങൾക്കിടയിലൂടെ ജീവിക്കുന്ന അവരിൽ പെട്ട ഒരാളുതന്നെയായിരുന്നു എന്നാണ് . അല്ലാതെ ഇന്നത്തെപ്പോലെ ജനങ്ങൾക്കു അപ്രാപ്യമായ ദന്തഗോപുരങ്ങളിൽ കഴിയുന്നവരായിരുന്നില്ല .

എന്നാൽ ഇന്നത്തെ ചില മതാചാര്യന്മാരുടെ ആഡംബരവും ധൂർത്തും സാധാരണക്കാർക്ക് വിഷയമാവാത്തത് അവന്റെ ആത്മീയ നിരക്ഷരതകൊണ്ടല്ലാതെ മറ്റെന്താണ്?.സാധാരണക്കാരൻ കരു

ുന്നത് തന്റെ ആതമീയ ആചാര്യൻ എല്ലാ അർത്ഥത്തിലും ഉയർന്നു നിൽക്കണം എന്നാണ്. അത് കൃത്രിമവും ജാടയുമായാലും ശരി .

ആത്മീയ നിരക്ഷരതയുടെ മറ്റൊരു പ്രത്യാഘാതമാണ് അന്ധവിശ്വാസം. തങ്ങൾക്കു വിശദീകരിക്കാനാവത്തതോ, മനസ്സിലാക്കാൻ കഴിയാത്തതോ ആയ മുഴുവൻ കാര്യങ്ങളെയും അന്ധവിശ്വാസി ആത്മീയതായി തെറ്റിദ്ധരിക്കുന്നു . തനിക്കു പ്രവർത്തിച്ച് ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിയാത്ത കാര്യങ്ങളെ കുറുക്കുവഴിയിലൂടെ സാധിച്ചെടുക്കാമെന്ന വ്യാമോഹം ഒരു അന്ധവിശ്വാസി വെച്ചു പുലർത്തുന്നു .ഖുർആനാകട്ടെ മൂഢമായി വിശ്വസിച്ചതുകൊണ്ടുമാത്രം ഫലപ്രപ്തിയിലെത്തുമെന്നു ഒരിക്കലും പഠിപ്പിക്കുന്നില്ല മറിച്ച് ആത്മവിശ്വാസത്തോടെയും ആത്മാർത്ഥതയോടുമുള്ള അധ്വാനവും ആസൂത്രണവും കൊണ്ടു മാത്രമെ ലക്ഷ്യത്തിലെത്തുകയുള്ളൂ എന്നാണ് പറയുന്നത്:-

فَٱسۡتَجَابَ لَهُمۡ رَبُّهُمۡ أَنِّي لَآ أُضِيعُ عَمَلَ عَٰمِلٖ مِّنكُم مِّن ذَكَرٍ أَوۡ أُنثَىٰۖ بَعۡضُكُم مِّنۢ بَعۡضٖۖ فَٱلَّذِينَ هَاجَرُواْ وَأُخۡرِجُواْ مِن دِيَٰرِهِمۡ وَأُوذُواْ فِي سَبِيلِي وَقَٰتَلُواْ وَقُتِلُواْ لَأُكَفِّرَنَّ عَنۡهُمۡ سَيِّـَٔاتِهِمۡ وَلَأُدۡخِلَنَّهُمۡ جَنَّٰتٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ ثَوَابٗا مِّنۡ عِندِ ٱللَّهِۚ وَٱللَّهُ عِندَهُۥ حُسۡنُ ٱلثَّوَابِ ١٩٥

"ഫസ്തജാബ ലഹും റബ്ബുഹും അന്നീ ലാ ഉളീഉ അമല ആമിലിൻ മിൻകും മ്മിൻ ദകരിൻ ഔ ഉൻഥാ........."

"അപ്പോൾ അവരുടെ രക്ഷിതാവ് അവർക്കു മറുപടി നൽകി : നിങ്ങളിലെ സ്ത്രീയോ പുരുഷനോ യാതൊരു പ്രവർത്തകന്റെ പ്രവർത്തിയും ഞാൻ പാഴാക്കുന്നില്ല......"(3:195)

وَٱلۡعَصۡرِ ١ إِنَّ ٱلۡإِنسَٰنَ لَفِي خُسۡرٍ ٢
إِلَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ وَتَوَاصَوۡاْ بِٱلۡحَقِّ وَتَوَاصَوۡاْ
بِٱلصَّبۡرِ ٣

"വൽ അസ്വ്ർ ഇന്നൽ ഇൻസാന ലഫീ ഗുസ്ർ ഇല്ലല്ലദീന ആമനൂ വ അമിലുസ്സ്വാലിഹാത്തി വതവാസൗ ബിൽ ഹഖ്ഖി വതവാസൗ ബിസ്സബ്ർ "

മൂന്നാം അധ്യായം നൂറ്റിതൊണ്ണൂറ്റി അഞ്ചാം വചനത്തിൽ പറഞ്ഞത് പ്രാർത്ഥിച്ചവർക്ക് ദൈവം ഉത്തരം നൽകിയതിനെക്കുറിച്ചാണ് .അതായത് ഇങ്ങനെ പ്രാർത്ഥിച്ചവരിലെ ആരായാലും പ്രവർത്തിച്ചാൽ അവരുടെ പ്രവർത്തനത്തെ ദൈവം പാഴാക്കുകയില്ല എന്നാണ്.അധ്വാനത്തിന്റെ മഹത്വത്തെക്കുറിച്ച് ഈ പുസ്തകത്തിൽ ഒരധ്യായം തന്നെ വിവരിക്കുന്നുണ്ട്.

ദൈവീക സന്ദേശത്തെ അതുൾക്കൊള്ളുന്ന ഗൗരവത്തോടെ നേരാംവണ്ണം മനസ്സിലാക്കാൻ കഴിഞ്ഞാൽ അതു തന്നെയായിരിക്കും അതിനോടു കാണിക്കുന്ന നീതി. ആളുകളിൽ ശരിയായ ആത്മീയ ബോധം ശക്തിപ്പെടുന്നതോടുകൂടി കപടന്മാരും വ്യാജന്മാരും സ്വാഭാവികമായും രംഗം വിടുക തന്നെ ചെയ്യും.. മാനവാരാശിക്കു തന്നെ ദോഷകരമായിത്തീരുന്നതും മനുഷ്യന്റെ നിലനിൽപിനെ ചോദ്യം ചെയ്യുന്നതുമായ ഒരു ഹദീസ് കാണുക :-

25 حَدَّثَنَا **عَبْدُ اللَّهِ بْنُ مُحَمَّدٍ الْمُسْنَدِيُّ** قَالَ حَدَّثَنَا أَبُو رَوْحٍ الْحَرَمِيُّ بْنُ عُمَارَةَ قَالَ حَدَّثَنَا **شُعْبَةُ** عَنْ **وَاقِدِ بْنِ مُحَمَّدٍ** قَالَ سَمِعْتُ **أَبِي** يُحَدِّثُ عَنْ **ابْنِ عُمَرَ** أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ أُمِرْتُ أَنْ أُقَاتِلَ النَّاسَ حَتَّى يَشْهَدُوا أَنْ لَا إِلَهَ إِلَّا اللَّهُ وَأَنَّ مُحَمَّدًا رَسُولُ اللَّهِ وَيُقِيمُوا الصَّلَاةَ وَيُؤْتُوا الزَّكَاةَ فَإِذَا فَعَلُوا ذَلِكَ عَصَمُوا مِنِّي دِمَاءَهُمْ وَأَمْوَالَهُمْ إِلَّا بِحَقِّ الْإِسْلَامِ وَحِسَابُهُمْ عَلَى اللَّهِ

ഇബ്നു ഉമറിൽ നിന്നും നിവേദനം :തിരുമേനി(സ)അരുളി (ഇ

ങ്ങോട്ടു യുദ്ധം ചെയ്യുന്നവരോട്)ജനങ്ങൾ അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും മുഹമ്മദു അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിച്ച് നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സക്കാത്തു നൽകുകയും ചെയ്യുന്നതുവരെ അവരോട് യുദ്ധം ചെയ്യുവാൻ എന്നോടു കൽപിച്ചിരിക്കുന്നു .അതവർ നിർവ്വഹിച്ചു കഴിഞ്ഞാൽ അവരുടെ രക്തത്തേയും ധനത്തേയും എന്റെ പിടുത്തത്തിൽ നിന്നും രക്ഷിച്ചു കഴിഞ്ഞു .പക്ഷെ ഇസ്ലാം ചുമത്തിയ ബാധ്യതകൾക്കു വേണ്ടി അവരുടെ മേൽ കൈവെക്കാം.അവരെ വിചാരണ ചെയ്യുന്നത് അല്ലാഹുവായിരിക്കും(പാരമ്പര്യ വ്യാഖ്യാനം)

ദൈവത്തിന്റെ സന്ദേശമെന്ന പേരിൽ നിർമ്മിക്കപ്പെട്ട ഇത്തരം ഹദീസുകൾ പ്രായോഗികമാക്കാൻ നിന്നാലുണ്ടാകുന്ന സാമൂഹിക അരാജകത്വം നമ്മൾ ഒന്നു സങ്കൽപിച്ചു നോക്കുക .കലാപങ്ങൾക്കൊണ്ട് രക്തപങ്കിലമായ സമൂഹങ്ങളെയല്ലാതെ നമുക്കു കാണാൻ കഴിയില്ല .ഇതു ചെയ്യുന്തെങ്കിലേ ജനങ്ങളുടെ രക്തത്തിനും സമ്പത്തിനും സുരക്ഷിതത്ത്വമുള്ളൂ എന്നു കൂടിവന്നാൽ എന്തായിരിക്കും അവസ്ഥ? ഈ ഹദീസ് പരിഭാഷപ്പെടുത്തിയ വ്യക്തിക്കു വരെ ഇതിലെ ആശയം ശരിയല്ലെന്നു ബോധ്യപ്പെട്ടതിന്റെ ഫലമായിട്ടാണ് ഇങ്ങോട്ടു യുദ്ധം ചെയ്യുന്ന സമൂഹങ്ങളോട് എന്നു ബ്രാക്കറ്റിട്ട് അർത്ഥം കൊടുക്കാൻ കാരണം .അത് ശരിയാണെന്നു അംഗീകരിച്ചാൽ തന്നെ എന്തിനാണ് അവർ ശഹാദത്ത് കലിമ ചൊല്ലുകയും നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സക്കാത്ത് കൊടുക്കുകയും ചെയ്യുന്നതുവരെ യുദ്ധം ചെയ്യുന്നത്?.ഈ രൂപത്തിൽ, പ്രവാചകനെയും ദൈവവിശ്വാസത്തെയും വികലമാക്കി അവതരിപ്പിക്കുകയും എന്നിട്ടു മറ്റുള്ളവർ അതു ഏറ്റുപറയുകയും ചെയ്യുമ്പോൾ ഇതൊന്നും അറിയാത്ത നിരപരാധികളായ ജനങ്ങൾക്കെതിരിൽ കലാപം അഴിച്ചുവിടുകയും അവരെ കൊന്നൊടുക്കുകയും ചെയ്യുന്ന സമീപനം മാനവരാശിക്കു തന്നെ അപകടകരവും ഇസ്ലാമിനെ തെറ്റിദ്ധരിക്കാൻ കാരണവുമാകുന്നു .

ലോകത്തിനു കാരുണ്യവാനും, മനുഷ്യരുടെ മോചനത്തിനും വേണ്ടി വന്ന ഒരു ദൂതനെ,നമസ്കരിക്കാൻ പള്ളിയിലേക്കു വരാത്തതിന്റെ കാരണത്താൽ അവരുടെ വീടുകൾ കത്തിക്കാൻ ആഹ്വാനം നൽകുന്നവനും ,ആളുകളോടു യുദ്ധം ചെയ്തു മതത്തിലേക്കു ജനങ്ങളെ നിർബന്ധിച്ചു ചേർക്കുന്നയാളും സ്ത്രീലംബടനുമൊക്കെയായി ചിത്രീകരിക്കുന്ന ഇത്തരം വികലമായ ദൈവ വിശ്വാസമാണ് നാം എതിർക്കേണ്ടത്.ആ മനുഷ്യസ്നേഹിക്കു വീടുകത്തിക്കാനല്ല വീടുനിർമ്മിച്ചു കൊടുക്കേണ്ടതിനെക്കുറിച്ച് ആലോചിക്കാനേ കഴിയൂ . ദൈവീക നീതിയുടെ പ്രത്യയശാസ്ത്രത്തെ ഉദ്ദേശിക്കുന്നവൻ സ്വീകരിക്കട്ടെ അതല്ല തള്ളിക്കളായാനാണ് ഒരാൾ ഉദ്ദേശിക്കുന്നതെങ്കിൽ അവൻ അതു ചെയ്യട്ടെ എന്നു പറഞ്ഞ ദൈവത്തിനു തന്നെ, എല്ലാവരും ഒരേവിശ്വാസികളാകണമെന്നു വാശിയില്ലെന്നിരിക്കെ പിന്നെ എന്തിനാണ് ഈ മതവിശ്വാസികൾ തമ്മിൽ വെട്ടിമരിക്കുന്നത് എന്നാണ് നമുക്കു മനസ്സിലാകാത്തത്.ദൈവത്തിനു എല്ലാവരേയും ഒരേ വിശ്വാസികളാക്കണമെങ്കിൽ അതിനു പറ്റിയ രൂപത്തിലുള്ള സൃഷ്ടിപ്പ് നൽകിയാൽ പോരെ,അവരോട് യുദ്ധം ചെയ്യിപ്പിച്ച് മതത്തിൽ ചേർക്കാൻ ദൂതനെ വിടണോ?"ഇഷ്ടമുള്ളവനു വിശ്വസിക്കാം അല്ലാത്തവനു അവിശ്വസിക്കാം" എന്നാണ് ദൈവം തന്നെ പറയുന്നത് .

وَقُلِ الْحَقُّ من رَّبِّكُمْ فَمن شَاء فَلْيُؤمنْ ومن شَاء فَلْيَكْفُرْ

“വഖുലിൽ ഹഖ്ഖു മിൻറബ്ബിക്കും ഫമൻശാഅ ഫൽയുഅമിൻ വമൻ ശാഅ ഫൽയക്ഫുർ"

"നിങ്ങളുടെ രക്ഷിതാവിൽ നിന്നുള്ള ഈ പരമമായ സത്യം ,ആരെങ്കിലും ഉദ്ദേശിനുവെങ്കിൽ അവൻ വിശ്വസിക്കുകയും സമാധാനം ഉണ്ടാക്കുകയും ചെയ്യട്ടെ. വല്ലവനും ഉദ്ദേശിക്കുന്നുവെങ്കിൽ ഈ സമാധാന സന്ദേശം തള്ളിക്കളയട്ടെ" എന്നു പറയാനാണ് ദൈവം പ്രവാചകനോട് കൽപിക്കുന്നത്. ഇതു പ്രഖ്യാപിച്ച അതേ ദൂതന്റെ നാവിലൂടെ നാം മുകളിൽ പറഞ്ഞ ഹദീസു വരുമോ?

ഒരു മനുഷ്യ സ്നേഹിയായ പ്രവാചകനെ ലോകത്തിന്റെ മുമ്പിൽ വികൃതമായി ചിത്രീകരിക്കുക എന്ന ഗൂഢ ലക്ഷ്യത്തിന്റെ ഫലമായി രചിക്കപ്പെട്ട ഇത്തരം മനുഷ്യനിർമ്മിത വചനങ്ങൾ തള്ളിക്കളയാത്തിടത്തോളം കാലം ഇസ്ലാമും പ്രവാചകനുമെല്ലാം വിമർശിക്കപ്പെടുന്നതിനെതിരിൽ വെറുതെ കലിതുള്ളിയിട്ടു കാര്യ മില്ല .മറ്റൊരു വചനം കാണുക:-

لَآ إِكۡرَاهَ فِي ٱلدِّينِۖ قَد تَّبَيَّنَ ٱلرُّشۡدُ مِنَ ٱلۡغَيِّۚ فَمَن يَكۡفُرۡ
بِٱلطَّٰغُوتِ وَيُؤۡمِنۢ بِٱللَّهِ فَقَدِ ٱسۡتَمۡسَكَ بِٱلۡعُرۡوَةِ ٱلۡوُثۡقَىٰ لَا
ٱنفِصَامَ لَهَاۗ وَٱللَّهُ سَمِيعٌ عَلِيمٌ ٢٥٦

“ലാ ഇക്റാഹ ഫിദ്ദീനി ഖത്തബയ്യനർറുഷ്ദു മിനൽ ഗയ്യി ഫമൻ യക്ഫുർ ബിത്താഗൂത്തി വയുഅമിൻബില്ലാഹി ഫഖദ്ഇസ്തംസക്ക ബിൽഉർവതിൽവുഥ്ഖാ ലൻഫിസ്വാമ ലഹാ വല്ലാഹു സമീഉൻ അലീം "

ദീൻ സ്വീകരിക്കുന്ന കാര്യത്തിൽ ഒരു നിർബന്ധിക്കലും ഇല്ലെന്നു പറഞ്ഞ ദൈവത്തിന്റെ ഈ വചനം പഠിപ്പിക്കാൻ വന്ന ദൂതൻ തന്നെ ശഹാദത്ത് കലിമക്കു സാക്ഷ്യം വഹിക്കാത്ത, നമസ്കരിക്കാത്തവരും, സക്കാത്തു കൊടുക്കാത്തവരുമായവരോട് യു ദ്ധം ചെയ്യാൻ കൽപിക്കപ്പെട്ടരിക്കുന്നു എന്നു പറയുമോ?നമസ്കരി ക്കാത്തവരുടെ വീടുകത്തിക്കാൻ തുനിയുമോ? പരസ്യമായി ദൈ വീക വചനം പറയുക, എന്നിട്ടു രഹസ്യമായി എന്നോടു യുദ്ധം ചെ യ്യാൻ ദൈവം കൽപിച്ചിരിക്കുന്നു എന്നും പറയുക. ഈ രണ്ടു നില പാട് ഒരിക്കലും ഒരു ദൈവീക ദൂതനിൽ നിന്നും ഉണ്ടാവുകയില്ല .

പ്രവാചകനെ നിന്ദിക്കുകയും ലോകത്തിനു മുമ്പിൽ വികൃതമാ യി അവതരിപ്പിക്കുകയും ചെയ്യുന്നവർ ആരാണെന്നു നാം തിരിച്ചറി യണം .നമ്മുടെ മുഖം തന്നെ വികൃതമാക്കിയിട്ടു മറ്റുള്ളവർ അതു വിളിച്ചു പറയുമ്പോൾ വാളെടുത്തിട്ടു കാര്യമില്ല. ഒരു തിന്മയെ അതി

ല്ലും വലിയ തിന്മകൊണ്ടോ,ഒരു അനീതിയെ അതിലും വലിയ അനീതികൊണ്ടോ നേരിടലല്ല എന്നെന്നേക്കുമായി ആ തിന്മയെ യോ ,അനീതിയെയോ, ഇല്ലാതാക്കാനുള്ള വഴി. ഒരു തിന്മയെ അതിലും വലിയ തിന്മകൊണ്ടു നേരിടുന്നതുകൊണ്ട് താൽക്കാലി കമായ വല്ല പ്രതിരോധങ്ങളും സൃഷ്ടിക്കാൻ കഴിയും എന്നല്ലാതെ അന്തിമമായും, ശാശ്വതമായും ആ തിന്മയെ ഭൂമുഖത്തുനിന്നും തുടച്ചു നീക്കണമെങ്കിൽ നന്മകൊണ്ടു നേരിട്ടേ മതിയാകൂ .പരമകാരുണി കൻ പറയുന്നതു കാണുക :-

وَلَا تَسْتَوِى ٱلْحَسَنَةُ وَلَا ٱلسَّيِّئَةُ ٱدْفَعْ بِٱلَّتِى هِىَ أَحْسَنُ فَإِذَا ٱلَّذِى بَيْنَكَ وَبَيْنَهُۥ عَدَٰوَةٌ كَأَنَّهُۥ وَلِىٌّ حَمِيمٌ ﴿٣٤﴾

“വലാതസ്തവിൽഹസനത്തു വലസ്സയ്യിഅത്തു ഇദ്ഫഅബില്ലത്തീ ഹിയ അഹ്സനു ഫഇദല്ലദീ ബയ്നക വബയ്നഹൂ അദാവത്തുൻ കഅ ന്നഹൂ വലിയ്യുൻ ഹമീം"

“നന്മകളും ,തിന്മകളും സമമാകുന്നില്ല,ഏറ്റവും നല്ലതുകൊണ്ടു തന്നെ തന്നെ നീ പ്രതിരോധിക്കുക .അപ്പോൾ അവന്റെയും നിന്റെ യും ഇടയിൽ ശത്രുതയുണ്ടോ ,അവനതാ ഉറ്റമിത്രം പോലെയായി ത്തീരുന്നു (41:34)ഇത്തരം വചനങ്ങൾ പഠിപ്പിച്ച അതേ ദൂതൻ മുകളിൽ പറഞ്ഞ ഹദീസു പറയും എന്നു സങ്കൽപിക്കാൻ പോലും ന്യായമില്ല . പരമകാരുണികൻ പറയുന്ന മറ്റൊരു വചനവും കൂടി കാണുക :-

.ومنْ يَرْتَدِدْ مِنْكُمْ عَنْ دِينهِ فَيَمُتْ وَهُوَ كَافِرٌ

“വമൻ യർതദിദ് അൻദീനിഹീ ഫയമുത് വഹുവ കാഫിറുൻ...”

“ .....എന്നാൽ നിങ്ങളുടെ കൂട്ടത്തിൽ നിന്നും വല്ലവരും തങ്ങളുടെ മതത്തിൽ നിന്നും മടങ്ങിപ്പോകുകയും അങ്ങനെ നിഷേധിയായി ക്കൊണ്ട് മരിക്കുകയും ചെയ്താൽ ......." ഈ വചനത്തിൽ ദൈവം അവതരിപ്പിച്ച സമാധാനത്തിന്റെ വ്യവസ്ഥിതിയിൽ നിന്നും ഒരാൾ

മടങ്ങിപ്പോവുകയും ഈ സമാധാനത്തിന്റെ വ്യവസ്ഥിതിയെ തള്ളി ക്കളയുന്നവനായി മരിക്കുകയും ചെയ്താൽ അവരുടെ പ്രവർത്തന ങ്ങൾ തകർന്നു പോകുന്നതാണ് എന്നാണ് പറയുന്നത്. ഇവിടെ അവൻ മരിക്കട്ടെ എന്നല്ലാതെ അവൻ കൊല്ലപ്പെടണം എന്നു ദൈ വം പറഞ്ഞില്ലല്ലോ? മാത്രമല്ല "ഹദ്ദ്" എന്ന പദം പോലും ശിക്ഷ നടപ്പാക്കുക എന്ന അർത്ഥത്തിൽ ഖുർആൻ ഉപയോഗിച്ചിട്ടില്ല എന്നതാണ് സത്യം. പിന്നെ എന്തിനാണ് നമ്മുടെ സമൂഹംമതപ രിത്യാഗിയെ (മുർതദ്ദിനെ) കൊല്ലണം എന്നു പറയുന്നത് ?അപ്പോൾ ഇസ്ലാമിന്റെ അഥവാ സമാധാനത്തിന്റെ ഈ സന്ദേശത്തെ കൊണ്ടു പോയി ,തീവ്രതയുടെയും ,അക്രമത്തിന്റെയും സന്ദേശമാക്കിയിട്ട് എന്തു നേട്ടമാണ് നമ്മുടെ സമൂഹത്തിനു ലഭിക്കാനുള്ളത്?.

ഒരു കലാപം പൊട്ടിപ്പുറപ്പെട്ടാൽ അതിനു പ്രേരണനൽകി യവർക്കു പോലും രക്ഷപ്പെടാൻ കഴിഞ്ഞുകൊള്ളണമെന്നില്ല .തീവ്ര ത ഒന്നിനും പരിഹാരമല്ല .അത് അക്രമത്തിലേക്കെ എത്തിക്കൂ .അ തു സത്യത്തിനുവേണ്ടിയാണെങ്കിൽ പോലും .തീവ്രമായ നിലപാടു സ്വീകരിക്കുകയും സ്വന്തം അനുയായികളെ അക്രമത്തിലേക്കു തള്ളി വിടുകയും ചെയ്യുന്ന ഏതു മതവിശ്വാസിയാണെങ്കിലും നമുക്കു പറയാ നുള്ളത് നിങ്ങൾ നിങ്ങളുടെ സമൂഹത്തോടുള്ള സ്നേഹം കൊണ്ടാണ് ഈ നിലപാടു സ്വീകരിക്കുന്നതെങ്കിൽ അവരെ വൈജ്ഞാനിക മായും ,സാംസ്കാരികമായും ,സാമ്പത്തികമായും വളർത്തി കൊണ്ടു വരാൻ വേണ്ടി പ്രയത്നിക്കുകയാണ് വേണ്ടത്. അല്ലാതെ അവരെ വീണ്ടും വീണ്ടും അസ്വസ്ഥതകളിലേക്കും ,അരാജകത്വത്തിലേ ക്കും തള്ളിവിടുകയല്ല വേണ്ടത്. ഇവിടുത്തെ ഭൂരിപക്ഷ മതവിശ്വാ സികൾ സാമ്പത്തികവും, സംസ്കാരികവും, വൈജ്ഞാനികവുമായ രംഗങ്ങളിൽ മെച്ചപ്പെട്ട ഒരു അവസ്ഥയിലെത്തിയാൽ ബാക്കിയുള്ള ന്യൂനപക്ഷത്തിനു ഇവിടെ ജീവിക്കാൻ എന്തൊരു സുഖമായിരിക്കും എന്നു നാം ചിന്തിക്കുക .

ലോകം മുഴുവൻ സാമ്പത്തികവും സാസ്കാരികവുമായ പ്രതിസന്ധിയിലൂടെയും,യുദ്ധങ്ങളുടെ ഭീഷണിയിലൂടെയും കടന്നു പോകുമ്പോൾ അതിനെക്കുറിച്ചൊന്നും ഒരക്ഷരം ഉരിയാടാത്ത മതപുരോഹിതന്മാർ, തീർത്തും നിസ്സാരമായ കാര്യങ്ങൾക്കു പ്രതികരിക്കുകയും ഹാലിളകുകയും ചെയ്യുന്നതായി നമുക്കു കാണാം .കാരണം ഇവരുടെ മതത്തിനു പ്രത്യേകിച്ച് ആ മേഖലകളിലൊന്നും പ്രതികരിക്കാനില്ല . നിസ്സാരമായ പ്രശ്നങ്ങളുടെ പേരിൽ ഈ സമുദായത്തെ പല അറകളായി വിഭജിച്ച് ഒരു തുള്ളിവെള്ളം പോലും അങ്ങോട്ടുമിങ്ങോട്ടും പ്രവേശിക്കാത്ത രൂപത്തിലാക്കി മാറ്റി ഉള്ളതെല്ലാം ഊറ്റിക്കുടിച്ച് ഈ സമുദായത്തെ അടിമകളെപ്പോലെ മേച്ചുകൊണ്ടു പോകുന്നതു കാണുമ്പോൾ സങ്കടമാണ് തോന്നുന്നത് . ഇതെല്ലാം മനസ്സിലാക്കിയവരുടെ നിസ്സംഗത കാണുമ്പോൾ ഭയവുമാണ് അനുഭവപ്പെടുന്നത്. ഈ സമൂഹത്തിനു എന്നാണ് ഇതിൽനിന്നൊരു മോചനം ലഭിക്കുക .ദീൻ വിളംബരം ചെയ്യുന്ന മൗലികവും അടിസ്ഥാനപരവുമായ വിഷയങ്ങൾ മനസ്സിലാക്കാനും അവക്കുവേണ്ടി പ്രതികരിക്കാനും ഈ സമുദായം എന്നാണ് ഉണരുക.

സ്വന്തം ശരീരത്തിൽ വളരുന്ന രോമത്തിന്റെ നീളം മതിയാകാത്തതിന്റെ പേരിൽ സംഘടനയിൽ നിന്നു പുറത്താണെന്നു ഫത് വ നൽകുന്നവർ,കാലിൽ നിന്നും അൽപം തുണിയിറങ്ങിയാൽ ദീനിൽ നിന്നും പുറത്താണെന്നു പറയുകയും ഹാലിളകുകയും ചെയ്യുന്നവർ ആയിരം കളവു പറഞ്ഞാലും ,അന്യന്റെ സ്വത്ത് ചൂഷണം ചെയ്താലും, അനീതി സമൂഹത്തിൽ വ്യാപിച്ചാലും, അക്രമം കൊടികുത്തി വാണാലും, അതിനെതിരിൽ പ്രതികരിക്കില്ല എന്നു മാത്രമല്ല അതിൽ നിന്നും കിട്ടുന്ന ചില്ലറ കൈനീട്ടി വാങ്ങി മിണ്ടാതെ പോകുന്ന ഈ കപട ആത്മീയതയെയാണ് നാം തിരിച്ചറിയേണ്ടത് .അവിടെയാണ് നാം ആത്മീയ സാക്ഷരത കാണേണ്ടത്. അല്ലാതെ ഒരു

ചിത്രം വരച്ചതിന്റെ പേരിലോ ,താടി നീളം പോരാത്തതിന്റെ പേരിലോ ,ഒരു പാട്ടു പാടിയതിന്റെ പേരിലോ അന്യ മതവിഭാഗത്തിൽ പെട്ട അയൽവാസിയായ സഹോദരന്റെ വീട്ടിൽ നിന്നും അൽപം ഭക്ഷണം കഴിച്ചതിന്റെ പേരിലോ വുളു എടുത്തപ്പോൾ അൽപം വെള്ളം നനയാത്തിന്റെ പേരിലോ ഉറഞ്ഞു തുള്ളുന്ന കപട ആത്മീയതയല്ല നമുക്കു ആവശ്യം.

ഇന്നലെകളിൽ നിന്നും പാഠം ഉൾക്കൊള്ളുകയും ,ഇന്നിനെക്കുറിച്ചുള്ള വ്യക്തമായ അവബോധവും ,നാളെയെക്കുറിച്ച് വ്യക്തമായ ആസൂത്രണവും ഉണ്ടെങ്കിലെ മാനവരാശിക്കു ഇനി മുന്നോട്ടു പോകാൻ കഴിയൂ. പരസ്പരം കൊന്നു തിന്നിരുന്ന ശിലായുഗത്തിൽ നിന്നും മനുഷ്യൻ അൽപം പുരോഗമിച്ചപ്പോൾ ഗോത്രങ്ങൾ തമ്മിലുള്ള കലാപങ്ങളിലേക്കു മാറി. കുറച്ചു കൂടി മനുഷ്യൻ സംസ്കാരികമായി പുരോഗതിയിലേക്കു നീങ്ങിയപ്പോൾ രാജ്യങ്ങൾ തമ്മിലായി യുദ്ധങ്ങൾ .ഇനിയും കൊന്നും കൊലവിളിച്ചും പരസ്പരം കഴുത്തറുത്തും ഒരു പരിഷ്കൃത സമൂഹത്തിനു  എത്രകാലം മുന്നോട്ടു പോകാൻ കഴിയും എന്നു നാം ചിന്തിക്കണം ? ഇസ്ലാമിന്റെ മൗലികവും അടിസ്ഥാ നപരവുമായ  ലക്ഷ്യം തന്നെ  പരസ്പരം കഴുത്തറുക്കാത്ത വിദ്വേഷവും പകയും ഇല്ലാത്ത ,സാംസ്കാരികവും ,വൈജ്ഞാനികവും സാമൂഹ്യപരമായും ഉന്നതിയിൽ നിൽക്കുന്ന ഒരു മാതൃകാ സമൂഹത്തിന്റ സൃഷ്ടിപ്പാണ് എന്നു നാം തിരിച്ചറിയണം .ആദമിനെ ഖലീഫയായി നിയമിക്കാൻ രക്ഷിതാവ് തുനിഞ്ഞപ്പോൾ തന്നെ മലക്കുകൾ, " രക്തം ചിന്തുകയും രാജ്യത്ത് നാശമുണ്ടാക്കുകയും ചെയ്യുന്നവരേയാണോ നീ നിയമിക്കാൻ പോകുന്നത് " എന്നാണ് ചോദിച്ചത്.

وَإِذْ قَالَ رَبُّكَ لِلْمَلَـٰٓئِكَةِ إِنِّى جَاعِلٌ فِى ٱلْأَرْضِ خَلِيفَةً ۖ قَالُوٓا۟ أَتَجْعَلُ فِيهَا مَن يُفْسِدُ فِيهَا وَيَسْفِكُ ٱلدِّمَآءَ وَنَحْنُ نُسَبِّحُ بِحَمْدِكَ وَنُقَدِّسُ لَكَ ۖ قَالَ إِنِّىٓ أَعْلَمُ مَا لَا تَعْلَمُونَ ﴿٣٠﴾

"വഇദ്ഖാല റബ്ബുക്ക ലിൽമലാഇകത്തി ഇന്നീ ജാഇലുൻ ഫിൽ അർ ളി ഖലീഫത്തൻ ഖാലൂ അതജ്അലു ഫീഹാ മൻ യുഫ്സിദു ഫീഹാ വ യസ്ഫിക്കുദ്ദിമാഅ വനഹ്നു നുസബ്ബിഹു ബി ഹംദിക്ക വനുഖദ്ദിസു ലക്ക ഖാല ഇന്നീ അഅലമു മാലാതഅലമൂൻ "

അല്ലാതെ ചില ആചാര അനുഷ്ഠാനങ്ങൾ ചെയ്യാത്ത പട്ടിണി കിടക്കാത്ത ആളുകളെയാണോ നീ നിയമിക്കുന്നത് എന്നല്ല ചോദിച്ചത്. എന്നാൽ രക്ഷിതാവിനു ഇതിനപ്പുറം ഒരുലക്ഷ്യം ആദമിന്റെ നിയോഗത്തിലുണ്ടായിരുന്നു. ആ അടിസ്ഥാനപരവും മൗലികവുമായ ലക്ഷ്യത്തിതിനുവേണ്ടിയായിരിക്കണം വേദങ്ങളും വേദപണ്ഡിതന്മാരും ,മതനേതാക്കന്മാരും നിലകൊള്ളേണ്ടത്.അല്ലാത്തതൊക്കെ കാലത്തിന്റെ ചവറ്റുകൊട്ടയിലേക്കെറിയപ്പെടും .എന്നും വിവരമില്ലാത്ത ജനങ്ങൾ കൂടെയുണ്ടാകും എന്നു നാം ധരിക്കരുത്.

വക്രതയില്ലാത്ത ഋജുവായ സമീപനം ഖുർആനിനോടു സ്വീകരിക്കാത്തതുവരെയും ലോകത്തിനു പ്രതീക്ഷക്കു വകയില്ല .എന്തൊക്കെ പറഞ്ഞാലും ഖുർആൻ അത്യുന്നതമായി തുടരുന്നു എന്നത് പ്രതീക്ഷക്കു വക നൽകുന്നതാണ് . ഖുർആനിൽ നിങ്ങൾ ഉന്നതരാണെന്നു പറയുകയും അതെ സമയം ലോക വ്യാപകമായി മുസ്ലിംകൾ നൂറ്റാണ്ടുകളായി പീഡിതരും നിന്ദ്യരും കലാപബാധിതരുമായി തുടരുകയും ചെയ്യുന്നു . കുരിശുയുദ്ധക്കാരേയോ,ഓറിയന്റിലിസ്റ്റുകളേയോ പാശ്ചാത്യസാമ്രാജ്യത്വ ശക്തികളേയോ കുറ്റം പറഞ്ഞുകൊണ്ട് നാം എത്രകാലം കഴിച്ചു കൂട്ടും.? സ്വയം ആത്മപരിശോധന നടത്താത്തിടത്തോളം കാലം ഇതിനേക്കാൾ ഭീകരമായ അവസ്ഥകളെ നാം

അഭിമുഖീകരിക്കേണ്ടി വരും.ഖുലഫാഉർറാശിദുകളുടെ ശേഷം മുആ വിയയുടെ ആദ്യത്തെ രാജഭരണം ഇസ്ലാമിന്റെ പറ്റിൽ ആരംഭിച്ച തോടുകൂടി മൗലികതയിൽ നിന്നും വ്യതിചലിച്ചു .സത്യത്തിൽ അതു ഖുർആനിൽ നിന്നുള്ള വ്യതിചലനമായിരുന്നു എന്നു കാണാം. സൂഫിസത്തിന്റെ ആവിർഭാവത്തോടുകൂടി ഏകദൈവത്തിന്റേയും ആ ദൈവത്തിന്റെ നിയമങ്ങൾക്കനുസൃതമായ സാമൂഹിക പ്രതിബ ദ്ധതയും നഷ്ടമായി. സാമൂഹികമായ ചിന്ത വിട്ടു. മോക്ഷത്തിനു വേണ്ടി ആത്മാവിന്റെ മോക്ഷത്തിൽ മുഴുകുകയും സാമൂഹിക പ്രതി ബദ്ധത നഷ്ടപ്പെടുകയും ചെയ്തു. ഇതാകട്ടെ രാജാക്കന്മാർക്ക് ഏകാ ധിപതികളും സുഖലോലുപരുമായ ഭരണത്തിനു വഴിയൊരുക്കി .

ഭൂമിയിലെ മനുഷ്യനു മാത്രമല്ല സർവ്വജീലജാലങ്ങളുടെയും സമാധാനപരമായ സഹവർത്തിത്തവും അതിജീവനത്തെക്കുറിച്ചുമു ള്ള നിരന്തരവിചിന്തനവുമാണ് ഒരർത്ഥത്തിൽ ആത്മീയത.മനു ഷ്യനു തന്റെയും തന്റെ ചുറ്റുള്ളവരുടേയും കുറിച്ചുള്ള അസ്തിത്ത്വത്തെ ക്കുറിച്ചുള്ള തീരാത്ത ഉൽക്കണ്ഠയാണ് ആത്മീയത .പ്രപഞ്ചത്തിന്റെ ഉൽപത്തിയേയും നിലനിൽപിനെയും കുറിച്ച് ഇന്നലെവരെ സ്വാം ശീകരിക്കാൻ കഴിഞ്ഞ അറിവുകളിൽ ഊന്നിക്കൊണ്ട് ഭാവിയെ ക്കുറിച്ച് ആസൂത്രണം ചെയ്യുന്നതും ആത്മീയ വ്യവഹാരം തന്നെ ജീവിതത്തിന്റെ അതിസങ്കീർണ്ണമായ സമസ്യകളെക്കുറിച്ചുള്ള അന്വേഷണമാണ് ആത്മീയത. മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്ക് പ്രാ പ്യവും അപ്രാപ്യവുമായ പ്രശ്നങ്ങൾക്കുള്ള പ്രത്യുത്തരമാണ് ആത്മീ യത .ഇനിയും തിട്ടപ്പെടുത്താനാവാത്ത വിധം ബൃഹത്തും സങ്കീർ ണ്ണവുമാണ് ആത്മീയത. സ്വതന്ത്ര ചിന്തയുടെയും സത്യാന്വേഷണ ത്തിന്റെയും അത്യുന്നതമായ ഒഴുക്കാണ് ആത്മീയത. ഏതാനും പ്രണവമന്ത്രങ്ങൾ ഹൃദിസ്ഥമാക്കുന്നതിലൂടെയോ മതാനുഷ്ഠാനങ്ങ ളുടെ ചിട്ടവട്ടങ്ങൾ മനഃപ്പാഠമാക്കുന്നതിലൂടെയോ ആത്മീയ സാക്ഷര ത കൈവരിക്കാൻ കഴിയില്ല.

ആത്മീയത ഇന്നു കാണുന്ന തരത്തിൽ രൂപഭാവങ്ങൾ കൈ

കൊള്ളുന്നതിനു മുമ്പ് നൂറ്റാണ്ടുകളോളം അതീവഗുരുതരവും ക്രൂരവും പ്രാകൃതവുമായ അനുഷ്ഠാനങ്ങൾക്കൊണ്ട് മാനരാശിയെ നിരന്തരം പീഡിപ്പിച്ചുപോന്നതായി കാണാം. നരബലി , കൂട്ടക്കൊലകൾ ,കൂട്ട ആത്മഹത്യകൾ,സ്ത്രീകളെ പ്രത്യേകം വേർതിരിച്ചുള്ള സതി, പെൺ ശിശുക്കളെ ജീവനോടെ കുഴിച്ചുമൂടൽ ,ദേവദാസി സമ്പ്രദായം, തുട ങ്ങിയവയെല്ലാം ആത്മീയതയിലേ ഒഴിച്ചുകൂടാൻ പാടില്ലാത്ത അനു ഷ്ഠാനങ്ങളായിരുന്നു .ഇന്ന് വികസിത രാജ്യങ്ങളെന്ന് കരുതുന്നവയി ൽ പോലും ഈ അടുത്തകാലം വരെയും സ്ത്രീ പാപത്തിന്റെ പ്രതീ കമായും ആത്മാവ് ഇല്ലാത്തവളായും സങ്കൽപിച്ചു പോന്നത് ആത്മീ യതയുടെ ഭാഗമായിത്തന്നെയായിരുന്നു .

മനുഷ്യരെ പലവിഭാഗങ്ങളായി തരം തിരിച്ച് അവരിൽ ചിലർ ക്ക് വിദ്യ നിഷേധിക്കുക, പക്ഷപാതപരമായ ശിക്ഷകൾക്കു വിധേ യമാക്കുക, ജീവിക്കാനുള്ള അവകാശം തന്നെ നിഷേധിക്കുക , അ തേ സമയം മറ്റു ചിലർക്ക് ബഹുഭൂരിപക്ഷത്തെ ചൂഷണം ചെയ്യാനു ള്ള സർവ്വ അവകാശങ്ങളുമുണ്ടെന്ന് പ്രഖ്യാപിക്കുക , ഇവയൊക്കെ ഒരുകൂട്ടർക്ക് ആത്മീയ പ്രവർത്തനങ്ങളായിരുന്നു .മനുഷ്യരെ കന്നു കാലികളെപ്പോലെ ചങ്ങലക്കിട്ട് അങ്ങാടികളിൽ ലേലം വിളിക്കുന്ന തും ,ആത്മീയ മേധാവിത്വത്തിന്റെ തണലിൽ തന്നെയായിരുന്നു .ഇ തൊക്കെ പഴങ്കഥകൾ മാത്രമാണെന്നു തോന്നിയേക്കാം.

മനുഷ്യനെ അവന്റെ ശാരീരികവും ചിന്താപരവുമായ ബന്ധ നങ്ങളിൽ നിന്നും ചങ്ങലക്കെട്ടുകളിൽ നിന്നും മോചിപ്പിക്കുന്നതി ന്റെ ഭാഗമായിട്ടാണ് ഓരോ പ്രവാചക ദൗത്യവും അരങ്ങേറിയത്. എന്നാൽ ഓരോ ദൗത്യത്തിനു ശേഷവും അവൻ തന്നെ സ്വയം നിർമ്മിച്ച കുരുക്കുകളിൽ ചെന്നു ചാടുന്നതായിട്ടാണ് അനുഭവം.ആ ത്മീയ ദൗത്യങ്ങളുടെ അർത്ഥമറിയായ്കയാണ് അതിനു കാരണം . ദൈവം പറയുന്നതു കാണുക :-

..وَيَضَعُ عَنْهُمْ إِصْرَهُمْ وَالْأَغْلال الَّتِي كَانتْ عَلَيْهِم . . .. .....

“......വയളഉ അൻഹും ഇസ്റഹും വൽഅഗ് ലാലത്തീ കാനത്ത് അലൈഹിം"
“.....തങ്ങളുടെ ചുമടുകളും തങ്ങളിലുണ്ടായിരുന്ന ചങ്ങലകളും ഇറക്കിവെക്കുകയും ചെയ്യുന്നു.....”(7:157)

ഈ വചനത്തിൽ പ്രവാചകൻ ആ സമൂഹത്തിൽ ചെയ്തു തീർക്കുന്ന ഉത്തരാദിത്തങ്ങളെക്കുറിച്ചാണ് വിവരിക്കുന്നത് .മനുഷ്യരുടെ മേൽ അവരുണ്ടാക്കിയ ചങ്ങലകളെ എടുത്തുകളഞ്ഞ് അവരെ ഒരു സ്വതന്ത്രമനുഷ്യരാക്കിത്തീർക്കുന്നതിനെക്കുറിച്ചാണ് ഈ വചനത്തിൽ വിവരിക്കുന്നത്. എന്നാൽ മനുഷ്യൻ ഈ സന്ദേശത്തെ കാണാതിരിക്കുക മുഖേന അവരിലുണ്ടായിത്തീരുന്ന ചങ്ങലകളെക്കുറിച്ചും മതിൽകെട്ടുകളെക്കുറിച്ചും ഖുർആൻ പറയുന്നതു കാണുക:-

إِنَّا جَعَلْنَا فِيٓ أَعْنَٰقِهِمْ أَغْلَٰلًا فَهِيَ إِلَى ٱلْأَذْقَانِ فَهُم مُّقْمَحُونَ ٨

وَجَعَلْنَا مِنۢ بَيْنِ أَيْدِيهِمْ سَدًّا وَمِنْ خَلْفِهِمْ سَدًّا فَأَغْشَيْنَٰهُمْ فَهُمْ لَا يُبْصِرُونَ ٩

“ഇന്നാ ജഅൽനാ ഫീ അഅനാഖിഹിം അഗ് ലാലൻ ഫഹിയ ഇലൽ അദ്ഖാനി ഫഹും മുഖ്മഹൂൻ .വജൽനാ മിൻബൈനി അയ്ദീഹിം സദ്ദൻ വമിൻഗൽഫിഹിം സദ്ദൻ ഫ അഗ്ശൈനാഹും ഫഹും ലായുബ്സ്വിറൂൻ "
“അവരുടെ കഴുത്തുകളിൽ ചില ചങ്ങലകളിട്ടിരിക്കുന്നു .അവയിപ്പോൾ താടിയെല്ലുകൾവരെയുണ്ട് . അതിനാൽ അവർ തലയുയർത്തപ്പെവരാണ് . അവരുടെ മുന്നിലൂടെ ഒരു മതിലും അവരുടെ പിന്നിലൂടെ ഒരു മതിലും നാം ഉണ്ടാക്കുകയും അങ്ങനെ നാം അവരെ മൂടുകയും ചെയ്തു. അപ്പോൾ അവർ ദർശിക്കുന്നില്ല "

ഈ വചനത്തിൽ പറഞ്ഞ രൂപത്തിലുള്ള രണ്ടു മതിൽകെട്ടുകളിൽ പെട്ട ഒരു ജനതയാണ് ദുൽഖർനൈനിയോടു തങ്ങളെ ഈ രണ്ടു മതിലുകളിൽ നിന്നും മോചിപ്പിച്ചു തരണമെന്ന് പറഞ്ഞത്. ഖുർആ

ൻ പറയുന്നതു കാണുക:-

حَتَّىٰٓ إِذَا بَلَغَ بَيۡنَ ٱلسَّدَّيۡنِ وَجَدَ مِن دُونِهِمَا قَوۡمٗا لَّا يَكَادُونَ يَفۡقَهُونَ قَوۡلٗا ﴿٩٣﴾

"ഹത്താ ഇദ് ബലഗ ബൈനസ്സദ്ദയ്നി വജദ മിൻദൂനിഹിമാ ഖൗമൻല്ലായകാദൂന യഫ്ഖഹൂന ഖൗലാ "

"അങ്ങനെ അദ്ദേഹം ആ രണ്ടു മതിലുകൾക്കിടയിലെത്തിയപ്പോൾ ആ രണ്ടു മതിലുകൾ കൂടാതെ ദൈവീക വാക്ക് ഗ്രഹിക്കാൻ ഒരുങ്ങാത്ത ഒരു ജനതയെ കണ്ടു"

ഇന്നത്തെ സ്ഥിതിയെന്താണ് ?സത്യാന്വേഷണവും സ്വതന്ത്ര ചിന്തയും, നടത്തുന്നവർ വേട്ടയാടപ്പെടുന്നതും മൃഗീയമായി കൊലചെയ്യപ്പെടുന്നതും ആരുടെ കൈകളാലാണ്? പുതിയ രൂപവും ഭാവവും ശൈലിയും കൈക്കൊണ്ട ആത്മീയത തന്നെയാണ് എല്ലാറ്റിനും പിന്നിൽ .

മനുഷ്യൻ എത്രയൊക്കെ പുരോഗമിച്ചിട്ടും അവനെ വിടാതെ പിന്തുടരുന്ന അത്ഭുത പ്രതിഭാസമാണ് ആത്മീയത എന്നു കാണാം. ഇങ്ങനെയൊക്കെ മനുഷ്യരാശിയെ നിരന്തരം വേട്ടയാടുന്ന ഒരാത്മീയതയുടെയും,മതത്തിന്റെയും,ദൈവത്തിന്റെയും, ആവശ്യകത എന്ത്? പകരം സ്വതന്ത്ര ചിന്തയും ശാസ്ത്രബോധവും വ്യാപകമാകുന്നതോടു കൂടി ആത്മീയതയെ ചവറ്റുകൊട്ടലെറിയാം .അങ്ങനെ ലോകത്തെ മോചിപ്പിക്കാം എന്ന ഒരു വ്യാമോഹം ചുരുക്കം ചിലരിലെങ്കിലും ഉണ്ടായെന്നു വരാം. എന്നാൽ യഥാർത്ഥത്തിൽ മനുഷ്യരാശിയുടെ നിലനിൽപിനും വികാസത്തിനും ആത്മീയതയും ഭൗതികതയും അത്യന്താപേക്ഷിതമാണ് .എന്തുകൊണ്ടെന്നാൽ സൂക്ഷ്മനിരീക്ഷണത്തിൽ ഇവരണ്ടും പരസ്പര പൂരകങ്ങളാണെന്നു കാണാം.

ആത്മീയത ആത്മാവും ഭൗതികത ശരീരവുമാണ് .ആത്മീയബോധത്തിന്റെ അഭാവത്തിൽ ധാർമ്മികതെക്കുറിച്ച് മനസ്സിലാക്കുക പ്രയാസമായിരിക്കും. കേവല ഭൗതികത മനുഷ്യന് നിയന്ത്ര

ണമില്ലാത്ത മൂല്യരഹിതമായ സ്വാതന്ത്ര്യമാണ് നൽകുക .അതിന്റെ ദുരുപയോഗംമൂലം അവൻ പ്രപഞ്ചത്തിലെ സർവ്വ ചരാചരങ്ങളെയും പ്രപഞ്ചത്തെയും ഒടുവിൽ അവനെത്തന്നെയും അതിശീഘ്രം നാശത്തിലെത്തിക്കും. ധാർമ്മിക ചിന്തയുടെയും മൂല്യബോധത്തിന്റെയും അഭാവത്തിൽ തിരിച്ചറിവ് നഷ്ടപ്പെടുന്നതുമൂലമാണ് അതുണ്ടാകുന്നത്

ആത്മീയതയെക്കുറിച്ചുള്ള തെറ്റായ നിഗമനങ്ങൾ അതിന്റെ വക്താക്കളിൽ മാത്രം പരിമിതമല്ല .ആത്മീയതയുടെ വക്താക്കൾ , വിശദീകരണങ്ങൾക്കും വിശകലനങ്ങൾക്കും അതീതമായ ഏതോ ദൈവീക പ്രതീഭാസമായി അതിനെ കാണുമ്പോൾ ആത്മീയതയുടെ എതിരാളികൾ അത് യുക്തിക്കും പ്രായോഗികതക്കും ഭൗതികമായ സ്വാതന്ത്ര്യങ്ങൾക്കും എതിരാണെന്നും മനസ്സിലാക്കുന്നു

ആത്മീയത എന്ത് ?എന്തിന്? എന്നു മനസ്സിലാക്കുമ്പോഴാണ് അതിന്റെ ആവശ്യകത ബോധ്യപ്പെടുന്നത്. ആത്മീയതയും ഒരർത്ഥത്തിൽ മനുഷ്യന്റെ ഭൗതികമായ സുക്ഷിതത്ത്വത്തിനും അതിജീവനത്തിനും വേണ്ടിതന്നെയാണ് നിലകൊള്ളുന്നത്. അല്ലെങ്കിൽ നിലകൊള്ളേണ്ടത്. എന്നാൽ നിർഭാഗ്യവശാൽ പ്രയോഗതലത്തിൽ അത് പലപ്പോഴും മനുഷ്യ പുരോഗതിക്ക് വിഘാതം സൃഷ്ടിക്കുന്നതായിട്ടാണ് അനുഭവങ്ങൾ .കേവല ഭൗതികത മനുഷ്യന് വിനാശങ്ങൾ കൊണ്ടുവരാതിരിക്കണമെങ്കിൽ ആദർശനിഷ്ഠവും,യുക്തിഭദ്രവും ,പ്രയോഗക്ഷമവുമായ ഒരു ആത്മീയതയുടെ സാന്നിദ്ധ്യം അനിവാര്യമാണ് .

മനുഷ്യന്റെ യുക്തിരാഹിത്യത്തിന്റെയും അൽപബുദ്ധിയുടെയും ഭയത്തിന്റെയും, വ്യാമോഹങ്ങളുടെയും, വിഹ്വലതകളുടെയും, സ്വാർത്ഥതകളുടെയും ,അന്ധതയുടെയും ,ബഹിസ്കരണത്തെ ആത്മീയത എന്നു പേരിട്ടു വിളിച്ചാൽ അത് ആത്മീയത ആകില്ല .ഇന്നത്തെ നടപ്പ് ആത്മീയത മേൽപറഞ്ഞ ചേരുവകളുടെ ആകെത്തുക

യാണ് .അതാകട്ടെ ബഹിഷ്കരിക്കപ്പെടേണ്ടതുമാണ് .

കുറ്റമറ്റ ഒരു ആത്മീയതയും അതിലധിഷ്ഠിതമായ അച്ചടക്കമുള്ള ഒരു ഭൗതികതയുമാണ് കാലം ആവശ്യപ്പെടുന്നത്.

ഒരു ജനതയുടെ ആത്മീയ വിശ്വാസങ്ങൾ എത്രമാത്രം മാനവികതയിലൂന്നിയതും, യുക്തിഭദ്രവും, പ്രയോഗക്ഷമവും നാഗരികവുമാകുന്നുവോ അത്രമാത്രം ആ ജനത ഉൽകൃഷ്ടരുമായിരിക്കും ,മറിച്ചാണെങ്കിലോ അതിനൊത്തവിധം പ്രാകൃതരുമായിരിക്കും .ജനങ്ങൾ സംസ്കരിക്കപ്പെടേണ്ടത് ആത്മീയ തലം തൊട്ടാണ് .അടിസ്ഥാനപരമായി എല്ലാ ആത്മീയതകളും ഒന്നു തന്നെയാണ് .വീക്ഷണകോണുകളുടെ വൈവിദ്ധ്യവും വൈകല്യവും അതിനെ വ്യത്യസ്തങ്ങളായി തോന്നിപ്പിക്കുന്നു എന്നു മാത്രം .മറ്റേതൊരു വിഷയത്തേക്കാളും സൂക്ഷ്മ നിരീക്ഷണവും പഠനവും അർഹിക്കുന്ന വിഷയം ആത്മീയത ആണെന്നു മറക്കാതിരിക്കുക .

ആത്മീയ വിഷയങ്ങളെ വിമർശന രീതിയിൽ സമീപിക്കുന്നതിനെ മതനിന്ദയായി  കരുതുന്നതിനു പകരം മതത്തിൽ കടത്തിക്കൂട്ടുന്നതിനെ മതനിന്ദയായി മനസ്സിലാക്കുക .(ആയത്ത്)

ആത്മീയത എന്നത്,പഠിച്ചു മനസ്സിലാക്കിയ ശേഷം എല്ലാ മനസ്സിലായ ഭാവത്തിൽ ഇരിക്കാനുള്ളതല്ല . ശാസ്ത്രത്തേക്കാൾ ഒരുപടി കൂടുതലായി നിരന്തരം പഠിച്ചുകൊണ്ടേയിരിക്കേണ്ടതാണ് അത്. പഠനത്തിന്റെയും പ്രയോഗവൽക്കരണത്തിന്റെയും നൈരന്തര്യം നിലനിർത്തുന്നതിലൂടെ മാത്രമെ ആത്മീയത നിത്യനൂതനമായിരിക്കുകയുള്ളൂ .അതില്ലാത്തതുകൊണ്ടാണ്  അതായത് നൂറ്റാണ്ടുകൾ പഴക്കമുള്ള  കേവല അനുഷ്ഠാനങ്ങളും, മന്ത്രോച്ചാരണങ്ങളും മാത്രമായി ആത്മീയത അധഃപ്പിച്ചു പോകുന്നത്. ദൈവം പറയുന്നതു കാണുക :-

قُلْ هَلْ يَسْتَوِي الَّذِينَ يَعْلَمُون والَّذِينَ لايَعْلَمُون

"ഖുൽ ഹൽ യസ്തവില്ലദീന യഅലമൂന വല്ലദീന ലാ യഅലമൂൻ "

" നീ പറയുക :-അറിഞ്ഞു കൊണ്ടിരിക്കുന്നവരും അറിഞ്ഞുകൊണ്ടിരിക്കാത്തവരും സമമാകുമോ ?"

ബുദ്ധ,ജൈന,ചാർവാക മതങ്ങളിലെ വിശ്വാസികളേക്കാൾ കൂടുതൽ ആ മതങ്ങളെക്കുറിച്ചു മനസ്സിലാക്കിയ , ക്രിസ്തുവിനേയും മുഹമ്മദിനേയും അവരുടെ അനുയായികളേക്കാൾ മനസ്സിലാക്കുകയും ,അല്ലാഹുവിനെക്കുറിച്ചു ഏതൊരു സൂഫിവര്യനേക്കാളും അറിവ് നേടിയ ഒരാൾ നമ്മുടെ ഇടയിൽ ജീവിച്ചിരുന്നു . സ്വാമി വിവേകാനന്ദൻ എന്നാണ് ആ മഹാത്മാവിന്റെ പേര് .പക്ഷെ നിർഭാഗ്യവശാൽ പിൽക്കാലത്ത് അദ്ദേഹത്തിന്റെ അനുയായികളും വിഘടിച്ച് ഒരു ചെറിയ മതന്യൂനപക്ഷമായി തുടരാനാണ് ആഗ്രഹിച്ചത്. എന്നാൽ കോടതിയിടപെടലിലൂടെ ഭാരതത്തിന്റെ പൊതുധാരയിൽ വിവേകാന്ദ ചിന്തകളും സന്നിവേശിക്കപ്പെട്ടു .ഒരു വിചിത്രമായ ചിന്ത ഉണ്ടാവുമ്പോൾ അതിനെ അതേപടി വേറിട്ടുനിറുത്തുന്നതിനു പകരം  സമൂഹത്തിന്റെ പൊതുധാരയിലേക്കു അതിനെ സംക്രമിപ്പിച്ച് അതിനെ സമൂഹത്തിന്റെ പൊതു ബോധത്തിന്റെ ഭാഗമാക്കിത്തീർക്കണം .അപ്പോഴെ ആ ചിന്തകൊണ്ട് സമൂഹത്തിനു ഗുണം ലഭിക്കുകയുള്ളൂ .

ആത്മീയ വിഷയങ്ങളിൽ പ്രത്യേകിച്ച് ഇസ്ലാമിന്റെ ആത്മീയ കാര്യങ്ങളിൽ ഊന്നൽ കൊടുക്കുന്ന കാര്യങ്ങളാണ് ,ഖബർ ,മഅശറ , പരലോകം ,സ്വർഗ്ഗം ,നരകം  എന്നിവ . സമ്പൂർണ്ണ ഇച്ഛാശക്തിയോടെയും , പ്രവർത്തന സ്വാതന്ത്ര്യത്തോടെയും മാനവരാശി ജീവിച്ചു പോരുന്ന ഈ ലോകത്ത്  ആത്മീയ വ്യതിചലനം കാരണം അവനുണ്ടായേക്കാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് അൽപം മാത്രം പറയുകയും ,മനുഷ്യർക്ക് യാതൊരു പ്രവർത്തന സ്വാതന്ത്ര്യവും ഇല്ലാത്ത പരലോകത്തുണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ഘോരംഘോരം പ്രസംഗിക്കുന്നവരാണ് മതപണ്ഡിതർ എന്ന് അവ

കാശപ്പെടുന്ന പലരും . ആത്മീയ വ്യതിചലനം മൂലം അല്ലെങ്കിൽ ആത്മീയതയെക്കുറിച്ചുള്ള അബദ്ധധാരണകൾ മൂലം ഈ ലോക ത്തും ഈ ജീവിതത്തിലും സംഭവിക്കാനിടയുള്ള പ്രതിബദ്ധങ്ങളെ ക്കുറിച്ച് വേണ്ടത്ര ഗൗരവത്തോടെ കാണാത്തതു മൂലം ആത്മീയ ചിന്തക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല .

പരലോകം എന്നത് വേണ്ടെന്നോ , ഇല്ലെന്നോ പറയുന്നില്ല. കാറൽമാക്സ് തന്റെ നിരീക്ഷണത്തിൽ ദൈവത്തേയും മതത്തേയും തള്ളിപ്പറയുകയല്ല ചെയ്തത് .മറിച്ച് അവയുടെ പേരിലുള്ള ചൂഷണ ങ്ങൾക്ക് മനുഷ്യൻ എന്തിനു നിന്നുകൊടുക്കണം എന്നാണ് ചോദി ച്ചത് .

ഭൗതിക ജീവിതത്തിൽ സംഭവിക്കുന്ന വീഴ്ചകൾക്ക് പരലോകത്ത് എത്തുമ്പോൾ മാത്രം സമാധാനം പറഞ്ഞാൽ മതിയല്ലോ എന്നും, വല്ല പുണ്യകർമ്മങ്ങളോ , പാപം മോചനത്തിനുള്ള മതം അനുശാ സിക്കുന്ന അനുഷ്ഠാനങ്ങളോ നടത്തിക്കൊണ്ട് അതിൽ നിന്നും മോ ചിതരാകാനും കഴിയുമല്ലോ എന്നാണ് വിശ്വാസിയുടെ ആശ്വാസം . എന്നാൽ ഭൗതികമായ വീഴ്ചകൾക്ക് ഭൗതികമായി തന്നെ കണക്കു പറയേണ്ടിവരും എന്നു ബോധ്യപ്പെട്ടാലേ മനുഷ്യനു ആത്മീയ കാ ര്യങ്ങൾ ഭൗതികതക്കും കൂടിവേണ്ടിയാണെന്ന് അവനു മനസ്സിലാ വുകയുള്ളൂ .

എല്ലാ പ്രവാചകന്മാരും മനുഷ്യന്റെ ഭൗതികമായ അതിജീവന ത്തെക്കുറിച്ചു തന്നെയാണ് പറഞ്ഞിട്ടുള്ളത് എന്നു കാണാം .ഭൗതിക മായ തിന്മകളെ ഉച്ചാടനം ചെയ്യാനും പകരം നന്മകളെ സംസ്ഥാപി ക്കാനുമല്ലാതെ മറ്റെന്താണ് അവർ പറഞ്ഞിട്ടുള്ളത് ? . ഭൂമിയിൽ എ ങ്ങനെ നടന്നാലും പാപപരിഹാരത്തിനുള്ള ക്രിയകൾ നിർദ്ദേശിക്കു കയും അതിന്റെ പേരിൽ ചൂഷണം ചെയ്യുകയും ചെയ്യുന്നത് എങ്ങനെ ആത്മീയ പ്രവർത്തനമാകും ?

# നീതി

## إِنَّ اللَّهَ يَأْمُرُ بِالْعَدْل

“തീർച്ചയായും ദൈവം നീതി കല്പിക്കുന്നു "

**നീ**തി എന്നു കേൾക്കുമ്പോൾ ഏതൊരു സാധാരണക്കാരനും ആദ്യം മനസ്സിൽ ഓടിയെത്തുന്ന ചിന്ത നീതിപീഠങ്ങളെക്കുറിച്ചായിരിക്കും. എന്നാൽ സമൂഹത്തിൽ നടപ്പില്ലാത്ത ഒരു നീതിയും നീതിപീഠങ്ങൾക്കു നല്കാൻ കഴിയില്ല. ഉന്നതമായ നീതിബോധം പുലർ

ത്തുന്ന ഒരു സമൂഹത്തിലെ ഉന്നത നീതി പീഠംനിലനിൽക്കുകയുള്ളൂ നീതിബോധമില്ലാത്ത ഒരു ജനതക്കും നീതി പീഠങ്ങളെ നിലനിർത്താനാകില്ല .ജനതയുടെ നീതിബോധത്തിന്റെ പരമകാഷ്ടയാണ് നീതിപീഠങ്ങൾ. അവക്കു സാങ്കേതികമായ പലപരിമിതികളും ഉണ്ട് താനും. നീതി പീഠങ്ങൾ പലപ്പോഴും നിയമസങ്കീർണ്ണതകൾക്കു മുമ്പിൽ നിസ്സഹായമായി നിൽക്കുന്നതും നീതി നിഷേധിക്കുന്നതുമായ സംഭവങ്ങൾ പലപ്പോഴും ഈ സാങ്കേതിക പരിമിതികൾ മൂലം ഉണ്ടാകാറുണ്ട്. ഉയർന്ന നീതിബോധമുള്ള പല ന്യായാധിപന്മാരും നിയമജ്ഞന്മാരും നീതി നടപ്പാക്കുന്നതിലെ ഈ വൈഷമ്യങ്ങളെ എടുത്തു പറയുന്നതും അപൂർവ്വമല്ല .ഉയർന്നനീതിബോധമുള്ള ഒരു സമൂഹവും തദനുസൃതമായ കുറ്റമറ്റ ഒരു നീതിന്യായ വ്യവസ്ഥയും കൊണ്ടു മാത്രമെ ഈ പ്രശ്നത്തിനു താൽക്കാലികമായെങ്കിലും പരിഹാരം കാണാൻ സാധിക്കുകയുള്ളൂ.

നീതിയെക്കുറിച്ച് മനസ്സിലാക്കപ്പെടേണ്ട ഒരു പ്രാഥമികമായ കാര്യം അത് മറ്റുള്ളവർക്കു നൽകാൻ വേണ്ടി നമ്മിൽ തന്നെ നിക്ഷിപ്തമായിരിക്കുന്നു എന്നതാണ് .നീതിയെക്കുറിച്ച് എന്തെങ്കിലും നമുക്കു ചെയ്യാനുണ്ടെങ്കിൽ അത് നമ്മോടു ബന്ധപ്പെട്ടവർക്കു നീതി നൽകുക എന്നതാണ് . ഒരുപക്ഷേ നമുക്കു അതു തിരിച്ചുകിട്ടിയേക്കും കിട്ടിയില്ലെന്നും വരാം .പക്ഷെ കൊടുക്കാൻ നാം സദാ ബാധ്യസ്ഥരാണ് .അതാണ് തുടക്കത്തിലെ വചനത്തിൽ ദൈവം നമ്മോടു കല്പിച്ചത്.

മനുഷ്യൻ മറ്റെല്ലാ മേഖലയിലും നേടിയ പുരോഗതിപോലെ തന്നെ അവന്റെ നീതിന്യായ വ്യവസ്ഥയിലും സാരമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ആഗ്ലോ സാക്സൻ ,കോണ്ടിനെന്റൽ എന്നീ രണ്ടു അടിസ്ഥാന വ്യവസ്ഥകളാണ് ലോകത്ത് നിലനിൽക്കുന്ന എല്ലാ നീതിന്യായ വ്യവസ്ഥയുടെയും അടിസ്ഥാനം. ആഗ്ലോ സാക്സൻ വ്യവസ്ഥ പ്രകാരം ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുതെന്ന തികച്ചും മാനുഷികമായ ഒരു

രീതിയാണെങ്കിൽ, കോണ്ടിനെന്റൽ വ്യവസ്ഥയിൽ ആയിരം നിരപരാധികൾ ശിക്ഷിക്കപ്പെട്ടാലും ഒരു കുറ്റവാളിയും രക്ഷപ്പെടരുതെന്നുള്ള അതീവ കർക്കശമായ ഒരു രീതിയാണ് . ഇവ രണ്ടും തികച്ചും ഭിന്നവും ആത്യന്ത്യകവുമായ രണ്ടു രീതികളാണെന്നു കാണാം. ഈ രണ്ടു രീതികളും കുറ്റമറ്റതാണെന്ന് അതാതിന്റെ വക്താക്കൾക്കുപോലും അഭിപ്രായമുണ്ടെന്നു തോന്നുന്നില്ല .

ആഗ്ലോസാക്സൻ രീതി നിലവിലുള്ള പല രാജ്യങ്ങളിലും കുറ്റകൃത്യങ്ങൾ ക്രമാതീതമായിട്ടാണ് പെരുകുന്നത്. ക്രമസമാധാനത്തിന്റെ പേരിൽ നികുതിപ്പണത്തിൽ നിന്നും ഭീമമായ തുകയാണ് ഇതിനു വേണ്ടി പാഴാക്കേണ്ടിവരുത്തുന്നത്.എന്നിട്ടും കുറ്റകൃത്യങ്ങൾക്ക് ഒട്ടും കുറവില്ല .ഇവിടെ സാമൂഹികമായ ഒരു നീതിബോധത്തിന്റെ അഭാവമാണ് നീതിവ്യവസ്ഥയുടെ പരിമിതിയേക്കാളും കുറ്റവാളിയുടെ മനോഭാവത്തേക്കാളും ചർച്ചചെയ്യേണ്ടപ്പെടേണ്ടതായിട്ടുള്ളത്.കുറ്റകൃത്യങ്ങളോടുള്ള സമൂഹത്തിന്റെ അയഞ്ഞ സമീപനവും കുറ്റമുക്തമായ ഒരു സമൂഹനിർമ്മിതിക്കുവേണ്ടിയുള്ള പരിശ്രമങ്ങളുടെ കുറവുമാണ് ഇതിനു കാരണം . ഈ സാഹചര്യത്തിലാണ് താഴെ പറയുന്ന ദൈവീക വചനത്തിന്റെ പ്രസക്തി. പരമകാരുണികൻ പറയുന്നതു കാണുക :-

۞ إِنَّ ٱللَّهَ يَأْمُرُ بِٱلْعَدْلِ وَٱلْإِحْسَـٰنِ وَإِيتَآىِٕ ذِى ٱلْقُرْبَىٰ وَيَنْهَىٰ عَنِ ٱلْفَحْشَآءِ وَٱلْمُنكَرِ وَٱلْبَغْىِ ۚ يَعِظُكُمْ لَعَلَّكُمْ تَذَكَّرُونَ ﴿٩٠﴾

“ ഇന്നല്ലാഹ യഅമുറു ബിൽ അദ് ലി വൽ ഇഹ്സാനി വ ഈതാദി ൽ ഖുർബാ വയൻഹാ അനിൽ ഫഹ്ശാഇ വൽമുൻകരി വൽബഗ് യി യഇളുകും ലഅല്ലക്കും തദക്കറൂൻ "

“തീർച്ചയായും ദൈവം നീതിയും സുകൃതവും ഉറ്റബന്ധുക്കാർക്കുള്ള ദാനവും കൽപിക്കുകയും, ദൈവീക വ്യവസ്ഥയുടെ തള്ളിക്ക

ളയല്യം, നിഷേധവും, അതിക്രമവും നിരോധിക്കുകയും ചെയ്യുന്നു. നിങ്ങൾ ഉൽബുദ്ധരാവാൻവേണ്ടി അവൻ നിങ്ങളെ ഉണദോഷിക്കുകയാണ്"

മനുഷ്യൻ നിസ്സാരമെന്നു കരുതുന്ന കാര്യം മുതൽ അന്താരാഷ്ട്രമാനങ്ങളുള്ള കാര്യംവരെ നീതി ബോധമില്ലാതെ പ്രവർത്തിക്കുന്നതുമൂലം അവന്റെയും സമൂഹത്തിന്റെയും മാത്രമല്ല പ്രപഞ്ചത്തിന്റെയും നിലനിൽപാണ് അപകടത്തിലാക്കുന്നത്. ഈ പശ്ചാതലത്തിൽ വേണം മുകളിലുദ്ധരിച്ച വചനത്തെ മനസ്സിലാക്കേണ്ടത്.

കോണ്ടിനെന്റൽ സമ്പ്രദായത്തിലുള്ള രാജ്യങ്ങളിലാവട്ടെ മനുഷ്യാവകാശങ്ങൾക്ക് യാതൊരു വിലയും കൽപിക്കാത്ത അതിക്രൂരവും കിരാതവുമായ ശിക്ഷാ സമ്പ്രദായങ്ങളാണ് കാണുന്നത്. പലപ്പോഴും നീതി നിഷേധത്തോളം അവയെത്തുന്നു .പൊതുവെ ഏകാധിപത്യ ,സ്വേച്ഛാധിപത്യ രാജ്യങ്ങളാണ് ഇതു പിൻപറ്റുന്നത്. സമൂഹത്തിൽ വ്യാപകമായിട്ടുള്ള കുറ്റകൃത്യങ്ങളെ തടയുന്നതിനേക്കാൾ തങ്ങളുടെ സ്വേച്ഛക്കും, അധികാരത്തിനും ഭംഗം വരുത്തുന്നവരെ വകവരുത്താനാണ് പ്രധാനമായും ഇതു ഉപയോഗിക്കുന്നത്. ജനാധിപത്യ രാജ്യങ്ങൾ പലപ്പോഴും അവ ആഗ്ലോസാക്സൻ വ്യവസ്ഥയുടെ കീഴിലാണെങ്കിലും കോണ്ടിനെന്റൽ വ്യവസ്ഥയുടെ സാധ്യതകളെ പ്രയോജനപ്പെടുത്താറുണ്ട്. കുറ്റകൃത്യത്തോടു വിട്ടുവീഴ്ച ഇല്ലാത്തതാണ് ഇതിന്റെ സമീപനം. പക്ഷെ കുറ്റകൃത്യങ്ങളെ നിർവ്വചിക്കുന്നതിൽ തികച്ചും പക്ഷപാതനിലപാടാണ് ഈ വ്യവസ്ഥ പിന്തുടരുന്നവരും ആഗ്ലോസാക്സൻ വ്യവസ്ഥ പിന്തുടരുന്നവരും ഒരുപോലെ സ്വീകരിക്കാറുള്ളത്. തങ്ങൾക്കെതിരിലുള്ളവരുടെ വായ അടക്കാനും തുറുങ്കിലടക്കാനും ഈ നിയമം വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നു.

ആഗ്ലോസാക്സൻ വ്യവസ്ഥ നിലവിലുള്ള രാജ്യങ്ങളുടെ സാമാന്യ

നീതിപോലും ഇവിടെ ഇല്ലായ്മ ചെയ്യപ്പെടുന്നു .സമൂഹത്തിനു ലഭി ക്കേണ്ട നീതിയാകട്ടെ പലപ്പോഴും നിഷേധിക്കപ്പെടുന്നു.ആംഗ്ലോ സാക്സൻകാരും കോണ്ടിനെന്റൽകാരും തങ്ങൾക്കനുകൂലമാണെന്നു തോന്നുന്ന ഘട്ടങ്ങളിൽ അവയുടെ സാധ്യതകളെ മാറിമാറി പരീ ക്ഷിക്കാൻ മടിയില്ലാത്തവരാണ് .സമ്പൂർണ്ണമായ നീതി നിഷേധം തന്നെയാണ് അതിന്റെ ആത്യന്തിക ഫലം. തങ്ങൾക്കു ആവശ്യമി ല്ലാത്തവരെ ഉന്മൂലനാശം വരുത്താൻ ആദിമസമൂഹങ്ങൾ സ്വീകരിച്ച കാട്ടുനീതിയേക്കാൾ അധികമൊന്നും പുരോഗമനപരമല്ല കോണ്ടി നെന്റൽ രീതിയും.

ഒരു നീതി വ്യവസ്ഥയുടെ ആവശ്യകത അതു സമൂഹത്തിനു നീതി ലഭ്യമാക്കുന്നുണ്ടോ എന്നതിനെ ആശ്രയിച്ചായിരിക്കണം ഏല്ലാ ആപേക്ഷികതകൾക്കുമപ്പുറം നീതി സാർവ്വലൗകികവും സർ വ്വാഗീകൃതവുമായിരിക്കണം .കാലത്തിനും ദേശത്തിനും അനുസരിച്ച് മാറി മറിയുന്ന തരത്തിലുള്ള കേവല നീതിയല്ല വേണ്ടത്. നീതിക്ക് ശത്രുവോ മിത്രമോ ഉണ്ടായിക്കൂടാത്തതാണ് . ഈ ഒരു ആശയമാ ണ് ദൈവം അവന്റെ വചനത്തിലൂടെ വ്യക്തമാക്കുന്നത് :-

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُونُواْ قَوَّٰمِينَ لِلَّهِ شُهَدَآءَ بِٱلْقِسْطِ ۖ وَلَا يَجْرِمَنَّكُمْ شَنَـَٔانُ قَوْمٍ عَلَىٰٓ أَلَّا تَعْدِلُواْ ۚ ٱعْدِلُواْ هُوَ أَقْرَبُ لِلتَّقْوَىٰ ۖ وَٱتَّقُواْ ٱللَّهَ ۚ إِنَّ ٱللَّهَ خَبِيرٌۢ بِمَا تَعْمَلُونَ ﴿٨﴾

"യാഅയ്യുഹല്ലദീന ആമനൂ കൂനൂ ഖവ്വാമീന ലില്ലാഹി ശുഹദാഅ ബിൽഖിസ്തി വലാ യജ് രിമന്നക്കും ശനആനു ഖൗമിൻ അലാ അ ല്ലാ തഅദിലൂ ഇഅദിലൂ ഹുവ അഖ്റബു ലിത്തഖ് വാ വത്തഖുല്ലാഹ ഇന്നല്ലാ ഗബീറുൻ ബിമാ തഅലമൂൻ "

" ഓ വിശ്വസിച്ചുകൊണ്ടിരിക്കുന്നവരെ നിങ്ങൾ നീതിക്ക് സാക്ഷി കളായിക്കൊണ്ട് നിലകൊള്ളുന്നവരാകുവീൻ ഒരു ജനതയുടെ വി ദ്രോഹം നിങ്ങൾ നീതി പുലർത്താതിരിക്കുവാൻ നിങ്ങളെ പ്രേരി

പ്പിക്കരുത്.നിങ്ങൾ നീതി പുലർത്തുവീൻ അതാണ് സൂക്ഷ്മതക്ക് ഏറ്റവും അനുയോജ്യമായത്. നിങ്ങൾ ദൈവത്തെ സൂക്ഷിക്കുകയും ചെയ്യുവീൻ .തീർച്ചയായും ദൈവം നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാകുന്നു (5:8)

ഇതിലും കൂടുതൽ നീതിയെക്കുറിച്ച് എന്താണ് പറയാനുള്ളത്?

പ്രാകൃത കാലത്ത് ഇന്ത്യയെപ്പോലെയുള്ള രാജ്യങ്ങളിൽ ഒരു നിശ്ചിത വിഭാഗത്തിൽ പെട്ടയാൾ ഒരു തെറ്റു ചെയ്താൽ അയാളുടെ തലമുടി രോമം പിഴുതെടുക്കുന്നതായിരുന്നു ശിക്ഷ. അതേസമയം മറ്റൊരു വിഭാഗത്തിലെ ഒരാൾ അതേ തെറ്റ് ചെയ്താൽ അയാളുടെ തല ആനയെക്കൊണ്ട് ചവിട്ടിപൊട്ടിക്കുമായിരുന്നു. അതിന്റെ പേര് "നീതി" നടപ്പാക്കൽ എന്നു തന്നെയായിരുന്നു . ഈ ആധുനിക കാലത്തും കോണ്ടിനെന്റൽ വ്യവസ്ഥ അതീവ കർക്കശമായി നടപ്പാക്കുന്ന രാജഭരണത്തിൽ കീഴിൽ നാലു തരം നിയമങ്ങളാണെന്നു കേൾക്കുന്നു.ഭരണകുടുംബത്തിൽ പെട്ടവർക്കൊരു നീതി. ഭരണീയരായ തദ്ദേശവാസികൾക്കൊരു നീതി. ഉപജീവനാർത്ഥം വന്നു താമസിക്കുന്ന ദരിദ്രരാജ്യങ്ങളിലെ പാവപ്പെട്ടവർക്കൊരു നീതി. സമ്പന്നരാജ്യങ്ങളിലെ പ്രജകൾക്കു നാലാമതൊരു നീതി. ഇതിനു പുറമെയാണ് സ്വന്തം മതക്കാർക്ക് ഒരു നീതി, അന്യ മതക്കാർക്കു മറ്റൊരു നീതി. കറുത്തവനു ഒരു നീതി വെളുത്തവനൊരു നീതി എന്ന ലിഖിതവും അലിഖിതവുമായ നിയമങ്ങൾ വേറെയും. നീതി നിഷേധം അതിനു നേരിട്ടു ഇരയാകുന്നവരുടെ മാത്രം പ്രശ്നമായാണ് പൊതുവെ എല്ലാവരും കണക്കാക്കാറുള്ളത്. എന്നാൽ അതിന്റെ പ്രത്യാഘാതങ്ങൾ അതിന്റെ നേരിട്ടുള്ള ഇരകളിൽ മാത്രം പരിമിതപ്പെടുന്നില്ല ,ദൂരവ്യാപകമാണ് .അതുകൊണ്ടാണ് സ്രഷ്ടാവായ ദൈവം അവന്റെ വേദമായ പരിശുദ്ധ ഖുർആനിൽ ഇങ്ങനെ കൽപിക്കുന്നത് :-

۞ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُونُوا۟ قَوَّٰمِينَ بِٱلْقِسْطِ شُهَدَآءَ لِلَّهِ وَلَوْ عَلَىٰٓ أَنفُسِكُمْ أَوِ ٱلْوَٰلِدَيْنِ وَٱلْأَقْرَبِينَ ۚ إِن يَكُنْ غَنِيًّا أَوْ فَقِيرًا فَٱللَّهُ أَوْلَىٰ بِهِمَا ۖ فَلَا تَتَّبِعُوا۟ ٱلْهَوَىٰٓ أَن تَعْدِلُوا۟ ۚ وَإِن تَلْوُۥٓا۟ أَوْ تُعْرِضُوا۟ فَإِنَّ ٱللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا ﴿١٣٥﴾

“യാ അയ്യുഹല്ലദീന ആമനൂ കൂനൂ ഖവ്വാമീന ബിൽ ഖിസ് തി ശു ഹദാഅ ലില്ലാഹി വലൗ അലാ അൻഫുസികും അവിൽ വാലിദൈനി വൽ അഖ്റബീന ഇൻയകുൻ ഗനിയ്യൻ ഔ ഫഖീറൻ ഫല്ലാഹു ഔലാ ബിഹിമാ ഫലാ തത്തബിഊ അൽഹവാ അൻതഅദിലൂ വഇൻ തൽവൂ ഔ തുഅരിളൂ ഫഇന്നല്ലാഹ കാന ബിമാ തഅമലൂന ഗബീറാ "

“ഓ വിശ്വാസികളെ ,നിങ്ങൾക്കു തന്നെയോ ,അല്ലെങ്കിൽ മാതാ പിതാക്കൾക്കോ ,ഉറ്റ ബന്ധുക്കൾക്കോ എതിരായാൽ പോലും ദൈവത്തിനു സാക്ഷികളായിക്കൊണ്ട് അത്യന്തം നീതിപാലരാകുവിൻ . ധനികനാവട്ടെ അല്ലെങ്കിൽ ദരിദ്രനാവട്ടെ ദൈവം അവർ ഇരുവരുടെയും ഉറ്റവനാണ് .അതിനാൽ നിങ്ങൾ നീതി പാലിക്കുന്നതിനു സ്വന്തം ഇച്ഛയെ പിൻപറ്റരുത്. എനി നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞു മാറുകയോ ചെയ്യുകയാണെങ്കിലോ തീർച്ചയായും ദൈവം നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞനാകുന്നു "(4:135)

ഓരോ വ്യക്തിയും തന്റെ ജീവിതത്തിൽ ചെയ്യുന്ന കാര്യങ്ങളിലെല്ലാം നീതിയിൽ ഉറച്ചുനിൽക്കുകയും അതു പാലിക്കുന്നവരാകുകയും ചെയ്യേണ്ട അനിവാര്യതയാണ് ഈ വചനങ്ങളിലൂടെ ദൈവം വ്യക്തമാക്കുന്നത് .അത് തങ്ങൾക്കു തന്നെയോ,തങ്ങളുടെ ഉറ്റവർക്കോ എതിരായാൽ പോലും എന്നാണ് ഈ വചനത്തിലൂടെ ദൈവം വ്യക്തമാക്കുന്നത്. ഇതാണ് നീതിയെക്കുറിച്ച് ദൈവത്തിനു പറയാനുള്ളത് .

ആംഗ്ലോസാക്സൻ ,കോണ്ടിനെന്റൽ ,ഇവ രണ്ടും യഥർത്ഥ ത്തിൽ രണ്ടു തരത്തിലുള്ള ആത്യന്തികതകളാണ് .ഖുർആനാകട്ടെ അതീവ സന്തുലിതത്തിലൂന്നിയ ഒരു മധ്യമനിലപാടാണ് ജീവിത ത്തിലെ എല്ലാ കാര്യത്തിലുമെന്നപോലെ നീതിയുടെ കാര്യത്തിലും സ്വീകരിച്ചു പോരുന്നത് . എന്നാൽ നീതിനിർവ്വഹണത്തിനാവശ്യ മായ കാർക്കശ്യത്തിൽ ഒരു കുറവും വരുത്തുന്നുമില്ല . ഖുർആൻ എന്ന വേദം തന്നെ അതീവ സന്തുലിതത്ത്വത്തോടെയാണ് അവത രിപ്പിക്കപ്പെട്ടിട്ടുള്ളത്. പരമകാരുണികനായ ദൈവം പറയുന്നത് കാണുക :-

ٱللَّهُ ٱلَّذِىٓ أَنزَلَ ٱلْكِتَٰبَ بِٱلْحَقِّ وَٱلْمِيزَانَ ۗ وَمَا يُدْرِيكَ لَعَلَّ ٱلسَّاعَةَ قَرِيبٌ ﴿١٧﴾

“അല്ലാഹുല്ലദീ അൻസലൽകിതാബ ബിൽഹഖ്ഖി വൽമീസാന വമാ യുദരീക്ക ലഅല്ലല്ലാത്ത ഖരീബുൻ "

“ദൈവം ഈ വേദ ഗ്രന്ഥത്തെ പരമസത്യത്തോടും അതീവ സന്തുലി തത്ത്വത്തോടും കൂടി അവതരിപ്പിച്ചവനാകുന്നു. ആ നിമിഷം അടുത്തായേക്കുമെന്നു അവൻ നിന്നെ അറിയിക്കുമാറുമില്ല "(42:17)

ഈ ആശയം ഒന്നുകൂടി വ്യക്തമാക്കുന്ന മറ്റൊരു വചനം കാണുക :-

لَقَدْ أَرْسَلْنَا رُسُلَنَا بِٱلْبَيِّنَٰتِ وَأَنزَلْنَا مَعَهُمُ ٱلْكِتَٰبَ وَٱلْمِيزَانَ لِيَقُومَ ٱلنَّاسُ بِٱلْقِسْطِ ۖ وَأَنزَلْنَا ٱلْحَدِيدَ فِيهِ بَأْسٌ شَدِيدٌ وَمَنَٰفِعُ لِلنَّاسِ وَلِيَعْلَمَ ٱللَّهُ مَن يَنصُرُهُۥ وَرُسُلَهُۥ بِٱلْغَيْبِ ۚ إِنَّ ٱللَّهَ قَوِىٌّ عَزِيزٌ ﴿٢٥﴾

“ലഖദ് അർസൽനാ റുസുലനാ ബിൽബയ്യിനാത്തി വ അൻസൽനാ മഅഹുമുൽകിതാബ വൽമീസാന ലിയഖൂമന്നാസു ബിൽഖിസ്തി.....”

“വ്യക്തമായ തെളിവുകളെയും കൊണ്ട് തീർച്ചയായും നാം നമ്മുടെ ദൂതന്മാരെ അയക്കുകയും അവരോടൊപ്പം ,ജനങ്ങൾ നീതിയിൽ നി

ലകൊള്ളുന്നതിനുവേണ്ടി വേദഗ്രന്ഥവും സന്തുലിതത്ത്വവും അവത രിപ്പിക്കുകയും ചെയ്തു.....”(57:25)

നീതിത്തുലാസ് എന്നാണല്ലോ പ്രയോഗം തന്നെ . അളന്നുതൂക്കി നിക്ഷയിക്കപ്പെടേണ്ടതാണ് നീതി എന്നാണല്ലോ അതുകൊണ്ട് വി വക്ഷിക്കുന്നത്. നമ്മുടെ താല്പര്യങ്ങളോ, ചായ് വുകളോ അതിന്റെ സന്തുലിതത്ത്വം തെറ്റിക്കാൻ പാടില്ല . ഇവിടെ ദൈവദൂതന്മാർ ഗ്രന്ഥവും സന്തുലിതത്ത്വവും( തുലാസ്) കൊണ്ടാണ് അയക്കപ്പെട്ടിരു ന്നത് .കേവലം അനുഷ്ഠാനങ്ങളും പ്രാർത്ഥനകളും പഠിപ്പിക്കാനാണ് ഇവർ വന്നതെങ്കിൽ ഫിർഔനിനെപ്പോലെയുള്ളവർ ആശങ്കപ്പെടേ ണ്ട കാര്യമെന്താണ് ?

ഇന്നത്തെ സമൂഹത്തിലേക്കു നോക്കിയാൽ തന്നെ നമുക്കു ഇ ത് മനസ്സിലാക്കാവുന്നതാണ് .ജനങ്ങളുടെ പ്രാർത്ഥനാ രൂപമോ പ്രാ ർത്ഥനകളുടെ ഭാഷയോ ഒന്നും തന്നെ നമ്മെ ബാധിക്കുന്ന പ്രശ്ന ങ്ങളല്ലല്ലോ? എന്നാൽ അതേ ജനങ്ങൾ നീതി നിർവ്വഹണത്തിന്റെ കാര്യത്തിൽ എന്തുനിലപാട് എടുക്കുന്നു എന്നത് സമൂഹത്തിന്റെ പ്ര ശ്നമാണ് . പ്രവാചകന്മാരുടെ ആഗമനോദ്ദേശ്യങ്ങളെ വിലയിരുത്തേ ണ്ടത് ഈ പശ്ചാതലത്തിൽ നിന്നുകൊണ്ടായിരിക്കണം. എല്ലാ കാലത്തേയും ജനങ്ങളെപ്പോലെ തന്നെ നമുക്കും പുതിയ പുതിയ പ്രാർത്ഥനാ മുറകളല്ല ആവശ്യം. നീതിയെക്കുറിച്ചും ,ധാർമ്മിക മൂല്ല്യങ്ങളെക്കുറിച്ചുമുള്ള അവബോധമാണ് വേണ്ടത് .

നീതിനിർവ്വഹണത്തിൽ ഭരണകൂടങ്ങളുടെയും നീതിപീഠ ങ്ങളുടെയും പങ്കിനെക്കുറിച്ചാണ് ഇതുവരെ നാം പറഞ്ഞത്. ഇവ രണ്ടിന്റേയും പങ്ക് അവ എത്രതന്നെ ശക്തമാണെങ്കിലും ശരി സാമൂഹ്യ നീതിയുടെ കാര്യത്തിൽ പരിമിതമാണെന്നു പറയേണ്ടി വരും. ഓരോ ശരാശരി വ്യക്തിയും നീതി നിർവ്വണ പ്രക്രിയയിൽ ഭാഗബാക്കാകാത്തിടത്തോളം കാലം സമഗ്രമായ ഒരു സാമൂഹ്യ നീതി അപ്രാപ്യമാണ്. വ്യക്തികൾക്കെങ്ങനെ നീതി നിർവ്വഹി

ക്കാനാകും എന്നായിരിക്കും സംശയം. എന്നാൽ വ്യക്തികൾക്കേ അത് നിർവ്വഹിക്കാനാവുകയുള്ളൂ.

ജീവിതത്തിന്റെ ഓരോ മേഖലയിലും നീതി നിർവ്വഹണത്തിന്റെ ആവശ്യകതയുണ്ട്.ഭാര്യഭർത്താവിനോടും ഭർത്താവ് തിരിച്ചും , മാതാപിതാക്കൾ മക്കളോടും മക്കൾ മാതാപിതാക്കളോടും ഗുരു ശിഷ്യന്മാരോടും ശിഷ്യന്മാർ തിരിച്ചും,കച്ചവടക്കാർ ഉപഭോക്താവിനോട് .ഉപഭോക്താക്കൾ കച്ചവടക്കാരോടും, ഭരണാധികാരി ഭരണീയരോടും ഭരണീയർ തിരിച്ചും, തൊഴിലുടമ തെഴിലാളിയോടും തിരിച്ചും, ഈ രീതിയിൽ ജീവിതത്തിന്റെ നാനാതുറകളിലുള്ളവർക്കും നീതി നിർവ്വഹണത്തിൽ അവരവരുടേതായ പങ്കു നിർവ്വഹിക്കാനാകും. ഇതിന്റെ അഭാവത്തിലാണ് കുറ്റകൃത്യങ്ങൾ സാംക്രമികരോഗങ്ങൾപോലെ പെരുകുന്നത്. സാമൂഹിക തിന്മകളിൽ മിക്കതിന്റെയും കാരണം നീതി നിഷേധമാണെന്നു കാണാം. ഒരു കുറ്റകൃത്യം കാണുമ്പോൾ സമൂഹത്തിന്റെ പോക്കിനെക്കുറിച്ച് വേവലാതിപ്പെട്ടുകൊണ്ടോ കുറ്റവാളിയെ ശപിച്ചുകൊണ്ടോ നീതിന്യായ നിർവ്വഹണ കേന്ദ്രങ്ങളെയും ഭരണകൂടങ്ങളെയും വിമർശിച്ചുകൊണ്ടോ പരിഹാരമാവില്ല .സ്രഷ്ടാവിനെ യുക്തിഭദ്രമായ മാർഗ്ഗങ്ങളിലൂടെ തിരിച്ചറിയുകയും അവന്റെ വിധിവിലക്കുകൾക്കനുസൃതമായി ജീവിതം ചിട്ടപ്പെടുത്തുകയും ചെയ്യുന്നതിലൂടെ മാത്രമെ നീതി നിർവ്വഹണം പൂർത്തിയാവുകയുള്ളൂ. നീതിരഹിതമായ സമൂഹത്തിൽ നിന്ന് സമാധാനം കാംക്ഷിക്കുന്നത് മൗഢ്യമാണ് .

ഭരണകൂടങ്ങൾ, ഇസ്ലാമികമോ, അനിസ്ലാമികമോ എന്ന ചർച്ച ഇവിടെ പ്രസക്തമല്ല . പക്ഷെ നീതിനിഷ്ഠമയിരിക്കണം .കാരണം നീതി നിർവ്വഹണം ഏതെങ്കിലും ഒരു പ്രത്യേക മതവിഭാഗത്തിനു മാത്രം ലഭിക്കേണ്ടതോ ,ഏതെങ്കിലും ഒരു പ്രത്യേക മതവിഭാഗത്താൽ മാത്രം നിർവ്വഹിക്കപ്പെടേണ്ടതോ അല്ല. മതാടിസ്ഥാനത്തിലുള്ള പല രാജ്യങ്ങളിലും സാമാന്യനീതിപോലും ലഭിക്കാതിരിക്കുന്നത്

കാണാം. എന്നാൽ മതേതര രാജ്യങ്ങളിൽ പലതും മതാധിഷ്ടിത രാജ്യങ്ങളേക്കാൾ നീതിയോട് പ്രതിബദ്ധത പുലർത്തുന്നതും കാണാം.അതാണ് ദൈവീക നീതി.

ദൈവീക നീതിയെ നിഷേധിച്ച് ,മനുഷ്യൻ തന്റെ നിക്ഷിപ്ത താല്പര്യങ്ങൾക്കുവേണ്ടി നീതിയെ നിർവ്വചിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുമ്പോഴാണ് സംഘർഷങ്ങൾക്കു വഴിവെക്കുന്നത്. ദൈവ പ്രോക്തമായ നീതിയുടെ മൗലിക ഭാവത്തെ നിലനിർത്തികൊണ്ടു തന്നെ കാലദേശാനുസൃതമായി പരിഷ്കരണ പ്രകിയക്ക് നീതിശാസ്ത്രങ്ങൾ  വിധേയപ്പെടുത്തിക്കൂടാ എന്നല്ല അർത്ഥം. മൗലിക നീതിയോടൊപ്പം മറ്റൊന്നിനെ പങ്കു ചേർക്കുന്നത് ഖുർആനിന്റെ വിക്ഷണത്തിൽ ശിർക്കും, ആ ശിർക്ക് അക്രമവുമാണ്.

തന്നോടു നീതി കാണിച്ചില്ല എന്നു തോന്നുമ്പോൾ വ്യക്തിയും ,തങ്ങളോടു നീതി കാണിച്ചില്ല എന്ന് ഒരു വിഭാഗം ജനങ്ങളും നിരന്തരം പരാതിപ്പെടുന്നുണ്ടെങ്കിൽ അവരെ അവരർഹിക്കുന്ന നീതി നൽകുന്നുണ്ടെന്ന കാര്യം ബോധ്യപ്പെടുത്തുക തന്നെ വേണം. അഥവാ അവർ ആരോപിക്കുന്നതുപോലെ തന്നെ അവർക്കു നീതി ലഭിക്കുന്നില്ലെങ്കിൽ അവർ അക്രമാസക്തരാകുന്നതിനെക്കുറിച്ച് കരുതിയിരിക്കുകയും വേണം.അധികാരശക്തിയോ ആയുധശക്തിയോ കൊണ്ട് അമർച്ച ചെയ്യാൻ കഴിഞ്ഞെന്നു വരില്ല നീതികൊണ്ടല്ലാതെ.

ഭീകരവേട്ടയുടെ പേരിൽ ഊർജ്ജവും സമ്പത്തും പാഴാക്കിക്കൊണ്ടിരിക്കുന്നവർ ഈ വഴിക്കൊന്നു ചിന്തിച്ചാൽ ഉപകാരപ്രദമായിരിക്കും .

വികലവും,ഭീകരവുമായ ഒരാത്മീയതയിൽ നിന്ന് പക്ഷപാതരഹിതവും, സുതാര്യവുമായ നീതി പ്രതീക്ഷിക്കുക വയ്യ .അതുകൊണ്ടു കൂടിയാണ് ആത്മീയതയുടെ കാര്യത്തിൽ നാം കുറെക്കൂടി സാക്ഷരരാകണമെന്നു പറയേണ്ടി വരുന്നത്. ഗതകാലവിജ്ഞാനീയങ്ങളി

ൽ മാത്രം വിശ്വാസങ്ങളെ കുരുക്കിയിട്ടുതുകൊണ്ട് ചില അനുഷ്ഠാനങ്ങളെ നിലനിർത്താനായേക്കാം. വൈജ്ഞാനിക രംഗത്തെ ഓരോ സ്പന്ദനങ്ങളേയും അനുനിമിഷം ഉൾക്കൊണ്ടുകൊണ്ടേയിരിക്കുന്നതിലൂടെ മാത്രമെ ആത്മീയത ജീവസ്സുറ്റതായിത്തീരുകയുള്ളൂ

പഴഞ്ചൻ ജീർണ്ണതകളുടെ ഉപയോഗശൂന്യമായ ഒരു ഭാണ്ഡകെട്ടായിത്തീരരുത് ആത്മീയത. മനുഷ്യജീവിതത്തിനു ആവശ്യമായ ആത്മീയ ഊർജ്ജം പ്രസരിപ്പിക്കുന്ന നിത്യനൂതനമായ ഒരു ആവിഷ്കാരമായിരിക്കണം അത്.

# *മാനവിക ഐക്യം*

# كَانَ النَّاسُ أُمَّةً وَاحِدَةً

(മനുഷ്യർ ഒരൊറ്റ സമൂഹമായിത്തീർന്നു)

**മാ**നവിക സമൂഹം അതിന്റെ ആവിർഭാവം മുതൽക്കു തന്നെ നിരവധി വൈവിദ്ധ്യങ്ങളും അതിലധികം സമാനതകളും നിറഞ്ഞതാണ് . വൈവിധ്യങ്ങളേക്കാൾ സമാനതകൾക്കാണ് മുൻതൂക്കമെന്ന് സൂക്ഷ്മനിരീക്ഷണത്തിൽ കാണാവുന്നതാണ്. എന്നാൽ എത്രകോടി മനുഷ്യരുണ്ടെങ്കിലും അവരെല്ലാവരും അവരുടെ മുഖച്ഛായകൾ പോലെതന്നെ ഓരോ സൂക്ഷ്മാണുവിലും ഒരാൾ മറ്റൊരാളിൽ നിന്നും വ്യത്യസ്തനാണല്ലോ? ഇത് അടിസ്ഥാന വ്യത്യാസങ്ങളിൽ ഒന്നാണ്. ബുദ്ധിനിലവാരം ,കായികശേഷി, വർണ്ണം, ഭാഷാദേശഭേദങ്ങൾ, ബലഹീനത,ശക്തി,സംസ്കാരം ,ഗോത്രം ,

ജാതി ,മതം ,രാഷ്ട്രീയം,സൈദ്ധാന്തിക കാഴ്ചപ്പാടുകൾ അങ്ങനെ തുടങ്ങി ആചാരം, വിശ്വാസം വസ്ത്രധാരണത്തിൽവരെ എത്തി നിൽക്കുന്ന വൈവിധ്യങ്ങളുണ്ട്. ഇവയുടെയെല്ലാം പിറകിൽ ചരിത്രം കാലാവസ്ഥ,ഭക്ഷ്യസാധനങ്ങളുടെ ലഭ്യത, വിനിയോഗം , തുടങ്ങിയ എണ്ണമറ്റ കാരണങ്ങളാണ് രണ്ടാമതു പറഞ്ഞ ഭിന്നതകളുടെ മൂല സ്രോതസ്സ് എന്നു കാണാം.

ഇതിനു പുറമെ തികച്ചും ഉപരിപ്ലവമായ നിരവധി വൈവിദ്ധ്യങ്ങളും നിലനിൽക്കുന്നു എന്നതും അനിഷേധ്യമാണ് . ഇത്തരം വൈരുദ്ധ്യങ്ങളാണ് ഒരർത്ഥത്തിൽ ചരിത്രങ്ങളുടെയും, നാഗരികതകളുടെയും നിർമ്മിതിയിൽ പങ്കു വഹിച്ചത്.

സമാനതകളെക്കുറിച്ച് ചിന്തിക്കുമ്പോൾ വൈവിദ്ധ്യങ്ങളേക്കാൾ എത്രയോ മടങ്ങ് അധികമാണെന്നു കാണാം. ഭൂമുഖത്തെ അനേക കോടി ജീവജാലങ്ങളിൽ ഒന്ന് എന്ന നിലയ്ക്കുള്ള നിസ്സാരത, നിസ്സഹായത ,ഭയം ,തൃഷ്ണ ,അനിശ്ചിതത്ത്വം ,രോഗം , എന്നു തുടങ്ങി അനേകായിരം കാര്യങ്ങൾ ആദിമമനുഷ്യൻ തൊട്ടിങ്ങോട്ട് മനുഷ്യകുലത്തെ നിരന്തരം വേട്ടയാടുന്ന പ്രശ്നങ്ങളാണ് .അതിനു കാലദേശ വ്യത്യാസങ്ങളോ മുകളിൽ പറഞ്ഞ മറ്റനേകം വൈവിദ്ധ്യങ്ങളോ ബാധകമല്ല . പിന്നീട് നാഗകരികതകളുടെ വികാസ പരിണാമത്തോട്ടുകൂടി മനുഷ്യരിൽ ഉടലെടുത്ത സമാന സ്വഭാവമുള്ള കാര്യങ്ങളാണ് അധികാര പ്രമത്തത , നാനാതരത്തിലുള്ള അഭിലാഷങ്ങൾ ,അതിജീവനത്വര ,ഉൽക്കണ്ഠ , തുടങ്ങിയ ഒട്ടനവധി കാര്യങ്ങളും അവരിലേക്കു കടന്നു വന്നു. ഈ പറഞ്ഞ കാര്യങ്ങളിൽ ഏതെങ്കിലും ഒന്നോ എല്ലാംകൂടിയോ ഇല്ലാത്ത ഒരു മനുഷ്യനേയും കാണാൻ കഴിയില്ല .ഇതിന്റെ ഫലമായി അവൻ മതങ്ങൾ, കല, സാഹിത്യം, സംഗീതം ,സൈദ്ധാന്തിക വിഷയങ്ങൾ, രാഷ്ട്രീയം എന്നിവക്കും രൂപം കൊടുത്തു.

മാനവിക സമൂഹം പെരുകുന്നതിനനുസരിച്ച് സംഘർഷ ങ്ങളും ഉടലെടുത്തു തുടങ്ങി .യഥാർത്ഥത്തിൽ ആദിമ മനുഷ്യൻ മുതൽ വ്യാപ്തിയിലും കാരണങ്ങളിലും വ്യത്യസ്ഥമായിരിക്കാമെങ്കി ലും സംഘർഷങ്ങളും ആരംഭിച്ചുകഴിഞ്ഞിരുന്നു . വൈജ്ഞാനിക രംഗത്ത് മനുഷ്യൻ ആർജ്ജിച്ച പുരോഗതി അതിനെ ഒരു പരിധി വരെ ലഘൂകരിച്ചെങ്കിലും പൂർണ്ണമായി ഇല്ലാതാക്കാനായില്ല .വൈ ജ്ഞാനിക പുരോഗതിക്ക് നിദാനമായതാവട്ടെ കാലാകാലങ്ങളിലാ യി അവനുണ്ടായ ആവശ്യങ്ങളും സംശയങ്ങളും അന്വേഷണങ്ങളും, കണ്ടെത്തലുകളും, ഓരോ കാലത്തും അവയുടെ പരിസമാപ്തി എന്ന നിലയിൽ പ്രവാചകന്മാരുടെ ആഗമനവും അവർ കൊണ്ടു വന്ന സന്ദേശങ്ങളുമാണെന്നു കാണാം. ഖുർആൻ പറയുന്നതു കാണുക :-

كَانَ ٱلنَّاسُ أُمَّةً وَٰحِدَةً فَبَعَثَ ٱللَّهُ ٱلنَّبِيِّـۧنَ مُبَشِّرِينَ وَمُنذِرِينَ
وَأَنزَلَ مَعَهُمُ ٱلْكِتَـٰبَ بِٱلْحَقِّ لِيَحْكُمَ بَيْنَ ٱلنَّاسِ فِيمَا ٱخْتَلَفُوا۟ فِيهِ ۚ
وَمَا ٱخْتَلَفَ فِيهِ إِلَّا ٱلَّذِينَ أُوتُوهُ مِنۢ بَعْدِ مَا جَآءَتْهُمُ ٱلْبَيِّنَـٰتُ بَغْيًۢا
بَيْنَهُمْ ۖ فَهَدَى ٱللَّهُ ٱلَّذِينَ ءَامَنُوا۟ لِمَا ٱخْتَلَفُوا۟ فِيهِ مِنَ ٱلْحَقِّ بِإِذْنِهِۦ ۗ
وَٱللَّهُ يَهْدِى مَن يَشَآءُ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٢١٣﴾

“കാനന്നാസു ഉമ്മത്തൻ വാഹിദത്തൻ ഫബഅസല്ലാഹു അന്നബിയ്യീന മുബശ്ശിരീന വമുൻദിരീന വഅൻസലമഅഹുമുൽകിതാബ ബിൽഹഖി ലിയഹ്കുമ ബയ്നന്നാസി ഫീമഗ്തലഫൂ ഫീഹി വമഗ്തല ഫീഹി ഇല്ലദീന ഊതൂഹു മിൻബ്ദിമാജാഅത്ഹുമുൽ ബയ്യിനാത്തു ബഗ് യൻ ബയ്നഹും ഫഹദല്ലാഹുല്ലദീന ആമന്തു ലിമഗ്തലഫൂ ഫീഹി മിനൽ ഹഖി ബിഇദ്നിഹീ വല്ലാഹു യഹ്ദീ മൻയശാഉ ഇലാ സ്വി റാത്തിൻ മുസ്തഖീം "

“മനുഷ്യർ ഒരു ഏക സമൂഹമായിത്തീർന്നു. അപ്പോൾ സ ന്തോഷവും താക്കീതും അറിയിക്കുന്നവരായി പ്രവാചകന്മാരെ ദൈ വം ഉയർത്തെഴുന്നേൽപിക്കുകയും അവരോടൊപ്പം ജനങ്ങൾ തമ്മിൽ ഭിന്നിച്ച പ്രശ്നങ്ങളിൽ അവർക്കു മദ്ധ്യേ വിധികൽപി

ക്കാനുള്ള സത്യാത്മക വേദഗ്രന്ഥം അവതരിപ്പിക്കുകയും ചെയ്തു. അതു നൽകപ്പെട്ടവരാകട്ടെ; തങ്ങൾക്കു തെളിവുകൾ വന്നതിനു ശേഷം അവർ തമ്മിലുള്ള അക്രമമായിട്ടല്ലാതെ അതിൽ ഭിന്നിച്ചതുമില്ല .അപ്പോൾ അവർ ഭിന്നിച്ചതിലെ സത്യത്തിലേക്ക് വിശ്വസിച്ചവരെ ദൈവം തന്റെ അനുമതിയോടുകൂടി മാർഗ്ഗദർശനം നൽകുകയും ചെയ്തു.ഉദ്ദേശിക്കുന്നവരെ ദൈവം നേർവഴിയിലേക്കു മാർഗ്ഗനിർദ്ദേശം നൽകുന്നു "(2:213)

എന്നാൽ പ്രവാചകന്മാർ അവരുടെ ദൗത്യനിർവ്വഹണത്തിനു ശേഷം നിഷ്ക്രമിക്കുമ്പോൾ അവർ കൊണ്ടുവന്നതിൽ തങ്ങൾക്കു ഹിതകരമായതു മാത്രം എടുക്കുകയും അവയിൽ തങ്ങളുടെ നിക്ഷിപ്ത താല്പര്യങ്ങൾക്കനുസൃതമായി കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റേയും ഫലമായി സംഘർഷങ്ങൾ ഇല്ലാതാകുന്നതിനു പകരം പുതിയ രൂപത്തിലും ഭാവത്തിലും തുടർക്കഥപോലെ അവ ഇന്നും നിലനിൽക്കുകയാണ്. പരസ്പരം ഭിന്നിച്ചു കലഹിച്ചിരുന്ന വ്യക്തികളെയും സമൂഹങ്ങളെയും  ഏകോതര സഹോദരങ്ങളെപ്പോലെ ഒന്നിപ്പിക്കാൻ പ്രേരകമായ പ്രവാചക ദൗത്യത്തെക്കുറിച്ചു വിശുദ്ധഖുർആൻ പറയുന്നതു കാണുക :-

وَٱعْتَصِمُوا۟ بِحَبْلِ ٱللَّهِ جَمِيعًا وَلَا تَفَرَّقُوا۟ ۚ وَٱذْكُرُوا۟ نِعْمَتَ ٱللَّهِ عَلَيْكُمْ إِذْ كُنتُمْ أَعْدَآءً فَأَلَّفَ بَيْنَ قُلُوبِكُمْ فَأَصْبَحْتُم بِنِعْمَتِهِۦٓ إِخْوَٰنًا وَكُنتُمْ عَلَىٰ شَفَا حُفْرَةٍ مِّنَ ٱلنَّارِ فَأَنقَذَكُم مِّنْهَا ۗ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمْ ءَايَٰتِهِۦ لَعَلَّكُمْ تَهْتَدُونَ ﴿١٠٣﴾

“വഅതസിമൂ ബിഹബ്ലില്ലാഹി ജമീഅൻ വലാ തഫർറഖൂ വദ്കുറൂ നിഅമതല്ലാഹി അലൈക്കും ഇദ് കുൻതും അഅദാഅൻ ഫഅല്ലഫ ബയ്ന ഖുലൂബിക്കും ഫഅസ്ബഹ്ത്തും ബിനിഅമതിഹീ ഇഗ് വാനൻ വകുൻതും അലാ ശഫാ ഹുഫ്റത്തിൻ മ്മിനന്നാരി ഫഅൻഖദക്കും മ്മിൻഹാ കദാലിക്ക യുബയ്യിനുല്ലാഹു ലക്കും ആയാതിഹീ ലഅവ്വക്കും തഹ്തദൂൻ "

“നിങ്ങളെല്ലാവരും ഒന്നിച്ച് ദൈവത്തിന്റെ കയറിൽ അവലം ബിക്കുകയും ഭിന്നിക്കാതിരിക്കുകയും ചെയ്യുവീൻ . നിങ്ങൾ ശത്രുക്ക ളായിരുന്നപ്പോൾ നിങ്ങളുടെ ഹൃദയങ്ങൾ തമ്മിൽ അവൻ ഇണക്കി അപ്പോൾ അവന്റെ കാരുണ്യംകൊണ്ട് നിങ്ങൾ ഒരു പ്രഭാതത്തിൽ സഹോദരന്മാരായിത്തീരുകയും നിങ്ങൾ ഒരു അഗ്നികുണ്ടത്തിന്റെ വക്കിലായിരുന്നിട്ട അതിൽ നിന്നും നിങ്ങളെ അവൻ രക്ഷപ്പെടുത്തു കയും ചെയ്ത സന്ദർഭത്തിൽ ദൈവം നിങ്ങൾക്കു ചെയ്ത അനുഗ്രഹ ത്തെ നിങ്ങൾ ഓർക്കുകയും ചെയ്യുവീൻ. അപ്രകാരമാണ് നിങ്ങൾ സന്മാർഗ്ഗികളാകുവാനായി ദൈവം അവന്റെ വചനങ്ങൾ നിങ്ങൾക്ക് വിശദീകരിച്ചു തരുന്നത് "(3:103)

പ്രവാചക പരമ്പരയിലെ അവസാനത്തെ കണ്ണിയെന്ന് വിശേ ഷിപ്പിക്കപ്പെടുന്ന മുഹമ്മദ് നബിയുടെ അന്ത്യത്തോടുകൂടി അദ്ദേഹ ത്തിൽ വിശ്വസിച്ചു എന്ന് അവകാശപ്പെടുന്നവരുടെ ഇടയിൽ ത ന്നെ ഉടലെടുത്ത ചിദ്രതയും സംഘർഷവും അദ്ദേഹം കൊണ്ടുവന്ന ദൈവീക സന്ദേശത്തെ വ്യാജവും വികലവുമാക്കാനുള്ള ശ്രമങ്ങൾ ക്ക് ആക്കം കൂട്ടി . അതിൽ വിശ്വസിക്കുന്നു എന്നു അവകാശപ്പെടുന്ന വർ മറ്റുള്ളവർക്കു അതിനെ അപ്രാപ്യമാക്കിയും ,വളച്ചൊടിച്ചും ആ സന്ദേശത്തോടു അനീതി കാട്ടിയപ്പോൾ നിഷേധികൾ അത് പ്രയോഗവൽക്കരിക്കപ്പെടുന്നതിനെതിരിൽ സർവ്വ ശക്തിയും സംഭ രിച്ചു നിലകൊള്ളുകയും ചെയ്യുന്നു .ഈ പ്രതിസന്ധിഘട്ടത്തെ മുതലെ ടുത്തുകൊണ്ട് അനേകം വ്യാജ സൈദ്ധാന്തികരും കപടപരിഷ്കരണ വാദികളും രംഗപ്രവേശം ചെയ്തെങ്കിലും മനുഷ്യസമൂഹം ആഗോള തലത്തിൽ ഐക്യപ്പെടുന്നതിന് അവയൊന്നും തന്നെ പര്യാപ്ത മായില്ല . ഈ പശ്ചാത്തലത്തിൽ വേണം ഖുർആനിന്റെ പുനർ വായന പര്യാലോചിക്കേണ്ടത്.

മാനവിക ഐക്യം എന്നത് രാത്ക്കുരാമാനം ഉണ്ടാക്കിയെടു ക്കാം എന്ന വ്യാമോഹം ഇവിടെ ആർക്കുമില്ല .എന്നാൽ മാനവ

ഐക്യത്തിലൂന്നിയ പ്രവർത്തനങ്ങൾക്ക് പ്രചോദനമായി മഹത്താ യ ഒരു വിജ്ഞാനീയം നമ്മുടെ കൈവശമുള്ളപ്പോൾ മറ്റുപോംവഴിക ൾ അന്വേഷിക്കുന്നതിനു മുമ്പ് അതൊന്നു പുനഃപരിശോധനക്കു വിധേയമാക്കുന്നതല്ലേ സൗകര്യപ്രദം. ? എല്ലാ അസത്യങ്ങളും കാല പുരി പ്രാപിക്കുകതന്നെ ചെയ്യും സത്യം മാത്രമെ നിലനിൽക്കുക യുള്ളൂ .പരമകാരുണികൻ പറയുന്നതു കാണുക:-

وَقُلْ جَآءَ ٱلْحَقُّ وَزَهَقَ ٱلْبَٰطِلُ ۚ إِنَّ ٱلْبَٰطِلَ كَانَ زَهُوقًا ﴿٨١﴾

“വഖുൽ ജാഅൽഹഖു വസഹഖൽ ബാത്വിലു ഇന്നൽ ബാത്വില കാന സഹൂഖാ "
“നീ പറയുകയും ചെയ്യുക :-പരമസത്യം വരുകയും മിഥ്യ മായുകയും ചെയ്തു . തീർച്ചയായും മിഥ്യ മായുന്നതു തന്നെയായിരിക്കുന്നു " (17:81)

മാനവിക ഐക്യത്തിനു പരിശുദ്ധഖുർആനിനെ പ്രമാണമക്കണ മെന്നു പറയുമ്പോൾ അത് നിശ്ചിത സമൂഹത്തിന്റെ വിശ്വാസസങ്ക ൽപങ്ങളെ മറ്റുള്ളവരുടെ മേൽ അടിച്ചേൽപിക്കാനുള്ള ഗൂഢശ്രമമാ ണെന്നു തെറ്റിദ്ധരിച്ചിരിക്കാൻ ഇടയുണ്ട്. അതുകൊണ്ട് സത്യസന്ധ മായിക്കൊണ്ടു തന്നെ പറയട്ടെ മറ്റേതെങ്കിലും തരത്തിലുള്ള വി ജ്ഞാനീയങ്ങളിൽ മാനവിക സമൂഹം ഐക്യപ്പെടേണ്ടതിനു ആവ ശ്യമായ കർമ്മപരിപാടികൾ വിശദീകരിക്കുന്നുണ്ടെങ്കിൽ അവകൂടി ഇതിനോട് ചേർത്ത് മാനവിക ഐക്യമെന്ന പ്രക്രിയയെ ത്വരിത പ്പെടുത്തുവാൻ താല്പര്യപ്പെടുന്നു .ആരും ആരുടെയും വിജ്ഞാന സ്രോ തസ്സുകളെ അവഗണിക്കുകയോ അവമതിക്കുകയോ ചെയ്യാൻ പാടി ല്ല .എല്ലാം തന്നെ മാനവവളർച്ചയിലെ ഓരോ കൽപടവുകളാണ് നാഴികകല്ലുകളാണ്. നന്മ നിറഞ്ഞ ഒന്നിനേയും ആർക്കും തള്ളിക്ക ളയാനാവില്ലല്ലോ?

എന്നാൽ നമ്മുടെ നാട്ടിൽ പല മുദ്രാവാക്യങ്ങളും പ്രമേയങ്ങ ളും നാം കേട്ടിട്ടുണ്ട് ."ഏകമാനവികതക്ക് ഏകദൈവ വിശ്വാസം "

"ഒരേ ഒരു ദൈവം ഒരൊറ്റ ജനത " എന്നിവ അവയിൽ ചിലതാണ് ഇത്തരം പ്രമേയങ്ങളും മുദ്രാവാക്യങ്ങളും അവതരിപ്പിച്ചവർ തന്നെ അവർ പറയുന്ന പ്രവാചകനിൽ വിശ്വസിക്കുകയും അവരുടെ അനു ഷ്ഠാനാചാരങ്ങൾ മുറപ്രകാരം നിർവ്വഹിക്കുകയും അവർ പറയുന്ന രൂപത്തിലും ദിവസങ്ങളിലും പട്ടിണികിടക്കുകയും ,അവർ പുണ്യമെന്നു കരുതുന്ന പ്രദേശത്തു തന്നെ തീർത്ഥാടനം നടത്തുക യും ചെയ്താലേ മനുഷ്യനു മോക്ഷമുണ്ടാവുകയുള്ളൂ എന്നു വാദി ക്കുകയും വാശിപിടിക്കുകയും ചെയ്യുന്നു .ഈ വൈരുദ്ധ്യാത്മകത ഒരിക്കലും മാനവിക ഐക്യത്തിനു സഹായമാകില്ല എന്നുറപ്പാണ് .

ആഗോളമാനവിക ഐക്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ആഗോള തലത്തിൽ മനുഷ്യൻ ഭിന്നിച്ചു നിൽക്കുന്ന കാരണങ്ങളിലേക്ക് ഒന്നു എത്തിനോക്കുന്നത് ഗുണകരമായിരിക്കും . ആഗോളതലത്തി ലായാലും പ്രദേശിക തലത്തിലായാലും ശരി നിരവധി വിവേചന ങ്ങൾക്കും തന്മൂലമുള്ള ഭിന്നതകൾക്കും വിഭാഗീയതകൾക്കും ഓരോ സമൂഹവും ഓരോ ഒറ്റപ്പെട്ട വ്യക്തി തന്നെയും ഇരയാണെന്നു കാണാം .മനുഷ്യന്റെ ജീവിത കാഴ്ചപ്പാടുകളിലെ വൈകല്ല്യങ്ങളും ആസൂത്രണ പിഴവുകളും സർവ്വോപരി അറിവിനെക്കുറിച്ചുള്ള ആപ ൽക്കരമായ അജ്ഞയും അതിന്റെ കാരണങ്ങളിൽ ചിലതാണ് . ത ങ്ങൾക്കു യാതൊരു പ്രയോജനവും ചെയ്യാൻ കഴിയാത്തതാണ് എന്ന് ബോധ്യമായാൽ പോലും മാറിചിന്തിക്കാൻ തയ്യറല്ലാത്ത വിധം സങ്കുചിതവും വിഭാഗീയവുമായ ചിന്താഗതികളാണ് അവൻ വെച്ചു പുലർത്തുന്നത് .

മതം ,ഭാഷാ, രാഷ്ട്രീയം , ,വർഗ്ഗം ,ഗോത്രം , ജാതി, വർണ്ണം, ഇവയിലൊക്കെ അന്ധവും സങ്കുചിതവും കിരാതവും പ്രാകൃ തവും അബദ്ധജടിലവുമായ അതിതീവ്ര നിലപാടുകാരാണെല്ലാ വ രും. പൊതു സമൂഹത്തിനു മുമ്പിൽ എത്ര മാത്രം വൃത്തികെട്ടതാണെ ന്നു മനസ്സിലാക്കപ്പെട്ടാലും തങ്ങളുടേത് മറ്റുള്ളവരുടേതിൽ നിന്നു ഏറെ മികച്ചതാണെന്നാണ് ഇക്കൂട്ടർ മൂഢമയി വിശ്വസിക്കുന്നു .ആ

കാരണം കൊണ്ടു തന്നെ തികഞ്ഞ നന്മയാണെങ്കിൽ പോലും ഒരു കൂട്ടരുടേത് മറ്റേ കൂട്ടർക്കു അസ്വീകാര്യമായിത്തീരുന്നു . ഒരു ജാതി ഒരു മതം ഒരു ദൈവം എന്നൊക്കെ കേൾക്കുമ്പോഴും തങ്ങളുടെ മതം തങ്ങളുടെ ജാതി തങ്ങളുടെ ദൈവം മതി .മറ്റുള്ളവരുടേത് അസ്വീകാര്യമായിത്തീരുന്നു .

ഇത്തരം ഒരു പ്രതിസന്ധിഘട്ടത്തിലാണ് ആഗോള മാനവിക ഐക്യത്തെക്കുറിച്ച് സംസാരിക്കുന്നത്.മനുഷ്യരുടെ കഴിവിന് അതീതമായി ദൈവം എന്ന ഒരു പ്രതിഭാസവും അതിലുള്ള മാനവരാശിയുടെ വിശ്വാസവും അചഞ്ചലമായ സഹസ്രാബ്ദങ്ങളായി തുടർന്നു എന്നത് ഇത്തരുണത്തിൽ ആശ്വാസകരമാണ് .എല്ലാവരുടെ കയ്യിലും ( പ്രായോഗിക ജീവിതത്തിൽ അത് എത്രത്തോളം പ്രയോജനകരമാണെന്ന കാര്യം വേറെ) ഉന്നത ധർമ്മിക മൂല്ല്യങ്ങളെപ്പറ്റി ഉൽഘോഷിക്കുന്ന ദൈവദത്തമോ ഋഷിപ്രോക്തമോ ആയ വിജ്ഞാനീയങ്ങളുടെ ശേഖരം തന്നെയുണ്ട്. ഈ പറഞ്ഞ എല്ലാ വിജ്ഞാനീയങ്ങളിലും ഒരേ സമയം അവഗാഹം നേടുക എന്നത് അസാധ്യമാണല്ലോ? അതുകൊണ്ടാണ് (അതുകൊണ്ടു മാത്രമാണ് )ഇവിടെ പ്രധാനമായി ആഗോളമാനവിക ഐക്യത്തെക്കുറിച്ച് ഖുർആന്റെ സന്ദേശം അവതരിപ്പിക്കപ്പെടുന്നത്. ഈ വിഷയത്തിൽ നമ്മുടെ വിജ്ഞാനം ഖുർആനിൽ പരിമിതപ്പെട്ടതിന് ന്യായീകരണമായിയാണ് ഇത്രയും എഴുതിയത് . ഒരു വേദവും മനുഷ്യരാശി ചിന്നഭിന്നമായി പോകണമെന്നു അനുശാസിക്കുന്നുണ്ടാവില്ല എന്ന പ്രതീക്ഷയും മനുഷ്യരാശിയുടെ ഏകീകരണത്തിനു ഖുർആൻ സമഗ്രമായ കർമ്മപരി പാടികൾ പ്രതിപാതിക്കുന്നുണ്ട് എന്ന ബോധവും നമ്മെ ഇത്തരത്തിൽ സർവ്വ വിജ്ഞാനങ്ങളുടേയും അന്തഃസ്സത്തകളെ ഏകോപിപ്പിച്ച് പ്രയോഗവൽക്കുന്നതിനെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു .

ആഗോളതലത്തിൽ മാനവസമൂഹം ഐക്യപ്പെടുമ്പോൾ

അതിന്റെ ഗുണഭോക്താക്കൾ മനുഷ്യരാശി മുഴുവനുമായിരിക്കും . എന്നാൽ അത് ചിന്നഭിന്നവും സംഘർഷഭരിതവുമാണെങ്കിലോ വളരെകുറച്ച് നിക്ഷിപ്തതാൽപര്യക്കാർ മാത്രമായിരിക്കും അതിന്റെ ഗുണഭോക്താക്കൾ .അവർക്കു തന്നെയും ആത്യന്തികമായി നാശം തന്നെയായിരിക്കും .ഒടുവിൽ ആർക്കും രക്ഷപ്പെടാനാവാത്തവിധം സർവ്വനാശമായിരിക്കും ഫലം. ഈ വിഷയത്തെക്കുറിച്ച് പരമകാരുണികൻ പറയുന്നതു കാണുക :-

وَٱتَّقُواْ فِتۡنَةً لَّا تُصِيبَنَّ ٱلَّذِينَ ظَلَمُواْ مِنكُمۡ خَآصَّةٗۖ وَٱعۡلَمُوٓاْ أَنَّ ٱللَّهَ شَدِيدُ ٱلۡعِقَابِ ﴿٢٥﴾

" വത്തഖൂ ഫിത് നത്തൻല്ലാ തുസ്വീബന്നല്ലദീന ളലമൂ മിൻകും ഗാസത്തൻ വഅലമൂ അന്നല്ലാഹ ശദീദുൽ ഇഖാബ് "

"നിങ്ങളുടെ കൂട്ടത്തിൽ അക്രമിച്ചവർക്കു പ്രത്യേകമായി ബാധിക്കുന്നതല്ലാത്ത കുഴപ്പത്തെ നിങ്ങൾ സൂക്ഷിക്കുകയും ദൈവം കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് നിങ്ങൾ അറിയുകയും ചെയ്യുവീൻ " (8:25)

ഇതു സംബന്ധമായി മറ്റൊരു വചനം കൂടി കാണുക:-

ظَهَرَ ٱلۡفَسَادُ فِي ٱلۡبَرِّ وَٱلۡبَحۡرِ بِمَا كَسَبَتۡ أَيۡدِي ٱلنَّاسِ لِيُذِيقَهُم بَعۡضَ ٱلَّذِي عَمِلُواْ لَعَلَّهُمۡ يَرۡجِعُونَ ﴿٤١﴾

"ളഹറൽ ഫസാദു ഫിൽ ബർരി വൽ ബഹ് രി ബിമാ കസബത്ത് ഐദിന്നാസി ലിയുദീഖഹും ബഅളല്ലദീ അമിലൂ ലഅല്ലഹും യർജി ഊൻ "

"മനുഷ്യരുടെ കൈകൾ സമ്പാദിച്ചതുകൊണ്ടുള്ള നാശം കരയിലും കടലിലും പ്രത്യക്ഷപ്പെട്ടു .അവൻ ഒരുവേള മടങ്ങുവാൻ വേണ്ടി തങ്ങൾ പ്രവർത്തിച്ചതിൽ ചിലതു അവൻ തങ്ങൾക്കു ആസ്വദിപ്പിക്കാൻ വേണ്ടിയാണത് "(30:41)

നമുക്കു മതപരമായും രാഷ്ട്രീയമായും കൊടുക്കൽ വാങ്ങലുകൾ നടത്തുന്നതിലൂടെ മാത്രമെ ഐക്യത്തിന്റെ പടവുകളിലെത്താനാവുകയുള്ളൂ . ഒപ്പം നമുക്കു പൂർണ്ണമായി ബോധ്യമുള്ള തെറ്റുകളെ തിരു

ത്താൻ നാം സന്നദ്ധമാവുകയും വേണം .സൈദ്ധാന്തികവും സാങ്കേതികവുമായ രംഗങ്ങളിൽ നാം ഇത്തരം കൊടുക്കൽ വാങ്ങലുകൾ ധാരാളം നടത്തിയതിന്റെ ഫലമായിട്ടല്ലാതെ ലോകത്ത് യാതൊരു പുരോഗതിയും കൈവന്നിട്ടില്ല .സാമ്പ്രദായിക മതാനുഷ്ഠാനങ്ങളുടെ വക്താക്കളും ,പാരമ്പര്യ വാദികളും പിന്തിരിപ്പന്മാരായ അവരുടെ സിൽബന്ധികളും (അത് എല്ലാ മതാനുയായികളുടെ കൂട്ടത്തിലുമുണ്ട്) ഇത്തരം ഒരു പരീക്ഷണത്തിനു പ്രതിസന്ധി സൃഷ്ടിക്കുക തന്നെ ചെയ്യും .ആളും അർത്ഥവും  അധികാരവും അവരുടെ കൈകളിൽ കുമിഞ്ഞുകൂടിയിരിക്കുന്ന കാലത്തോളം പ്രത്യേകിച്ചും. പക്ഷെ എന്തു തന്നെയായാലും അന്ധമായ ആത്മീയ ചിന്തകളിൽ തളച്ചിട്ട് മനുഷ്യ രാശിയെ അധികകാലമൊന്നും ചൂഷണം ചെയ്യാൻ കഴിയില്ല .സത്യം അതിന്റെ പ്രയോഗക്ഷമത തെളിയിക്കുക തന്നെ ചെയ്യും.

ഐക്യപ്പെടാതിരിക്കാനുള്ള ന്യായങ്ങളായി നാം സാധാരണ നിരത്താറുള്ള എല്ലാ കാരണങ്ങളും ഉപരിപ്ലവങ്ങളാണെന്നു കാണാം. ബഹുഭൂരിപക്ഷത്തിനും ദോശകരമായ വളരെ ചെറിയ ഒരു ന്യൂനപക്ഷത്തിനു ഗുണകരവുമായ ഒരു വ്യവസ്ഥിതിയിലൂടെയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത് എന്നത് ആർക്കാണ് അറിയാത്തത് . പുതിയ ലോക ക്രമത്തെക്കുറിച്ചും സാമൂഹ്യമാറ്റങ്ങളെക്കുറിച്ചും ധാരാളം ചർച്ചകളും പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു പക്ഷെ അവയെല്ലാം തന്നെ ചില വൻശക്തി രാജ്യങ്ങൾക്കു മറ്റു രാജ്യങ്ങളുമേൽ ആധിപത്യം ഉണ്ടാക്കിയെടുക്കുന്നതിനെക്കുറിച്ചോ ചില പ്രബല സമൂഹങ്ങൾക്കു ദുർബല സമൂഹങ്ങളെ അധികാരത്തിൽ നിന്നും അകറ്റി നിർത്താനുള്ള സൂത്രവിദ്യകളെക്കുറിച്ചോ മാത്രമായതു കൊണ്ടാണ് അവയൊന്നും വിലപ്പോവാത്തത് .

മനുഷ്യത്ത്വത്തിലൂന്നിയ എല്ലാം വിഭാഗം മനുഷ്യരുടേയും മൗലികാവശങ്ങളെ വകവെച്ചു കൊടുക്കാൻ പര്യപ്തമായ ധാർമമികവും നീതി നിഷ്ഠവും സത്യസന്ധവുമായ ഒരു ആഗോളമാനവിക ഐക്യം

തൽക്കാലം ആരുടെയും അജണ്ടയിലുണ്ടെന്ന തോന്നുന്നില്ല .അത്ത രം ഒരു മാനവിക ഐക്യം വിഭാവനം ചെയ്യുമ്പോൾ അത് കേവലം ഒരു ഉട്ടോപ്യൻ ആശയമായി അവഗണിക്കപ്പെട്ടു പോകരുത് എന്ന കാരണത്താലാണ് ഇന്നത്തെ അവസ്ഥയിൽ തികച്ചും അപ്രായാ ഗികമെന്ന തോന്നാവുന്നതും എന്നാൽ തികച്ചും പ്രയോഗക്ഷമമായ ഒരാശയത്തെ മുന്നോട്ടു വെക്കുന്നത് .അതായത് സമൂഹങ്ങൾ അവരുടെ പക്കലുള്ള വിശ്വാസപ്രമാണങ്ങളുടെ കെട്ടഴിച്ച് പരസ്പരം കൊടുക്കൽ വാങ്ങലുകൾ നടത്തുക എന്നത്.എല്ലാവരും അവകാശ പ്പെടുന്നത് തങ്ങളുടെ പ്രമാണം നന്മകളാൽ സമൃദ്ധമാണെന്നാണ് കേവലം പ്രതിപക്ഷബഹുമാനത്തിന്റെ പേരിലാണെങ്കിൽ പോലും മറ്റുള്ളവർ അത് അംഗീകരിക്കുകയും ചെയ്യുന്ന .ഇപ്പോൾ സമൂഹ ത്തിൽ കാണുന്ന തിന്മകളുടെ വേലിയേറ്റം കാണുമ്പോൾ മേൽപ റഞ്ഞ ആരുടെയും അവകാശവാദങ്ങളെ അംഗീകരിച്ചു കൊടുക്കാൻ നിഷ്പക്ഷമതികൾക്കുപോലും കഴിഞ്ഞെന്നു വരില്ല .അതുകൊണ്ടു കൂടിയാണ് എല്ലാ പ്രമാണങ്ങളുടെയും കെട്ടഴിച്ച് അതിലെ നന്മകൾ ജനങ്ങൾക്കു ഉപകാരപ്രദമാകും വിധം പുറത്തെടുക്കണമെന്നഭ്യർ ത്ഥിക്കുന്നത്. അങ്ങനെ നാനാ വിഭാഗങ്ങളുടെ പ്രമാണങ്ങളുടേയും നല്ല വശങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് മനുഷ്യരാശിക്ക് മഹത്തായ നേട്ടം കൈവരിക്കാനാകും .

ശാസ്ത്രരംഗത്തായാലും വൈജ്ഞാനിക രംഗത്തായാലും മനു ഷ്യരാശി ഇതേവരെ കൈവരിച്ച നേട്ടങ്ങളുടെ ആകെത്തുകയിൽ നിന്നു കൊണ്ടല്ലാതെ ഭാവിയിലേക്കു ചുവടുവെക്കാനാവില്ല . നാം ആർജ്ജിച്ച ആത്മീയവും, സൈദ്ധാന്തികവും ദാർശനീകവുമായ അറിവുകളുടെ കാര്യത്തിലും മേൽപറഞ്ഞ രീതി തന്നെയായിരിക്കും അഭികാമ്യം. വേദദർശനങ്ങളേയും ആത്മീയ ഗ്രന്ഥങ്ങളേയും ദൈ വീക പ്രമാണങ്ങളേയും സത്യത്തിന്റെ ആത്യന്തിക സത്തക്കുവേണ്ടി പുനർവായനക്കു വിധേയമാക്കുന്നതിലൂടെ അവയിൽ അന്തർ ലീനമായ പരമസത്യത്തെ അംഗീകരിക്കാനും മേൽപറഞ്ഞ ഗ്രന്ഥ ങ്ങളെ ചുറ്റിപ്പറ്റി വക്രോത്തികൾ നിറഞ്ഞതും വ്യാജങ്ങളുമായ

ഐതീഹ്യങ്ങളേയും കെട്ടുകഥകളേയും നിരാകരിക്കാനും കഴിയും. വ്യാജങ്ങളേയും,ഐതാഹ്യങ്ങളേയും ,കെട്ടുകഥകളുമാണ് ഭൂരുഭാഗവും പിന്തുടരുന്നത് എന്ന് ദൈവം പറയുന്നതു കാണുക:-

وَمَا يَتَّبِعُ أَكْثَرُهُمْ إِلَّا ظَنًّا ۚ إِنَّ الظَّنَّ لَا يُغْنِي مِنَ الْحَقِّ شَيْئًا ۚ إِنَّ اللَّهَ عَلِيمٌ بِمَا يَفْعَلُونَ ﴿٣٦﴾

“വമാ യത്തബിഉ അക്ഥറുഹും ഇല്ലാ ളന്നൻ ഇന്ന ള്ളന്ന ലാ യുഗ്നീ മിനൽഹഖി ശൈഅൻ ഇന്നല്ലാഹ അലീമുൻ ബിമാ യഫ്അലൂൻ "

“അവരിൽ ഭൂരിഭാഗവും ഊഹത്തെയല്ലാതെ പിന്തുടരുന്നുമില്ല .തീർച്ചയായും ഊഹം സത്യത്തിൽ നിന്ന് യാതൊന്നിനും ഒരു പ്രയോജനവും ചെയ്യുന്നുമില്ല .ദൈവം അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി നന്നായി അറിയുന്നവനാകുന്നു "(10:36)

മിക്കവാറും എല്ലാ സത്യവേദങ്ങൾക്കുചുറ്റിലും ഇത്തരം മിഥ്യകളുടെ കോട്ടകളാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. അവയിൽ പലതും അമിതവിശ്വാസത്തിന്റെ പേരിൽ അതിരുകവിഞ്ഞ അതിശയോക്തിയിലൂടെ നിമ്മിക്കപ്പെട്ടതാണെങ്കിൽ, മറ്റുപലതും നിക്ഷിപ്ത താല്പര്യക്കാർ അതിലെ സത്യങ്ങൾ ജനങ്ങൾക്കു ലഭിക്കാതിരിക്കാൻ വേണ്ടി നിർമ്മിച്ചവയുമാണ്. ഈ കപടമായ ഭിത്തികളെ ഭേതിക്കാതെ വേദദർശനങ്ങളിൽ എത്തിച്ചേരാനോ സത്യത്തെ കണ്ടെത്താനോ സാധ്യമല്ല .മനുഷ്യർ എത്തിപ്പെട്ട ഇത്തരം കപടമായ ഭിത്തികളെക്കുറിച്ച് ദൈവം പറയുന്നതു കാണുക :-

وَجَعَلْنَا مِنْ بَيْنِ أَيْدِيهِمْ سَدًّا وَمِنْ خَلْفِهِمْ سَدًّا فَأَغْشَيْنَاهُمْ فَهُمْ لَا يُبْصِرُونَ ﴿٩﴾

“വജഅൽനാ മിൻബൈനി അയ്ദീഹിം സദ്ദൻ വമിൻ ഗൽഫിഹിം സദ്ദൻ ഫ അഗ്ശൈനാഹും ഫഹും ലാ യുബ്സ്വിറൂൻ "

“ അവരുടെ മുന്നിലൂടെ ഒരു മതിലും അവരുടെ പിന്നിലൂടെ ഒരു മതിലും  നാം ഉണ്ടാക്കുകയും അങ്ങനെ നാം അവരെ മൂടുകയും ചെയ്തു. അപ്പോൾ അവർ ദർശിക്കുന്നില്ല "(36:9)

ഇത്തരം മതിലുകളിൽ കഴിയുന്ന ഒരു ജനതയെയാണ് ദുർഖർനൈനി കാണുകയും തങ്ങളെ മോചിപ്പിച്ചു തരണമെന്നു അദ്ദേഹത്തോട് ആ ജനത ആവശ്യപ്പെട്ടതും. അതിനെക്കുറിച്ചു പരിശുദ്ധ ഖുർആൻ പറയുന്നതു കാണുക:-

حَتَّىٰٓ إِذَا بَلَغَ بَيۡنَ ٱلسَّدَّيۡنِ وَجَدَ مِن دُونِهِمَا قَوۡمٗا لَّا يَكَادُونَ يَفۡقَهُونَ قَوۡلٗا ٩٣

“ ഹത്താ ഇദാ ബലഗ ബൈനസ്സദ്ദയ്നി വജദ മിൻദൂനിഹിമാ ഖൗമൻ ലാ യകാദൂന യഫ്ഖഹൂന ഖൗലാ"

ഇവിടെ ദൈവീകമായ വചനം ഗ്രഹിക്കാൻ കഴിയാതെ രണ്ടു ഭിത്തികൾക്കുള്ളിൽ മാത്രമുള്ള അറിവുമായി കഴിയുന്ന ഒരു ജനതയെ ദുൽഖർനൈനി കണ്ട കാര്യമാണ് ഖുർആൻ വിവരിക്കുന്നു .എന്നാൽ ഖുർആനിക ആശയങ്ങളെ ആശയതലത്തിൽ വായിക്കാൻ ശ്രമിക്കാതെ കേവലം പദാർത്ഥ തലത്തിൽ വായിക്കാൻ ശ്രമിച്ച സാമ്പ്രദായിക മതത്തിന്റെ ആളുകൾ ഈ മതിലുകൾ തേടി ഭൂമിയിലൂടെ അലയുകയാണ് .തങ്ങൾ തന്നെ അത്തരം മതിലുകൾക്കിടയിലാണെന്ന കാര്യം ഈ സമൂഹം മനസ്സിലാക്കുന്നില്ല .

മാനവിക ഐക്യത്തെക്കുറിച്ചു പറയുമ്പോൾ വിശുദ്ധഖുർആനിനു ആരംഗത്ത് എന്താണ് പറയാനുള്ളത് എന്നു നമുക്കു പരിശോധിക്കാം .ഏതു വിഭാഗത്തിൽ പെട്ടവനായാലും ശരി ഏകദൈവത്തിലും പ്രവർത്തനങ്ങൾക്കൊക്കെ അന്തിമമായ ഒരു ഫലമുണ്ടെന്നും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്താൽ അവനു ഭയപ്പെടേണ്ടതില്ലെന്നും ദുഃഖിക്കേണ്ടതില്ലെന്നും പറയുന്നതിലൂടെ തന്നെ ഖുർആൻ ഒരു മാനവിക ഐക്യത്തെക്കുറിച്ചാണ്

പ്രഖ്യാപിക്കുന്നത് എന്നാണ് ആർക്കാണ് അറിയാത്തത് .പരമകാരുണികൻ പറയുന്നതു കാണുക:-

إِنَّ ٱلَّذِينَ ءَامَنُواْ وَٱلَّذِينَ هَادُواْ وَٱلنَّصَـٰرَىٰ وَٱلصَّـٰبِـِٔينَ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ وَعَمِلَ صَـٰلِحًا فَلَهُمْ أَجْرُهُمْ عِندَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٦٢﴾

“ഇന്നല്ലദീന ആമനൂ വല്ലദീന ഹാദൂ വന്നസ്വാറാ വസ്സ്വാബിഈന മൻ ആമന ബില്ലഹി വൽയൗമിൽ ആഖിരി വ അമില സ്വാലിഹൻ ഫലഹും അജ് റുഹും ഇൻദ റബ്ബിഹിം വലാ ഖൗഫുൻ അലൈഹിം വലാഹും യഹ്സനൂൻ"

“(മുഹമ്മദു നബിയിൽ ) വിശ്വസിച്ചവരോ,യഹൂദമതം സ്വീകരിച്ചവരോ ,ക്രൈസ്തവരോ ,സാബിഉകളോ ,ആരാകട്ടെ , അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും , സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുണ്ട് .അവർക്ക് ഭയപ്പെടേണ്ടതില്ല .അവർ ദുഃഖിക്കേണ്ടി വരികയും ഇല്ല (2:62)(പാരമ്പര്യ വ്യാഖ്യാനം)

ഈ വചനത്തിൽ നിന്നും നമുക്കു മനസ്സിലാകുന്നത് ഒരു പ്രത്യേക തരത്തിലുള്ള ആചാരാനുഷ്ഠാനങ്ങളിൽ മാത്രം വിശ്വസിക്കുന്നവർക്കു മാത്രമെ മോക്ഷവും രക്ഷയും ലഭിക്കു എന്നല്ല .അത്തരത്തിലുള്ള വിശ്വാസത്തെ  ഈ വചനത്തിലൂടെ നിരാകരിക്കുകയാണ് ചെയ്യുന്നത്.

മനുഷ്യരെല്ലാം ഒരാണിൽനിന്നും പെണ്ണിൽ നിന്നുമാണ് ഉണ്ടായിട്ടുള്ളതെന്നും പരസ്പരം അറിയുന്നതിനും അംഗീകരിക്കുന്നതിനും വേണ്ടിയാണ് വിവിധ വിഭാഗങ്ങളും ആക്കിയിരിക്കുന്നത് എന്നാണ് ഖുർആൻ പറയുന്നത്.

يَـٰٓأَيُّهَا ٱلنَّاسُ إِنَّا خَلَقْنَـٰكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَـٰكُمْ شُعُوبًا وَقَبَآئِلَ لِتَعَارَفُوٓا۟ ۚ إِنَّ أَكْرَمَكُمْ عِندَ ٱللَّهِ أَتْقَىٰكُمْ ۚ إِنَّ ٱللَّهَ عَلِيمٌ خَبِيرٌ ﴿١٣﴾

“യാ അയ്യുഹന്നാസ് ഇന്നാ ഗലഖ്നാക്കും മ്മിൻ ദകരിൻ വ ഉൻഥാ വജഅൽനാക്കും ശ്ശുഊബൻ വ ഖബാഇല ലിതആറഫൂ ഇന്ന അക് റമക്കും ഇൻദല്ലാഹി അത് ഖാക്കും ഇന്നല്ലാഅ അലീമുൻ ഗബീർ "

“ ഹേ മനുഷ്യരേ , തീർച്ചയായും നാം നിങ്ങളെ ഒരാണിൽനിന്നും പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു .നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നാം നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കുകയും ചെയ്തിരിക്കുന്നു .തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു തീർച്ചയായും അല്ലാഹു സർജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു (49:13) (പാരമ്പര്യ വ്യാഖ്യാനം) ഇവിടേയും പ്രത്യേക തരത്തിലുള്ള വേഷത്തിലോ രൂപത്തിലോ ആചാരാനാനുഷ്ഠാനങ്ങളിലോ വ്യത്യാസപ്പെടേണ്ടതിനെക്കുറിച്ച് പറയുന്നില്ല എന്നതും സുവ്യക്തമാണല്ലോ ? .

മാനവരാശിയുടെ മനസ്സുകളെ ഒന്നിപ്പിക്കാനും അവരിലെ പൈശാചിക സ്വഭാവങ്ങളെ ഇല്ലായ്മ ചെയ്യാനും അവർക്ക് ഒരുറച്ച നിലപാട് നൽകാനും ആശയപരമായും മാനസ്സമായും ശുദ്ധീകരിക്കാനും വേണ്ടിയാണ് വഹ് യാകുന്ന ജലം അവതരിപ്പിച്ചു തന്നിട്ടുള്ളത് എന്നാണ് ഖുർആൻ പറയുന്നത്. ആ കാര്യമൊന്നു കാണുക :-

وَمِنْ ءَايَـٰتِهِۦ يُرِيكُمُ ٱلْبَرْقَ خَوْفًا وَطَمَعًا وَيُنَزِّلُ مِنَ ٱلسَّمَآءِ مَآءً فَيُحْىِۦ بِهِ ٱلْأَرْضَ بَعْدَ مَوْتِهَآ ۚ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّقَوْمٍ يَعْقِلُونَ ﴿٢٤﴾

“വമിൻ ആയാതിഹീ യുരീക്കുമുൽ ബർഖ ഗൗഫൻ വത്വമഅൻ വയുനസ്സിലു മിനസ്സാമായി മാഅൻ ഫയുഹ്ഈ ബിഹിൽ അർള ബഅദമൗതിഹാ ഇന്ന ഫീ

ദാലിക്ക ലആയാത്തിൻ ല്ലി ഖൗമിൻ യഅഖിലൂൻ"

"അവൻ നിങ്ങൾക്ക് ആ മിന്നൽ ആശയായും ആശങ്കയായും കാട്ടിത്തരുന്നതും ആകാശത്തുനിന്നു വെള്ളം ഇറക്കുന്നതും അതുകൊണ്ട് നിർജ്ജീവമായതിനു ശേഷം ഭൂമിയെ ജീവിപ്പിക്കുന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതു തന്നെയാണ് വിവേചിക്കുന്ന ജനതക്കു തീർച്ചയായും അതിൽ തന്നെ പല ദൃഷ്ടാന്തങ്ങളുണ്ട്." ഈ ഒരു ആശയം വ്യക്തമാക്കുന്ന പല വചന ങ്ങളും ഖുർആനിലുണ്ട്. ചുരുക്കത്തിൽ ആകാശത്തു നിന്നു വെ ള്ളം ഇറങ്ങുന്നതോടുകൂടി മരിച്ച ഭൂമി പച്ചയായിത്തീരുന്നു. നിർജീവമായിരുന്ന ഭൂമി സജീവമാകുന്നു അതിനു സമാനമായ ഒ രു വളർച്ചയെക്കുറിച്ചാണ് സൂറത്തു അൻഫാൽ പതിനൊന്നാം വചനത്തിൽ ദൈവം പറയുന്നത്:-

إِذۡ يُغَشِّيكُمُ ٱلنُّعَاسَ أَمَنَةٗ مِّنۡهُ وَيُنَزِّلُ عَلَيۡكُم مِّنَ ٱلسَّمَآءِ مَآءٗ لِّيُطَهِّرَكُم بِهِۦ وَيُذۡهِبَ عَنكُمۡ رِجۡزَ ٱلشَّيۡطَٰنِ وَلِيَرۡبِطَ عَلَىٰ قُلُوبِكُمۡ وَيُثَبِّتَ بِهِ ٱلۡأَقۡدَامَ ١١

(വയുനസ്സില അലൈക്കും മിന സ്സമായി മാഅൻ ലി യുത്വഹ്ഹിറക്കും ബിഹീ വ യുദ്ഹിബ അൻകും രിജ്സ ശ്ശൈത്താ നിവ ലിയർബിത്വ അലാ ഖുലൂബിക്കും വ യുസബ്ബിത ബിഹീ അൽ അഖ്ദാം)

ഇവിടെ ഉന്നതിയിൽ നിന്നും ഇറക്കിയ ജലം എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത് ദൈവീകമായ ജലത്തെയാണ്.മനുഷ്യരുടെ മനസ്സുകളെയും ഹൃദയങ്ങളെയും കൂട്ടിയിണക്കുക എന്നത് മഴവെള്ളം കൊണ്ട് സാധ്യമല്ലല്ലോ ചില വെള്ളങ്ങൾ കാരണം സംഘർഷങ്ങളാണ് രാജ്യത്ത് ഉണ്ടാകുന്നത് എന്നു നമുക്കു അറിയാമല്ലോ? അതുപോലെ ഈ മഴവെള്ളത്തിന് മനുഷ്യന്റെ തീരുമാനങ്ങളെ സ്വാധീനിക്കാനോ ,പൈശാചിക പ്രേരണകളിൽ നിന്നും അവനെ തടുക്കാനോ സാധ്യമല്ല. ഇതെല്ലാം നമുക്കു സാധിച്ചെടുക്കണമെങ്കിൽ ദൈവീകമായ മാർഗ്ഗനിർദ്ദേശങ്ങൾ തന്നെ വേണം.അത്തരം മാർഗ്ഗനിർദ്ദേശങ്ങളിൽപെട്ട അൽ ഖുർആനിന്റെയോ മറ്റേതെങ്കിലും

ദൈവീക ഗ്രന്ഥത്തിന്റേയോ അടിസ്ഥാനത്തിലുള്ള ഉന്നതമായ മൂല്യ്യങ്ങളുടെ പഠനവും അതുമുഖേനയുള്ള ശുദ്ധീകരണവും കൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ . എന്നാൽ എല്ലാ മതവിശ്വാസികളും വിശ്വസിക്കുന്നത് മഴവെള്ളം കൊണ്ടു കുളിക്കുകയോ, സ്നാനം ചെയ്യുകയോ , വുളു ഉണ്ടാക്കുകയോ ഏതെങ്കിലും പുഴയിൽ മുങ്ങിക്കുളിക്കുകയോ ചെയ്താൽ എല്ലാ പാപങ്ങളും കഴുകിക്കളയപ്പെട്ടുമെന്നാണ് .

ഈ വചനത്തിൽ പറഞ്ഞ ജലത്തിന്റെ ഒരു ഗുണം പറഞ്ഞത് لِيُطَهِّرَكُم بِهِ"നിങ്ങളെ അതുമുഖേന ശുദ്ധീകരിക്കുന്നതിനുവേണ്ടി" എന്നതാണ്.മനുഷ്യശരീരത്തെ ശുദ്ധീകരിക്കാൻ മഴവെള്ളം ഉപകരിക്കുമെങ്കിലും ദൈവീക ഗ്രന്ഥത്തിന്റെ ലക്ഷ്യം മനുഷ്യ മനസ്സുകളെയും അവന്റെ ആശയങ്ങളെയും ചിന്തകളെയും കർമ്മങ്ങളെയും ശുദ്ധീകരിക്കുക എന്നതാണ്.അതിനു വേണ്ടി ഇറക്കിയ ജലമാണ് ഇത്. തന്റെ ചിന്തയെയും ആശയത്തെയും കർമ്മത്തെയും ശുദ്ധീകരിക്കാതെ ശരീരം മാത്രം ശുദ്ധീകരിച്ച് നടക്കുന്ന പല ആളുകളും നമ്മുടെ ഇടയിലുണ്ടല്ലോ? അപ്പോൾ ഖുർആൻ എന്ന ദൈവീക ഗ്രന്ഥത്തിന്റെ ഉദ്ദേശം ഇത്തരം മനുഷ്യരെ ശുദ്ധീകരിച്ചെടുക്കലാണല്ലോ?.അതിനു പറ്റിയ ഒരു ജലമാണ് ഖുർആൻ അല്ലാതെ ഒറ്റ രാത്രിയിൽ എല്ലാ സ്വഹാബികൾക്കും സ്വപ്നസ്ഖലനം (ഇഹ് തിലാം)ഉണ്ടാവുകയും അവരുടെ ശരീരങ്ങളെ ശുദ്ധീകരിക്കാൻ ഇറക്കി കൊടുക്കുകയും ചെയ്ത മഴവെള്ളത്തെക്കുറിച്ചല്ല ഈ വചനത്തിൽ പറയുന്നത്. അത്തരം വിശദീകരണങ്ങൾ മനസ്സിലാക്കുന്നവർക്കു അതിന്റെ പിറകെ പോകാം.ഒരു തർക്കത്തിനോ വാദപ്രതിവാദത്തിനോ ഇല്ല .

ഈ ജലത്തിന്റെ രണ്ടാമത്തെ ഗുണം" وَيُذْهِبَ عَنْكُمْ رِجْزَ الشَّيْطَانِ "നിങ്ങളിൽ നിന്നും പൈശാചിക മാലിന്യങ്ങളെ നീക്കം ചെയ്യുന്നു"ഈ ഗുണവും മഴവെള്ളം കൊണ്ട് നേടുക സാധ്യമല്ല കാരണം പൈശാചിക പ്രവർത്തനം നടക്കുന്നത് മനുഷ്യ മനസ്സിലാ

ണല്ലോ? അതല്ലാതെ അവന്റെ ശരീരത്തിൽ അഴുക്ക് വാരിത്തേക്കല്ലല്ലോ പിശാചിന്റെ ജോലി? അപ്പോൾ പിശാച് ശപഥം ചെയ്തത് മനുഷ്യനെ വിശ്വാസ രംഗത്തും കർമ്മ രംഗത്തും അവൻ വഴിപിഴപ്പിക്കും എന്നാണ്. അതിൽ നിന്നും മനുഷ്യനെ രക്ഷിക്കാൻ കാലാകാലങ്ങളിൽ ദൈവം ദൂതന്മാരിലൂടെ ദൈവീക മാർഗ്ഗ നിർദ്ദേശമാണ് കൊടുത്തയക്കാറുള്ളത്.ആ മാർഗ്ഗ നിർദ്ദേശത്തെക്കുറിച്ചാണ് ഇവിടെ വിവരിക്കുന്നത്. പിശാചിന്റെ ചെളിക്കുഴിയിൽ വീണ ആദമിനോടു ദൈവം പറഞ്ഞതും അവൻ നൽകുന്ന മാർഗ്ഗ നിർദ്ദേശം പിന്തുടരാനാണല്ലോ?. അതല്ലാതെ മഴവെള്ളം കൊണ്ട് കുളിക്കാനല്ലല്ലോ ?.

ഈ ജലത്തിന്റെ മൂന്നാമത്തെ ഗുണം "وَلِيَرْبِطَ عَلَى قُلُوبِكُمْ "നിങ്ങളുടെ ഹൃദയങ്ങളെ അടുപ്പിക്കുന്നതിനുവേണ്ടി" എന്നതാണ്. അപ്പോൾ മനുഷ്യ ഹൃദയങ്ങളെ അടുപ്പിക്കാനും യോജിപ്പിക്കാനും വേണ്ടി അല്ലാഹു മുഹമ്മദു നബിക്ക് ഇറക്കി കൊടുത്ത ജലം, മഴവെള്ളമല്ല. ദൈവത്തിന്റെ മാർഗ്ഗ നിർദ്ദേശം തന്നെയാണ് . ഭിന്നിച്ചു നിന്നിരുന്ന ഒരു സമൂഹത്തെ മുഹമ്മദു നബി ഒന്നിപ്പിച്ചത് എന്തായാലും മഴവെള്ളം കൊണ്ടല്ല എന്ന് ആർക്കാണ് അറിഞ്ഞു കൂടാത്തത്? മാത്രമല്ല ഖുർആൻ കൊണ്ടാണ് നബി അത് സാധിച്ചെടുത്തത് എന്നു ഖുർആനിൽ ഒരുപാട് സ്ഥലങ്ങളിൽ ദൈവം വ്യക്തമാക്കിയതുമാണല്ലോ? അപ്പോൾ ഈ ഗുണമുള്ള ജലവും ദൈവീക മാർഗ്ഗനിർദ്ദേശമാകുന്ന ജലം തന്നെയാണ്.

ഈ ജലത്തിന്റെ നാലാമത്തെ ഗുണമായി ഖുർആൻ പറഞ്ഞത് "വ യുഥബ്ബിത ബിഹിൽ അഖ്ദാം"("وَيُثَبِّتَ بِهِ الْأَقْدَام) എന്നാണ്. അതായത് "ആ ജലം കൊണ്ട് പാദങ്ങൾ ഉറപ്പിക്കുന്നതിനുവേണ്ടി" എന്നതാണ്. ഇവിടെ മനുഷ്യൻ രണ്ടു കാലുകൾകൊണ്ട് ഭൂമിയിലൂടെ ഉറപ്പിച്ചു നടക്കാൻ വേണ്ടി ഇറക്കിയ മഴവെള്ളമല്ലല്ലോ

അത് കിട്ടാത്ത സന്ദർഭത്തിലും ജനങ്ങൾ കാലുകൾ ഉറപ്പിച്ചു വെച്ചു നടക്കുന്നുണ്ടല്ലോ? മനുഷ്യന്റെ നിലപാടുകൾ ശക്തമാക്കുന്നതിനു വേണ്ടി ദൈവം ഇറക്കിയ ജലം അവന്റെ മാർഗ്ഗ നിർദ്ദേശമാകുന്ന വഹ് യ് തന്നെയാണ് . അല്ലാതെ മഴവെള്ളം കൊണ്ടു ഒരിക്കലും ഒരാൾക്ക് ഉറച്ച നിലപാടുകൾ ഉണ്ടാക്കാൻ കഴിയില്ല.സൂറത്തു ഇബ്രാഹീം 27 ാം വചനത്തിൽ അല്ലാഹു പറയുന്നു:-

يُثَبِّتُ اللَّهُ الَّذِينَ ءَامَنُوا بِالْقَوْلِ الثَّابِتِ فِي الحيوةِ الدُّنْيَا وَفِى الآخِرةِ

“യുസബ്ബിതുല്ലാഹുല്ലദീന ആമനൂ ബിൽ ഖൗലിസ്സാബിതി ഫിൽ ഹയാതിദ്ദുൻയാ വഫിൽ ആഗിറത്തി"

“സ്ഥിരമായ വാക്കിൽ വിശ്വസിച്ചവരെ ദൈവം ദുൻയാവിലും അന്തിമത്തിലും സ്ഥിരമാനസരാക്കുന്നു.” അപ്പോൾ മനുഷ്യരുടെ മാനസികവും ചിന്താപരവും ആശയപരവുമായ സ്ഥിരതയാണ് ഇവിടെ ഉദ്ദേശം . അല്ലാതെ ഉറച്ച കാലടികൾ വെച്ച് നടന്നു പോകലല്ല. അങ്ങനെ നടക്കാൻ വേദമല്ല ആരോഗ്യമാണ് വേണ്ടത് എന്ന് എല്ലാവർക്കും അറിയാമല്ലോ? നടക്കാൻ ആരോഗ്യമില്ലാത്ത ഒരാൾക്കു മഴവെള്ളം കിട്ടിയിട്ടും കാലുകൾ ഉറപ്പിച്ചു വെക്കാൻ കഴിയില്ലല്ലോ? ചുരുക്കത്തിൽ മനുഷ്യരുടെ ജീവിതത്തിൽ അവർ സ്വീകരിക്കുന്ന നിലപാടുകളിലും കർമ്മങ്ങളിലുമുള്ള സ്ഥിരത തന്നെയാണ് ഇവിടെ ഉദ്ദേശിക്കുന്നത് .അതല്ല മഴ പെയ്തപ്പോൾ കാഫിറുകളുടെ കാലുകൾ തെന്നിപ്പോകുകയും മുഅമിനുകളുടെ കാലുകൾ ഉറച്ചു നിൽക്കുകയും ചെയ്തു എന്നു വിശ്വസിക്കുന്നവർ അത് വിശ്വസിക്കട്ടെ ! ഒരു തർക്കത്തിനില്ല .അതിന്റെ കുറവ് ഇവിടെ ഇല്ലല്ലോ? നമുക്ക് ഏതായാലും ദൈവീക ജലം കൊണ്ടു നമ്മുടെ മനസ്സിനെ ശുദ്ധീകരിക്കാം, പൈശാചിക മാലിന്യങ്ങളെ നീക്കം ചെയ്യാം. നമ്മുടെ മനസ്സുകളെ പരസ്പരം അടുപ്പിക്കാം .നമ്മുടെ നിലപാടുകൾ ഉറച്ചതാക്കുകയും അവയിൽ ഉറച്ചുനിൽക്കുകയും ചെയ്യാം. ചുരുക്കത്തിൽ മനുഷ്യരെ ഒരു ചരടിൽ കോർത്ത മുത്തുമണികളെപ്പോലെ ഒരുമി

പ്പിക്കുകയും സഹോദരങ്ങളാക്കി മാറ്റുകയും ചെയ്യുക എന്നതാണ് വേദത്തിന്റെയും അതു നടപ്പിലാക്കാൻ വന്ന ദൂതന്മാരുടെയും ലക്ഷ്യം പക്ഷെ ഇന്നത്തെ പുരോഹിത മതങ്ങൾ അവരവരുടെ മതാനുയായികളെ ചിന്നഭിന്നമാക്കിക്കൊണ്ടിരിക്കുകയും ശത്രുക്കളാക്കിക്കൊണ്ടിരിക്കുകയുമാണ് .

ദൈവീക വിധിവിലക്കുകളുടെ നടപ്പിൽ വരുത്തുന്നതിനു ഒരുങ്ങുമ്പോൾ മനുഷ്യരെ ആത്മമിത്രങ്ങളാക്കിത്തീർക്കാനുള്ള ഉപകരണങ്ങൾ ആകത്തക്ക വിധം നമ്മുടെ ചിന്തകളെയും വീക്ഷണങ്ങളെയും കർമ്മങ്ങളെയും ശുദ്ധീകരിക്കാനുമാണ് ദൈവം പറയുന്നത്:-

ياأَيّهاالَّـذِينَ آمَنُـوا إِذَا قُمْتُـم إِلـى الصَّـلوة فَاغْسِـلُوا وُجُـوهَكُم وَأَيْـديكُم إِلَـى الْمَرَافِـقِ وَامْسَـحُوا بِرُؤُوسـكم وَأَرْجُلَكُـم إِلـى الْكَعْبين

“യാ അയ്യുഹല്ലദീന ആമനൂ ഇദാഖുംതും ഇലസ്സ്വലാത്തി ഫഗ്സിലൂ വുജൂഹക്കും വ അയ്ദിയക്കും ഇലൽമറാഫിഖി വംസഹൂ ബിറുഊസിക്കും വഅർജുലക്കും ഇലൽ കഅബൈനി "

ഇവിടെ അൽപം വിശദീകരിക്കേണ്ടതുണ്ട് ."മിർഫഖ് " എന്ന പദം റഫിഖ എന്ന പദത്തിൽ നിന്നാണ് ഉണ്ടായിട്ടുള്ളത്. രണ്ടു ശരീരമാണെങ്കിലും ഒരേ മനസ്സായി കഴിയുന്ന സുഹൃത്തിനെയാണ് "റഫീഖ്" എന്നു പറയുക ."റഫിഖ" എന്ന പദത്തിന്റെ ഉപകരണത്തെ സൂചിപ്പിക്കുന്ന(ഇസ്മുൽ ആല, ഇൻസ്ട്രുമെന്റൽ നൗൺ) നാമമാണ് "മറാഫിഖ്" എന്നത്. "ഫതഹ" എന്ന ക്രിയയുടെ അർത്ഥം തുറന്നു എന്നാണല്ലോ? അതിന്റെ ഉപകരണത്തിന്റെ നാമമാണ് "മിഫ് തഹ്" അഥവാ താക്കോൽ എന്നത് അതുപോലെ "വസന"എന്നു പറഞ്ഞാൽ തൂക്കികണക്കാക്കി എന്നാണ്. അതിന്റെ ഉപകരണത്തിന്റെ നാമമായ "മീസാൻ " എന്നു പറഞ്ഞാൽ തുലാസ് എന്നുമാണ് അർത്ഥം . അതുപോലെ "ഉറബ" എന്ന ക്രിയയുടെ

ഉപകരണത്തിന്റെ നാമമാണ് "മിള്റബ്" എന്നത് "ബാറ്റ്" എന്നാണല്ലോ അതിന്റെ അർത്ഥം. ഇനി ഈ നാമങ്ങളുടെയെല്ലാം ബഹുവചനം നോക്കാം മിഫ് തഹ് മഫാതീഹ്,മീസാൻ, മവാസീൻ മിള്റബ് മളാരിബ്, മിസ്ബാഹ് മസ്വാബീഹ് ,അതുപോലെ മിർഫഖ് എന്ന ഉപകരണത്തെ സൂചിപ്പിക്കുന്ന നാമത്തിന്റെ ബഹുവചനമാണ് "മറാഫിഖ്" എന്നത്. അതായത് മനുഷ്യരെ റഫീഖ് ആക്കാനുള്ള ഉപകരണം . ഒന്നു കൂടി വ്യക്തമാക്കിയാൽ മനുഷ്യരെ മിത്രങ്ങളാക്കാനുള്ള ഉപകരണത്തെ സൂചിപ്പിക്കുന്ന പദമാണ് മറാഫിഖ് എന്നത്. ഈ അടിസ്ഥാന അർത്ഥത്തിൽ നിന്നുമാണ് കയ്യിന്റെ മുകൾ ഭാഗവും താഴ്ഭാഗവും പരസ്പരം യോജിപ്പിക്കുന്ന ഭാഗം എന്ന അർത്ഥത്തിൽ മിർഫഖ് എന്ന പദം ഉപയോഗിച്ചത്.ഈ പദം 18/16 ൽ ഉപയോഗിച്ചിട്ടുണ്ട് അവിടെയും കൈമുട്ട് എന്നല്ല അർത്ഥം എന്ന് നമുക്ക് അറിയാമല്ലോ ?

അതുപോലെ "ഇലാ" (إلى) എന്നു അറബിയിൽ പറഞ്ഞാൽ "ലേക്ക് " (to) എന്നാണ് അർത്ഥം. "ഇലസ്സൂഖി" അങ്ങാടിയിലേക്ക്,"ഇലല്ലൈലി" രാത്രിയിലേക്കു,ഇപ്പോൾ നാം ചർച്ച ചെയ്യുന്ന വചനത്തിലെ"ഇലാ അസ്സ്വലാത്തി"എന്നതിന് "സ്വലാത്തിലേക്ക് എന്നാണല്ലോ അർത്ഥം പറഞ്ഞിട്ടുള്ളത് അതേ വചനത്തിൽ തന്നെ "ഇലൽമറാഫിഖി " എന്നു പറയുമ്പോൾ മറാഫിഖിലേക്ക് എന്നല്ലാതെ മറാഫിഖുകൾ വരെ എന്നു അർത്ഥം നൽകിയത് വികലമായ അർത്ഥമാണ് "വരെ" (until)എന്നതിന്" ഹത്താ" എന്നാണ് പറയുക.ചുരുക്കത്തിൽ ഒരേ വചനത്തിൽ തന്നെ രണ്ട് അർത്ഥമാണ് ഇവർ നൽകിയിട്ടുള്ളത്.

അപ്പോൾ 5/6 ൽ "ഇദാഖുംത്തും ഇലാ അസ്സ്വലാത്തി ഫഗ് സിലൂ വുജൂഹക്കും വ അയ്ദിയക്കും ഇലാ അൽ-മറാഫിഖി " എന്നു പറഞ്ഞാൽ നിങ്ങൾ സ്വലാത്തിലേക്കു ഒരുങ്ങിയാൽ മനുഷ്യരെ മിത്രങ്ങളാക്കാനുള്ള ഉപകരണമാകേണ്ടതിലേക്കു നിങ്ങളുടെ

വീക്ഷണങ്ങളെയും ,ചിന്തകളെയും ,, കർമ്മങ്ങളെയും ശുദ്ധീകരിക്കുക "എന്ന സാരം. അപ്പോൾ ദൈവീക വിധിവിലക്കുകളെ പിന്തുടർന്നു ജീവിക്കുന്ന മാതൃകാ സമൂഹത്തിന്റെ സംസ്ഥാപനത്തിനു ഒരുങ്ങി ഇറങ്ങുമ്പോൾ മനുഷ്യരെ മിത്രങ്ങളാക്കേണ്ടതിലേക്ക് നമ്മുടെ ചിന്തകളെയും കർമ്മങ്ങളേയും ശുദ്ധിയാക്കണം എന്നു സാരം.

മനുഷ്യരെ ഒരുമിപ്പിക്കാനുള്ള ഈ ഒരു ആയത്ത് മാത്രം സമൂഹത്തിൽ നാം പ്രായോഗികമാക്കിയാൽ ഇന്നു നാം കാണുന്ന ഈ കലാപങ്ങളും ശത്രുതയും വിദ്വേഷങ്ങളും സമൂഹത്തിൽ ഇല്ലാതാക്കാൻ കഴിയും. എന്നാൽ ഈ വചനത്തിൽ വിശ്വസിക്കുന്നവർ തന്നെ പരസ്പരം കലഹിച്ചും ,ശത്രുതയിലുമാണ് ജീവിക്കുന്നത്. കാരണം ഈ വചനത്തിന്റെ അർത്ഥത്തെ, ഒരു അനുഷ്ഠാനത്തിനു ഒരുങ്ങിയാൽ നീ കൈകളും മുഖങ്ങളും കഴുകണം എന്ന ചെറിയ ഒരു അർത്ഥത്തിലൊതുക്കി .വെള്ളം കൊണ്ടു സ്നാനം ചെയ്താൽ തങ്ങളുടെ പാപങ്ങൾ കഴുകിക്കളയപ്പെടും എന്ന് എല്ലാ മതങ്ങളിലും ഉള്ള വിശ്വാസമാണ് ആ വിശ്വാസം ഇസ്ലാമിലേക്കും, മുസ്ലിംകളിലേക്കും കടന്നുകൂടി. അങ്ങനെയാണ് " വുളൂ" എന്ന ഖുർആൻ പറയാത്ത പദം പോലും ഇസ്ലാമിലേക്കു കയറി വന്നത്. ഇതു ചെയ്യുന്നതോടു കൂടി ആ ഭാഗം സ്വർഗ്ഗത്തിൽ പോകും എന്ന വിശ്വാസവും നമ്മിലേക്കു കടന്നു വന്നു .

ഖുർആനിൽ വന്ന "വജ്ഹ്" എന്ന അറബി പദത്തിനും "യദ്" എന്ന അറബി പദത്തിനും എൺപത് ശതമാനം സ്ഥലത്തും സാമ്പ്രദായിക വ്യാഖ്യാതാക്കൾ തന്നെ കൈ എന്നും മുഖമെന്നും അർത്ഥം നൽകിയിട്ടില്ലല്ലോ? ഈ പദങ്ങളുടെ വിവരണം പിന്നീട് നൽകുന്നതാണ് .

ചുരുക്കത്തിൽ ഖുർആനിന്റെ സത്യസന്ധവും യഥാർത്ഥവുമായ ഒരു പുനർവായന ലോകത്ത് നടത്താതെ കുറെ യുദ്ധങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും മുത്തശ്ശിക്കഥകളുടെയും ഗ്രന്ഥമാക്കി മാറ്റിയത്

ഇനിയും നാം തുടർന്നു പോയാൽ ഈ പുസ്തകം ലോകത്തിനു ഒരു വെളിച്ചവും നൽകില്ലെന്നു മാത്രമല്ല ഇത് അവർക്കു ഭാരവും കൂടി ആയി മാറും എന്നു നാം മനസ്സിലാക്കണം .സഹോദരങ്ങൾ തമ്മിൽ നടന്ന കുരുക്ഷേത്ര യുദ്ധത്തിന്റെ പശ്ചാതലത്തിൽ നിന്നു കൊണ്ടു രചിക്കപ്പെട്ട ഭഗവത് ഗീത കയ്യിൽ പിടിച്ചുകൊണ്ട് ലോകത്ത് അഹിംസാ സിദ്ധാന്തം അവതരിപ്പിച്ച ഗാന്ധിജിയും ആ ഗാന്ധി ജിയിൽ നിന്നാണ് ഞാൻ സമാധാനത്തിനും അഹിംസക്കും മാതൃക ഉൾക്കൊള്ളുകയും എനിക്കു പ്രചോദനമാവുകയും ചെയ്തത് എന്നു പറഞ്ഞ,സമാധനത്തിനുള്ള നോബൽ സമ്മാനത്തിനർഹ യായ തവക്കുൽ കർമാനയും ,ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്ത മാണ് എന്നെ ആകർഷിക്കുന്നത് എന്നു പറഞ്ഞ അമേരിക്കൻ പ്രസിഡണ്ട് ബരാക്ക് ഒബാമയും നമ്മുടെ മുമ്പിലിരിക്കെ .വിശുദ്ധ മായ ഒരു ദൈവീക വേദം ലോകത്തിന് സമാധാനവും സ്നേഹവും നൽകാൻ പര്യാപ്തമായ ഗ്രന്ഥമല്ല എന്ന രൂപത്തിൽ അവതരി പ്പിക്കുകയും അതിന്റെ അനുയായികൾ തന്നെ കലാപങ്ങൾക്കും അക്രമങ്ങൾക്കും പ്രേരിപ്പിക്കുന്നവരാവുകയും ചെയ്താൽ ഈ വേദ ത്തിന്റെ ആവശ്യകത, ചിന്തിക്കുന്ന, സമാധാനം കാംക്ഷിക്കുന്ന ഒരു തലമുറ ഉൾക്കൊണ്ടില്ലെങ്കിൽ അവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല കഴുത്തിനു മുകളിൽ വെട്ടിയാലും പോരാ വെട്ടിയിടപ്പെട്ട ശവശ രീരങ്ങളുടെ വിരലുകളും മുറിക്കണം എന്ന രൂപത്തിൽ എഴുതിവെക്ക പ്പെട്ട വിശുദ്ധഖുർആന്റെ വികലമായ വ്യാഖ്യാനങ്ങൾ തള്ളി ക്കളഞ്ഞ് മനുഷ്യ സമൂഹങ്ങൾ തമ്മിലുള്ള സ്നേഹവും സൗഹാർ ദ്ധവും കരുണയും ഊട്ടിയുറപ്പിക്കുകയും സമാധാനവും സുരക്ഷയും നിലനിൽക്കുന്ന ഒരു ലോകക്രമം ഉണ്ടാക്കിത്തീർക്കുകയും ചെയ്യാനുതകുന്ന രൂപത്തിൽ ശരിയായതും സത്യ സന്ധമായതുമായ ഒരു വായനയും വ്യാഖ്യാനവും ഈ ദൈവീക വേദത്തിനു നാം നൽകിയേ മതിയാകൂ . അല്ലെങ്കിൽ വിശുദ്ധമായ ഈ വേദത്തോടും അടുത്ത തലമുറയോടും ചെയ്യുന്ന ഏറ്റവും വലിയ ക്രൂരതയായിരിക്കും അത്.

മാനവിക ഐക്യം സാധ്യമാവണമെങ്കിൽ ആത്മീയ ഐക്യം

വേണം. ആത്മീയത യുക്തിഭദ്രവും ,ധർമ്മനിഷ്ഠവും മനുഷ്യോപകാര പ്രദവും ആയിരിക്കണം. മാത്രമല്ല അത് അബദ്ധങ്ങളുടെ മേൽ കെട്ടി പ്പടുത്തതുമാകരുത്. ഇതിന്റെ ആദ്യപടി അറിവുമാണ് .

മാനവിഐക്യം മനുഷ്യർക്കു നിർമ്മിക്കാൻ സാധ്യമല്ല .നല്ല ഒരു അറിവിൽനിന്നേ നല്ല ആത്മീയത ഉണ്ടാവൂ . നല്ല ആത്മീയത യുടെ ഫലമാകട്ടെ മാനവിക ഐക്യമായിരിക്കും .

ആത്മീയവാദി വിഗ്രഹാരാധകനും സമ്പന്നനുമാണെങ്കിൽ അവന്റെ സമ്പത്ത് മുഴുവൻ ദൈവത്തിനെന്ന പേരിൽ അവന്റെ വിഗ്രഹത്തിനു കൊണ്ടുവെക്കുന്നു . വിഗ്രഹമില്ലാത്തവൻ അവന്റെ സംഘടനകളുടെ കാൽചുവട്ടിലും . വിഗ്രഹാരാധകനായ ആത്മീയ വാദി അവന്റെ അദ്ധ്വാനം വിഗ്രഹത്തിനു ചുറ്റു പാഴാക്കിക്കളയുന്നു . വിഗ്രഹമില്ലാത്തവനാകട്ടെ അവന്റെ അദ്ധ്വാനം സംഘടക്കുവേണ്ടി യും പാഴാക്കുന്നു . സമ്പത്തുള്ളവനും ,ഇല്ലാത്തവനും, വിഗ്രഹം ഉള്ള വനും, ഇല്ലാത്തവനും അവന്റെ അദ്ധ്വാനം കൊണ്ടോ സമ്പത്തുകൊ ണ്ടോ , സമയം കൊണ്ടോ അവന്റെ സഹായം ആവശ്യമുള്ള സഹജീവികളെ തിരിഞ്ഞുനോക്കുന്നേ ഇല്ല .പകരം ദൈവത്തെ ശുശ്രൂഷിക്കാനും ,പരിപാലിക്കാനും ,ദൈവചിഹ്നങ്ങളെ നിലനിർ ത്താനും വേണ്ടിയുള്ള (സ്വന്തം സഹജീവികളെ മറന്നു കൊണ്ട്) പര ക്കം പാച്ചിലിലാണ്.

ആത്മീയത ഇങ്ങനെയിരിക്കുന്നിടത്തോളം കാലം മാനവിക ഐക്യം സാധ്യമല്ല .മനുഷ്യന്റെ അദ്ധ്വാനവും ,സമ്പത്തും ,സമയവും അവന്റെ തന്നെ സഹജീവികൾക്കാണാവശ്യം എന്നു മനസ്സിലാകാ ത്ത കാലത്തോളം ആത്മീയത നേരാവുകയില്ല .

മാനവിക ഐക്യം നിലവിൽ വരാത്തിടത്തോളം കാലം സം ഘർഷങ്ങൾ നിലനിൽക്കുക തന്നെ ചെയ്യും . മാനവിക ഐക്യം നി ലവിൽ വരാത്തിടത്തോളം അതിന്റെ ഭവിഷ്യത്ത് സമ്പന്നനും ദരിദ്ര നും എല്ലാവരും അനുഭവിക്കേണ്ടി വരിക തന്നെ ചെയ്യും .

അതുകൊണ്ട് നന്മയുടെ കാര്യത്തിൽ കിടമത്സരം നടത്തുന്ന ആത്മീയതയാണ് നമുക്ക ആവശ്യം . ദൈവത്തിന്റെ പേരിൽ തിന്മ യിൽ വ്യാപൃതരായവർ യഥാർത്ഥത്തിൽ പിശാചിന്റെ ആളുകളാ ണെന്നു നാം തിരിച്ചറിയണം .മാനവിക ഐക്യം കൊണ്ടുവരേണ്ട ത് ദൈവം തന്നെയാണ്. പക്ഷെ ദൈവം അങ്ങനെ കൊണ്ടുവരണ മെങ്കിൽ യുക്തിഭദ്രവും ക്രമനിബദ്ധവുമായ ധർമ്മതിന്റ്മേൽ ഊന്നിയ ഒരു ആത്മീയത കൊണ്ടേ കഴിയുകയുള്ളൂ. എല്ലാ ഫലസിദ്ധകൾക്കും അതിന്റേതായ ഉപാധികൾ പൂർത്തീയാക്കേണ്ടതുണ്ടല്ലോ? ആത്മീ യത് ദൈവീകത എന്ന പേരിൽ എന്തെങ്കിലും കാട്ടിക്കൂട്ടിയതുകൊ ണ്ട് ഫലസിദ്ധി ലഭിക്കുകയില്ല .

## ദരിദ്രരുടെ മോചനം

أَرَءَيْتَ ٱلَّذِى يُكَذِّبُ بِٱلدِّينِ ﴿١﴾

فَذَٰلِكَ ٱلَّذِى يَدُعُّ ٱلْيَتِيمَ ﴿٢﴾

وَلَا يَحُضُّ عَلَىٰ طَعَامِ ٱلْمِسْكِينِ ﴿٣﴾

“അറഅയ്തല്ലദീ യുകദ്ദിബു ബിദ്ദീൻ ഫദാലികല്ലദീ യദുഉൽയതീം

വലായഹ്ളള്ള അ ലാ ത്വആമിൽ മിസ്കീൻ"

“ഈ ദീനിനെ കളവാക്കുന്നവനെ നീ കണ്ടുവോ? അവനാണ് അനാഥയെ തട്ടിമാറ്റുകയും അഗതിയെ ഭക്ഷിപ്പിക്കാൻ പ്രേരിപ്പിക്കാതിരിക്കുകയും ചെയ്യുന്നവൻ "(107: 1-3)

ലോകത്തിൽ വലിയ വിഭാഗം ജനങ്ങൾ ഒരു നേരത്തെ ആഹാരം പോലും ലഭിക്കാതെ ദുരിതമനുഭവിക്കുന്നതായി സ്ഥിതി വിവരണക്കണക്കുകളിൽ കാണാം.മുസ്ലിം ഭൂരിപക്ഷമുള്ള നിരവധി രാജ്യങ്ങൾ അവക്കിടയിലുണ്ട്. അവയോടു അതിരു പങ്കിടുന്ന സമ്പൽസമൃദ്ധമായ മുസ്ലിം രാജ്യങ്ങളുമുണ്ട്. ഒരു ഭൂഖണ്ഡവും ഇതിനു അപവാദമല്ല . ഇന്ത്യയിലേക്കു വരുമ്പോൾ കാര്യങ്ങൾ കുറേക്കൂടി സങ്കീർണ്ണമാണ്. മറ്റു രാജ്യങ്ങളിൽ പലതിലും ഏകാധിപത്യങ്ങളോ ആഭ്യന്തര കലാപങ്ങളോ, കാലാവസ്ഥയോ ഒക്കെ കാരണമാണെങ്കിൽ ഇന്ത്യയിലെ സ്ഥിതി ആ കാര്യങ്ങളിൽ താരതമ്യേന ഭേദപ്പെട്ടതാണ് .എന്നിട്ടു പോലും ലോകത്തെ രണ്ടാമത്തെ മുസ്ലിം ഭൂരിപക്ഷമായ ഈ രാജ്യത്ത് മുസ്ലിംകളുടെ സ്ഥിതി ആദിവാസി, ദളിത് വിഭാഗങ്ങളേക്കാൾ ദയനീയമാണ് .ആദിവാസികളുടെയും ദളിതരുടേയും, മറ്റനവധി പിന്നോക്ക ജനവിഭാഗങ്ങളുടെയും കര്യമാകട്ടെ അത്യന്തം ക്ലേശകരമാണ് .

ലോകത്ത് ജീവിച്ചിരിക്കുന്ന എല്ലാവർക്കും സുഭിക്ഷമായി കഴിയാൻ തക്ക വിഭവസമൃദ്ധി ഇവിടെയുണ്ടെങ്കിലും വളരെ ചെറിയ ഒരു ന്യൂനപക്ഷം അവ കയ്യടക്കി വെച്ചിരിക്കുകയാണ് നൂറ്റാണ്ടുകളായി. ഈ ന്യൂനപക്ഷങ്ങളിൽ പലർക്കും അവരുടെ സമ്പത്ത് എങ്ങനെ വിനിയോഗിക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ ഒരു രൂപരേഖയോ ,അവരുടെ മതസംഹിതകളിൽ അതിനെക്കുറിച്ച് സമഗ്രമായ ഒരു കാഴ്ചപ്പാടോ ഇല്ലാത്തവരാണ് .എന്നാൽ മുസ്ലിംകൾ എന്നവകാശപ്പെടുന്നവരും ഇസ്ലാമിന്റെ നിലനിൽപ് തങ്ങളുടെ ചുമലുകളിലാണെന്ന് ധരിച്ചിരിക്കുന്നവരും ധനവിനിയോഗത്തിന്റെ കാര്യത്തിൽ കുറ്റകരമായ നിഷ്ക്രിയത്വം പാലിക്കുന്നതിന്റെ ഫലമാ

യിട്ടുകൂടിയാണ് ലോകത്തിന്റെ ഈ ദുർഗതി.

കേവല അനുഷ്ഠാനങ്ങളുടേയും ആചാരങ്ങളുടേയും ആരാധനാകർമ്മങ്ങളുടേയും കാര്യത്തിൽ പ്രമാണങ്ങളെ ആധാരമാക്കി വെല്ലുവിളി നടത്തുന്ന ഇവർക്ക് അവരുടെ കയ്യിലുള്ള അതേ പ്രമാണം ദരിദ്രരുടേയും, അനാഥകളുടേയും, ദുർബലരുടേയും മോചനത്തിന് എന്ത് പ്രതിവിധിയാണ് നിർദ്ദേശിക്കുന്നത് എന്ന കാര്യത്തിൽ തികഞ്ഞ മൗനത്തിലാണ്. ചെറിയ പെരുന്നാൾ ദിവസം കൊടുക്കുന്ന നാഴിയരിയും വലിയ പെരുന്നാൽ ദിവസം കൊടുക്കുന്ന മൂരിയിറച്ചിയും മാത്രമാണ് പ്രധാനമായും ഇവരുടെ ദാരിദ്രനിർമ്മാജ്ജന പ്രവർത്തനങ്ങൾ .

ലോകത്തിന്റെ നാനാഭാഗങ്ങളിൽ ദാരിദ്ര്യം കൊണ്ടും നിരക്ഷരത കൊണ്ടും ആഭ്യന്തര കലാപങ്ങൾക്കൊണ്ടും മുസ്ലിംജനത പൊറുതി മുട്ടുമ്പോൾ മതമേധാവികൾക്ക് പ്രധാനപ്രശ്നമായി തോന്നുന്നത് ഫ്രാൻസിൽ പർദ്ദ നിരോധിച്ചതും യൂറോപ്പിലെ മിനാരങ്ങൾക്കെതിരായ നിയമങ്ങളും, പ്രവാചകനെ അപകീർത്തിപ്പെടുത്തുന്ന കാർട്ടൂണുകളുമൊക്കെയാണ് . ദാരിദ്ര്യ നിർമ്മാർജ്ജനത്തിനു ഇവരുടെ പരിപാടി ചെറിയ ചെറിയ സദഖകളും ,ഭിക്ഷകളും മാത്രമാണ് .ഇവ കൊണ്ടാവട്ടെ ദാരിദ്ര്യം നിലനിർത്താനല്ലാതെ അതില്ലാതാക്കാൻ യാതൊരു ഉപകാരവും ചെയ്യില്ല .

ഇന്നു സമൂഹത്തിൽ പൊതുവായി കാണുന്ന ഒരു പ്രവണത ധനികർ അവരുടെ സമ്പത്തിന്റെ വിഹിതങ്ങൾ സക്കാത്ത് സമാഹരണം എന്ന പേരിൽ അവരെ സമീപിക്കുന്ന മതസംഘടനകൾക്ക് (അവർക്കു അംഗത്വമുള്ള പ്രസ്ഥാനങ്ങൾക്കുമാത്രം) മൊത്തമായി

۞ لَّيْسَ ٱلْبِرَّ أَن تُوَلُّوا۟ وُجُوهَكُمْ قِبَلَ ٱلْمَشْرِقِ وَٱلْمَغْرِبِ وَلَٰكِنَّ ٱلْبِرَّ مَنْ
ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ وَٱلْمَلَٰٓئِكَةِ وَٱلْكِتَٰبِ وَٱلنَّبِيِّـۧنَ وَءَاتَى
ٱلْمَالَ عَلَىٰ حُبِّهِۦ ذَوِى ٱلْقُرْبَىٰ وَٱلْيَتَٰمَىٰ وَٱلْمَسَٰكِينَ وَٱبْنَ
ٱلسَّبِيلِ وَٱلسَّآئِلِينَ وَفِى ٱلرِّقَابِ وَأَقَامَ ٱلصَّلَوٰةَ وَءَاتَى ٱلزَّكَوٰةَ
وَٱلْمُوفُونَ بِعَهْدِهِمْ إِذَا عَٰهَدُوا۟ ۖ وَٱلصَّٰبِرِينَ فِى ٱلْبَأْسَآءِ
وَٱلضَّرَّآءِ وَحِينَ ٱلْبَأْسِ ۗ أُو۟لَٰٓئِكَ ٱلَّذِينَ صَدَقُوا۟ ۖ وَأُو۟لَٰٓئِكَ هُمُ
ٱلْمُتَّقُونَ ﴿١٧٧﴾

നൽകുന്നു . ഈ പ്രവർത്തിയിലൂടെ ഈ ധനികർ അവരുടെ തന്നെ കുടുംബത്തിലെ വലഞ്ഞവരേയും, ദരിദ്രരായ അയൽവാസികളേയും അവഗണിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ സംഘടനകൾക്കോ പുരോഹിതന്മാർക്കോ ധനം നൽകേണ്ടതിനെക്കുറിച്ച് ഖുർആൻ പറയുന്നില്ല താനും. പരമകാരുണികൻ പറയുന്നതു കാണുക:-

"ലൈസൽ ബിർറ അൻതുവല്ലൂ വുജൂഹക്കും ഖിബലൽമശരിഖി വൽമഗ് രിബി വ ലാകിന്നൽ ബിർറ മൻ ആമന ബില്ലാഹി വൽയൗമിൽ ആഖിരി വൽമലാഇക്ക ത്തി വൽകിതാബി വന്നബിയ്യീന വആതൽമാല അലാഹുബ്ബിഹീ ദവിൽ ഖുർബാ വൽയതാമാ വൽമസാക്കീന വബ്നസ്സബീലി വസ്സാഇലീന വഫിർരിഖാബി വഅ ഖാസ്സ്വലാത്ത വആതസ്സക്കാത്ത വൽമൂഫൂന ബി അഹ്ദിഹിം ഇദാ ആഹദൂ വസ്സാബിരീന ഫിൽബഅ്സാഇ വള്ളർറാഇ വ ഹീനൽബഅ്സി ഉലാഇക്കല്ലദീന സദഖൂ വ ഉലാഇക്ക ഹുമുൽ മുത്തഖൂൻ"

"കിഴക്കോട്ടോ പടിഞ്ഞാറോട്ടോ നിങ്ങളുടെ മുഖങ്ങൾ തിരിക്കുന്നതിൽ പുണ്യമില്ല .പക്ഷെ പുണ്യം ദൈവത്തെക്കൊണ്ടും,അന്തിമഫലത്തെക്കൊണ്ടും മലക്കുകളെക്കൊണ്ടും വേദത്തെക്കൊണ്ടും പ്രവാചകന്മാരെക്കൊണ്ടും വിശ്വസിക്കുകയും ധനത്തോടു പ്രിയമുണ്ടായിരിക്കെ അത് അടുത്ത ബന്ധുക്കാർക്കും അനാഥർക്കും അഗതികൾക്കും ദൈവീക മാർഗ്ഗപുത്രനും അപേക്ഷകർക്കും .... കൊടുത്ത് ദൈവീക മാർഗ്ഗനിർദ്ദേശങ്ങളെ പിന്തുടർന്നു ജീവിക്കുന്ന ഒരു മാതൃകാ സമൂഹത്തെ സ്ഥാപിക്കുകയും ദൈവീക സംസ്കാരം കൊണ്ടുവരികയും ,ദുരിതത്തിലും ഉപദ്രവത്തിലും കഠിനഘട്ടത്തിലും പരിശ്രമിക്കുന്നവരോടൊന്നിച്ച് തങ്ങൾ ഉടമ്പടി ചെയ്താൽ ആ കരാറുകൾ പൂർത്തീകരിക്കുകയും ചെയ്യുവരാണ് സത്യസന്ധന്മാർ . അവർതന്നെയാണ് മുത്തഖികൾ (2:177)

സമൂഹത്തിലെ ധനസ്ഥിതി മെച്ചപ്പെട്ട എല്ലാവരും ഏതെങ്കിലും ഒരു മതസംഘടനയുടെ പക്ഷതതാണെന്നു കാണാം . മത സംഘടനകൾ ധനികരെ തങ്ങളുടെ പക്ഷത്തേക്ക് അടുപ്പിക്കാനും നില നിർത്താനും വേണ്ടി അശ്രാന്തപരിശ്രമമാണ് ചെയ്യുന്നത്. അങ്ങ

നെ ചെയ്യുന്നതിന്റെ ഫലമായി ഏതാണ്ട് എല്ലാ സംഘടനകൾക്കും കോടിക്കണക്കിനു രൂപയുടെ ആസ്തിയുള്ളതായി കാണാം .ഏതെങ്കിലും ഒരു സാമ്പത്തിക പരാധീനക്കാരൻ സഹായഭ്യർത്ഥനയുമായി ഇവരെ സമീപിച്ചാൽ പഞ്ചായത്തിലോ മറ്റ സർക്കാർ സഹായ പദ്ധതികളിലോ പോയി നോക്കാൻ പറഞ്ഞ് കയ്യൊഴിയുകയാണ് പതിവ്.

സാമ്പത്തികമായി ഏതാണ്ട് രാജ്യത്തെ കോർപ്പറേറ്റ് കമ്പനികളിലേതിനു തുല്ല്യമായ സാമ്പത്തിക നിലവാരത്തിലെത്തിച്ചേർന്ന ഈ സംഘടനകൾ അതാത് സമൂഹങ്ങളെ തങ്ങളാണ് സേവിക്കുന്നത് എന്ന പേരിൽ ഭീമമായ നികുതിയിളവുകൾ നേടുന്നു .എന്നിട്ട് സമൂഹ മധ്യത്തിൽ മതപ്രവർത്തനം എന്ന പേരിൽ കോടികൾ ധൂർത്തടിക്കുന്ന സമ്മേളന മാമാങ്കങ്ങളും കാൽനടജാഥകളും കാമ്പയിൻ എന്ന പേരിൽ അനേകം കോലാഹലങ്ങളും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു .

യഥാർത്ഥത്തിൽ വിശ്വാസിസമൂഹത്തിനു യാതൊരു സംഭാവനകളും ഇവർ നൽകുന്നില്ല .പകരം അവർ അവരുടെ സംഘടനകളുടെ ആസ്തി വർദ്ധിപ്പിക്കുക മാത്രമാണ് ഇവരുടെ ലക്ഷ്യം. വിശ്വാസികളിൽ നിന്നും സമാഹരിച്ച സമ്പത്ത് മൂലധനമാക്കി ഇവർ ആരംഭിക്കുന്ന വൻകിട സ്ഥാപനങ്ങളിൽ വിശ്വാസിക്ക് ഇവർ നൽകുന്ന ആനുകൂല്ല്യങ്ങൾ നാമമാത്രമാണ് .അതിന്റെ പേരിലും സർക്കാറുകളിൽ നിന്നും ആനുകൂല്ല്യങ്ങൾ വാരിക്കൂട്ടുന്നു .മറ്റ സമുദായങ്ങൾക്ക് മുസ്ലിംകളുടെമേൽ ശത്രുതയും വൈരാഗ്യവും വളർത്താനല്ലാതെ അവശതയനുഭവിക്കുന്ന മുസ്ലിംകളുടെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നു പോലും പരിഹരിക്കപ്പെടുന്നില്ല .എന്നാൽ ഖുർആനിലുടനീളം നാം പരിശോധിച്ചാലും അവശതയയനുഭവിക്കുന്ന മനുഷ്യർക്ക് നൽകേണ്ടതിനെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത് എന്നു നമുക്കു കാണാനും കഴിയും

അവരുടെ പ്രശ്നങ്ങൾ പഠിക്കാൻ മതേതര സർക്കാറുകൾ നിയോഗിക്കുന്ന നരേന്ദ്രൻ കമ്മീഷനോ സച്ചാർ കമ്മീഷനോ വേണം.അത്തരം കമ്മീഷനുകൾ ചൂണ്ടിക്കാണിക്കുന്ന അരക്ഷിതാവസ്ഥകളെക്കുറിച്ച് പഠിക്കലോ പരിഹരിക്കലോ ഈ മതസംഘടനകളുടെ അജണ്ടയിലില്ല . ഇവരുടെ കയ്യിലുള്ള സമ്പത്ത് അതിനൊന്നും വേണ്ടിയുള്ളതല്ല .പകരം ഇവർക്ക് ആർഭാടത്തിനും ധൂർത്തിനും മാത്രമുള്ളതാണ്. ചിലസംഘടനകൾ വല്ലപ്പോഴുമുണ്ടാകാറുള്ള കലാപങ്ങളിലോ പ്രകൃതിക്ഷോപങ്ങളിലോ അകപ്പെടുന്നവർക്ക് ചില താൽക്കാലിക സഹായങ്ങളൊക്കെ ചെയ്തുകൊടുക്കുന്നത് കാണാറുണ്ട് .അങ്ങനെ ചിലവഴിക്കുന്നതിന്റെ പത്തിരട്ടി സന്മനസ്സുള്ളവരിൽ നിന്നും പിരിച്ചെ ടുക്കാറുമുണ്ട്.

സച്ചാർ കമ്മീഷന്റെയും രംഗനാഥ് മിശ്ര കമ്മീഷന്റെയും മറ്റും മുസ്ലിം ദാരിദ്ര്യത്തെക്കുറിച്ചും പിന്നോക്കാവസ്ഥയെക്കുറിച്ചും മുസ്ലിംകൾക്കു ജോലിയിൽ സംവരണം ലഭിക്കേണ്ടതിനെക്കുറിച്ചുമെല്ലാമുള്ള റിപ്പോർട്ടുകൾ ഉടനടി നടപ്പാക്കണമെന്നും കേന്ദ്രസംസ്ഥാന സർക്കാറുകളുടെ, മേൽ പറഞ്ഞ റിപ്പോർട്ടുകളിന്മേലുള്ള അനാസ്ഥ അക്ഷന്തവ്യമാണെന്നും ഒക്കെ ചില മുസ്ലിം നേതാക്കൾ പറയാറുണ്ട്. മറ്റു ചില മുസ്ലിം നേതാക്കൾക്ക് ഇത്തരം റിപ്പോർട്ടുകൾ തന്നെ എന്താണെന്ന് അറിയാത്തവരുമാണ് . എങ്ങനെയായാലും രാജ്യത്തെ ഏറ്റവും പ്രബലമായ ന്യൂനപക്ഷത്തിന്റെ ദാരിദ്ര്യം നിർമ്മർജ്ജനം ചെയ്യാൻ കേന്ദ്രമോ സംസ്ഥാനമോ കനിയണം എന്ന കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല .

സച്ചാർകമ്മീഷനോ, രംഗനാഥമിശ്രകമ്മീഷനോ ,മതേതരസർക്കാറുകൾക്കോ ഉള്ളതിനേക്കാൾ ഉയർന്ന ഉത്തവാദിത്തമാണ് ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമിനോടുള്ളത്.

ഇവിടെയാണ് ദാരിദ്ര്യനിർമ്മാർജ്ജനത്തിന് പരിശുദ്ധ ഖുർആൻ മുന്നോട്ടുവെക്കുന്ന ധനവിനിമയ സംവിധാനം പ്രസക്തമാകു

ന്നത്. ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യപ്പെടേണ്ടത് മുസ്ലിംകളുടെ ഇടയിൽ നിന്നു മാത്രമല്ല അല്ലാഹുവിനു അനുസരിച്ചവരും അല്ലാത്തവരുമായ മുഴുവൻ ജനതയുടേതുമാണ് എന്നിരിക്കെ മുസ്ലിംകളുടെ ദാരിദ്ര്യത്തെക്കുറിച്ചു മാത്രം ഉൽക്കണ്ഠ കാണിക്കുന്നതു തന്നെ ഖുർആൻ വിരുദ്ധമായ അനീതിയാണ് .കാരണം ഖുർആനിലെവിടെയും ദരിദ്രനെ മുസ്ലിംകളെന്നോ അമുസ്ലിംകളെന്നോ വേർപ്പെടുത്തി കാണുന്നില്ല . മാത്രമല്ല കേന്ദ്രമായാലും സംസ്ഥാനമായാലും സർക്കാറുകളുടെ കൈവശമുള്ള ധനം ഇന്ത്യയെപ്പോലുള്ള ഒരു മതേതര രാജ്യത്തെ സംബന്ധിച്ചിടത്തോളം എൺപതിലധികം ശതമാനം വരുന്ന മുസ്ലിംകളല്ലാത്തവരിൽ നിന്നും പിരിച്ചെടുക്കുന്ന നികുതിപ്പണമാണെന്ന് മനസ്സിലാക്കണം .അതിൽ നിന്നും മുസ്ലിംകളുടെ മാത്രം ദാരിദ്ര്യനിർമ്മാർജ്ജനത്തിന് ചെലവഴിക്കുക എന്നത് തന്നെ മറ്റൊരു അനീതിയാണ് .(ഒരു സർക്കാറും മുസ്ലിംകൾക്കു മാത്രമായി അങ്ങനെ ഒരു ചെലവ് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല എന്നത് മറ്റൊരു കാര്യം .വോട്ടു ബാങ്ക ലക്ഷ്യമാക്കിയുള്ള മൂന്നാംകിട രാഷ്ട്രീയ സ്റ്റണ്ടു മാത്രമാണ് അത് എന്ന് ഈ പാവങ്ങൾ ഉണ്ടോ അറിയുന്നു )

ഖുർആൻ പ്രമാണമായി സ്വീകരിച്ച ആർക്കും സ്വയം പര്യാപ്ത നേടുന്നതിലൂടെയല്ലാതെ ബാഹ്യശക്തികളിൽ നിന്ന് സഹായം ലഭിക്കുമെന്നു വ്യാമോഹിക്കാൻ കഴിയുമെന്നു തോന്നുന്നില്ല .മുസ്ലിം സമൂഹത്തെ ആഗോള തലത്തിൽ നിരീക്ഷിക്കുമ്പോൾ അവർ അത്രയൊന്നും ദരിദ്രർ അല്ലെന്നു മാത്രമല്ല അതിസമ്പന്നർ തന്നെയാണെന്നും കാണാം. ഖുർആന്റെ വിധിവിലക്കുകൾക്കനുസൃതമായി അവരുടെ സമ്പത്തിനെ വിനിയോഗം ചെയ്തിരുന്നുവെങ്കിൽ മുസ്ലിംകളുടെ ദാരിദ്ര്യം മാത്രമല്ല ലോക ജനതയുടെ തന്നെ ദാരിദ്ര്യത്തിനു പരിഹാരമാകുമയിരുന്നു . ബാഹ്യശക്തികളിൽ നിന്നും സഹായം പ്രതീക്ഷിക്കുന്നുവെങ്കിൽ അത് അല്ലാഹുവിൽ നിന്നു മാത്രമായിരിക്കണം . പക്ഷെ ആ വിഷയത്തിൽ അവൻ അറിയിച്ചു തന്ന മാർഗ്ഗ

നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം അത്.

പദാർത്ഥങ്ങൾക്കു നേരിടുന്ന ദൗർലഭ്യവും ദാരിദ്ര്യവും താൽക്കാലികം മാത്രമാണ് . ചിന്താപരവും ബുദ്ധിപരവുമായ ദാരിദ്ര്യവുമായി തട്ടിച്ചു നോക്കുമ്പോൾ . ഭക്ഷ്യപാനീയങ്ങളെക്കുറിച്ചുള്ള ഖുർആന്റെ പരാമർശങ്ങൾ പലതും ആമാശയത്തിലേക്കുള്ള ഭക്ഷ്യപാനീയങ്ങളെക്കുറിച്ചല്ല എന്നു കാണാം. മറിച്ച് അറിവിന്റെയും വിശ്വാസത്തിന്റെയും ചിന്തയുടെയും മറ്റും അഭാവത്തെക്കുറിച്ചാണ് അതു പരാമർശിക്കുന്നത്. ഇമാം ശാഫിഇയുടെ ഒരു പദ്യം ഇപ്പോഴത്തെ സ്കൂൾ പാഠ്യപദ്ധതിയിലുണ്ട്. ആ പദ്യത്തിൽ ഒരു വരിയിൽ പറയുന്നത് പിതാവു മരിച്ചവനല്ല അനാഥ മറിച്ചു അറിവും സംസ്കാരവും ഇല്ലാത്തവനാണ് അനാഥ എന്നാണ് .

يَٰٓأَيُّهَا ٱلنَّاسُ كُلُوا۟ مِمَّا فِى ٱلْأَرْضِ حَلَٰلًا طَيِّبًا وَلَا تَتَّبِعُوا۟ خُطُوَٰتِ ٱلشَّيْطَٰنِ ۚ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿١٦٨﴾

إِنَّمَا يَأْمُرُكُم بِٱلسُّوٓءِ وَٱلْفَحْشَآءِ وَأَن تَقُولُوا۟ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴿١٦٩﴾

“യാ അയ്യുഹന്നാസ് കുലൂ മിമ്മഫിൽ അർളി ഹലാലൻ ത്വയ്യിബൻ വലാ തത്തബിഊ ഗുതുവാത്തിശ്ശൈത്താനി ഇന്നഹു ലക്കും അദുവ്വുൻ മുബീൻ . ഇന്നമാ യഅമുറുക്കും ബിസ്സൂഇ വൽഫഹ്ശാഇ വഅൻതഖൂലൂ അലല്ലാഹി മാലാ തഅലമൂൻ "

“ ഓ മനുഷ്യരെ ഭൂമിയിലുള്ളതിൽ നിന്നും അനുവദനീയവും ,നല്ലതുമായതും നിങ്ങൾ ഭക്ഷിക്കുകയും എന്നാൽ പിശാചിന്റെ കാലടികൾ പിന്തുടരാതിരിക്കുകയും ചെയ്യുവീൻ .അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണ് .ചീത്തയും ഇസ്ലാമിക വിരുദ്ധവും ദൈവത്തിൽ പങ്കുചേർക്കാനും ദൈവത്തിന്റെ പേരിൽ നിങ്ങൾക്കറിയാത്തത് പറയാനും മാത്രമെ അവനോടു നിങ്ങളോടു കൽപിക്കുകയുള്ളൂ "(2:168-169)

".... ...وَأُشْرِبُوا فِي قُلُوبِهم العجْل بِكُفْرِهِم....."

“വ ഉശ രിബൂ ഫീ ഖുലൂബിഹിമുൽ ഇജ്ല ബി കുഫ് രിഹിം..”

ഈ വചനത്തിൽ ഇസ്രായീലരുടെ നിഷേധം കാരണം അവർ ചമച്ചുണ്ടാക്കിയ കാര്യങ്ങൾ അവരുടെ ഹൃദയങ്ങളിൽ കുടിപ്പിക്കപ്പെട്ടു എന്നു പറയുന്നത് ഏതായാലും ആമാശയത്തിലേക്കുള്ള കുടിപ്പിക്കപ്പെടലല്ല എന്നുറപ്പാണ് .സാമ്പ്രാദായിക വ്യാഖ്യാതാക്കൾ അംഗീകരിച്ചില്ലെങ്കിലും ,ഖുർആൻ ആശയ തലത്തിൽ വായിക്കപ്പെടേണ്ട ഗ്രന്ഥമാണെന്നുള്ളതു കൊണ്ട് അതിൽ പറയുന്ന തീറ്റയും കുടിയുമെല്ലാം അധിക സ്ഥലങ്ങളിലും ആശയങ്ങളുടെതാണ് .പിശാച് ചീത്തയും, ദൈവീക വിരുദ്ധവും, അവനിൽ പങ്കു ചേർക്കാനും അവന്റെമേൽ അവൻ പറയാത്തതു പറയാനും മാത്രമെ കൽപിക്കുകയുള്ളു എന്നു പറഞ്ഞാൽ സാധാരണ ആമാശത്തിലേക്കുള്ള തീറ്റയും കുടിയുമൊന്നും പിശാച് കൽപിക്കുകയില്ല എന്നതു വ്യക്തമാണല്ലോ?

ഖുർആന്റെ വിധവിലക്കുകളനുസരിച്ച് ദാരിദ്ര്യനിർമ്മാർജ്ജനത്തിന് സംഘടനാ പക്ഷപാതിത്ത്വം ബാധിച്ച ധനികരോ കേവല ആചാരാനുഷ്ഠാനങ്ങൾക്കു മാത്രം ബന്ധപ്പെടുന്ന മതസംഘടനകളോ മുന്നിട്ടിറങ്ങുമെന്നു പ്രതീക്ഷിക്കുക വയ്യ.

എല്ലാ അർത്ഥത്തിലുമുള്ള ദാരിദ്ര്യങ്ങൾ അതിഭീഷണമായ രൂപത്തിൽ നമ്മെ തുറിച്ചു നോക്കുകയാണ്. ആചാരങ്ങളുടെയോ, അനുഷ്ഠാനങ്ങളുടെയോ, പ്രർത്ഥനകളുടേയോ ഒരു സമാഹാരമല്ല ഖുർആൻ .അതു അങ്ങനെ തന്നെയാണെന്ന് പാരമ്പര്യ വാദികളും സമ്മതിക്കുന്ന ഈ ഘട്ടത്തിലാണ് സമൂഹത്തിന്റെ മേൽപറഞ്ഞ ദുരവസ്ഥകളെക്കുറിച്ച് ഖുർആൻ വല്ലതും പരാമർശിക്കുന്നുണ്ടോ വല്ല പരിഹാരനിർദ്ദേശങ്ങളും അതു മുന്നോട്ടു വെക്കുന്നുണ്ടോ എന്നും പരിശോധിക്കേണ്ടത്.

۞ إِنَّ ٱللَّهَ يَأۡمُرُ بِٱلۡعَدۡلِ وَٱلۡإِحۡسَٰنِ وَإِيتَآيِٕ ذِي ٱلۡقُرۡبَىٰ وَيَنۡهَىٰ عَنِ ٱلۡفَحۡشَآءِ وَٱلۡمُنكَرِ وَٱلۡبَغۡيِۚ يَعِظُكُمۡ لَعَلَّكُمۡ تَذَكَّرُونَ ۝٩٠

“ഇന്നല്ലാഹ യഅമുറു ബിൽഅദ് ലി വൽ ഇഹ്സാനി വ ഈതാഇ ദിൽഖുർബാ വയൻഹാ അനിൽഫഹ്ശാഇ വൽമുൻകരി വൽബഗ് യി ലഅല്ലക്കും തദക്കൂൻ "

“തീർച്ചയായും ദൈവം നീതിയും സുകൃതവും ഉറ്റബന്ധക്കാർക്കുള്ള ദാനവും കൽപിക്കുകയും, ദൈവീക വിരുദ്ധപ്രവർത്തനങ്ങളും, വെറുക്കപ്പെട്ട പ്രവർത്തനവും, അതിക്രമവും നിരോധിക്കുകയും ചെയ്യുന്നു . നിങ്ങൾ ഉൽബുദ്ധരാകുവാൻ വേണ്ടി അവൻ നിങ്ങളെ ഉണദോഷിക്കുകയാണ്"(16:90)

ധനികരുടെ ധനത്തിന്റെ വിഹിതം ദരിദ്രർക്കും അടുത്ത ബന്ധുക്കൾക്കും അനാഥകൾക്കും ,ദുർബലർക്കും എത്തിച്ചേരേണ്ടതിനെക്കുറിച്ച് പ്രതിപാദിക്കാത്ത ഒരധ്യായം പോലും വളരെ വിരളമാണ് .ഈ അധ്യായത്തിന്റെ തുടക്കത്തിലെ വചനങ്ങളിൽ അനാഥകളുടെയും, സാധുക്കളുടെയും ആഹാരത്തിനു പ്രേരിപ്പിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യാത്തവർക്കെതിരെ മതനിഷേധിയെന്ന കടുത്ത ഭാഷയാണ് ദൈവം പ്രയോഗിച്ചിട്ടുള്ളത്.

സമ്പത്ത് ഒരു ഒറ്റപ്പെട്ട ധനികന്റെ കയ്യിൽ കെട്ടിക്കിടക്കുന്നതുപോലെ ദോഷകരമാണ് മതസംഘടനയുടെ പറ്റിൽ കുമിഞ്ഞുകൂടിക്കിടക്കുന്നതും .രണ്ടിലും സാധാരണക്കാരന് ഉണമൊന്നുമില്ല . സമ്പത്ത് സദാ കറങ്ങികൊണ്ടിരിക്കണം .സമൂഹത്തിലെ മുഴുവൻ പേരും ഏറിയും കുറഞ്ഞും അതിലെ കൈകാര്യകർത്താക്കളും ഉണഭോക്താക്കളുമാകുമ്പോഴെ സമ്പത്ത് അതിന്റെ ഉണം പ്രദാനം ചെയ്യുന്നൊള്ളൂ. അങ്ങനെയൊരു വ്യവസ്ഥിതിയെക്കുറിച്ച് ആധുനിക സാമ്പത്തിക വിദഗ്ദന്മാർ ഇപ്പോൾ വിശദീകരിക്കുന്നുണ്ടെങ്കിലും ഖുർആൻ ആയിരത്തിനാനൂറുകൊല്ലങ്ങൾക്കു മുമ്പ

തന്നെ ഇത് വ്യക്തമാക്കുകയുണ്ടായി.പരമകാരുണികൻ പറയുന്നതു കാണുക :-

مَّآ أَفَآءَ ٱللَّهُ عَلَىٰ رَسُولِهِۦ مِنْ أَهْلِ ٱلْقُرَىٰ فَلِلَّهِ وَلِلرَّسُولِ وَلِذِى ٱلْقُرْبَىٰ
وَٱلْيَتَٰمَىٰ وَٱلْمَسَٰكِينِ وَٱبْنِ ٱلسَّبِيلِ كَىْ لَا يَكُونَ دُولَةًۢ بَيْنَ ٱلْأَغْنِيَآءِ
مِنكُمْ ۚ وَمَآ ءَاتَىٰكُمُ ٱلرَّسُولُ فَخُذُوهُ وَمَا نَهَىٰكُمْ عَنْهُ فَٱنتَهُوا۟ ۚ وَٱتَّقُوا۟
ٱللَّهَ ۖ إِنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ﴿٧﴾

“മാ ആഫാഅല്ലാഹ്ഹ അലാ റസൂലിഹീ മിൻ അഹ് ലിൽ കുറാ ഫലി ല്ലാഹി വലിർറസൂലി വലിദിൽഖുർബാ വൽയതാമാ വൽമസാക്കീ നി വബ് നിസ്സബീലി കയ് ലായക്കൂന ദൂലത്തൻ ബൈനൽ അഗ്നി യാഇ മിൻകും വമാ ആതാക്കുമുർറസൂലു ഫഗദൂഹ്ഹ വമാനഹാക്കും അൻഹു ഫൻതഹ്ഹ വത്തഖുല്ലാഹ ഇന്നല്ലാഹ ശദീദുൽ ഇഖാബ്''

ഈ വചനത്തിൽ ദൈവം പറയുന്നത് ഗ്രമക്കാരിൽ നിന്നും ലഭിച്ച ധനം പ്രവാചകനും അടുത്തബന്ധുക്കൾക്കും, അനാഥകൾക്കും സാധുക്കൾക്കും ദൈവീക വഴിയുടെ പുനഃസൃഷ്ടിക്കുവേണ്ടി പ്രവർത്തിക്കുന്നവർക്കുമാണെന്നു പറഞ്ഞശേഷം അതു ധനികരിൽ മാത്രം പരിമിതപ്പെടാതിരിക്കാൻ വേണ്ടിയാണെന്നും പറയുന്നു . കൂടാതെ ധനം ചിലവഴിക്കാൻ പറഞ്ഞ സ്ഥലങ്ങളിൽ അൻഫഖ എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. അതായത് ദൈവം നൽകിയ സമ്പത്തിൽ നിന്നും മറ്റുള്ളവർക്കും ലഭിക്കത്തക്ക രൂപത്തിൽ തുറന്നിടാണ് പറയുന്നത്.

സാമ്പത്തികശാസ്ത്രത്തിൽ സ്വന്തമായ നിലപാടുള്ള ഒരു ആത്മീയ പ്രസ്ഥാനവും ഉണ്ടെന്നു തോന്നുന്നില്ല .ഇസ്ലാമല്ലാതെ. എന്നിട്ടുപോലും ഫലപ്രദവും പ്രയോഗക്ഷമവുമായ ഒരു സാമ്പത്തിക രീതി മുസ്ലിംകൾക്കില്ലാതെ പോയതിന്റെ ഫലമായിട്ടാണ് മുസ്ലിം കൾ മാത്രമല്ല മുഴുവൻ ലോകവും ഈ ദാരിദ്ര്യം അനുഭവിക്കുന്നത് എന്നത് അതിശയോക്തിയല്ല .തികച്ചും ചൂഷണാധിഷ്ഠിതമായ സമ്പദ് ക്രമങ്ങളാണ് നൂറുശതമാനം മുസ്ലിംകൾ അധിവസിക്കുകയും

മുസ്ലിം രാജ്യങ്ങൾ എന്നു സ്വയം അവകാശപ്പെടുകയും സമ്പൽ സമൃദ്ധിയുടെ ഉത്തുംഗതയിൽ നിലകൊള്ളുന്ന രാജ്യങ്ങൾ പോലും ചെയ്യുന്നത്.

വിഭവങ്ങൾ വേണ്ടത്രയുണ്ടെങ്കിലും ബഹുഭൂരിപക്ഷത്തിന് ദാരിദ്ര്യം മാത്രവും വളരെ ചെറിയ ഒരു ന്യൂനപക്ഷത്തിനു അത്യാഡംബരങ്ങളും നൽകുന്നതാണ് പ്രസ്തുത സാമ്പത്തിക നിയമങ്ങൾ. മനുഷ്യത്വത്തിനോ, നീതിക്കോ അതു ഒരു വിലയും കൽപിക്കുന്നില്ല .

ലോകത്ത് മനുഷ്യർ പലതരം അദ്ധ്വാനങ്ങളിൽ ഏർപ്പെട്ടിരുന്നപ്പോഴും അവന്റെ ദാരിദ്ര്യങ്ങൾക്കോ ക്ലേശങ്ങൾക്കോ ഒരു കുറവും ഉണ്ടായിരുന്നില്ല . മതങ്ങളും അതിന്റെ അനുഷ്ഠാനങ്ങളും ശക്തമായി നിലനിൽക്കുമ്പോൾ തന്നെയാണ് ഈ അവസ്ഥയും ഉണ്ടായിരുന്നത് . മനുഷ്യരെ മൃഗങ്ങളേക്കാൾ ക്രൂരമാം വിധത്തിൽ പീഡിപ്പിച്ച് പണിയെടുപ്പിക്കുന്നതിനും അവർക്ക് പ്രാഥമിക സൗകര്യങ്ങൾ പോലും നൽകാതിരുന്നതിനും ഈ മതങ്ങൾ സാക്ഷിയായിരുന്നു .

കാറൽമാക്സിന്റെ മാനിഫെസ്റ്റോ ഇറങ്ങുന്നതുവരെയും ഈ അവസ്ഥ തുടർന്നു . അതിനു ശേഷം അതിവിദഗ്ദമായി മതങ്ങൾ അദ്ധ്വാനിക്കുന്നതിനു കൂലിക്കൊടുക്കണമെന്നു അവരുടെ മതത്തിൽ പറഞ്ഞിട്ടുണ്ടെന്നു പറയുകയുണ്ടായി. അതുവരെ അവർ പറഞ്ഞതാകട്ടെ അദ്ധ്വാനിക്കുന്നവന് പരലോകത്താണ് പ്രതിഫലമെന്നാണ് . ഭൂമിയിൽ അദ്ധ്വാനിച്ചതിന് പരലോകത്ത് പ്രതിഫലം കിട്ടുന്നതിന്റെ അയുക്തി , അത് പറയുന്ന മതവക്താക്കളോ അതിന്റെ ദൂഷ്യഫലം അനുഭവിക്കുന്ന അദ്ധ്വാനിക്കുന്ന ജനവിഭാഗമോ ഓർത്തതേ ഇല്ല .

അമേരിക്കയിൽ മഹാനായ അബ്രഹാം ലിങ്കൺ അടിമത്വത്തിനെതിരായ നിയമം കൊണ്ടുവരുന്നതുവരേയും ഭൂമുഖത്ത് സജീവമായ സകല മതങ്ങളും മനുഷ്യരെ മൃഗങ്ങളെപ്പോലെ ചാപ്പകുത്തി അടിമകളാക്കി വെച്ച കൊണ്ടിരിക്കുകയായിരുന്നു .മനുഷ്യാവകാശങ്ങൾക്ക് ഏറ്റവും വലിയ മൂല്യം കൽപിച്ചതും സത്യവും അസത്യവും വേർതിരി

ക്കാൻ വേണ്ടി അവതരിപ്പിക്കപ്പെട്ട ഖുർആനിന്റെ അനുയായികൾ പോലും ഈ അവസ്ഥ തുടർന്നു കൊണ്ടിരിക്കുകയും ഇന്നും യഥേഷ്ടം അനാഥസ്ത്രീകളെ വിവാഹം കഴിച്ച് അനുഭവിക്കാൻ ഇസ്ലാം അനുവദിക്കുന്നുണ്ടെന്ന് ഘോര ഘോരം പ്രസംഗിക്കുകയും അതിനു വേണ്ടി വാദിക്കുകയും ചെയ്യുന്നു.

അടിമത്വം പൂർണ്ണമായും അവസാനിച്ച എന്ന് ഇന്നും പറയാറായിട്ടില്ല . പട്ടിണികൊണ്ട് എരിപിരി കൊള്ളുന്ന സാധാരണക്കാരനോട് ചില മതങ്ങൾ പറഞ്ഞത് അത് അവന്റെ പൂർവ്വജന്മ പാപങ്ങൾ മൂലമാണെന്നും മറ്റു ചില മതങ്ങൾ പറഞ്ഞത് അതവന്റെ വിധിയാണെന്നുമാണ് . അവന്റെ ദാരിദ്ര്യത്തിനു കാരണം ഇവരുടെ ചൂഷണമാണെന്നോ അവരുടെ തന്നെ അജ്ഞത മൂലമാണെന്നോ ആരും തിരിച്ചറിഞ്ഞില്ല . കാലത്തിനൊത്ത് പുതിയ സൂത്രങ്ങൾ മെനഞ്ഞ് മനുഷ്യന്റെ അദ്ധ്വാനഫലത്തെ തട്ടിയെടുക്കാൻ മതങ്ങൾ സദാ ജാഗരൂകത കാണിച്ചിട്ടുണ്ട്. വിശുദ്ധഖുർആൻ ഈ കാര്യം പറയുന്നതു കാണുക :-

۞ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِنَّ كَثِيرًا مِّنَ ٱلْأَحْبَارِ وَٱلرُّهْبَانِ لَيَأْكُلُونَ أَمْوَٰلَ ٱلنَّاسِ بِٱلْبَٰطِلِ وَيَصُدُّونَ عَن سَبِيلِ ٱللَّهِ ۗ وَٱلَّذِينَ يَكْنِزُونَ ٱلذَّهَبَ وَٱلْفِضَّةَ وَلَا يُنفِقُونَهَا فِى سَبِيلِ ٱللَّهِ فَبَشِّرْهُم بِعَذَابٍ أَلِيمٍ ﴿٣٤﴾

“യാ അയ്യുഹല്ലദീന ആമനൂ ഇന്ന കഥീറൻ മ്മിനൽ അഹ്ബാരി വർറുഹബാനി ല യഅകുലൂന അംവാലന്നാസി ബിൽ ബാതിലി വ യസുദ്ദൂന അൻസബീലില്ലാഹി വല്ലദീന യക്നിസൂന ദ്ദഹബ വൽഫിള്ളത്ത വലാ യുൻഫിഖൂനഹാ ഫീ സബീലിലലാഹി ഫബശ്ശിർഹും ബി അദാബിൻ അലീം. “

“സത്യവിശ്വാസികളെ , പണ്ഡിതന്മാരിലും പുരോഹിതന്മാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും

അല്ലാഹ്ഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് അവരെ തടയുകയും ചെയ്യുന്നു . സ്വർണവും വെള്ളിയും നിക്ഷേപമാക്കി വെക്കുകയും അല്ലാഹ്ഹുവിന്റെ മാർഗ്ഗത്തിൽ അത് ചിലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനാജനകമായ ശിക്ഷയെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുക (9:34)(പാരമ്പര്യ വ്യാഖ്യാനം)

ഇങ്ങനെ അവരുടെ കയ്യിലുള്ള സമ്പത്ത് ഇവർ ചൂഷണം ചെയ്യുതിനു പുറമെ ഈ സാധുക്കൾക്കു അവരുടെ ദാരിദ്ര്യം നിർമ്മാർജനം ചെയ്യാൻ ഒരു മണി ധാന്യം പോലും ഉൽപാദിപ്പിക്കാൻ പര്യാപ്തമായ ഒരറിവും ,സഹായവും മതങ്ങൾ അവർക്ക് നൽകിയിട്ടേ ഇല്ല.

മതബാഹ്യമായ ചിന്തകളുടെയും പ്രവർത്തനങ്ങളുടെയും ഫലമായി ശക്തി പ്രാപിച്ച അവന്റെ സ്വാതന്ത്ര്യ വാഞ്ഛയും സംഘബോധവും കൊണ്ടാണ് ദാരിദ്ര്യത്തെ ഒരു പരിധിവരെയെങ്കിലും നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞത്. എന്നാൽ തന്നെയും പുതിയ പുതിയ ചൂഷണ തന്ത്രങ്ങളിലൂടെ അവന്റെ ദാരിദ്ര്യത്തേയും അജ്ഞതയേയും നിലനിർത്താനുള്ള തന്ത്രങ്ങൾ മെനയുന്നതിലാണ് പല മതങ്ങളും വ്യാപൃതരായിരിക്കുന്നത് .

ഈ ഘട്ടത്തിലാണ് ഖുർആന്റെ ദാരിദ്ര്യത്തിനെതിരെയുള്ള ഇടപെടലിനെ പരിശോധിക്കേണ്ടത് . ദീനിന്റെ നിഷേധി തന്നെ ദരിദ്രരെ അവഗണിക്കുന്നവനും അവരുടെ ഭക്ഷണത്തിനു പ്രോത്സാഹിപ്പിക്കാത്തവനുമാണെന്നാണ് ഖുർആൻ പറയുന്നത് എന്നത് നാം വിശദമാക്കിയല്ലോ ? .തങ്ങൾ സ്വരൂപിച്ചു കൂട്ടിയ സമ്പത്തിൽ നിന്നും വർഷത്തിൽ ഇന്ന ദിവസം ഇത്ര സാധ അല്ലെങ്കിൽ ഇത്ര മുദ്ദ് കൊടുത്താൽ മതി എന്നല്ല ഖുർആൻ ആവശ്യപ്പെടുന്നത്. ഉള്ളവൻ ഇല്ലാത്തവന്റെ ആവശ്യവും ആവശ്യമായ സമയവും തോതും ,അവനെ സംസ്കരിച്ചു ഉയർത്തിക്കൊണ്ടുവരാൻ ആവശ്യമായ സമയവും തോതും പരിഗണിക്കുമെന്നതാണ് ഖുർആൻ ആവശ്യപ്പെടുന്നത് .

# പ്രവൃത്തിയും പ്രതിബദ്ധതയും

وَأَن لَّيْسَ لِلْإِنسَـٰنِ إِلَّا مَا سَعَىٰ ﴿٣٩﴾

"വ അൻ ലൈസ ലിൽ ഇൻസാനി ഇല്ലാ മാ സആ "

"മനുഷ്യന് അവൻ പ്രയത്നിച്ചല്ലാതെയില്ല "

ഒരു സമൂഹത്തിന്റെ നിലനിൽപിന് അതിലെ അംഗങ്ങളുടെ നാനാതരത്തിലുള്ള പ്രവർത്തനങ്ങൾ ആവശ്യമായിവരും .ഓരോരുത്തരും തന്താങ്ങളുടെ പ്രാപ്തിയും അറിവുമനുസരിച്ച് തനിക്ക് തന്റെ സമൂഹത്തിനു എന്തു ചെയ്യാനാവുമെന്നു തിരിച്ചറിയുകയും തദനുസൃതമായി ആസൂത്രിതമായും പ്രതിബദ്ധതയോടുകൂടിയും അധ്വാനിക്കുകയും ചെയ്യുന്നെങ്കിലെ സമൂഹത്തിന് പൊതുവായും തനിക്കു പ്രത്യേകിച്ചും അതിന്റെ ഫലം സിദ്ധിക്കുകയുള്ളൂ . ചിലപ്രവർത്തനങ്ങൾക്ക് അഭൂതപൂർവ്വമായ ഫലസിദ്ധിയുണ്ടാവും .മറ്റു ചിലതിനാകട്ടെ പ്രത്യക്ഷത്തിൽ വലിയ ഫലമൊന്നുമുള്ളതായി തോന്നുകയില്ല . വേറെ ചില പ്രവർത്തനങ്ങൾക്ക് സമൂഹത്തിന് ചില ഗുണങ്ങൾ ലഭിക്കുമ്പോൾ വ്യക്തിക്ക് ചില്ലറ ദോഷങ്ങൾ അനുഭവപ്പെടുകയും ചെയ്യേക്കാം. എന്നിരുന്നാലും നമുക്കു നേരിട്ടു ലഭിക്കുന്നില്ലെങ്കിലും സമൂഹത്തിനു പൊതുവായി ലഭിക്കുന്ന ഗുണങ്ങളിൽ ഒരു വിഹിതം

സമൂഹത്തിലെ ഒരു അംഗമെന്ന നിലയിൽ നമുക്കു കൂടി അവകാശപ്പെട്ടതായിരിക്കും എത്ര ഉന്നതമായ പ്രവർത്തിയായാലും ആത്മാർത്ഥതയോ പ്രതിബദ്ധതയോ കൂടാതെയാണ് അതു ചെയ്യുന്നതെങ്കിൽ നാം ഉദ്ദേശിച്ച ഫലം ലഭിക്കുകയില്ലെന്നു മാത്രമല്ല ചിലപ്പോൾ വിപരീത ഫലം കിട്ടിയെന്നും വരാം.

സമൂഹത്തിന്റെ ദൈനംദിന ജീവിതോപാധികൾ കണ്ടെത്തുന്നതിൽ മാത്രമല്ല സമൂഹത്തെ ഉത്തമ സമൂഹമാക്കി മാറ്റുന്നതിനും നിലനിർത്തുന്നതിനും അതീവ സൂക്ഷ്മതയോടെയുള്ള ആസൂത്രണങ്ങളും പ്രവർത്തനങ്ങളും അത്യദ്ധ്വാപേക്ഷിതമാണ്. ഒരു സമൂഹത്തെ ബാധിക്കുന്ന സമസ്ത മേഖലകളെയും പ്രവർത്തന പരിധിയിൽ കൊണ്ടുവരേണ്ടതുണ്ട്. സമൂഹത്തിനു ഭക്ഷണം മാത്രം പോര, വസ്ത്രംമാത്രം പോര, പാർപ്പിടം മാത്രം പോര, വൈദ്ധ്യസഹായം മാത്രം പോര .കലയും സാഹിത്യവും സംഗീതവും സന്മാർഗ്ഗവും സദാചാരബോധവും മാത്രമല്ല, സമൂഹം സംസ്കാര സമ്പന്നമാകണമെങ്കിൽ ഇതുപോലെയുള്ള അനേകം ഘടകങ്ങൾ ആവശ്യമായി വരും. ആ മേഖലകളിലൊക്കെ നിരന്തരമായ അധ്വാനവും ആവശ്യമായിവരും.

എത്ര സംസ്കാര സമ്പന്നമായ ഒരു സമൂഹമാണെങ്കിലും അജ്ഞതയും, അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും അതിനെ ഗ്രസിച്ചെന്നിരിക്കും. അതിന്റെ ഫലമായി നേരിടാനിടയുള്ള ജീർണ്ണതകൾക്കെതിരെ നിദാന്ത ജാഗ്രത പാലിക്കേണ്ടി വരും.

ഈ വർത്തമാന കാലത്ത് ഏതാണ്ട് എല്ലാ സമൂഹങ്ങളും അനേകം പ്രതിസന്ധികളെ അഭിമുഖീകരിച്ചുകൊണ്ടാണ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത് എന്നു കാണാം .സമൂഹത്തിലെ ഓരോ വ്യക്തിയും അവനവന്റെ സമൂഹം നേരിടുന്ന പ്രതിസന്ധികളേതൊക്കെയാണെന്ന് സൂക്ഷ്മ നിരീക്ഷണത്തിലൂടെ തിരിച്ചറിഞ്ഞ് അതിന്റെ പ്രതിവിധിക്കുവേണ്ടി പ്രവർത്തിക്കാൻ സന്നദ്ധമായാലല്ലാതെ

പ്രതിസന്ധികളെ അതിജീവിക്കാനാവില്ല .ഒരു രക്ഷകന്റേയോ പരിഷ്കർത്താവിന്റേയോ ആഗമനത്തിനുവേണ്ടി നിഷ്ക്രിയരായി കാത്തിരുന്നാൽ സമൂല നാശമായിരിക്കും ഫലം.

വിശ്വാസം എന്നത് ശുഭപ്രതീക്ഷകൾ വെച്ച് പുലർത്തിക്കൊണ്ട് നിഷ്ക്രിയമായി കാത്തിരിക്കാനുള്ള ഒരു ഉപാധിയല്ല .യാതൊരു പ്രവർത്തനവും ചെയ്യാതെ കേവല വിശ്വാസത്തിന്റെ പുതപ്പിനുള്ളിൽ മൂടിപ്പുതച്ച് കിടന്നുറങ്ങുന്നവർക്ക് ഏതെങ്കിലും തരത്തിലുള്ള പ്രതിഫലം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നത് തികഞ്ഞ മൗഢ്യമാണ്.

ഖുർആൻ പറയുന്നതു കാണുക:-

رَّبَّنَآ إِنَّنَا سَمِعْنَا مُنَادِيًا يُنَادِى لِلْإِيمَٰنِ أَنْ ءَامِنُوا۟ بِرَبِّكُمْ فَـَٔامَنَّا ۚ رَبَّنَا فَٱغْفِرْ لَنَا ذُنُوبَنَا وَكَفِّرْ عَنَّا سَيِّـَٔاتِنَا وَتَوَفَّنَا مَعَ ٱلْأَبْرَارِ ﴿١٩٣﴾
رَبَّنَا وَءَاتِنَا مَا وَعَدتَّنَا عَلَىٰ رُسُلِكَ وَلَا تُخْزِنَا يَوْمَ ٱلْقِيَٰمَةِ ۗ إِنَّكَ لَا تُخْلِفُ ٱلْمِيعَادَ ﴿١٩٤﴾

“റബ്ബനാ ഇന്നനാ സമിഅനാ മുനാദിയൻ യുനാദീ ലിൽ ഈമാനി അൻ ആമിനൂ ബി റബ്ബിക്കും ഫ ആമന്നാ റബ്ബനാ ഫഗ്ഫിർ ലനാ ദുനൂബനാ വ കഫ്ഫിർ അന്നാ സയ്യിആതിനാ വതവഫ്ഫനാ മഅൽ അബ്റാർ . റബ്ബനാ ആതിനാ മാ വഅത്തനാ അലാ റുസ്ലിക്ക വലാ തുഗ്സിനാ യൗമൽഖിയാമത്തി ഇന്നക്ക ലാ തുഗ്ലിഫുൽ മീആദ്"

“ഞങ്ങളുടെ നാഥാ വിശ്വാസത്തിന് ഒരു ആഹ്വാനം ചെയ്യുന്നവന്റെ ആഹ്വാനം ഞങ്ങൾ കേട്ടു . നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവീൻ എന്ന് . അപ്പോൾ വിശ്വസിച്ചു . ഞങ്ങളുടെ രക്ഷിതാവേ അതിനാൽ നീ ഞങ്ങൾക്ക് പാപങ്ങൾ പൊറുത്തു തരുകയും ഞങ്ങളിൽ നിന്ന് ഞങ്ങളുടെ തിന്മകളെ മാച്ചുകയും ഞങ്ങളെ പുണ്യവാന്മാരുടെ കൂട്ടത്തിലായി ഏറ്റെടുക്കുകയും ചെയ്യേണമേ .ഞങ്ങളുടെ നാഥാ , ഞങ്ങളോട് നിന്റെ ദൂതന്മാർ മുഖേന വാഗ്ദാനം

ചെയ്തത് നീ നൽകേണമേ . എഴുന്നേൽപ് വേളയിൽ നീ ഞങ്ങളെ നിന്ദിക്കാതിരിക്കുകയും ചെയ്യേണമേ . തീർച്ചയായും നീ വാഗ്ദാനം ലംഘിക്കുകയില്ല "(3:193-194)

ഇങ്ങനെ മൂന്നു നാലു വചനങ്ങളിലെ പ്രർത്ഥനകൾക്കു ശേഷം ദൈവം പറയുന്നതു കാണുക :-

فَٱسْتَجَابَ لَهُمْ رَبُّهُمْ أَنِّى لَآ أُضِيعُ عَمَلَ عَٰمِلٍ مِّنكُم مِّن ذَكَرٍ أَوْ أُنثَىٰ ۖ بَعْضُكُم مِّنۢ بَعْضٍ ۖ فَٱلَّذِينَ هَاجَرُوا۟ وَأُخْرِجُوا۟ مِن دِيَٰرِهِمْ وَأُوذُوا۟ فِى سَبِيلِى وَقَٰتَلُوا۟ وَقُتِلُوا۟ لَأُكَفِّرَنَّ عَنْهُمْ سَيِّـَٔاتِهِمْ وَلَأُدْخِلَنَّهُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ثَوَابًا مِّنْ عِندِ ٱللَّهِ ۗ وَٱللَّهُ عِندَهُۥ حُسْنُ ٱلثَّوَابِ ﴿١٩٥﴾

“ഫസ്തജാബ ലഹും റബ്ബുഹും അന്നീ ലാ ഉളീഉ അമല ആമിലിൻ മിൻകും മ്മിൻ ദകരിൻ ഔ ഇൻഥാ........................................”

“ അപ്പോൾ അവരുടെ രക്ഷിതാവ് അവർക്ക് ഉത്തരം നൽകി: നിങ്ങളിലെ പുരുഷനോ സ്ത്രീയോ യാതൊരു പ്രവർത്തകന്റെ പ്രവർത്തിയും ഞാൻ പാഴാക്കുകയില്ല ..................................”(3:195)

ഇവിടെ പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥനകൾക്കു ശേഷം പറയുന്ന വചനത്തിൽ അവരുടെ പ്രാർത്ഥനകൾക്കു ദൈവം ഉത്തരം നൽകിയത് അവരിലെ സ്ത്രീയായാലും പുരുഷനായാലും അവരിലെ പ്രവർത്തകന്റെ പ്രവർത്തനത്തെ ഞാൻ പാഴാക്കുകയില്ല എന്നാണ്. ഇവിടെ മനുഷ്യന്റെ അധ്വാനത്തിന്റെ മഹത്വത്തെക്കുറിച്ചാണ് ദൈവം പറയുന്നത്. മറ്റൊരു വചനം കാണുക :-

وَمِنْهُم مَّن يَقُولُ رَبَّنَآ ءَاتِنَا فِى ٱلدُّنْيَا حَسَنَةً وَفِى ٱلْءَاخِرَةِ حَسَنَةً وَقِنَا عَذَابَ ٱلنَّارِ ﴿٢٠١﴾

أُو۟لَٰٓئِكَ لَهُمْ نَصِيبٌ مِّمَّا كَسَبُوا۟ ۚ وَٱللَّهُ سَرِيعُ ٱلْحِسَابِ ﴿٢٠٢﴾

“വമിൻഹും മ്മൻയഖൂലു റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽ ആഖിറത്തി ഹസനത്തൻ വഖിനാ അദാബന്നാർ .ഉലാഇ ക്ക നസ്വീബുൻ മ്മിമ്മാ കസബൂ വല്ലാഹു സരീഉൽ ഹിസാബ് "

“അവരുടെ കൂട്ടത്തിൽ തന്നെ ,ഞങ്ങളുടെ നാഥാ നീ ഞങ്ങൾക്ക ഐഹികത്തിലും അന്തിമജീവിത്തിലും നന്മ പ്രദാനിക്കുകയും നീ ഞങ്ങളെ നരകശിക്ഷയെതൊട്ട് കാത്തുരക്ഷിക്കുകയും ചെയ്യേണമേ എന്നു പറയുന്നവരുമുണ്ട് . ആ കൂട്ടർക്ക് അവർ സമ്പാദിച്ചതിൽ നിന്നു ഒരു വിഹിതമുണ്ടായിരിക്കും .ദൈവം അതിവേഗം കണക്കുനോക്കുന്നവനാണല്ലോ?(2:201,202)

ഇവിടെ പ്രാർത്ഥിക്കുന്നവനു അവൻ സമ്പാദിച്ചതിൽ നിന്നും ലഭിക്കുമെന്നാണ് ദൈവം ഉത്തരമായി പറയുന്നത് .മറ്റൊരു വചനം കാണുക :-

أُوْلَٰٓئِكَ ٱلَّذِينَ نَتَقَبَّلُ عَنۡهُمۡ أَحۡسَنَ مَا عَمِلُواْ وَنَتَجَاوَزُ عَن سَيِّـَٔاتِهِمۡ فِيٓ أَصۡحَٰبِ ٱلۡجَنَّةِۖ وَعۡدَ ٱلصِّدۡقِ ٱلَّذِي كَانُواْ يُوعَدُونَ ﴿١٦﴾

“ഉലാഇകല്ലദീന നതഖബ്ബലു അൻഹും അഹ്സന മാഅമിലൂ വ നതജാവസു അൻ സയ്യിആതിഹിം ഫീ അസ്ഹാബിൽ ജന്നത്തി വഅദസ്സിദ്ഖി ല്ലദീ കാനൂ യൂഅദൂൻ "

“അവർ പ്രവർത്തിച്ചിരുന്നതിൽ ഏറ്റവും നല്ലതു സ്വീകരിക്കുകയും അവരുടെ തിന്മകളെ നാം മാപ്പാക്കുന്നതുമാണ്.................”(46:16)

ഈ വചനത്തിന്റെ മുകളിലുള്ള വചനത്തിൽ പ്രാർത്ഥിക്കുന്ന വ്യക്തികളെ വിവരിക്കുന്നുണ്ട് .അവർക്കുള്ള മറുപടിയായിക്കൊണ്ടാണ് അവർ പ്രവർത്തിച്ചിരുന്നതിലെ ഏറ്റവും നല്ലത് നാം സ്വീകരിച്ച് പ്രതിഫലം കൊടുക്കുമെന്നു ദൈവം പറയുന്നത്.

قُلۡ إِنَّمَآ أَنَا۠ بَشَرٞ مِّثۡلُكُمۡ يُوحَىٰٓ إِلَيَّ أَنَّمَآ إِلَٰهُكُمۡ إِلَٰهٞ وَٰحِدٞۖ فَمَن كَانَ يَرۡجُواْ لِقَآءَ رَبِّهِۦ فَلۡيَعۡمَلۡ عَمَلٗا صَٰلِحٗا وَلَا يُشۡرِكۡ بِعِبَادَةِ رَبِّهِۦٓ أَحَدَۢا ﴿١١٠﴾

“.....................ഫമൻകാന യർജ്ജ ലികാഅ റബ്ബിഹീ ഫൽയഅമൽ അമലൻ സ്വാലിഹൻ വലാ യുശരിക്ക് ബി ഇബാദത്തി റബ്ബിഹീ അ ഹദൻ "

“.............അതിനാൽ ആരെങ്കിലും തങ്ങളുടെ നാഥനുമായി കൂടിക്കാണുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർ ദൈവത്തെ അനുസരിക്കുന്നതിൽ ആരേയും പങ്കു ചേർക്കാതെ സൽക്കർമ്മങ്ങൾ പ്രവർത്തിച്ചു കൊള്ളട്ടെ "(18: 110)

فَمَن يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُۥ ﴿٧﴾
وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُۥ ﴿٨﴾

“ഫമൻയ്യഅമൽ മിഥ്ഖാല ദർറത്തിൻ ഖൈറൻ യറഹ്ഹു .വമൻയ്യഅ മൽ മിഥ്ഖാന ദർറത്തിൽ ശർറൻ യറഹ്ഹു "

“അപ്പോൾ ഒരണുത്തൂക്കം നന്മ ചെയ്തിരുന്നവർ ആരോ അവർ അതു കാണുന്നതും ,ഒരണുത്തൂക്കം തിന്മ പ്രവർത്തിച്ചിരുന്നവർ ആരോ അവർ അതു കാണുകയും ചെയ്യുന്നതാണ് "(99:7 ,8)

وَأَن لَّيْسَ لِلْإِنسَٰنِ إِلَّا مَا سَعَىٰ ﴿٣٩﴾

“വ അൻലൈസ ലിൻഇൻസാനി ഇല്ലാ മാ സആ"

“മനുഷ്യന് അവൻ പ്രയത്നിച്ചല്ലാതെയില്ലെന്നും "

അന്നിസാ എന്ന പേരിൽ ദുർബലരെക്കുറിച്ചും അവരുടെ മോചനത്തിനുവേണ്ടി പ്രവർത്തിക്കേണ്ടതിനെക്കുറിച്ചും വിശദീകരിക്കുന്ന ഒരധ്യായം തന്നെ ഖുർആനിലുണ്ട്.പക്ഷെ പാരമ്പര്യവാദികൾ അത് നാലുകെട്ടാനും ഭാര്യമാർക്ക് കൂലികൊടുക്കാനുമാക്കിത്തീർത്തു.പരിഷ്കരണ പ്രവർത്തനങ്ങളെ(അമലുസ്സ്വാലിഹാത്ത്)ക്കുറിച്ച് പറഞ്ഞ വചനങ്ങൾ എത്രയോ ഖുർആനിലുണ്ട് .ദൈവ പ്രീതി ലഭിക്കാനും ജീവിത വിജയം നേടാനുമുള്ള ഉപാധിയായി ഖുർആനിൽ പറഞ്ഞതും പരിഷ്കരണ പ്രവർത്തനങ്ങളുടെ അനിവാര്യതയാണ് .

ഖുർആനിൽ ഇങ്ങനെയൊക്കെ പറയുന്നുണ്ടെങ്കിലും ഖുർആനിന്റെ വക്താക്കൾ പോലും അവരുടെ സാമൂഹിക പ്രവർത്തനം

അവർക്കു സൗകര്യപ്രദമായ ചില മേഖലകളിൽ മാത്രം പരിമിധ പ്പെടുത്തിയിരിക്കുകയാണ് സത്വര ശ്രദ്ധ ആവശ്യമുള്ള നിരവധി മേ ഖലകളെ അവർ അവഗണിക്കുന്നതായി നിഷ്പക്ഷമതിക്കു പോലും തോന്നിപ്പോകുന്നുണ്ടെങ്കിൽ അവരെ കുറ്റപ്പെടുത്താനാവില്ല .

ഖുർആന്റെ ഉദ്ബോധനങ്ങളെ നിഷ്ഫലമാക്കുന്ന തരത്തിലുള്ള എ ണ്ണമറ്റ മറ്റു വിജ്ഞാനീയങ്ങളുടെ ആധിക്യമായിരിക്കുമോ ഒരുപക്ഷെ ഇവരെ ഇങ്ങനെ പിന്തിരിപ്പിച്ചു നിർത്തുന്നത്? .ഇങ്ങനെ ഒരു സം ശയത്തിനു കാരണമായി ഒരു ഹദീസ് ഉദ്ധരിക്കുന്നു :-

بَاب الْجُذَامِ وَقَالَ عَفَّانُ حَدَّثَنَا سَلِيمُ بْنُ حَيَّانَ حَدَّثَنَا سَعِيدُ بْنُ مِينَاءَ قَالَ سَمِعْتُ أَبَا هُرَيْرَةَ يَقُولُ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَدْوَى وَلَا طِيَرَةَ وَلَا هَامَةَ وَلَا صَفَرَ وَفِرَّ - - مِنْ الْمَجْذُومِ كَمَا تَفِرُّ مِنْ الْأَسَدِ

“....... ഫിർറ മിനൽ മജ്ദൂമി കമാ തഫിർറു മിനൽ അസദി "

അബൂഹുറൈറ പറയുന്നു:.”...............കുഷ്ടം ബാധിച്ചവനിൽ നിന്നും സിംഹത്തിൽ നിന്നും രക്ഷപ്പെട്ട് ഓടുന്നതുപോലെ ഓടുക "

പ്രസ്തുത ഹദീസിൽ പറയുന്നത് കുഷ്ഠരോഗിയെകണ്ടാൽ സിംഹ ത്തെ കണ്ടതുപോലെ ഭയപ്പെട്ടു ഓടിപ്പോകാനാണ് .എന്നാൽ ഇത്തരം ഉദ്ബോധനങ്ങളുടെയൊന്നും പരിധിയിൽ വരാത്ത ചില സമുദായങ്ങളിലെ ചില മഹത്തുക്കൾ സ്വജീവിതം തന്നെ പണയ പ്പെടുത്തി കുഷ്ഠരോഗികളെ ചികിത്സിച്ചും ശുശ്രൂസിച്ചും ആത്മത്യാ ഗം കൈവരിച്ചവരാണ് ഉദാഹരണത്തിനു ഫാദർ ഡാമിയൻ : തന്റെ ജീവിതം മുഴുവൻ നിസ്സഹായരും നിരാലംബരുമായ പാവപ്പെ ട്ട കുഷ്ടരോഗികൾക്കു വേണ്ടി അദ്ദേഹം ബലിയർപ്പിച്ചു. നമുക്കറി യാം തെരുവിന്റെ സന്തതികൾക്കുവേണ്ടി മദർതെരേസ അനുഷ്ടിച്ച ത്യാഗങ്ങൾ . ഫ്ലോറൻസ് നൈറ്റിംഗ് ഗേലിന്റെ ത്യാഗത്തെക്കുറിച്ച് അറിയാത്തവരായി ആതുരശുശ്രൂസരംഗത്ത് ആരും ഉണ്ടായിരി ക്കുമെന്നു തോന്നുന്നില്ല .ഇവരൊന്നും പക്ഷെ ഖുർആന്റെ ഉദ്ബോധ നങ്ങൾ ശ്രവിച്ച് പ്രവർത്തന രംഗത്ത് ഇറങ്ങിയവരാണെന്നു കരുതു ന്നില്ല .

നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ ഇത്തരം മഹൽ പ്രവർത്തനങ്ങൾ നടത്തിയവരും ഖുർആനെ വിശ്വാസപ്രമാണമായി എടുത്തവരുമായ മഹാ വ്യക്തിത്ത്വങ്ങളെ പറ്റി ചരിത്രങ്ങളിൽ കാണാം .എന്നാൽ സമീപ നൂറ്റാണ്ടുകളിലൊന്നിലും തന്നെ ഇതുപോലെയുള്ള ആരേയും കാണാനാവത്തത് തികച്ചും യാദൃശ്ചികമാണെന്നു കരുതാനാവുമോ? ഒരു എഡിസനോ, ന്യൂട്ടനോ,ആൽബർട്ട് ഐൻസ്റ്റീനോ, സ്റ്റീഫൻ ഹോക്കിൻസോ നൂറ്റാണ്ടുകളായി ഖുർആൻ വക്താക്കൾക്കിടയിൽ നിന്ന് കാണാത്തത് എന്തുകൊണ്ട് ? ശാസ്ത്ര വിജ്ഞാനീയങ്ങളുമായി ഖുർആനുള്ള ഇഴയടുപ്പം മറ്റു മതപ്രമാണങ്ങൾക്കൊന്നും തന്നെ അവ കാശപ്പെടാൻ കഴിയാത്ത പശ്ചാതലത്തിൽ പ്രത്യേകിച്ചും.

മതത്തിന്റെ ആരാധനാനുഷ്ഠാനങ്ങൾ പഠിക്കുകയും പഠിപ്പി ക്കുകയും ചെയ്യുന്നതോടൊപ്പം തന്നെ ശാസ്ത്രരംഗത്തും പ്രതിബ ന്ധതയോടെ പ്രവർത്തിച്ചാലല്ലാതെ സമൂഹത്തിനു നിലനിൽ ക്കാനാവില്ല .

മറ്റുജീവജാലങ്ങളിൽ വ്യത്യസ്ഥമായി സൃഷ്ടാവിന്റെ പ്രത്യേക പരിഗ ണനയർഹിക്കുന്ന സൃഷ്ടിവർഗ്ഗമാണ് മനുഷ്യൻ എന്ന് ദൈവം പറ യുന്ന സ്ഥിതിക്ക് പരമകാരുണികൻ പറയുന്നത് കാണുക :-

۞ وَلَقَدْ كَرَّمْنَا بَنِيٓ ءَادَمَ وَحَمَلْنَٰهُمْ فِي ٱلْبَرِّ وَٱلْبَحْرِ وَرَزَقْنَٰهُم مِّنَ ٱلطَّيِّبَٰتِ وَفَضَّلْنَٰهُمْ عَلَىٰ كَثِيرٍ مِّمَّنْ خَلَقْنَا تَفْضِيلًا ﴿٧٠﴾

“വലഖദ് കർറംനാ ബനീ ആദമ വഹമൽനാഹും ഫിൽബർരി വൽബഹ് രി വറസഖ് നാഹും മിനത്തയ്യിബാത്തി വഫള്ളൽനാഹും അലാ കഥീരിൻ മിമ്മൻ ഗലഖ്നാ തഫ്ളീലാ "

“തീർച്ചയായും ആദമിന്റെ മക്കളെ നാം ബഹുമാനിക്കുകയും കരയി ലും കടലിലും വഹിപ്പിക്കുകയും നല്ലവയിൽ നിന്നും അവർക്കു നാം പ്രദാനിക്കുകയും നാം സൃഷ്ടിച്ചവയിൽ മിക്കവരേക്കാളും ശ്രേഷ്ടരാക്കു കയും ചെയ്തു " (17:70)

മനുഷ്യൻ മറ്റ ജീവ ജാലങ്ങളെപ്പോലെ കേവലം ഇരതേടുന്നതിലും ഇണചേരുന്നതിലും മാത്രം അവന്റെ പ്രവൃത്തികൾ പരിമിതപ്പെടുത്താൻ പാടില്ലല്ലോ? അറിവ് സമ്പാദിക്കുന്നതിലും അതനുസരിച്ച് പ്രവർത്തിച്ച് മുന്നേറുന്നതിലും മറ്റ ജന്തുക്കളിൽ നിന്നു വ്യത്യസ്ഥമായി സാംസ്കാരിക ഘടന രൂപപ്പെടുത്തുന്നതിലും അവൻ വ്യാപൃതനാകേണ്ടിയിരിക്കുന്നു

ചിന്തയും നിരീക്ഷണപാടവവും ഗവേഷണപരീക്ഷണങ്ങളും അവന്റെ പ്രവർത്തന മണ്ഡലങ്ങളായിരിക്കണം . വൈജ്ഞാനിക വളർച്ചക്കും കാലഘട്ടത്തിന്റെ മാറ്റത്തിനും അനുസൃതമായി വൈജ്ഞാനിക രംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊള്ളാനും അതിനനുസരിച്ച് മനുഷ്യരാശിയുടെ ഭാവിക്കുവേണ്ടി പ്രവർത്തനങ്ങളെ കാലാനുസൃതമായി പരിഷ്കരിക്കാനും അവൻ സന്നദ്ധനാകേണ്ടിയിരിക്കുന്നു .മനുഷ്യരാശിക്ക് വർത്തമാനകാലത്ത് ആവശ്യമായിരിക്കുന്നതും ഭാവിയിൽ ആവശ്യമായിത്തീർന്നേക്കാവുന്നതുമായ കാര്യങ്ങളെക്കുറിച്ചും അവൻ ബോധവാനാവുകയും അതിനു വേണ്ട കരുനീക്കങ്ങൾ നടത്തുകയും ചെയ്യേണ്ടിയിരിക്കുന്നു .

ശാന്തവും സുഭിക്ഷവും സമാധാനപരവുമായ ഭൗതിക അതിജീവനത്തിന് സൃഷ്ടാവിന്റെ വിധിവിലക്കുകൾ അനുസരിക്കുകയും, അവൻ ഔദാര്യമായി നൽകിയ വിഭവങ്ങൾ അതീവ സൂക്ഷ്മതയോടെ ഉപയോഗിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്യേണ്ടത് ആവശ്യമാണ് .ഈ ലോകത്തും അന്തിമജീവിതത്തിലുമുള്ള ശാശ്വതമായ വിജയത്തിന് ഇത് അത്യന്താപേക്ഷിതമാണ്. ഇത് മറന്നുകൊണ്ടുള്ള യാതൊരു പ്രവർത്തനവും പ്രതിബദ്ധതയുള്ള പ്രവർത്തനമാണെന്നു പറയുക സാധ്യമല്ല .തങ്ങൾക്ക് എളുപ്പവും ആഭിമുഖ്യവുമുള്ള മേഖലകളിൽ മാത്രമായി പ്രവർത്തനങ്ങളെ പരിമിതപ്പെടുത്തിയാൽ അത് എത്ര പ്രതിബദ്ധതയോടുകൂടിയാണെങ്കിലും ശരി സമൂഹ വളർച്ചക്ക് മാത്രമല്ല അതിന്റെ നിലനിൽപിനു

കൂടി സഹായമായെന്നു വരില്ല .

മനുഷ്യരെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അധ്വാനിക്കുന്നവരാണ് . പക്ഷെ അധ്വാനിക്കുന്നവനു അവൻ അർഹിക്കുന്ന പ്രതിഫലം കിട്ടുന്നില്ല എന്ന പരാതി കേൾക്കാം . അതിനു കാരണം എന്തിനു വേണ്ടി അധ്വാനിക്കണം എങ്ങനെ അധ്വാനിക്കണമെന്നുള്ളതിന്റെ അറിവും ആസൂത്രണക്കുറവുമാണ്. നിസ്സാരനായ മനുഷ്യന്റെ യാതൊരു വിധ സേവനത്തിന്റെ ആവശ്യവും ദൈവത്തിനില്ല എന്നു പറയുമ്പോഴും മനുഷ്യരിലെ ഒരു വലിയ വിഭാഗവും, അവന്റെ സമയവും, സമ്പത്തും, അധ്വാനവും ദൈവത്തിനു വേണ്ടി പാഴാക്കിക്കളയുന്നു .

മനുഷ്യരാശിക്കു യാതൊരു പ്രയോജനവും ചെയ്യാത്ത അധ്വാനം കൊണ്ട് ദൈവത്തിനു എന്തു മെച്ചം? മതത്തിനും ദൈവത്തിനും വേണ്ടി പ്രവർത്തിക്കുക എന്നാൽ-അത് യാതൊരു പ്രയോജനവും ഇല്ല എന്നു പറയുമ്പോൾ- അത് സാമൂഹിക പരിഷ്കരത്തിനു വേണ്ടിയും സമൂഹത്തിൽ , മതവും ദൈവവും എന്താണെന്നും എന്തിനാണെന്നുമുള്ള അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടിയാണെങ്കിൽ അത് പ്രയോജനപ്രദം തന്നെയാണ് . അതിന്റെ ഗുണഭോക്താക്കൾ ആത്യന്തികമായി മനുഷ്യർ തന്നെയാണ് താനും .

പക്ഷെ നിർഭാഗ്യവശാൽ ഇന്ന് മതത്തിന്റെ പേരിൽ കാണുന്ന പലപ്രവർത്തനങ്ങളും ഒന്നുകിൽ വ്യക്തമായ അനുഷ്ഠാനങ്ങളുടെ പേരിലും, അല്ലെങ്കിൽ വികലമായ മതസങ്കൽപങ്ങളെ നിലനിർത്തുന്നതിലൂടെ മനുഷ്യനെ ഒന്നടങ്കം ചൂഷണം ചെയ്യാൻ വേണ്ടിയുള്ളതുമാണ് .ഓരോ പ്രവർത്തനവും അദ്ധ്വാനവും വിലയിരുത്തപ്പെടേണ്ടത്. അതുമൂലം മനുഷ്യരാശിക്ക് എന്തു നേട്ടം ഉണ്ടായി എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം .

ആസൂത്രിതവും പ്രതിബദ്ധതയോടുകൂടിയതുമായ കഠിനാദ്ധ്വാനത്തിന്റെ ഫലമായിട്ടാണ് ഭൂമുഖത്ത് മനുഷ്യജീവിതം സുഖവും സമൃ

ദ്ധവുമായിത്തീരും എന്നു തന്നെയാണ് വിശുദ്ധഖുർആൻ സമർത്ഥി ക്കുന്നത്.

# ഖുർആൻ വായിക്കേണ്ടത് എങ്ങനെ

**പ**രിശുദ്ധഖുർആൻ അവതരിപ്പിക്കപ്പെട്ടത് അതിനെക്കുറിച്ച് യാതൊന്നുമറിയാത്ത തികച്ചും അവിശ്വാസികളായ ഒരു ജനവിഭാഗത്തിലേക്കാണ് . അത് എങ്ങനെ വിലയിരുത്തപ്പെടുമെന്നോ സ്വീകരിക്കപ്പെടുമെന്നോ ഉള്ള ആശങ്ക അതു എത്തിക്കാൻ നിയോഗിക്കപ്പെട്ട പ്രവാചകനുപോലും ഉണ്ടായിരുന്നതായി കാണാം .ആ നിലക്ക് ഖുർആൻ വായനയുടെ ആചാരമര്യാദകളെക്കുറിച്ച് ഇന്നു ഖുർപരിഭാഷകളിൽ കാണുന്ന തരത്തിലുള്ള ഒരു സമീപനം എങ്ങനെ സാധ്യമാവുമെന്നു മനസ്സിലാകുന്നില്ല.

هُوَ ٱلَّذِى بَعَثَ فِى ٱلْأُمِّيِّـۧنَ رَسُولًا مِّنْهُمْ يَتْلُوا۟ عَلَيْهِمْ ءَايَـٰتِهِۦ وَيُزَكِّيهِمْ
وَيُعَلِّمُهُمُ ٱلْكِتَـٰبَ وَٱلْحِكْمَةَ وَإِن كَانُوا۟ مِن قَبْلُ لَفِى ضَلَـٰلٍ مُّبِينٍ ﴿٢﴾

“ഹുവല്ലദീ ബഅഥ ഫിൽ ഉമ്മിയ്യീന റസൂലൻ മ്മിൻഹും യത് ലൂ അലൈഹിം ആയാതിഹീ വയുസക്കീഹിം വയുഅല്ലിമുഹുമുൽകിതാബ വൽഹിക്മത്ത വഇൻകാനൂ മിൻഖബ്ലു ലഫീ ളലാലിൻ മുബീൻ" (62:2)
“

مَا كُنْتَ تَدْرِى ماالكِتَابُ ولا الإِيمان

“......മാ കുൻത തദ് രീ മൽകിതാബു വലൽഈമാനു ....”

ഖുർആൻ എങ്ങനെ വായിക്കണം എന്നു പറയുമ്പോൾ അതു

വായിക്കുന്നയാൾ ഏതു രൂപത്തിൽ എങ്ങോട്ടു തിരിഞ്ഞിരിക്കണം ഏതു ഈണത്തിൽ വായിക്കണം എത്ര ഉച്ചത്തിൽ വായിക്കണം എന്നീ വിഷയങ്ങളിലാണ് അതിന്റെ നിബന്ധനകൾ പ്രധാനമായും ഊന്നുന്നത്.അല്ലാതെ എന്തുകൊണ്ട് വായിക്കണമെന്നോ എങ്ങനെ മനസ്സിലാക്കപ്പെടണമെന്നോ മനസ്സിലാക്കിയ കാര്യങ്ങൾ എങ്ങനെ പ്രവൃത്തി പഥത്തിൽ കൊണ്ടുവരണമെന്നോ അതുകൊണ്ട് ജീവിതത്തിലും സമൂഹത്തിലും ഉണ്ടായിത്തീരാവുന്ന ഗുണപരമായ മാറ്റങ്ങൾ എന്തൊക്കെയാണെന്നോ ഉള്ള കാര്യങ്ങളിൽ ആർക്കും ഒരു ഉൽക്കണ്ഠയും ഇല്ല .

ഖുർആന്റെ മൂല്ല്യം അറിഞ്ഞവർക്കും അതിനെ മനസ്സിലാക്കിയവർക്കും അതു വായിക്കുമ്പോൾ അനുഷ്ഠിക്കേണ്ട ആചാര്യമര്യാദകളെക്കുറിച്ചു പറഞ്ഞാൽ മനസ്സിലായെന്നു വരും.എന്നാൽ അതിനെക്കുറിച്ച് യാതൊന്നും അറിയാത്ത ഒരു വ്യക്തിയോട് അത് ഇന്നഇന്ന രീതിയിൽ കൈകാര്യം ചെയ്യണമെന്നു ഉപാധിവെക്കുമ്പോൾ അവനത് സ്വീരിക്കപ്പെടാതിരിക്കാനാണ് സാധ്യത .ഇവിടെയാകട്ടെ ഏറ്റവും യുക്തിഭദ്രമായും സദുപദേശത്തോടുകൂടിയും അവനിലേക്ക് ഈ സന്ദേശം എത്തിക്കുക എന്നത് പ്രവാചകന്റെ നിർബന്ധബാധ്യതയായിരുന്നു താനും . പരമകാരുണികൻ പറയുന്നതു കാണുക:-

ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ ۖ وَجَٰدِلْهُم بِٱلَّتِى هِىَ أَحْسَنُ ۚ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ ۖ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ﴿١٢٥﴾

“ഉദ്ഉ ഇലാ സബീലി റബ്ബിക്ക ബിൽഹിക് മത്തി വൽമൗഇളത്തിൽ ഹസനത്തി വജാദിൽഹും ബില്ലതീ ഹിയ അഹ്സനു ഇന്ന റബ്ബക്ക ഹുവ അഅലമു ബിമൻ ളല്ല അൻ സബീലിഹീ വഹുവ അഅലമു ബിൽമുഹ്തദീൻ "

ഖുർആൻ വായനക്ക് ആചാരപരമായ ഉപാധികൾവെക്കുന്നതും നിബന്ധനകൾ കൽപിക്കുന്നതും അതിൽ നിന്നും പുറംതിരിഞ്ഞു

നടത്താനേ ഉപകരിക്കുകയുള്ളൂ. ദാഹിക്കുന്നവന് ജലത്തെ സമീപിക്കുന്നതുപോലെയോ ജീവൻ നിലനിർത്താൻ പ്രാണവായുവിനെ സമീപിക്കുന്നപോലെയോ ഉദാരമായിരിക്കണം സൃഷ്ടാവിന്റെ സന്ദേശങ്ങളെ സൃഷ്ടി സമീപിക്കാൻ . ഉപാധിവെക്കുന്നതുമൂലം അവന്ന ആ സന്ദേശം ലഭിക്കാതെ പോവുകയെ ചെയ്യുകയുള്ളൂ .അത് അവന്ന ലഭിക്കേണ്ട സന്ദേശത്തെ മറച്ചുവെക്കുകയോ തീരെ നൽകാതിരിക്കുകയോ ചെയ്യുന്നതിന്ന തുല്ല്യമാണ്,കരാർ ലംഘനവുമാണ് .

പരമകാരുണികൻ പറയുന്നതു കാണുക :-

وَإِذْ أَخَذَ ٱللَّهُ مِيثَـٰقَ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ لَتُبَيِّنُنَّهُۥ لِلنَّاسِ وَلَا تَكْتُمُونَهُۥ فَنَبَذُوهُ وَرَآءَ ظُهُورِهِمْ وَٱشْتَرَوْا۟ بِهِۦ ثَمَنًا قَلِيلًا ۖ فَبِئْسَ مَا يَشْتَرُونَ ﴿١٨٧﴾

“വഇദ് അഗദല്ലാഹു മീഥാഖല്ലദീന ഊതുൽകിതാബ ലതുബയ്യിനുന്നഹു ലിന്നാസി വലാ തക്തുമൂനഹു ഫനബദൂഹു വറാഅ ളുഹൂരിഹിം വശ്തറൗ ബിഹീ ഥമനൻ ഖലീലൻ ഫബിഅസ മായശ്തറൂൻ "

“

സ്വാർത്ഥലാഭത്തിനുവേണ്ടി ഈ സന്ദേശത്തെ കൈകാര്യം ചെയ്യുന്നതും കുറ്റകരമാണെന്ന് സർവ്വ ശക്തൻ ഈ വചനത്തിലൂടെ താക്കീതു ചെയ്യുന്നു .

സാധാരണ, മനസ്സിനെ അഭിരമിപ്പിക്കാനും വിനോദത്തിനും വേണ്ടിയാണ് അധികമാളുകളും വായനയെ ആശ്രയിക്കാറുള്ളത്. എന്നാൽ ഖുർആനാകട്ടെ വളരെ ഗൗരവമേറിയ ഒരു വായന ആവശ്യപ്പെടുന്നു .ശരാശരി വായനയിൽ നിന്ന് ഖുർആൻ പാരായണം വ്യത്യസ്ഥമാകുന്നതിലെ ഒരു ഘടകം അതാണ് . മാനസികോല്ലാസത്തിനുവേണ്ടി വായിക്കുന്ന മിക്ക പുസ്തകങ്ങളും രണ്ടാമതൊരാവർത്തി മറിച്ചു നോക്കാൻ തന്നെ നമുക്കു മടിയാണ്.കാരണം

അതിലെന്താണുള്ളത് എന്നു നാം മനസ്സിലാക്കിക്കഴിഞ്ഞു .എന്നാൽ ഖുർആൻ എത്രയാവർത്തി വായിച്ചാലും ഓരോ വായനയിലും പുതിയ പുതിയ ഉൾക്കാഴ്ചകൾ അനുവാചകനിൽ ഉണ്ടാക്കുന്നതായി അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു . തീർന്നില്ല ഖുർആൻ കാലാതി വർത്തിയാണെന്ന് പറയുന്നതിനും ചില കാരണങ്ങളുണ്ട്. ഈ കാലഘട്ടത്തിൽ മനസ്സിലാക്കാതെ പോയ അതിലെ ഒരാശയം അടുത്ത കാലഘട്ടത്തിൽ മനസ്സിലായേക്കാം.

ഖുർആന്റെ നൂറ്റാണ്ടുകളിലൂടെയുള്ള വായനയുടെ ചരിത്രത്തിൽ നിന്നും അത് മനസ്സിലാക്കാം. കുർആനെ മറ്റു തരത്തിലുള്ള വായനകളിൽ നിന്ന് വ്യതിരിക്തമാക്കുന്ന ചില വസ്തുതകൾ മാത്രമാണ് ഇവിടെ സൂചിപ്പിച്ചത്.

ഖുർആൻ ഒരു ജീവിത ദർശനം മുന്നോട്ടുവെക്കുന്നുണ്ട്. ഖുർആനിന്റെ അവതരണം വരെ അജ്ഞാതമായതോ ,അജ്ഞാതമാക്കിക്കളഞ്ഞതോ ആയ കാര്യങ്ങളെയാണ് അത് പരാമർശിക്കുന്നത്.

عَلَّمَ ٱلْإِنسَٰنَ مَا لَمْ يَعْلَمْ ﴿٥﴾

"അല്ലമൽ ഇൻസാന മാലം യഅലം "

"ദൈവം മനുഷ്യനെ  അവനറിയാത്തതു പഠിപ്പിച്ചു "

إِنَّ هَٰذَا ٱلْقُرْءَانَ يَقُصُّ عَلَىٰ بَنِىٓ إِسْرَٰٓءِيلَ أَكْثَرَ ٱلَّذِى هُمْ فِيهِ يَخْتَلِفُونَ ﴿٧٦﴾

"ഇന്ന ഹാദൽ ഖുർആന യഖുസ്സു അലാബനീ ഇസ്രാഈല അക്ഥറ ല്ലദീ ഹും ഫീഹി യഗ്തലിഫൂൻ "(27:76)

ദൈനംദിന ജിവിതത്തിലെ ആചാരമര്യാദകളോ അനുഷ്ഠാനമുറകളോ അക്കമിട്ടു പഠിപ്പിക്കുന്ന ഒരു കൈപുസ്തകമല്ല ഖുർആൻ . ഭൗതിക സംഘർഷങ്ങളിലിൽ നിന്നും ഒഴിഞ്ഞുമാറി മോക്ഷം പ്രാപിക്കാനുള്ള കുറുക്കു വഴികളുമല്ല അതിന്റെ പ്രതിപാദ്യ വിഷയം. സഹ

സ്രാബ്ദങ്ങളായി മാനവരാശി അവനെക്കുറിച്ചും അവന്റെ പ്രപഞ്ചത്തെക്കുറിച്ചും നിലനിർത്തിപോന്ന ആപൽക്കരമായ അജ്ഞതക്കും ഉൽക്കണ്ഠക്കും അറുതിവരുത്താനാവശ്യമായ ക്രിയാത്മകമായ ഉപദേശ നിർദ്ദേശങ്ങളും അവയെ പ്രയോഗക്ഷമമാക്കാൻ ഉതകുന്ന കർമ്മപരിപാടികളുമാണ് ഖുർആൻ മാനവരാശിക്കു മുമ്പിൽവെക്കുന്നത്.

ആത്മീയതയെ മനുഷ്യന്റെ അതിഭൗതിക ചിന്തകളുടെ അഭയ കേന്ദ്രമാക്കാതെ അവന്റെ പ്രായോഗിക ജീവിതത്തെ സുഗമമാക്കാനുള്ള ഉപാധിയായി ഖുർആൻ നിഷ്കർശിക്കുന്നു. മനുഷ്യനെ മതബോധം നൽകി മയക്കിക്കിടത്താനല്ല  ജീവിത സമസ്യകളുടെ യാഥാർത്ഥ്യത്തെപ്പറ്റി അവബോധം നൽകി ഉത്ഥാനം ചെയ്യിക്കാനാണ് അത് ശ്രമിക്കുന്നത്.

وَبَشِّرِ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ أَنَّ لَهُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ۖ كُلَّمَا رُزِقُوا۟ مِنْهَا مِن ثَمَرَةٍ رِّزْقًا ۙ قَالُوا۟ هَٰذَا ٱلَّذِى رُزِقْنَا مِن قَبْلُ ۖ وَأُتُوا۟ بِهِۦ مُتَشَٰبِهًا ۖ وَلَهُمْ فِيهَآ أَزْوَٰجٌ مُّطَهَّرَةٌ ۖ وَهُمْ فِيهَا خَٰلِدُونَ ﴿٢٥﴾

ജീവിതത്തിന്റെ നിരർത്ഥകതയെക്കുറിച്ചും നശ്വരതയെക്കുറിച്ചും പറയുന്നതോടൊപ്പം ജീവിതത്തിന്റെ അർത്ഥ വ്യാപ്തിയെക്കുറിച്ചും അനശ്വരതയെക്കുറിച്ചും അത് വാചാലമാകുന്നു .അത് വ്യക്തിയെയും സമൂഹത്തെയും, രാഷ്ട്രത്തെയും, കാലത്തേയും അഭിസംബോധന ചെയ്യുന്നു. മുത്തഖികളെ ഉണ്ടാക്കിത്തീർക്കാനുള്ള ഒരു ദൈവീക ഗ്രന്ഥമാണിത്. ആരാണ് മുത്തഖികളെന്ന് അവൻ തന്നെ നമുക്കു പറഞ്ഞു തരുന്നതു കാണുക :-

۞ لَّيۡسَ ٱلۡبِرَّ أَن تُوَلُّواْ وُجُوهَكُمۡ قِبَلَ ٱلۡمَشۡرِقِ وَٱلۡمَغۡرِبِ وَلَٰكِنَّ ٱلۡبِرَّ مَنۡ
ءَامَنَ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِ وَٱلۡمَلَٰٓئِكَةِ وَٱلۡكِتَٰبِ وَٱلنَّبِيِّـۧنَ وَءَاتَى
ٱلۡمَالَ عَلَىٰ حُبِّهِۦ ذَوِي ٱلۡقُرۡبَىٰ وَٱلۡيَتَٰمَىٰ وَٱلۡمَسَٰكِينَ وَٱبۡنَ
ٱلسَّبِيلِ وَٱلسَّآئِلِينَ وَفِي ٱلرِّقَابِ وَأَقَامَ ٱلصَّلَوٰةَ وَءَاتَى ٱلزَّكَوٰةَ
وَٱلۡمُوفُونَ بِعَهۡدِهِمۡ إِذَا عَٰهَدُواْۖ وَٱلصَّٰبِرِينَ فِي ٱلۡبَأۡسَآءِ
وَٱلضَّرَّآءِ وَحِينَ ٱلۡبَأۡسِۗ أُوْلَٰٓئِكَ ٱلَّذِينَ صَدَقُواْۖ وَأُوْلَٰٓئِكَ هُمُ
ٱلۡمُتَّقُونَ ﴿١٧٧﴾

പാരമ്പര്യവാദികൾ സാധാരണ പറയാറുള്ളത് മതത്തെ യുക്തി കൊണ്ടോ ബുദ്ധികൊണ്ടോ സമീപിക്കരുത് എന്നും കട്ടത്തവിശ്വാസമാണ് ആവശ്യമെന്നുമാണ് . അതിനു കാരണമായി അവർ പറയുന്നത് മനുഷ്യയുക്തിയും ബുദ്ധിയും വളരെയേറെ പരിമിതികളോടുകൂടിയുള്ളതാണെന്നാണ് .എന്നാൽ ഒരു വിശ്വാസം സ്വീകരിക്കപ്പെടുന്നതും അതിനു മനസ്സിൽ സ്ഥായിയായ നിലനിൽപുണ്ടാവുന്നതും കേവലം ബാഹ്യസമ്മർദ്ദം കൊണ്ടല്ല .യുക്തിപൂർവ്വമുള്ള തീരുമാനങ്ങളുടെ ഫലമായിട്ടാണ് .മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളെല്ലാം തന്നെ പരിമിതികളോടുകൂടിയതാണ് . എന്നാൽ തന്നെയും അവനു പുറത്തു നിന്നുള്ള കാര്യങ്ങൾ ഗ്രഹിക്കാനും സ്വാംശീകരിക്കാനും അവ മാത്രമാണ് ആശ്രയം .

ഒരാളുടെ കാഴ്ച ശക്തി കുറവാണെന്നു കരുതി മറ്റൊരാളുടെ കണ്ണുകളിലൂടെ അയാൾക്കു കാണാനാകാത്തുപോലെതന്നെയാണ് ഒരാളുടെ യുക്തി എത്ര പരിമിതമാണെങ്കിലും മറ്റൊരാളുടെ യുക്തിയിലൂടെ സ്വാംശീകരിച്ചതിനെ അയാൾക്ക് സ്വീകരിക്കാനാവുകയില്ല .ഖുർആൻ മനുഷ്യരോടു അവന്റെ യുക്തിയും ചിന്താശേഷിയും വേണ്ട വിധത്തിൽ ഉപയോഗിക്കാനാണ് ആഹ്വാനം ചെയ്യുന്നത്. മനുഷ്യയുക്തിയും ബുദ്ധിയും ദുർബലമാണെന്ന് അറിയാതെയല്ലല്ലോ ദൈ

വം അങ്ങനെ ആവശ്യപ്പെടുന്നത്?

وَلَقَدْ ذَرَأْنَا لِجَهَنَّمَ كَثِيرًا مِّنَ ٱلْجِنِّ وَٱلْإِنسِ ۖ لَهُمْ قُلُوبٌ لَّا
يَفْقَهُونَ بِهَا وَلَهُمْ أَعْيُنٌ لَّا يُبْصِرُونَ بِهَا وَلَهُمْ ءَاذَانٌ لَّا يَسْمَعُونَ بِهَآ ۚ
أُوْلَٰٓئِكَ كَٱلْأَنْعَٰمِ بَلْ هُمْ أَضَلُّ ۚ أُوْلَٰٓئِكَ هُمُ ٱلْغَٰفِلُونَ ﴿١٧٩﴾

“വലഖദ് ദറഅനാ ലിജഹന്നമ കഥീറൻ മിനൽ ജിന്നി വൽഇൻസി ലഹും ഖുലൂബുൻല്ലായഫ്ഖഹൂന ബിഹാ വലഹും അഅയുനൻല്ലാ യു ബ്സ്വിറൂന ബിഹാ വലഹും ആദാനൻ ല്ലാ യസ്മഊന ബിഹാ ഉലാ ഇക്ക കൽഅൻആമി ബൽഹും അളല്ല് ഉലാഇക്ക ഹുമുൽ ഗാഫിലൂൻ "

ഖുർആൻ നിരന്തരം ഓർമ്മപ്പെടുത്തുന്ന കാര്യങ്ങളാണ് ,നിങ്ങൾ ചിന്തിക്കുന്നില്ലേ ? നിങ്ങൾ വിവേചിക്കുന്നില്ല ?നിങ്ങൾ ദൃഷ്ടാന്തങ്ങൾ മനസ്സിലാക്കുന്നില്ലേ? പൂർവ്വ സമൂഹങ്ങളുടെ ചരിത്രങ്ങളിൽ പാഠം പഠിക്കുന്നില്ലേ തുടങ്ങിയവയൊക്കെ .

പാരമ്പര്യ വാദികൾ പറയുന്നതുപോലെ മനുഷ്യ യുക്തി പരിമിതമാണെന്നും അതു ഉപയോഗിക്കാൻ കൊള്ളില്ലെന്നും കരുതിയാൽ തന്നെ മറ്റാരുടെ യുക്തികൊണ്ടാണ് മനുഷ്യൻ അവന്റെ സൃഷ്ടാവിങ്കൽ നിന്നും വന്ന സന്ദേശങ്ങളെ മനസ്സിലാക്കേണ്ടത്? പിന്നെ എന്തിനാണ് ഈ ഗ്രന്ഥം ചിന്തിക്കുന്നവർക്കു മാർഗ്ഗദർശനമാണെന്നു പറയുന്നത്? മനുഷ്യ മസ്തിഷ്ക്കത്തിന്റെയും മനസ്സിന്റെയും അനന്ത സാധ്യതകളെ മുൻകൂട്ടി കണ്ട് അവയെ ഫലപ്രദമായി വിനിയോഗിക്കാനുള്ള ആഹ്വാനമല്ലാതെ മറ്റെന്താണ് ഈ മാർഗ്ഗ ദർശനം.?

وَلَا تَقْفُ مَا لَيْسَ لَكَ بِهِۦ عِلْمٌ ۚ إِنَّ ٱلسَّمْعَ وَٱلْبَصَرَ وَٱلْفُؤَادَ كُلُّ
أُوْلَٰٓئِكَ كَانَ عَنْهُ مَسْـُٔولًا ﴿٣٦﴾

“വലാതഖ്ഫു മാലൈസ ലക ബിഹീ ഇൽമുൻ ഇന്നസ്സംഅ വൽബസ്വറ വൽഫുആദ കുല്ലു ഉലാഇക്ക കാന അൻഹു മസ്ഊലാ "

അറിവില്ലാത്തതിന്റെ പിന്നാലെ പോകരുതെന്നും നിന്റെ കണ്ണ് കാത് ഹൃദയം തുടങ്ങിയവ എങ്ങിനെ വിനിയോഗിച്ചുവെന്ന ചോദ്യം ചെയ്യപ്പെടുമെന്ന് ഖുർആൻ മുന്നറിയിപ്പ നൽകുമ്പോൾ കണ്ണും കാതും ഹൃദയവും ബുദ്ധിയും യുക്തിയുമെല്ലാം ദുർബലമാണെന്ന പറഞ്ഞ് ഉപയോഗിക്കാതെ എങ്ങനെയാണ് അറിവുണ്ടാക്കുക ?

പാരമ്പര്യവാദികളുടെ തർക്കത്തിന് ഇതൊന്നുമല്ല കാരണം അവരുണ്ടാക്കിയ കെട്ടുകഥകളുടെയും ഐതീഹ്യങ്ങളുടെയേയും ചീട്ടു കൊട്ടാരം മനുഷ്യൻ യുക്തിഭദ്രമായി സമീപിച്ചാൽ തകർന്നടിയുമെന്നുള്ള ഭയം കൊണ്ടാണ് വിശ്വാസിക്ക് യുക്തിയും ബുദ്ധിയുമൊന്നും വേണ്ടെന്ന പറയുന്നത്. യുക്തിയും ബുദ്ധിയും വിവേചന ശക്തിയും ഉപയോഗിക്കാതെ വിശ്വസിക്കാനാണെങ്കിൽ ലോകത്ത് എന്ത് മാത്രം മിഥ്യകളുണ്ട് ? വികലവും വികൃതവുമായ എത്ര ആശയങ്ങളും ഐതീഹ്യങ്ങളുമുണ്ട് ? അവയിലേതെങ്കിലും ഒന്ന് വിശ്വസിച്ചാൽ മതിയെന്ന ഇക്കൂട്ടർ പറയുമോ ?സൂക്ഷ്മ നിരീക്ഷണത്തിൽ തന്റെ യുക്തിക്കും ബുദ്ധിക്കും ബോധ്യമായത് മാത്രമെ മനുഷ്യന് സ്വീകരിക്കാനാവുകയൊള്ളൂ

ഖുർആൻ എങ്ങനെ വായിക്കണം എന്ന് ചിന്തിച്ച് തല പുകക്കുന്നതിനു മുമ്പ് അത് എന്തിനു വായിക്കണം എന്ന കൂടി ചിന്തിക്കുന്നത് ഉചിതമായിരിക്കും . കഴിഞ്ഞ ആയിരത്തി നാനൂറു വർഷമായി ഒരു വിഭാഗം വിശ്വാസികളുടെ ജംഗമസ്വത്തായി ഇരിക്കുന്നതു കൊണ്ടല്ല സാമൂഹ്യശാസ്ത്രന്മാരുടെയും നിഷ്പക്ഷമതികളായ വിജ്ഞാന കുതുകികളുടെയും പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും വിധേയമായ ഈ ഗ്രന്ഥം ലോക ഗതിയെ മാറ്റി മറിക്കുന്നതിലും ആധുനിക ലോക ക്രമത്തിന്റെ നിർമ്മിതിയിലും സാരമായ പങ്കുവഹിച്ചിട്ടുണ്ട് എന്ന നിഷ്പക്ഷമതികളുടെ നിരീക്ഷണത്തിന്റെ വെളിച്ചത്തിലാണ് ഈ ഗ്രന്ഥം വായന അർഹിക്കുന്നു എന്ന പറയുന്നത് .

ഖുർആൻ വാക്യങ്ങളേയും വാചകങ്ങളേയും സാങ്കേതികാർ

ത്ഥമെന്ന പേരിൽ വ്യാകരണനിയമങ്ങളും ഭാഷാർത്ഥനിബന്ധനക ളും കാറ്റിൽ പറത്തിക്കൊണ്ട് നിക്ഷിപ്തതാല്പര്യത്തോടെയും നിഗൂഢ ലക്ഷ്യങ്ങളോടെയും വ്യാഖ്യാനിക്കുകയും അർത്ഥകൽപന നടത്തു കയും ചെയ്തതിന്റെ ഫലമായി ഖുർആന്റെ വിശാലമായ താല്പര്യ ങ്ങൾ ആപൽക്കരമായ വിധത്തിൽ അട്ടിമറിക്കപ്പെടുകയും കേവല വിശ്വാസത്തിനുവേണ്ടി മാത്രമായിട്ടുള്ള ഒരു വിശ്വാസസംഹിത രൂ പപ്പെടുകയും ചെയ്തു.

ഖുർആൻ മുന്നോട്ടുവെക്കുന്ന ഉദാത്തവും വിശാലവുമായ ആശ യങ്ങളെ അതിനു ഒരു തരത്തിലും ഇണങ്ങാത്ത കേവല പദാർത്ഥ ങ്ങൾക്കൊണ്ടും പ്രാദേശികതകൊണ്ടും യാതൊരു പ്രാധാന്യവും അർഹിക്കാത്ത സംഭവ പരമ്പരകൾക്കൊണ്ടും വ്യാഖ്യാനിക്കാനും നിർവ്വചിക്കാനും നടത്തുന്ന ഓരോശ്രമങ്ങളും നിഷ്പക്ഷമതികളായ വായനക്കാരിൽ മടുപ്പും ,തെറ്റിദ്ധാരണകളും സൃഷ്ടിക്കാനുതകുന്നവയാ ണ്. അമൂർത്തമായ ആശയ പ്രതിഭാസങ്ങളെ മൂർത്തവും ബാലിശവു മായ കൊച്ചു കൊച്ചു ഉപമകളിലൂടെ അർത്ഥഭംഗം വരുത്തിയതിന് ധാരാളം ഉദാഹരണങ്ങളിൽ പരിഭാഷകളിൽ കാണാവുന്നതാണ് .ഇ ങ്ങനെ ചെയ്യുന്നതിലൂടെ ഖുർആന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ അട്ടിമറി ക്കുകയല്ലാതെ മറ്റെന്താണ് ഇവർ ചെയ്യുന്നത്?.ശരാശരി വിശ്വാസി യോട് ഇവർ കൽപിക്കുന്നത് അർത്ഥത്തെക്കുറിച്ചൊന്നും വേവലാ തിപ്പെടേണ്ടതില്ല വെറുതെ മനഃപ്പാഠമാക്കുകയോ ഓതിക്കൊണ്ടിരി ക്കുകയോ ചെയ്താൽ മതി ധാരാളം പുണ്യം കിട്ടും എന്നാണ് .നമ്മുടെ അനുഷ്ഠാനങ്ങളിൽ പലതും ഇതിൽ കാണാൻ കഴിയില്ലെന്നും ഇത് അപൂർണ്ണമാണെന്നുമാണ് ഇവർ പറയുന്നത് .എന്നാൽ ഖുർആൻ പ റയുന്നതു കാണുക :-

وَتَمَّتْ كَلِمَتُ رَبِّكَ صِدْقًا وَعَدْلًا ۚ لَّا مُبَدِّلَ لِكَلِمَـٰتِهِۦ ۚ وَهُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿١١٥﴾

اليومَ أَكْمَلْتُ لَكُمْ دِينكُمْ وَأَتْمَمْتُ عَلَيْكمْ نِعْمَتِي وَرَضِيتُ لكم الأسْلامَ دِينًا

ഖുർആന് അർത്ഥഭേദം വരുത്തി സാങ്കേതികാർത്ഥം എന്ന പേരിൽ തികച്ചും സാങ്കൽപികമായ അർത്ഥങ്ങൾ നൽകി ആശയങ്ങളെ വഴിതിരിച്ച് വിട്ടതിനും,ഭാഷാസൂക്ഷ്മ പുലർത്താതിനും, സാർവ്വലൗകികമായ കാര്യങ്ങളെ പ്രദേശികാര്യങ്ങളായി ചുരുക്കിയതിനും ആശയമായി മനസ്സിലാക്കപ്പെടേണ്ടവയെ പദാർത്ഥപരമായി മനസ്സിലാക്കിത്തരുന്നതിനും ധാരാളം ഉദാഹരങ്ങൾ ഉണ്ട്.

കുറച്ച് ഉദാരണങ്ങൾ കാണുക :-

إِنَّ ٱلَّذِينَ كَفَرُواْ سَوَآءٌ عَلَيۡهِمۡ ءَأَنذَرۡتَهُمۡ أَمۡ لَمۡ تُنذِرۡهُمۡ لَا يُؤۡمِنُونَ ٦

"ഇന്നല്ലദീന കഫറൂ സവാഉൻ അലൈഹിം അഅൻദർതഹും അം ലം തുൻദിർഹും ലായുഅമിനൂൻ"

ഈ വചനത്തിനു പാരമ്പര്യാദികൾ കൊടുത്ത അർത്ഥമൊന്നു കാണുക :- " സത്യനിഷേധികളെ സംബന്ധിച്ചിടത്തോളം നീ അവർക്കു താക്കീതു നൽകിയാലും ഇല്ലെങ്കിലും സമമാകുന്നു അവർ വിശ്വസിക്കുന്നതല്ല "

ലോകത്ത് വിശ്വാസികളായവരൊക്കെതന്നെയും മുമ്പ് അവിശ്വാസികളായിരുന്നവരായിരുന്നല്ലോ ? അവരെയൊക്കെ അവരൊന്നും എന്തു പറഞ്ഞാലും വിശ്വസിക്കാത്തവരാണെന്ന മുൻവിധിയോടുകൂടി ഒഴിവാക്കിയിരുന്നുവെങ്കിൽ പിന്നെ ആരോടാണ് ഉൽബോധനം ചെയ്യേണ്ടത്? ആരെയാണ് വിശ്വസിപ്പിക്കേണ്ടത് ?ദൈവം തന്നെ കൈവിട്ട അവരെ ആരാണ് പിന്നെ രക്ഷിക്കുക ? എത്ര വലിയ അബദ്ധമാണ് ഇത്? ഏറെ പൊറുക്കുകയും മാപ്പുകൊടുക്കുകയും ചെയ്യുന്നവനാണ് ദൈവം എന്നു പറയുമ്പോഴാണ് ഇത്രയും അസഹിഷ്ണുവും മുൻവിധിക്കാരനും വിട്ടുവീഴ്ചയില്ലാത്തവനുമായി ദൈവത്തെ ചിത്രീകരിക്കുന്നത്.തികഞ്ഞ അസംബന്ധമെന്നല്ലാതെ എന്തു പറയാൻ?

വാസ്തവത്തിൽ ഈ വാചകം വായിക്കേണ്ടതും മനസ്സിലാക്കേണ്ടതും താഴെ പറയുന്ന രീതിയിലാണ് : ഒരു ജനത നിഷേധിച്ചുകൊണ്ടേയിരിക്കുന്ന ആ അവസ്ഥയിൽ എന്തുപറഞ്ഞാലും സ്വീകരിക്കുകയി

ല്ല .കാരണം തുടർന്നു വരുന്ന വചനം വ്യക്തമാക്കുന്നുണ്ട് .അവരുടെ ഹൃദയങ്ങളിലേക്കുള്ള പ്രവേശന കവാടങ്ങൾ ഈ നിഷേധാത്മക നിലപാടിലൂടെ അവർ കൊട്ടിയടച്ചിരിക്കുകയാണ് .

വാചക ഘടനയിൽ ഭൂത,വർത്തമാന,ഭാവികാലങ്ങളെ തിരിച്ചറിയാതെ കേവല അർത്ഥം നൽകുമ്പോഴുണ്ടാകുന്ന സ്വാഭാവികമായ ഇത്തരം തെറ്റുകൾ ഖുർആൻ പരിഭാഷകളിൽ ഉടനീളം കാണാം. സംഭവിച്ചു കൊണ്ടിരിക്കുന്ന ഒരു കാര്യത്തെ സംഭവിച്ചു കഴിഞ്ഞതായിട്ടോ ,സംഭവിക്കാനിരിക്കുന്ന ഒരു കാര്യത്തെ തൽസമയം സംഭവിച്ചുകൊണ്ടിരിക്കുന്നതായിട്ടോ മനസ്സിലാക്കുന്നതിലൂടെ മൗലികമായ അർത്ഥത്തിനു തന്നെ കോട്ടം സംഭവിക്കുന്നു .വള്ളിപുള്ളി വിസർഗ്ഗം തുടങ്ങിയവയിലെല്ലാം വളരെയധികം കണിശത പുലർത്തുന്ന ഒരു ഗ്രന്ഥമാണ് ഖുർആൻ .അതു പരിഭാഷപ്പെടുത്തുമ്പോഴും ആ കണിശത പുലർത്തിയെ പറ്റൂ .കേവലം അർത്ഥം മാത്രം മനസ്സിലാക്കി മറ്റു ഭാഷാ നിയമങ്ങളെ പറ്റി സൂക്ഷ്മത പുലർത്താതെ ഉദാര സമീപനം സ്വീകരിച്ചിന്റെ ഫലമായിട്ടാണ് പരിഭാഷകളിൽ ഇത്തരം തെറ്റുകൾ കടന്നു കൂടുന്നത്. ഇതുമൂലം ഇസ്ലാമിനെക്കുറിച്ചും അറബിഭാഷയെക്കുറിച്ചും യാതൊന്നുമറിയാത്ത നിഷ്പക്ഷമതികൾക്ക് ഖുർആൻ പരിഭാഷകളുടെ വായന വലരെ വിരസമായിത്തോന്നാനിടയുണ്ട് .മാത്രമല്ല ഖുർആനിൽ പരാമർശിച്ചിരിക്കുന്ന ഉന്നതമായ പല വിഷയങ്ങളും വളരെ ബാലിശമാണെന്നും തോന്നിപ്പോവുന്നു.ഇത് ഖുർആനെയും ഇസ്ലാമിനേയും അറിയാനുള്ള അവരുടെ ശ്രമങ്ങളിൽ നിന്നും അവരെ പിന്തിരിപ്പിക്കുന്നു .വളരെ ആപൽക്കരമാണ് ഈ അവസ്ഥ.കുറെ അധികം ആളുകൾ ആദരിക്കുന്നു എന്നതുകൊണ്ടോ വിശ്വസിക്കുന്നു എന്നതുകൊണ്ടോ മാത്രം ഒരു പ്രസ്ഥാനവും മഹത്തരമാകുന്നില്ല . അതിന്റെ യഥാർത്ഥ മഹത്ത്വം വെളിപ്പെടാത്ത കാലത്തോളം.അതുകൊണ്ട് ഖുർആന്റെ മഹത്ത്വത്തെ വെളിപ്പെടുത്തുന്ന തരത്തിൽ അതിനെ പുനർവായന നടത്തണം.

فَذَكِّرْ إِن نَّفَعَتِ ٱلذِّكْرَىٰ ﴿٩﴾

“അതിനാൽ ഉപദേശം ഫലപ്പെടുന്നുവെങ്കിൽ നീ ഉപദേശിച്ചു കൊള്ളുക "(87:9)

മേൽവചനത്തെ യഥാർത്ഥത്തിൽ " അപ്പോൾ ഉൽബോധനം പ്രയോജനം ചെയ്തിട്ടുണ്ടെങ്കിൽ നീ പ്രബോധനം നടത്തുക " എന്നാണ്. കാരണം മേൽ വചനത്തിലെ "നഫഅ **نَفَعَ** " എന്ന ക്രിയ ഭൂതമാണ്. ആ ക്രിയയെ ഭാവികാലം കൊണ്ടാണ് അർത്ഥം വെച്ചിരിക്കുന്നത്. ഇങ്ങനെ ചെയ്യുന്നതുമൂലമുണ്ടാകുന്ന കുഴപ്പമെന്താണെന്നു പരിശോധിക്കാം .ഫലപ്പെടുന്നുവെങ്കിൽ എന്നു പറയുമ്പോൾ ഭാവിയിൽ ഫലമുണ്ടാകുന്നെങ്കിൽ എന്നാണല്ലോ അർത്ഥം. ഫലപ്പെട്ടിട്ടുണ്ടങ്കിൽ എന്നാകുമ്പോഴോ ഭൂതകാലത്തിൽ ഫലമായിട്ടുണ്ട് എന്നുമാണ് അർത്ഥം.ഭാവി എല്ലാവരെ സംബന്ധിച്ചും അജ്ഞാതമാണ് .ഭൂതകാലമാകട്ടെ എല്ലാവർക്കും അറിയാവുന്നതുമാണ് .ഭാവിയെക്കുറിച്ചുള്ള അജ്ഞതയും ആശങ്കയും വെച്ചുകൊണ്ടു ഉപദേശിക്കുക സാധ്യമല്ലല്ലോ? ഭൂതകാലത്തിന്റെ അറിവും ഫലസിദ്ധിയും മനസ്സിലാക്കിക്കൊണ്ടല്ലേ ഉപദേശിക്കാനാവൂ. ഇത്രയും ചെറിയ ഒരു പിശകു പോലും എത്രമാത്രം മാറ്റമുണ്ടാക്കുന്നു എന്നു മനസ്സിലാക്കാൻ വേണ്ടിയാണ് ഇത്രയും പറഞ്ഞത് .

ദുർബലവിഭാഗങ്ങൾക്കിടയിലെ അജ്ഞതമൂലമുള്ള രക്തച്ചൊരിച്ചിലിനെയും അതിന്റെ പേരിൽ അവരോടു അനുവർത്തിക്കേണ്ട നയത്തിന്റെയും അത്തരം ദുർബലരെ ശുദ്ധീകരിച്ചെടുക്കേണ്ട ആവശ്യകതയെയും തെറ്റുകൾ മനസ്സിലാക്കിയ ശേഷം അവരുടെ തിരിച്ചുവരവും പശ്ചാതാപവും ദൈവം എങ്ങനെ സ്വീകരിക്കുന്നു എന്നതിനെക്കുറിച്ചുമുള്ള ഒരു വചനത്തെ എത്രമാത്രം വികലവും സ്ത്രീ വിരുദ്ധവും യുക്തിരഹിതവുമാക്കിത്തീർക്കുന്നു എന്നതിനു ഒരുദാഹരണം കാണുക :-

وَيَسْـَٔلُونَكَ عَنِ ٱلْمَحِيضِ ۖ قُلْ هُوَ أَذًى فَٱعْتَزِلُوا۟ ٱلنِّسَآءَ فِى ٱلْمَحِيضِ ۖ وَلَا تَقْرَبُوهُنَّ حَتَّىٰ يَطْهُرْنَ ۖ فَإِذَا تَطَهَّرْنَ فَأْتُوهُنَّ مِنْ حَيْثُ أَمَرَكُمُ ٱللَّهُ ۚ إِنَّ ٱللَّهَ يُحِبُّ ٱلتَّوَّٰبِينَ وَيُحِبُّ ٱلْمُتَطَهِّرِينَ ﴿٢٢٢﴾

"വയസ്അലൂനക്ക അനിൽമഹീളി ഖുൽഹുവ അദൻ ഫഅതസിലു ന്നിസാഅ ഫിൽമഹീളി വലാതഖ്റബൂഹുന്ന ഹത്താ യത്ഹുർന ഫ ഇദാ തതഹ്ഹർന ഫ അതൂഹുന്ന മിൻ ഹയ്ഥു അമറക്കുമുല്ലാഹു ഇന്നല്ലാഹ യുഹിബ്ബുത്തവ്വാബീന വയുഹിബ്ബുൽമുതത്വഹ്ഹിരീൻ "

"ആർത്തവത്തെപ്പറ്റി അവർ നിന്നോടു ചോദിക്കുന്നു . പറയുക : അതൊരു മാലിന്യമാകുന്നു . അതിനാൽ ആർത്തവഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽ നിന്നും അകന്നുനിൽക്കേണ്ടതാണ് .അവർ ശുദ്ധിയാകുന്നതുവരെ അവരെ സമീപിക്കാൻ പാടില്ല . എന്നാൽ അവർ ശുചീകരിച്ചുകഴിഞ്ഞാൽ അല്ലാഹു നിങ്ങളോടു കൽപിച്ച വിധത്തിൽ നിങ്ങൾ അവരുടെ അടുത്ത് ചെന്നുകൊള്ളുക. തീർച്ചയായും അല്ലാഹു പശ്ചാതപിക്കുന്നവരെ ഇഷ്ടപ്പെടുന്നു .ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു "(2:222)

"ആർത്തവത്തെപ്പറ്റി അവർ നിന്നോടു ചോദിക്കുന്നു" ഇതാണല്ലോ ആദ്യവാചകം ഇതൊന്നു പരിശോധിക്കാം.അതായത് അൽമഹീള് **ٱلْمَحِيض** എന്ന പദം ഖുർആനിലൂടെ അറിയപ്പെട്ട ഒരു രക്തമെഴുക്കിനെക്കുറിച്ചാണ് വ്യക്തമാക്കുന്നത് .സാധാരണ സ്ത്രീകളിൽ കണ്ടു വരുന്ന ആർത്തവം എന്ന അർത്ഥത്തിനാണെങ്കിൽ മഹീള് **مَحِيض** എന്നാണ് പ്രയോഗിക്കുക .ഇനി "അതൊരു മാലിന്യമാകുന്നു" എന്ന പ്രയേഗത്തിന്റെ നിജസ്ഥിതി നോക്കാം.അദൻ **أَذًى** എന്ന പദമാണല്ലോ മാലിന്യം എന്നതിന് കൊടുത്ത അറബി പദം. യഥാർത്ഥത്തിൽ ഖുർആനിൽ ഈ പദം ഉപദ്രവം എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. ഇതു പ്രകരം നോക്കുമ്പോൾ ആർത്തവവും മാലിന്യവുമല്ല രക്തച്ചൊരിച്ചിലും അതുമൂലമുള്ള ഉപദ്രവുമാ

ണെന്നു കാണാം. അല്ലെങ്കിൽ തന്നെ സൃഷ്ടവായ ദൈവത്തിന്റെ നിശ്ചയപ്രകാരം(പ്രകൃതി നിയമമനുസരിച്ച്) മാസാമാസം പ്രായപൂർത്തിയും ആരോഗ്യവുമുള്ള ഒരു സ്ത്രീക്ക് നിർബന്ധമായി നടക്കുന്ന ഒരു പ്രതിഭാസമായ ആർത്തവത്തെ ദൈവം തന്നെ വിരക്തിയോടെ കാണുന്നു എന്നത് വിരോധാഭാസമാണ് .

ഇനി അതിൽ നിന്നും ശുദ്ധീകരിച്ചു കഴിയുമ്പോൾ എന്തിനാണാവോ ഈ സ്ത്രീ പശ്ചാതപിക്കേണ്ടി വരുന്നത്. ആർത്തവം ഒരു കുറ്റകൃത്യമാണെന്നാണോ ദൈവം കാണുന്നത്? പുരാതന കാലങ്ങളിൽ മാത്രമല്ല ഇന്നുപോലും ചിലയിടങ്ങളിൽ ചില സമൂഹങ്ങളിൽ ഋതുമതിയായ സ്ത്രീക്ക് അസ്പൃശ്യതയും വിലക്കും കൽപിക്കുകയും വീട്ടിനകത്തേക്ക് പ്രവേശനം നിരോധിക്കുകയും ചിലതരം സസ്യങ്ങളെപ്പോലും തൊടുന്നതിന് നിരോധം ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നതായി കാണാം .

ദൈവത്തിന് അശുദ്ധിയുള്ളവരോട് വെറുപ്പാണെത്രെ .ആർത്തവം അശുദ്ധിയാണെന്നും പറയുന്നു .അങ്ങനെയാണെങ്കിൽ ലോകത്തെ എല്ലാ സ്ത്രീകൾക്കും മാസത്തിൽ ഒരാഴ്ചയെങ്കിലും ദൈവത്തിന്റെ വെറുപ്പ് സമ്പാദിക്കേണ്ടതായി വരുമല്ലോ ? ഇതെത്ര വലിയ അനീതിയാണ്. ഇതിനേക്കാൾ സ്ത്രീ വിരുദ്ധത സങ്കൽപിക്കാനാകുമോ? ആർത്തവം ഒരു അശുദ്ധിയോ ,രോഗമോ ആണെങ്കിൽ മലമൂത്ര വിസർജ്ജനങ്ങളെയും അങ്ങനെതന്നെ കാണണ്ടെ? പ്രാകൃത സമൂഹങ്ങളിലും ആധുനികരെന്നു അവകാശപ്പെടുന്ന നവീന പ്രാകൃതരിലും കൊടികുത്തിവാണിരുന്ന സ്ത്രീ വിരുദ്ധതയെ അരക്കിട്ടുറപ്പിക്കുവാനല്ലാതെ ഖുർആന് ഇവർ കൊടുത്ത ഈ അർത്ഥം പ്രയോജനപ്പെടുമോ?

യഥാർത്ഥത്തിൽ മേൽവചനങ്ങളുടെ അർത്ഥം ഇങ്ങനെയാണെങ്കിലോ ?" രക്തച്ചൊരിലിനെക്കുറിച്ച് അവർ നിന്നോടു ചോദിക്കുന്നു പറയുക : അതൊരു ഉപദ്രവമാകുന്നു .അതിനാൽ രക്തച്ചൊലിന്റെ വേളയിൽ നിങ്ങൾ ആ ദുർബലരിൽ നിന്നും അകന്നു നിൽക്കേണ്ട

താണ് .അവർ മാനസികമായി ശുദ്ധിയാകുന്നതുവരെ അവരെ സമീപിക്കരുത്. എന്നാൽ അവർ ജീവിതവിശുദ്ധ നേടിക്കഴിഞ്ഞാൽ ദൈവം കൽപിച്ചതു പ്രകാരം അവരെ സമീപിക്കാവുന്നതാണ് . തീർച്ചയായും ദൈവം പശ്ചാതപിക്കുന്നവരെ ഇഷ്ടപ്പെടുന്നു . അവൻ പരിശുദ്ധരെയും ഇഷ്ടപ്പെടുന്നു (2:222)

വിട്ടുനിൽക്കേണ്ടത് ആർത്തവക്കാരികളെയല്ല എന്നതിനു തെളിവായി 4:90 പരിശോധിക്കുക .അവിടെ പോരാട്ടത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കേണ്ടതിനെക്കുറിച്ച് പരാമർശിക്കുന്നിടത്ത് ഇഅതസല إِعْتَزَلَ എന്ന പദം ഉപയോഗിച്ചതായി കാണാം.

ശുദ്ധി , അശുദ്ധി എന്നീ ഖുർആനിക പ്രയോഗങ്ങളെ കേവലം ശാരീരിക ശുദ്ധിയും അശുദ്ധിയുമായി കാണുമ്പോഴുള്ള കുഴപ്പം എന്താണെന്നു നോക്കാം.ദേഹത്ത് മാലിന്യം പുരളുന്ന തൊഴിലുകളിൽ ഏർപ്പെടുന്നവർ നിരവധിയാണ് .ഉദാഹരത്തിന് ശുചീകരണ തൊഴിലാളികൾ ,തോട്ടിപ്പണി ചെയ്യുന്നവർ തുടങ്ങിയവർ. ഇവർക്കൊക്കെ അവർ തൊഴിലിൽ വ്യാപൃതരായിരിക്കുന്ന സമയം മുഴുവൻ ദൈവത്തിന്റെ വെറുപ്പിനു പാത്രമാകേണ്ടി വരുമല്ലോ? പിന്നീട് പണികഴിഞ്ഞ് കുളിച്ചു വൃത്തിയായാലല്ലാതെ ഇവർക്കൊന്നും ദൈവത്തിന്റെ വെറുപ്പിൽ നിന്നും രക്ഷപ്പെടാനാകില്ലല്ലോ ?

മറ്റു നിരവധി ഖുർആനിക സംജ്ഞകളെ തെറ്റായും നേർവിപരീത അർത്ഥത്തിലും ഉപയോഗിച്ചതുപോലെ തന്നെ ശുദ്ധി, അശുദ്ധി തുടങ്ങിയ പദങ്ങളേയും വളരെ ഉപരിപ്ലവമായിട്ടാണ് ഇവർ കണ്ടിട്ടുള്ളത് . ഒരു ശരാശരി മനുഷ്യന്റെ ദൈംനദിന ജീവിതത്തിൽ തൊഴിലിന്റെ ഭാഗമായോ മറ്റോ ദേഹത്തു പുരളുന്ന അഴുക്കാണ് ഇവർക്ക് അശുദ്ധി. അതു ദിവസവും അഞ്ചുനേരമോ ,ആറു നേരമോ കഴുകിക്കളഞ്ഞാൽ ഇവർക്കു വിശുദ്ധിയായി. .യഥാർത്ഥത്തിൽ ശുദ്ധി അശുദ്ധി എന്നതുകൊണ്ട് ഖുർആൻ വിവക്ഷിക്കുന്നത് ഹൃദയത്തിന്റെയും ആശയങ്ങളുടേയും സംശുദ്ധിയാണ് എന്നു മനസ്സിലാ

ക്കാൻ വലിയ പാണ്ഡ്യത്യത്തിന്റെയൊന്നും ആവശ്യമില്ല .കാരണം ഖുർആൻ വളരെ ഋജുവും, സുതാര്യവും, ലളിതവും അതുകൊണ്ട് ത ന്നെ അത് സുഗ്രാഹ്യവുമാണ് . രണ്ടു വചനങ്ങൾ കാണുക :-

ٱلْحَمْدُ لِلَّهِ ٱلَّذِىٓ أَنزَلَ عَلَىٰ عَبْدِهِ ٱلْكِتَـٰبَ وَلَمْ يَجْعَل لَّهُۥ عِوَجَا ۜ ﴿١﴾

“അൽഹംദു ലില്ലാഹില്ലദീ അൻസല അലാ അബ്ദിഹിൽ കിതാബ വലം യജ്അല്ലഹു ഇവജൻ ഖയ്യമൻ ............” (18:1)

“യാതൊരു വക്രതയും വരുത്താത്തതും നേരെ ചൊവ്വേയുള്ളതുമായ ഈ വേദഗ്രന്ഥത്തെ അവതരിപ്പിച്ച ദൈവത്തിനു സ്തുതി "

وَلَقَدْ يَسَّرْنَا ٱلْقُرْءَانَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ ﴿١٧﴾

“ വലഖദ് യസ്സർനൽ ഖുർആന ലിദ്ദിക് രി ഫഹൽ മിൻ മുദ്ദക്കിർ "

“തീർച്ചയായും നാം ഖുർആനെ അനുസ്മരിക്കുവാൻ എളുപ്പമാക്കിയിരിക്കുന്നു എന്നാൽ മുന്നറിയിപ്പു ഉൾക്കൊള്ളുന്നവരുണ്ടോ?”(54:17)

ശുദ്ധി എന്നതിനെ കേവല ശാരീരിക ശുദ്ധി എന്നു മനസ്സിലാക്കിയതിന്റെ ഫലമായി സംഭവിച്ച ഒരു പരമ അബദ്ധത്തിന്റെ സ്ഥിതി താഴെ കൊടുക്കുന്ന വചനത്തിൽ കാണാം.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَقْرَبُوا۟ ٱلصَّلَوٰةَ وَأَنتُمْ سُكَـٰرَىٰ حَتَّىٰ
تَعْلَمُوا۟ مَا تَقُولُونَ وَلَا جُنُبًا إِلَّا عَابِرِى سَبِيلٍ حَتَّىٰ تَغْتَسِلُوا۟ ۚ وَإِن
كُنتُم مَّرْضَىٰٓ أَوْ عَلَىٰ سَفَرٍ أَوْ جَآءَ أَحَدٌ مِّنكُم مِّنَ ٱلْغَآئِطِ أَوْ لَـٰمَسْتُمُ
ٱلنِّسَآءَ فَلَمْ تَجِدُوا۟ مَآءً فَتَيَمَّمُوا۟ صَعِيدًا طَيِّبًا فَٱمْسَحُوا۟
بِوُجُوهِكُمْ وَأَيْدِيكُمْ ۗ إِنَّ ٱللَّهَ كَانَ عَفُوًّا غَفُورًا ﴿٤٣﴾

“യാഅയ്യുഹല്ലദീന ആമനൂ ലാ തഖ്റബുസ്സ്വലാത്ത വഅൻതു സുകാറാ ഹത്താ ത അലമൂ മാതഖൂലൂന വലാജുനുബൻ ഇല്ലാ ആബിരീ സബീലിൻ ഹത്താ തഗ്തസി

ലൂ വഇൻകുൻതും മ്മർളാ ഔ അലാ സഫരിൻ ഔ ജാഅ അഹദുൻമ്മിൻകും മ്മിനൽ ഗായിത്തി ഔ ലാമസ്തുമുന്നിസാഅ ഫലം തജിദൂ മാഅൻ ഫതയമ്മമൂ സഈദൻ ത്വയ്യിബൻ ഫംസഹൂ ബിവുജൂഹിക്കും വഅയ്ദീക്കും ഇന്നല്ലാഹ കാന അഫുവ്വൻ ഗഫൂറാ "

"സത്യ വിശ്വാസികളേ , ലഹരിബാധിച്ചവരായിരിക്കൊണ്ട് നിങ്ങൾ നമസ്കാരത്തെ സമീപിക്കരുത് .നിങ്ങൾ പറയുന്നതെന്തെന്ന് നിങ്ങൾക്ക ബോധമുണ്ടാകുന്നതുവരെ .ജനാബത്തുകാരായിരുക്കുമ്പോൾ നിങ്ങൾ കുളിക്കുന്നതുവരെയും (നമസ്കാരത്ത സമീപിക്കരുത്) നിങ്ങൾ വഴികടന്നു പോകുന്നവരായിക്കൊണ്ടല്ലാതെ നിങ്ങൾ രോഗികളായിരിക്കുയോ യാത്രയിലാവുകയോ ചെയ്താൽ -അല്ലെങ്കിൽ നിങ്ങളിൽ ഒരാൾ മലമൂത്രവിസർജ്ജനം കഴിഞ്ഞ് വരികയോ സ്ത്രീകളുമായി സമ്പർക്കം നടത്തുകയോ ചെയ്തുവെങ്കിൽ -എന്നിട്ടു നിങ്ങൾക്ക വെള്ളം കിട്ടിയതുമില്ലെങ്കിൽ നിങ്ങൾ ശുദ്ധിയുള്ള ഭൂമുഖം തേടിക്കൊള്ളുക . എന്നിട്ടതുകൊണ്ട് നിങ്ങളുടെ മുഖങ്ങളും കൈകളും തടവുക .തീർച്ചയായും അല്ലാഹു ഏറെ മാപ്പുനൽകുന്നവനും പൊറുക്കുന്നവനുമാകുന്നു (പാരമ്പര്യ വ്യാഖ്യാനം)

ഈ പരിഭാഷയിലെ ആദ്യവരികൾ തന്നെ എടുക്കാം. ലഹരി ബാധിച്ചവരായിക്കൊണ്ട് നമസ്കാരത്തെ സമീപിക്കരുത് എന്നു മാത്രമെ അല്ലാഹു ഉദ്ദേശിക്കുന്നുള്ളൂ .ലഹരി ബാധിച്ചവരായിക്കൊണ്ട് മറ്റെന്തിനേയും സമീപിക്കാമോ ? അതിലും ഒരിളവുണ്ട് .ലഹരി ബാധിച്ചാലും ബോധമുള്ളതുവരെ നമസ്കാരത്തെ സമീപിക്കാം. ജനാബത്ത് എന്ന പദത്തെ അറബിയിൽ നിലനിർത്തിയത് എതായാലും നന്നായി. നിങ്ങൾ വഴികടന്നു പോകുന്നവരായിക്കൊണ്ടല്ലാതെ എന്നതിന്റെ അർത്ഥം പള്ളിയിലൂടെ നടന്നുപോകുന്നതിനു ആയിരിക്കുമോ ഉദ്ദേശിച്ചത്? രോഗാവസ്ഥ ,യാത്ര ,സ്ത്രീ സമ്പർക്കം ,മലമൂത്ര വിസർജ്ജനം ഇതലേതെങ്കിലും ഒന്നു നടത്തുകയും വെള്ളം ലഭിക്കാതിരിക്കുകയും ചെയ്താൽ ശുദ്ധിയുള്ള ഭൂമുഖം തേടിപ്പിടിച്ച് അതുകൊണ്ട് മുഖങ്ങളും കൈകളും തടവിയാൽ ശുദ്ധമാകുംപോലും .

യുക്തിയും സാമാന്യബുദ്ധിയേയും നേരത്തെ തന്നെ നിരാകരിച്ച സ്ഥിതിക്ക് മലമൂത്ര വിസർജ്ജനം കഴിച്ചയാൾ കയ്യും മുഖവും മണ്ണുകൊണ്ട് തടവുന്നതിലൂടെ എങ്ങനെയാണ് ശുദ്ധിയാവുക എന്ന ചോദ്യത്തിനു പ്രസക്തിയില്ല .

ഇനി പ്രസ്തുത വചനത്തിന്റെ ശരിയായ അർത്ഥം നമുക്കൊന്നു പരിശോധിക്കാം.

" ഓ വിശ്വാസികളെ ,ദൈവീക കൽപനകളെക്കുറിച്ച ഊഹാപോഹങ്ങൾക്കരികെ നിങ്ങൾപോകരുത്.നിങ്ങൾ പറയുന്നതെന്താണ് വ്യക്തമായ അറിവുണ്ടാകുന്നതുവരെ . നിങ്ങൾ ദൈവീക വിധിവിലക്കുകളിൽ നിന്നും അകന്നു നില്ക്കുന്നവരായിരിക്കെ -ദൈവീക മാർഗ്ഗത്തിൽ നിന്നും പാഠം ഉൾക്കൊണ്ടവരല്ലാതെ -സ്വയം സംശുദ്ധരാകുന്നതുവരെയും ഇനി നിങ്ങൾ രോഗിയോ (ആശയപരമായ) യാത്രയി ലോ(സത്യാന്വേഷണത്തിന്റെ) കുഴിയിൽനിന്നും (അജ്ഞതയുടെ) വന്നവരോ ,നിങ്ങൾ ദുർബലമായ ഒരു ആശയത്തെ അതിജീവിച്ചവരോ ,ആയിത്തീരുകയും ദൈവീക ജലത്തെ കണ്ടെത്തിയതുമി ല്ലെങ്കിൽ ശുദ്ധവും അനുയോജ്യവും ഉന്നതവുമായ ഒന്നിനെ ലക്ഷ്യവെക്കുകയും അതുകൊണ്ട് അവന്റെ കാഴ്ച്ചപ്പാടിനേയും കർമ്മങ്ങളെയും സ്ഥടീകരിക്കട്ടെ

മേൽ പരാമർശത്തിലെ ജലം എന്ന പ്രയോഗത്തെ അൽപം വിശദീകരിക്കേണ്ടതായിട്ടുണ്ട്. ഖുർആന്റെ വിഷയവും, ലക്ഷ്യവും മനുഷ്യനിലെ വ്യക്തിയെ ശുദ്ധീകരണത്തിനും പരിണാമത്തിനും വിധേയമാക്കുക എന്നതാണ്.ഇതിനുവേണ്ടിയാണ് അവൻ ദൈവദൂതന്മാരെ അയച്ചിട്ടുള്ളത്.ഈ പദാർത്ഥ ലോകത്ത് ജലത്തിന്റെ ധർമ്മം ശരീരത്തെ കഴുകലും ശുദ്ധീകരിക്കലുമാണ് .പക്ഷെ ആശയത്തിന്റെയും ചിന്തയുടെയും ലോകത്ത് ശുദ്ധീകരണം നടക്കുന്നത് വിശുദ്ധമായ പഠനത്തിലൂടെയാണ് .ഈ രീതിയിൽ പൈശാചിക ധാരണകളെ ശുദ്ധത്ധീകരിക്കാൻ വേണ്ടിയുള്ള വഹ് യ് എന്ന ദൈവീക

മാർഗ്ഗനിർദ്ദേശങ്ങളെയാണ് ജലം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഭൂമിയെ പുനരുജ്ജീവിപ്പിക്കുന്നതിനെ ആകാശത്തുനിന്നും വെള്ളം വർഷിപ്പിക്കുന്നതിനെക്കുറിച്ചും ഖുർആൻ പറയുന്നു.അതിലൂടെ ഭൂമി പച്ചപിടിക്കുന്നതുപോലെയാണ് മനുഷ്യവ്യക്തിത്ത്വം ഗുണപരമായ പരിവർത്തനത്തിനുവേണ്ടി ജലം വർഷിപ്പിക്കുന്നതിനെക്കുറിച്ചും പറയുന്നത്.സൂറത്ത് അൽ അൻഫാൽ പതിനൊന്നാം വചനത്തിൽ ദൈവം പറയുന്നു .

إِذۡ يُغَشِّيكُمُ ٱلنُّعَاسَ أَمَنَةٗ مِّنۡهُ وَيُنَزِّلُ عَلَيۡكُم مِّنَ ٱلسَّمَآءِ مَآءٗ لِّيُطَهِّرَكُم بِهِۦ وَيُذۡهِبَ عَنكُمۡ رِجۡزَ ٱلشَّيۡطَٰنِ وَلِيَرۡبِطَ عَلَىٰ قُلُوبِكُمۡ وَيُثَبِّتَ بِهِ ٱلۡأَقۡدَامَ ١١

“ .....നിങ്ങളെ ശുദ്ധീകരിക്കാനും പിശാചിൽനിന്നുമുള്ള ദൂഷ്യം എടുത്തുകളയുവാനും നിങ്ങളുടെ ഹൃദയങ്ങളെ അടുപ്പിക്കാനും കാലടികളെ ഉറപ്പിച്ചു നിറുത്താനും അവൻ ആകാശത്തുനിന്നും ജലം വർഷിപ്പിക്കുന്നവനാണവൻ "

" മാഉൻ മിനസ്സമാഇ "എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത് സ്വർഗ്ഗീയ ജലത്തെ അഥവാ ദിവ്യമായ ജലത്തെയാണ് . സാധാരണ മഴവെള്ളം കൊണ്ടു ഹൃദയങ്ങളെ അടുപ്പിച്ചു നിർത്താനോ പൈശാചിക പ്രലോഭനങ്ങളെ അതിജീവിക്കാനോ കഴിയുകയില്ലല്ലോ ?

അതുകൊണ്ടാണ് 4:43 ൽ പറയുന്ന ജലം ശരീര ശുദ്ധി വരുത്താനുള്ള മഴവെള്ളമല്ല ദിവ്യമായ ജലമാണെന്നു പറഞ്ഞത്.

കാലദേശങ്ങൾക്കതീതമായ, വിശാലമായ അർത്ഥത്തിൽ വിവരിച്ച ഒരു കാര്യത്തെ പ്രദേശികമായും, അത് അവതരിപ്പിക്കപ്പെടുന്ന പ്രദേശമായും,അപ്പോൾ അവിടെ നിലനിൽക്കുന്ന കാലാവസ്ഥയുമായും ,അതിന്റെ അവതരണ പരിസരങ്ങളിൽ മാത്രം നടക്കുന്ന കൊച്ചു കൊച്ചു സംഭവങ്ങളുമായും സമകാലീന വ്യക്തിത്ത്വങ്ങളുമായും ബന്ധപ്പെടുത്തി അർത്ഥം കൽപിക്കുകയോ

വ്യാഖ്യാനിക്കുകയോ ചെയ്യുന്നത് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ തന്നെ അട്ടിമറിക്കുന്നതിനു തുല്ല്യമാണ് . .(ആയത്തുകൾ)

മറ്റൊരുദാഹരണം സൂറത്ത് അൽബഖറയുടെ മൂന്നാം വചനത്തി ൽ ഗൈബിനെക്കുറിച്ച്പറയുന്നിടത്ത് ഗൈബ് എന്നാൽ അദൃശ്യ കാര്യങ്ങൾ എന്ന് അർത്ഥം നൽകിയിരിക്കുന്നതായി കാണാം. പ്രത്യക്ഷത്തിൽ ഒരു സാധാരണ വിശ്വാസിക്ക് അതിൽ എന്തെങ്കി ലും അപാകത ഉള്ളതായി തോന്നുകയില്ല .പക്ഷെ ആ ഒറ്റ കാരണം കൊണ്ട് മനുഷ്യർക്ക് അദൃശ്യമായ എന്തിലും വിശ്വസിക്കാം എന്ന നില വരുന്നു .മനുഷ്യരാശിക്ക് യാതൊരുവിധത്തിലുള്ള പ്രയോജന വും സിദ്ധിക്കാത്തതും എന്നാൽ അങ്ങേഅറ്റത്തെ ദ്രോഹകരവുമായ അനേകമനേകം അദൃശ്യ കാര്യങ്ങളാണ് നമ്മുടെ വിശ്വാസം ആവ ശ്യപ്പെട്ടുകൊണ്ട് നമുക്കു ചുറ്റിലുമുള്ളത്. അദൃശ്യകാര്യങ്ങളിൽ യാതൊരു വിവേചനവും കൂടാതെ യഥേഷ്ടം വിശ്വസിക്കാം എന്നു വ ന്നാൽ പിന്നെ വിശ്വാസം ഖുർആനിൽ മാത്രം പരിമിതപ്പെടുത്തേ ണ്ടതില്ലല്ലോ? ബുദ്ധിയും യുക്തിയും ചിന്തയും വിവേചന ശേഷിയും ഉപയോഗിച്ചുകൊണ്ടേ വിശ്വാസയോഗ്യമായ ഒരുവിഷയത്തെ തിര ഞ്ഞെടുക്കാനാവുകയുള്ളൂ .അങ്ങിനെ വിശ്വസിക്കുമ്പോഴെ ആ വിശ്വാ സം കൊണ്ടുള്ള പ്രയോജനവും ലഭിക്കുകയുള്ളൂ.അന്ധമായി അദൃശ്യ മായ എന്തിലും ഏതിലും വിശ്വസിക്കാൻ തുടങ്ങിയതാണ് ലോക ത്തിന്റെ ഇന്നത്തെ ദുരന്തങ്ങൾക്കെല്ലാം കാരണം.

ഖുർആൻ ഗൈബ് എന്ന പ്രയോഗത്തിലൂടെ ഉദ്ദേശിച്ചത് അദൃ ശ്യ കാര്യം എന്നു തന്നെയാണോ എന്നു നമുക്കു പരിശോധിക്കാം. (ആയത്ത്)

പരിശുദ്ധ ഖുർആന്റെ ഋജുവും സത്യസന്ധവുമായ വചനങ്ങളെ അതിന്റെ തന്നെ മറ്റു വചനങ്ങൾക്കൊണ്ട് വിശദീകരിക്കാമെന്നിരി ക്കെ വക്രവും അർദ്ധസത്യങ്ങളും അസത്യങ്ങളും നിറഞ്ഞ കേവലം കേട്ടുകേൾവികളിലൂടെ രൂപം കൊണ്ട മനുഷ്യവചനങ്ങൾ എന്നു പൂ

ർണ്ണബോധ്യമുള്ള വചനങ്ങൾകൊണ്ട് വ്യാഖ്യാനിക്കാൻ ശ്രമിക്കു ന്നത് അങ്ങേഅറ്റം അപലപനീയമാണ് . മനുഷ്യ മനസ്സിന്റെ ദൗർ ബല്ല്യങ്ങളെയും സങ്കീർണ്ണതകളെയും കാര്യങ്ങൾ മനസ്സിലാക്കുന്ന തിലുള്ള അവന്റെ വൈഷമ്യങ്ങളേയും കുറിച്ച് ഏറ്റവും അറിയുന്നവൻ സർവ്വജ്ഞനനായ ദൈവമാണിന്നിരിക്കെ അവന്റെ അതീവ ലളിത വും സുഗ്രാഹ്യവും സുതാര്യവുമായ വചനങ്ങളെ ദൈവത്തിനുമുമ്പിൽ ഒന്നുമല്ലാത്ത അവന്റെ സൃഷ്ടിമാത്രമായ കേവല മനുഷ്യന്റെ വചനങ്ങ ൾക്കൊണ്ട് വിശദീകരിക്കാൻ ശ്രമിക്കുന്നത് വിശദീകരണ പാടവം ദൈവത്തേക്കാൾ മനുഷ്യനാണുള്ളത് എന്നു സ്ഥാപിക്കലാവും.

വിശദീകരണത്തിനു ഉപയോഗിക്കുന്ന മനുഷ്യ ഭാഷ്യങ്ങളാ വട്ടെ വൈരുദ്ധ്യങ്ങൾക്കൊണ്ടും സങ്കീർണ്ണതകൾക്കൊണ്ടും ഭാഷാ ലാളിത്ത്യത്തിന്റെ അഭാവം കൊണ്ടും വികലമായതും ധാരാളം ദ്വ യാർത്ഥ പ്രയോഗങ്ങൾ കൊണ്ടും പരസ്പര വിരുദ്ധങ്ങളുമാണ് . ദൈവീക സന്ദേശത്തെ മനസ്സിലാക്കുന്നതിൽ നിന്നും മനുഷ്യരെ പി ന്തിരിപ്പിക്കാനും ചിന്താകുഴപ്പത്തിലാക്കാനും മാത്രമെ ഇത് ഉപകരി ക്കുകയുള്ളൂ. പൂർവ്വ പ്രവാചകന്മാരാരും തന്നെ ദൈവീക വേദത്തി നോടൊപ്പം അതു വിശദീകരിക്കാനെന്ന പേരിൽ മറ്റൊരു ഉപവേദ വും ഇറക്കിയതായി അറിവില്ല .ഖുർആൻ തന്നെയാണ് നബിയുടെ ജീവിതം എന്നു ഒരിടത്ത് പറയുകയും ഖുർആൻ വേറെ നബിയുടെ ജീവിതം വേറെ (ഖുർആനും സുന്നത്തും) എന്ന നിലയിൽ വേദത്തി ൽ പറയാതെ പോയ കാര്യങ്ങളാണ് ഈ ഉപവേദത്തിൽ എന്നു പറഞ്ഞ് ജനങ്ങളിൽ നിർബന്ധപൂർവ്വം അടിച്ചേൽപിക്കുകയും ചെ യ്യുന്നത് ഏതായാലും സദുദ്ദേശത്തോടുകൂടിയാണെന്നു കരുതാനാവി ല്ല . (ആയത്തുകൾ)

ഖുർആൻ അവതരിപ്പിക്കപ്പെട്ടതന്നെ സത്യാസത്യങ്ങളെ വി വേചിച്ച് അറിയാനുള്ള മാർഗ്ഗദർശക സന്ദേശങ്ങളായി അല്ലാഹു അ വന്റെ സൃഷ്ടികളായ എല്ലാ മനുഷ്യർക്കുമായിട്ടാണ് .അതുകൊണ്ടു ത ന്നെ ഖുർആൻ ലഭിക്കുക എന്നത് ഓരോ മനുഷ്യന്റെയും ,അവൻ വി

ശ്വാസിയാകട്ടെ അവിശ്വാസിയാകട്ടെ അല്ലാഹുവിന്റെ സൃഷ്ടി എന്ന നിലക്ക് അവന്റെ മൗലിക അവകാശമാണ് .ആർക്കാണ് അതിനെ തടയിടാനവകാശമുള്ളത് ? അനാവശ്യമായ ഉപാധികൾ വെക്കുന്നതിലൂടെ ഖുർആനിക സന്ദേശങ്ങൾ മനുഷ്യരിലേക്കെത്തിക്കാതിരിക്കാനുള്ള കുതന്ത്രങ്ങൾ മാത്രമാണ് .

ഖുർആന്റെ മഹത്വം അത് അച്ചടിക്കാൻ ഉപയോഗിച്ച കടലാസിന്റെയോ മഷിയുടെയോ മഹത്വമല്ല .അതിൽ അന്തർലീനമായ മഹത്തായ തത്ത്വങ്ങളുടെ മൂല്ല്യമാണ് . ആ തത്ത്വങ്ങൾക്കു പുല്ലുവില കൽപിക്കുകയും അവ വളച്ചൊടിക്കാൻ നിരന്തരശ്രമം നടത്തുകയും ചെയ്യുന്നവരാണ് യഥാർത്ഥത്തിൽ ഖുർആനെ ബഹുമാനിക്കാത്തവർ .ഖുർആൻ എന്ന ഗ്രന്ഥം  അവധാനതയോടുകൂടി കൈകാര്യം ചെയ്യേണ്ടതില്ല എന്നല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം .തീർച്ചയായും മാന്യമായും വിനയിന്വിതരായും മുൻവിധികളില്ലാതെയും അതീവ സൂക്ഷമതയോട്ടും കൂടി തന്നെയാണ് അത് കൈകാര്യം ചെയ്യപ്പടേണ്ടത്. അതിന്റെ പേരിൽ തികച്ചും അപ്രായോഗികമായ നിബന്ധനകളിലൂടെ അതിനെ സാധാരണക്കാരന് സ്പർശിക്കാൻ പോലും അനുവദിക്കാത്തത് അക്ഷന്തവ്യമായ അപരാധമാണ് .

അറബിമൂലം മാത്രമുള്ള ഖുർആൻ ഗ്രന്ഥം അമുസ്ലിംകളോ വുളൂ (അംഗശുദ്ധി) ഇല്ലാത്തവരോ സ്പർശിക്കാനേ പാടില്ലെന്നും തർജ്ജമ പോലെയുയുള്ള മലയാളം കലർന്നതാണ് ഗ്രന്ഥമെങ്കിൽ പഠനം പോലെയുള്ള ആവശ്യങ്ങൾക്ക് ,വിശ്വാസികൾക്ക് വേണമെങ്കിൽ സ്പർശിക്കാം എന്ന ഒരിളവ് അനുവദിക്കപ്പെട്ടതായി കാണാം. ഇവിടെ മലയാളം, അറബി എന്നീ ഭാഷകൾക്കിടയിലെ വിവേചനം അനുവദിക്കാനാവാത്തതാണ് .ഓരോ വേദ ഗ്രന്ഥങ്ങളും അവതരിപ്പിക്കപ്പെട്ടത് ഓരോ വ്യത്യസ്ഥ ഭാഷകളിലാണെന്നു കാണാം. അതായത് ജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാകാൻ വേണ്ടിയാണത്. മുഹ

മ്മദു നബിയുടെ തൊട്ടു മുമ്പിലുള്ള പ്രബോധിത സമൂഹം അറബിക ളായതിന്റെ പേരിലാണ് ഖുർആൻ അറബി ഭാഷയിലായത് .അറ ബിക്ക് അനറബിയാക്കാളോ വെളുത്തവനു കറുത്തവനേക്കാളോ യോഗ്യത കൽപിക്കരുത് എന്ന തത്ത്വം തന്നെയാണ് അറബി ഭാ ഷക്ക് മറ്റു ഭാഷകളേക്കാൾ അപ്രമാതിത്തം കൽപിക്കുന്നതിലും അ ടിസ്ഥാനമാക്കേണ്ടത്.

എഴുത്തുവിദ്യകളോ അച്ചടിസാമഗ്രികളോ വ്യാപകമല്ലാതിരുന്ന ഒരു കാലത്ത് ഖുർആൻ മനഃപ്പാഠമാക്കി സൂക്ഷിക്കുന്ന ഏർപ്പാട് അ ത്യാവശ്യമായിരുന്നു . എന്നാലിന്ന് ഈ ഡിജിറ്റൽ യുഗത്തിലും ലി ഖിതങ്ങൾ സൂക്ഷിച്ചു വെക്കാൻ മനഃപ്പാഠം തന്നെയാണ് പോംവഴി എന്നു കരുതുന്നതിൽ അർത്ഥമില്ല .ഖുർആൻ മുഴുവൻ മനഃപ്പാഠമാക്കു ന്നത് വളരെ ശ്രേഷ്ഠമായ ഒരു കഴിവ് ആണെന്ന് അംഗീകരിക്കു മ്പോൾ തന്നെ മനഃപ്പാഠമാക്കിയ ആൾക്ക് അതിന്റെ ആശയത്തെ ക്കറിച്ചോ അർത്ഥ വ്യാപ്തിയെക്കുറിച്ചോ യാതൊന്നും അറിയേണ്ട തില്ല എന്നു പറയുന്നത് തികഞ്ഞ മൗഢ്യമാണ് .മനുഷ്യൻ കേവലം ഒരു ടേപ്പ് റിക്കോർഡർ അല്ലല്ലോ?

ഖുർആനിലുടനീളം ഈ പ്രപഞ്ചത്തെപ്പറ്റിയും അതിന്റെ ഘടന യെപ്പറ്റിയും ക്രമനിബദ്ധമായ അതിന്റെ ഓരോ ചലനങ്ങളെപ്പറ്റിയും സൂചനകളുള്ളതോടൊപ്പം മനുഷ്യനോട് അവന്റെ ചുറ്റിനുമുള്ള പ്രകൃ തിയെപ്പറ്റിയും അതിലെ ജീവജാലങ്ങളെപ്പറ്റിയും പ്രപഞ്ചത്തെപ്പറ്റി യും ആഴത്തിൽ നിരീക്ഷിക്കാനും ചിന്തിക്കാനും ആഹ്വാനം ചെ യ്യുന്നുണ്ട്.

إِنَّ فِي خَلْقِ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱخْتِلَٰفِ ٱلَّيْلِ وَٱلنَّهَارِ وَٱلْفُلْكِ ٱلَّتِي تَجْرِي فِي ٱلْبَحْرِ بِمَا يَنفَعُ ٱلنَّاسَ وَمَآ أَنزَلَ ٱللَّهُ مِنَ ٱلسَّمَآءِ مِن مَّآءٍ فَأَحْيَا بِهِ ٱلْأَرْضَ بَعْدَ مَوْتِهَا وَبَثَّ فِيهَا مِن كُلِّ دَآبَّةٍ وَتَصْرِيفِ ٱلرِّيَٰحِ وَٱلسَّحَابِ ٱلْمُسَخَّرِ بَيْنَ ٱلسَّمَآءِ وَٱلْأَرْضِ لَأَيَٰتٍ لِّقَوْمٍ يَعْقِلُونَ ﴿١٦٤﴾

വളരെ വിപ്ലവകരമയൊരു അവസഥയാണ് ഖുർആൻ ഇതിലൂടെ സംജാതമാക്കിയത് .അതെവരെയുണ്ടായിരുന്നതും അന്ന നിലവിലുണ്ടായിരുന്നതുമായ എല്ലാ അത്മീയ പ്രസഥാനങ്ങൾക്കും അന്യമായിരുന്ന ഇത്തരം ഒരു പ്രസ്താവന .ആത്മീയത എന്നാൽ പ്രകൃതിയെക്കുറിച്ചും അതിലെ പ്രതിഭാസങ്ങളെക്കുറിച്ചുമെല്ലാം അത്ഭുതപ്പെടാനും ഭയപ്പെടാനും ആരാധനാപൂർവ്വം നോക്കിക്കാണാനും എല്ലാമുള്ള ഒരു മാർഗ്ഗംമാത്രമായിരുന്നുവെങ്കിൽ ഖുർആൻ ഈ പറഞ്ഞ പ്രകൃതിഭാസങ്ങളെയെല്ലാം സൂക്ഷ്മമായി നിരീക്ഷിക്കാനും ചിന്തിക്കാനും യുക്തിഭദ്രമായി വിലയിരുത്താനും ആവശ്യപ്പെട്ടുമ്പോൾ മറ്റു ആത്മീയതകളാവട്ടെ ബുദ്ധിയുടെയും യുക്തിയുടെയും ഉപയോഗവും ചിന്താശേഷിയും ആത്മീയതക്ക് എതിരായ പ്രവർത്തനങ്ങളായിട്ടും ദൈവദോഷം ക്ഷണിച്ചു വരുത്തുന്ന കർമ്മങ്ങളുമായിട്ടാണ് വിശേഷിപ്പിച്ചിരുന്നത്. ഇസ്ലാം പ്രകൃതിയെയും പ്രപഞ്ചത്തെയും കുറിച്ച് പഠിക്കുന്നത് ആത്മീയതയുടെ ഭാഗമാക്കിത്തീർത്തു. ആത്മീയത കൈവെടിയാതെ തന്നെ സ്വതന്ത്ര ചിന്തയും ആകാം എന്ന വിപ്ലവകരമായ മാറ്റത്തിനാണ് ഖുർആൻ വഴി തുറന്നിട്ടത്. വിശേഷ ബുദ്ധിയുണ്ടായിട്ടും മൃഗങ്ങളിൽ നിന്ന് വളരെയൊന്നും വ്യത്യാസമില്ലാതെ സഹസ്രാബ്ദങ്ങളായി ഭൂമിയിൽ അലഞ്ഞുതിരിഞ്ഞിരുന്ന മനുഷ്യകുലത്തിന് ഇത് അനുഗ്രഹമായി.

ഭ്രമി ഉരുണ്ടതാണെന്ന് പറഞ്ഞയാളെ തങ്ങളുടെ മതസങ്കൽപ ങ്ങൾക്ക് എതിരാണെന്നു പറഞ്ഞ് ചുട്ടുകൊന്ന ആത്മീയ കാലാവ സ്ഥ നിനിലനിന്നുപോന്ന ഒരു അന്തരീക്ഷത്തിലേക്കാണ് ഖുർആ ന്റെ വെളിപാടുകൾ രംഗപ്രവേശം ചെയ്യുന്നത്. ആത്മീയതയുടെ പരി ധികൾ ലംഘിക്കാതെ തന്നെ അറിവിന്റെ ശാദ്വല ഭ്രമികൾ തേടാ മെന്ന അറിവ് ചിന്തിക്കുന്ന മനുഷ്യനെ കുറച്ചൊന്നുമല്ല ആഹ്ലാദിപ്പി ച്ചത്.

ഖുർആൻ മുമ്പോട്ടു വെച്ച ദൈവീക വിധിവിലക്കുകൾ അനുസരി ച്ചവരും അല്ലാത്തവരും അതിനെ നഖശിഖാന്തം എതിർത്തവരും എല്ലാം ഖുർആൻ മുന്നോട്ടുവെച്ച ഈ നവീന ആശയത്തിന്റെ നട ത്തിപ്പുകാരായി മാറി. ഇതിന്റെ ഫലമായി ചിന്താ രംഗത്തും ശാ സ്ത്രീയ രംഗത്തും രാഷ്ട്രീയ രംഗത്തും ഉണ്ടായ പരിവർത്തനങ്ങൾ അ ത്ഭുതാവഹമായിരുന്നു .ഒരു പുതിയ നാഗരികതയുടെ തന്നെ ഉദയമാ ണ് ഇതിലൂടെ സംഭവിച്ചത്.

എന്നാൽ നിർഭാഗ്യവശാൽ ഖുർആന്റെ ഇത്തരം

# തീവ്രവാദം
# وَكذَلك جَعَلْنَاكُم أُمَةً وَسَطًا

തീവ്രവാദം ,രക്തസാക്ഷിത്വം, തുടങ്ങിയ പദപ്രയോഗങ്ങൾ മുസ്ലിംകളുമായി ബന്ധപ്പെടുത്തി നിരന്തരം കേൾക്കാറുള്ളതാണല്ലോ ഇതിൽ ആദ്യത്തേത് മുസ്ലിംകളുടെ എതിരാളികളെന്ന പറയപ്പെട്ടുന്നവർ മുസ്ലിംകളുടെമേൽ ആരോപിക്കുന്നതും രണ്ടാമത്തേത് മുസ്ലിംകൾ തന്നെ വലിയ ഭയഭക്തിയോടെ ആയിത്തീരാൻ ആഗ്രഹിക്കുന്നതുമാണ്.കാരണം മതത്തിന്റെ പേരിൽ രക്തസാക്ഷിത്വം വരിക്കുന്നവർക്ക് സ്വർഗ്ഗം ഉറപ്പാണെത്രെ .

യാതൊരു കാര്യത്തിലും തീവ്രമായ ആത്യന്തികത പുലർത്തുന്നതിനെ ഇസ്ലാം എതിർക്കുന്നു .വിശ്വാസത്തിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. മധ്യമനിലപാടാണ് അത് നിഷ്കർഷിക്കുന്നത്. എന്നാൽ പലപ്പോഴും വിശ്വാസത്തിന്റെ പേരുപറഞ്ഞുകൊണ്ടുള്ള തീവ്രനിലപാടുകളെ വിശ്വാസ ദാർഢ്യത്തിന്റെ ലക്ഷണമായാണ് വിശ്വാസികൾ കാണുന്നത്. (വിശ്വാസത്തിന് പുറത്തുള്ള പൊതുസമൂഹം അങ്ങനെയല്ലെങ്കിലും)

രണ്ടറ്റത്തേക്കും പോകാതെ മധ്യനില സ്വീകരിക്കുന്നതിനെ കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിലെ കഴിവുകേടോ, തീരുമാനങ്ങൾ എടുക്കുന്നതിലെ ആർജ്ജവക്കുറവോ മൂലംസ്വീക

രിക്കുന്ന ഒരു അഴകൊഴമ്പൻ നിലപാടാണ് അതെന്ന് പ്രഥമ ദൃഷ്ട്യാ ചിലർക്കെങ്കിലും തോന്നാനിടയുണ്ട്.ഇതുകൊണ്ടുതന്നെയായിരിക്കണം വിശ്വാസദാർഢ്യത്തിന്റെ പേരിൽ ചിലർ ഇസ്ലാം അനുശാസിക്കുന്ന മധ്യനില കൈവിട്ട് പലപ്പോഴും തീവ്രനിലപാടുകൾ സ്വീകരിക്കുന്നത് .ഇത് മതത്തിലെ സൂക്ഷ്മതക്കുറവാണ്.

ഒരുപോലെ ശരിയെന്നു തോന്നുന്ന രണ്ടുവിരുദ്ധ സംഗതികളുടെയോ വ്യക്തികളുടെയോ കാര്യത്തിൽ മധ്യനില സ്വീകരിക്കുക എന്നതിന് സന്തുലിതത്വം പാലിക്കുക എന്നാണ് അർത്ഥം. ഇതു രണ്ടിനോടും സമദൂരം പാലിക്കാൻ ഇടവരുത്തുന്നു. പരസ്പരവിരുദ്ധങ്ങളായ രണ്ടിനേയും വീക്ഷണപരിധിയിൽ നിലനിർത്തുകയും രണ്ടിനോടും സംവദിക്കാനുള്ള അവസരം നൽകുകയും ചെയ്യുമ്പോൾ , ഏതെങ്കിലും ഒരുപക്ഷത്തേക്കു നീങ്ങുകയോ ചായ് വ് കാണിക്കുകയോ ചെയ്യുമ്പോൾ മേൽപറഞ്ഞ സാധ്യതകൾ ഇല്ലാതാവുകയും അസന്തുലിതത്വംകൊണ്ട് കാര്യങ്ങൾ തകിടം മറിയുകയും ചെയ്തേക്കാം. ഒന്നിനോട് അടുക്കുന്നതിന്റെ തോതനുസരിച്ച് മറ്റേതിനോടു അകലുന്നതുമൂലം അതിൻമേലുള്ള നിയന്ത്രണം നഷ്ടപ്പെടുകയും ചെയ്യുന്നു. ഒരു പ്രശ്നത്തിന്റെ പകുതിമാത്രം കാണുകയും സമീപിക്കുകയും ചെയ്യുന്നതിലൂടെ അതിന്റെ പരിഹാരക്രിയ അസാധ്യമായിത്തീരുന്നു .

ഇസ്ലാം എന്തുകൊണ്ടു മധ്യനില സ്വീകരിക്കുന്നു എന്നതിന് യുക്തിഭദ്രവും ശാസ്ത്രീയവുമായ അനേകം കാരണങ്ങൾ ഇനിയും കണ്ടെത്തിയേക്കാമെങ്കിലും മേൽപറഞ്ഞ ചില കാരണങ്ങളും അതിന്റെ ഭാഗം തന്നെയാണ് . മധ്യനില എന്നാൽ നിഷ്പക്ഷത, വീണ്ടുവിചാരം തുടങ്ങിയ കാര്യങ്ങൾകൂടിയാണ്. മതത്തിന്റെ കാര്യത്തിൽ മാത്രമല്ല ജീവിതത്തിന്റെ സമസ്തമേഖലകളിലും തീവ്രനിലപാടിനു പകരം നിഷ്പക്ഷതയോടെയും സമചിത്തതയോടെയും വീണ്ടുവിചാരത്തോടുകൂടിയുമുള്ള സമീപനങ്ങളായിരിക്കും ഉചിതമായിരിക്കുക .

തീവ്രനിലപാടു തന്നെ ആചാരഅനുഷ്ഠാനങ്ങളിലും , ഉപരി

പ്ലവമായ മറ്റുചില കാര്യങ്ങളിലും മാത്രമാണ് കാണാൻ കഴിയുന്നത്. നമസ്കാരം നോമ്പ് ,ഹജ്ജ് , അത്രതന്നെ പ്രധാനമല്ലാത്ത താടി, തലപ്പാവ് ,സുന്നത്ത് നമസ്കാരങ്ങൾ ,ദിക്ർ , ദുആ,തുടങ്ങിയ അനുഷ്ഠാനങ്ങളിൽ ആരെങ്കിലും വീഴ്ചവരുത്തുന്നത് കാണുമ്പോൾ അക്രമാസക്തമായ രീതിയിൽ പ്രതികരിക്കുന്നവർ, സത്യനിഷേധം അയൽക്കാരനോടുള്ള ദ്രോഹം, മാതൃരാജ്യത്തോടും സ്വസമുദാത്തി നോടു തന്നെ ചെയ്യുന്ന മറ്റു അപരാധങ്ങൾ ,ചതി , വഞ്ച ന,ആഡംബരം, ധൂർത്ത്, പിശുക്ക് തുടങ്ങിയവ വിശ്വാസികളുടെ ഭാഗത്തുനിന്നുണ്ടാവുമ്പോൾ വലിയ വിട്ടുവീഴ്ചയും സഹിഷ്ണുതയും ഇതേ ആളുകൾ കാണിക്കുന്നതും കാണാം. സാമൂഹ്യമായി യാതൊരു പ്രത്യാഘാതവും സൃഷ്ടിക്കാത്ത അത് ചെയ്യുന്ന വ്യക്തി യെ മാത്രം ബാധിക്കുന്ന ചെറിയ ചെറിയ മനുഷ്യ സഹജമായ വീഴ്ചകളോട് അക്രമാസക്തമായി പ്രതികരിക്കുകയും, കടുത്ത സാമൂഹിക പ്രത്യാഘാതങ്ങളുണ്ടാക്കുകയും സമുദായത്തെ ഒന്നടങ്കം സംശയത്തിന്റെ നിഴലിൽ നിൽക്കാൻ നിർബന്ധിതരാക്കുകയും ചെയ്യുന്ന തരത്തിലുള്ള കടുത്ത കുറ്റ കൃത്യങ്ങൾ സമുദായാംഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാവുമ്പോൾ കുറ്റകരമായ നിസ്സംഗത പുലർ ത്തുകയും ചെയ്യുന്നവരാണ് പലരും.

ആഗോളതലത്തിൽ തന്നെ മുസ്ലിംകൾ നിരീക്ഷണത്തിലാ ണ് എന്നു പറയപ്പെടുന്നു . അതിന്റെ കാരണങ്ങളിലേക്ക് മുഴവനാ യി കടക്കാനോ വിലയിരുത്താനോ ഈ ചെറിയ കുറിപ്പിലൂടെ സാധ്യമാണെന്നു കരുതുന്നില്ല .എങ്കിലും ആ വിഷയത്തിലുള്ള ആശ ങ്ക പരിമിതമായ അറിവുകളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യേ ണ്ടത് ആവശ്യമാണെന്നു തോന്നുന്നു.

ഇസ്ലാമിനും മുസ്ലിംകൾക്കുമെതിരെ പാശ്ചാത്യരും പൗരസ്ത്യരും ഒരുപോലെ ദുഷ് പ്രചാരണങ്ങൾ അഴിച്ചുവിച്ചിട്ടിരിക്കുകയാണെന്ന് മുസ്ലിംകളിൽ ഭൂരിപക്ഷവും പൊതുസമൂഹത്തിലെ നിഷ്പക്ഷമതികളാ

യ ന്യൂനപക്ഷങ്ങളും വിശ്വസിക്കുന്നു. ഇതിൽ തീരെ വാസ്തവമില്ലെ ന്നും പറയാനാകില്ല . ഇസ്ലാമോ ഫോബിയ എന്ന ഒരു പ്രയോഗം തന്നെ നിലവിൽ വന്നിട്ടുണ്ട്.ഇത്രമേൽ നികൃഷ്ടരും നിന്ദ്യരും അകറ്റി നിർത്തപ്പെടേണ്ടവരുമാണോ യഥാർത്ഥത്തിൽ മുസ്ലിംകൾ?

പാശ്ചാത്യ പൗരസ്ത്യ ലോബികളുടെ എല്ലാ ആരോപണങ്ങളെ യും തള്ളിക്കളയുമ്പോൾ തന്നെ മുസ്ലിം അവന്റെ ഇസ്ലാമിക അസ്തി ത്ത്വത്തോട് എത്രമാത്രം നീതിപുലർത്തുന്നുണ്ട് എന്ന കാര്യംകൂടി പരിശോധനാവിധേയമാക്കണം.(ആയത്ത്)

ഇസ്ലാമിക കാര്യങ്ങളിൽ അവഗാഹം നേടിയവരെന്ന് അ വകാശപ്പെടുന്ന ചിലർ മറ്റുമതക്കാരുമായിട്ടുള്ള സംവാദങ്ങളിൽ ഏർ പ്പെടുന്നതും പൊതുസമൂഹം ഒരുതരം സ്പോർട്സ് മാൻ സ്പിരിറ്റോടു കൂടി അതെല്ലാം വീക്ഷിക്കുന്നതും കാണാം. ആരോഗ്യകരമായ സം വാദങ്ങൾ അഭിലഷണീയം തന്നെയാണ് .എന്നാൽ ഇത്തരം സംവാദകർ പലപ്പോഴും തങ്ങൾ പ്രതിനിദാനം ചെയ്യുന്ന ഗ്രൂപ്പിന്റെ യോ വിഭാഗത്തിന്റെയോ കൂടിയാൽ മതത്തിന്റെ തന്നെയോ വക്താ വ് എന്ന നിലക്കാണ് പെരുമാറുന്നത്. മാനവികതയുടെ മൊത്തത്തി ലുള്ള ഉൽക്കർഷത്തിനും നന്മക്കും വലിയ പ്രാമുഖ്യം കൊടുത്തു കാ ണാറില്ല .ഇതുമൂലം സംവാദകന്റെ വ്യക്തിത്ത്വമോ കൂടിയാൽ അയാ ൾ പ്രതിനിദാനം ചെയ്യുന്ന സംഘടകയുടെ കേമത്ത്വമോ മാത്രമെ പ്ര കടമാകുകയുള്ളൂ .വിശുദ്ധ ഗ്രന്ഥങ്ങൾ പ്രത്യേകിച്ച് ഖുർആൻ വിഭാവ നം ചെയ്യുന്ന എല്ലാത്തരം ഭിന്നതകൾക്കുമതീതമായ മാനവിക ഐ ക്യം എന്ന ലക്ഷ്യം സഫലമാകാതെ പോകുന്നു.

ഒരിക്കൽ ഇത്തരത്തിൽ പെട്ട ഒരു സംവാദകൻ പറഞ്ഞത് താനൊരു തീവ്രവാദി തന്നെയാണെന്നാണ്. മതത്തിന്റെ അനുഷ്ഠാന ആചാര വിഷയങ്ങളിലാണ് ആ തീവ്രത എന്നും എടുത്തു പറഞ്ഞു .

അല്ലാതെ മാനവരാശിക്ക് മൊത്തത്തിൽ ഗുണകരമായ പരിശുദ്ധ ഖുർആനിന്റെ ജീവിതത്തിൽ പാലിക്കേണ്ട വിധിവിലക്കുകളെക്കുറിച്ചൊന്നുമല്ല അദ്ദേഹത്തിന്റെ തീവ്രവാദം. ഇത്തരം തീവ്രവാദങ്ങൾ ഒരു ബഹുമതസമൂഹത്തിൽ ഗുണത്തേക്കാളേറെ ദോഷമെ ചെയ്യുകയുള്ളൂ.

നമുക്കറിയാം സമീപകാലത്തായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ നടക്കുന്ന സംഘർഷങ്ങളിൽ കാര്യകാരണങ്ങൾ വ്യത്യസ്തമാണെങ്കിലും തൊണ്ണൂറ്റി ഒൻപതു ശതമാനവും മുസ്ലിം ആധിക്യ പ്രദേശങ്ങളിലാണെന്ന് . ഇസ്ലാം എന്ന വാക്കിന്റെ അർത്ഥം തന്നെ സുരക്ഷിതത്ത്വം,സമാധാനം എന്നൊക്കയാണെന്നു പറയുമ്പോൾ തന്നെയാണ് മൂന്നു മുസ്ലിംകൾ ഒന്നിച്ചു കൂടിയേടത്തൊക്കെ ഇത്തരം സംഘർഷങ്ങൾ നിരന്തരം അരങ്ങേറിക്കൊണ്ടിരിക്കുന്നത്

മതകാര്യങ്ങളെന്നാൽ അതിലെ ഏതാനും അനുഷ്ഠാനങ്ങളും ആചാരങ്ങളും നിലനിർത്തുന്നതിലാണെന്നും അതിന്റെ പേരിൽ യാതൊരു വിട്ടുവീഴ്ചക്കും തയ്യാറാകാൻ പാടുള്ളതല്ലെന്നും അതിലൂടെയാണ് മതപരമായ തങ്ങളുടെ വ്യതിരിക്തത നിലനിർത്തപ്പെടേണ്ടതെന്നും അന്ധമായും തീവ്രമായും വിശ്വസിക്കുന്നതിലൂടെ പരിശുദ്ധഖുർആന്റെ വിശാലമായ എന്തെന്തു താല്പര്യങ്ങളാണ് ബലികഴിക്കപ്പെടുന്നതെന്ന് ഇക്കൂട്ടർ അറിയുന്നില്ല .

ഇതേ അവസരത്തിൽ തന്നെ തങ്ങളുടെ വംശീയ വർഗ്ഗീയ പ്രദേശിക താല്പര്യങ്ങൾക്ക് വളരെ സങ്കുചിതമായ രീതിയിൽ അടിമപ്പെട്ടുമിരിക്കുന്നു .മറ്റു മതസമൂഹങ്ങളുമായും ,വിശ്വാസവൈജാത്യം പുലർത്തുന്നവരുമായും പടവെട്ടി മരിക്കലാണ് സമാധാനത്തോടെ സഹവർത്തിത്തോടെയും ഭൂമിയിൽ ജീവിക്കുന്നതിനേക്കാൾ സ്വർഗ്ഗാരോഹണത്തിനു നല്ലത് എന്നാണിക്കൂട്ടർ വിശ്വസിക്കുന്നത്.

മതപണ്ഡിതന്മാരുടെ സഭകളാവട്ടെ മാനവ സമൂഹം മൊത്തത്തിൽ നേരിടുന്ന ആപൽക്കരമായ പ്രശ്നങ്ങൾക്ക് യാതൊരു

പരിഗണനയും കൊടുക്കാതെ (ഖുർആൻ അതാണ് ആവശ്യപ്പെടുന്നതെങ്കിലും) തങ്ങളുടെ മതത്തിന്റെ പോലും മൊത്തമായിട്ടല്ല ,അവാന്തര വിഭാഗങ്ങളുടെ മാത്രം ക്ഷേമം ,തങ്ങളുടെ തന്നെ വ്യക്തിപരമായ ക്ഷേമം മുന്നിൽ കണ്ടു കൊണ്ടുള്ള ഫത് വകളും അഭിപ്രായങ്ങളും അടിച്ചേൽ പിക്കുന്നതിൽ വ്യാപൃതരാണ് .

ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിരക്ഷരതയും അന്ധവിശ്വാസങ്ങളും പട്ടിണിയും രോഗങ്ങളും ആഭ്യന്തരകലാപങ്ങളുമായി കോടിക്കണക്കിനു ആളുകൾ (അവരെല്ലാം വിശ്വാസികൾ തന്നെ ) കഷ്ടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അതിനെക്കുറിച്ചൊന്നും യാതൊരു പ്രതികരണത്തിനും മുതിരാതെ യാതൊരു പ്രതിവിധികൾക്കും ശ്രമിക്കാതെ ഫ്രാൻസിലെ പർദ്ദ നിരോധനത്തിനും ,യൂറോപ്പിലെ പള്ളിമിനാര വിരുദ്ധബില്ലിനും, അയോദ്ധ്യയിലെ രാമക്ഷേത്രത്തിനും എതിരെ പ്രസ്താവനകൾ ഇറക്കി സായൂജ്യം കൊള്ളുകയാണ് .

മുസ്ലിംകളിൽ ആക്രമണോത്സുകത വളർത്തുന്നതിൽ ഖുർആനൊഴികെയുള്ള അവരുടെ പ്രമാണങ്ങൾ നിസ്തുലമായ പങ്കു വഹിച്ചിട്ടുണ്ട്. ഖുർആനെപ്പോലും ഈ രീതിയിൽ പരിഭാഷകളിലൂടെ ദുർവ്യാഖ്യാനം ചെയ്യപ്പെട്ടതിന്റെ ഫലമായി മുസ്ലിംകളും ഇസ്ലാമും ഭീകരതയുടെ പര്യായങ്ങളാണെന്ന് മറ്റുള്ളവർക്കു തോന്നാനിടയായി.

ലോകത്തെ എല്ലാത്തരം ജനവിഭാഗങ്ങൾക്കും ആക്രമിച്ചതിന്റെയും ആക്രമിക്കപ്പെട്ടതിന്റെയും ചരിത്രം പറയാനുണ്ട്. മുസ്ലിംകൾ ആക്രമണം നടത്തിയതിൽ ഊറ്റം കൊള്ളുകയും ഇന്നും ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിൽ വിലപിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു .മറ്റുള്ളവർ അഹിംസയെക്കുറിച്ചും ശാന്തിയെക്കുറിച്ചും സമാധാനത്തെക്കുറിച്ചും ആത്മാർത്ഥതയോടെ അല്ലെങ്കിലും ചർച്ച ചെയ്യുമ്പോൾ മുസ്ലിംകൾ ചാവേറിനെക്കുറിച്ചും അക്രമാസക്ത ജിഹാദിനെ

കുറിച്ചും ആവേശഭരിതരാകുന്നു . ഖുർആനിൽ നിന്നുള്ള വ്യക്തമായ വ്യതിചലനമാണ് ഇത്. ഏറ്റവും കടുത്ത തിന്മയെപ്പോലും നന്മകൊണ്ടു പ്രതിരോധിക്കാനാണ് അതിലെ യുക്തിയാണ് ഖുർആൻ ഉൽബോധിപ്പിക്കുന്നത്. എന്നാൽ തങ്ങളതിൽ തീവ്രമായി വിശ്വസിക്കുന്നു എന്നു പറയുകയും യാതൊരു സൈദ്ധാന്തിക അടിത്തറയുമില്ലാത്ത മൂല്ല്യ വിചാരം തൊട്ടു തീണ്ടിയിട്ടില്ലാത്ത ധർമ്മാ ധർമ്മങ്ങളെക്കുറിച്ച് വിവേചിച്ചറിയാൻ കഴിയാത്ത ചില സമൂഹങ്ങളേക്കാൾ മ്ലേച്ഛമായും പ്രാകൃതമായും ഖുർആൻ കയ്യിലിരിക്കെ തന്നെ മുസ്ലിംകൾ പ്രതികരിക്കുന്നത് എന്തുകൊണ്ടാണ് എന്നത് അതിശയകരമായിരിക്കുന്നു .

ഇസ്ലാമിക നവോത്ഥാനത്തിന്റെ വക്താക്കൾ പലപ്പോഴും പരിതപിക്കുന്നതു കേൾക്കാറുള്ളതാണ്. ഇസ്ലാം ഒരു തെറ്റിദ്ധരിക്കപ്പെട്ട മതമാണെന്നും ആ തെറ്റിദ്ധാരണ നീക്കേണ്ടതാണൊന്നുമൊക്കെ. അതിനെ ചില വിഭാഗങ്ങൾ മനസ്സിലാക്കുന്നത് നമസ്കാരം വർദ്ധിപ്പിക്കണമെന്നും മറ്റു പള്ളി കേന്ദ്രീകൃത അനുഷ്ഠാനങ്ങളെ ശക്തിപ്പെടുത്തണമെന്നുമൊക്കെയാണെങ്കിൽ മറ്റൊരു വിഭാഗം മനസ്സിലാക്കുന്നത് രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിലേക്ക് കൂടി മതത്തെ വ്യാപിപ്പിക്കേണ്ടതുണ്ട് എന്നും ഇനിയൊരു കൂട്ടർ മതചിഹ്നങ്ങളേയും മതപരമായ വേഷവിധാനങ്ങളേയും ബലം പ്രയോഗിച്ചിട്ടാണെങ്കിലും വിശ്വാസികളിൽ അടിച്ചേൽപിക്കണമെന്നുമാണ് .അത്യന്തം തീവ്രമായ നിലപാടുകളിലൂടെയാണ് ഇവയൊക്കെ സാധിച്ചെടുക്കേണ്ടത് എന്നാണ് ധരിച്ചിരിക്കുന്നത് .

ഖുർആന്റെ ശരിയായ വായനയിലൂടെ മാത്രമെ മനുഷ്യജീവിതവുമായി ബന്ധപ്പെട്ട നിലവിലുള്ളതും ഇനി വരാൻ പോകുന്നതുമായ സകല കാര്യങ്ങളും ഖുർആന്റെ പരിധിയിൽ വരുന്നുണ്ടെന്നും അവയൊക്കെ ഏറ്റവും ഉൽകൃഷ്ടമായ രീതിയിൽ എങ്ങനെയാണ് കൈകാര്യം ചെയ്യപ്പെടേണ്ടതെന്നും മനസ്സിലാവുകയുള്ളൂ. അങ്ങനെ വരുമ്പോൾ അറബി ഭാഷയറിയാത്ത ഏതൊരാൾക്കും പരിഭാഷക

ളെ ആശ്രയിക്കുകയെ നിവൃത്തിയുള്ളൂ .

ഇത്തരം ഖുർആൻ പരിഭാഷകളിലൂടെ അനുവാചകന് ലഭിക്കുന്ന അറിവ് പലപ്പോഴും ഖുർആന്റെ പ്രഖ്യാപിത ലക്ഷ്യത്തിന് വിരുദ്ധവും മനുഷ്യത്വരഹിതമായ തീവ്രനിലപാടുകൾക്കു പ്രേരകവുമായിത്തീരുന്ന എന്ന കാര്യം നിഷേധിച്ചിട്ടു കാര്യമില്ല .ഉദാഹരണത്തിനു ഒരു വചനത്തിനു പാരമ്പര്യ വാദികൾ അർത്ഥം കാണുക :-

إِذْ يُوحِي رَبُّكَ إِلَى ٱلْمَلَٰٓئِكَةِ أَنِّي مَعَكُمْ فَثَبِّتُوا۟ ٱلَّذِينَ ءَامَنُوا۟ۚ سَأُلْقِي فِي قُلُوبِ ٱلَّذِينَ كَفَرُوا۟ ٱلرُّعْبَ فَٱضْرِبُوا۟ فَوْقَ ٱلْأَعْنَاقِ وَٱضْرِبُوا۟ مِنْهُمْ كُلَّ بَنَانٍ ﴿١٢﴾

“ ...ഫള് രിബൂ ഫൗഖൽ അഅനാഖി വള് രിബൂ മിൻഹും കുല്ല ബനാനിൻ "

“ .....അതിനാൽ കഴുത്തുകൾക്കു മീതെ നിങ്ങൾ വെട്ടിക്കൊള്ളുക . അവരുടെ വിരലുകളെല്ലാം നിങ്ങൾ വെട്ടിക്കളയുകയും ചെയ്യുക " (8:12)(പാരമ്പര്യ വ്യാഖ്യാനം)

ഈ വചനത്തിൽ വെട്ടുക്കളയുക എന്നു അർത്ഥം പറഞ്ഞിരിക്കുന്നത് ഇള് രിബൂ (إِضْرِبُوا) എന്ന അറബി പദത്തിനാണ് .ളറബ ضرب എന്ന ക്രിയയിൽ നിന്നും വന്ന കൽപനക്രിയാ രൂപമാണ് ഈ വചനത്തിൽ ഉപയോഗിച്ചിട്ടുള്ളത് .ഈ പദത്തിന് ഖുർആനിൽ ഈ ഒരു വചനത്തിൽ മാത്രമാണ് വെട്ടിക്കളയുക എന്ന അർത്ഥം നൽകിയിട്ടുള്ളത്. മറ്റുസ്ഥലങ്ങളിലൊക്കെ ഒരു ഉപമ വിവരിച്ചുകൊടുക്കുക ,അടിക്കുക എന്നൊക്കെയാണ് പറഞ്ഞിട്ടുള്ളത്.(വള് രിബ് ലഹും മഥലൻ ,വള് രിബ്ബി അസ്വാകൽ ഹജറ)

അതുപോലെ അൽ-അഅനാഖ് (الأَعْنَاق) എന്നാൽ സമൂഹത്തിലെ പ്രമാണിമാരും നേതാക്കന്മാരും എന്നും ബനാൻ بنان എന്നാൽ സമൂഹത്തിലെ ശക്തനായ സന്തതി എന്നുമാണ് അർത്ഥം . (lexicon page 2176 column 1mid ).ചുരുക്കത്തിൽ

സമാധാനത്തിനു വേണ്ടിയുണ്ടാക്കിയ കരാറുകൾ മുഴുവൻ ലംഘിക്കുകയും അക്രമത്തിനു വരികയും ചെയ്യുന്ന നിഷേധികളിലെ പ്രമാണിമാരെയും അവരിൽ നിന്നുള്ള ശക്തരായ സന്തതികളെയും പ്രഹരമേൽപിക്കാനും അക്രമത്തിൽ നിന്നും പിന്തിരിപ്പിച്ച് അക്രമം അവസാനിപ്പിക്കാനുമാണ് പറയുന്നത്. ഖുർആനിലെ 9:12 എന്ന വചനം കൂടി ഇതിനോടു ചേർത്തു വായിക്കുക . അഅനാഖ് اعناق എന്നു ഉപയോഗിച്ചേടത്തും ശാരീരികമായ കഴുത്ത് എന്നല്ല അർത്ഥം നൽകിയിട്ടുള്ളത് എന്നു നമുക്കറിയാമല്ലോ ? 36 :8 കാണുക . അപ്പോൾ പ്രതിജ്ഞകളും കരാറുകളും ലംഘിച്ച് നമ്മോടു അക്രമത്തിനു വരുന്നരോടുള്ള പോരാട്ടത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത്.

eye for eye ( കണ്ണിനു കണ്ണ്) : പ്രതികാരക്രിയയെക്കുറിച്ച് മുസ്ലിംകളുടെ സ്വന്തം നിലക്ക് പ്രചുര പ്രചാരം നേടിയ ഒരു പ്രയോഗമാണിത് . അതായത് പകരത്തിനു പകരം tit for tat എന്നൊക്കെ പറയുന്നതുപോലെ .ഒരു അക്രമം ഒരാൾ പ്രവർത്തിച്ചാൽ അതിനെ അതേ നാണയത്തിൽ തിരിച്ചടിക്കണം എന്നാണ് അർത്ഥം . ഖുർആനിലെ ................. പറഞ്ഞത് തിന്മയെ നന്മകൊണ്ട് പ്രതിരോധിക്കുക എന്നാണ് . ഇങ്ങനെ പറഞ്ഞ അതേ ഖുർആൻ തന്നെ മറ്റൊരു സ്ഥലത്ത് പകരത്തിനു പകരം എന്നു പറയുമോ ?

അതിപുരാതന പ്രാകൃത കാലം മുതൽക്ക് , എന്നുവെച്ചാൽ മനുഷ്യൻ ഭൂമുഖത്ത് പെറ്റുപെരുകാൻ ആരംഭിച്ചതോടുകൂടി ആരംഭിച്ചതാണ് അവർക്കിടയിലെ സംഘർഷങ്ങളും . നാഗരീകതകൾ രൂപപ്പെടുന്നതിനനുസരിച്ചും പുരോഗതി പ്രാപിക്കുന്നതിനെക്കുറിച്ചും ആ സംഘർഷങ്ങളുടെ രൂപഭാവങ്ങൾ മാറി എന്നല്ലാതെ പൂർണ്ണമായ ശമനം ഒരിക്കലുമുണ്ടായില്ല . ഇന്നുമുണ്ടായിട്ടില്ല . ഖുർആനിന്റെ ആവിർഭാവകാലത്തോളം തന്നെ ലോകത്തിന്റെ എല്ലാ ഭാഗത്തും , പ്രത്യേകിച്ച് മക്കയിലും മനുഷ്യർ പലഗോത്രങ്ങളും സംഘങ്ങളുമായി ഭിന്നിച്ച് കലഹിക്കുന്നതിൽ തലമുറകളായി ഏർപ്പെട്ടിരി

ക്കുകയായിരുന്നു . ഈ കൊച്ചു കേരളത്തിൽ തന്നെ നാം കേട്ടിട്ടുണ്ട് വടക്കൻ വീരഗാഥകളുടെയും മാമാങ്കത്തിന്റെയുമൊക്കെ കഥ . പക ഒരു തലമുറയിൽ നിന്നും മറ്റൊരു തലമുറയിലേക്കു ഒരു തുടർക്കഥ പോലെ തുടരുകയായിരുന്നു .

ഖുർആനിന്റെ ആവിർഭാവത്തോടുകൂടി അതിന്റെ സ്വാധീന ത്തോടുകൂടി മക്കയിലും പിന്നീട് ഇസ്ലാം പ്രചാരം നേടിയ മറ്റു പ്രദേശങ്ങളിലും ഇത്തരം ഗോത്ര സംഘർഷങ്ങൾക്ക് അയവു വരു കയും ഇസ്ലാം ശക്തി പ്രാപിച്ചതോടുകൂടി അവ പൂർണ്ണമായി ഇല്ലാതാ യി എല്ലാ ഗോത്രക്കാരും പരസ്പരം ഏകോതര സഹോദരങ്ങളായി കഴിഞ്ഞു വന്നു എന്നത് ചരിത്രമാണ് .ഖുർആനും അതു തന്നെ പറ യുന്നു .3:103 കാണുക.

ഖുർആൻ നേരത്തെ പറഞ്ഞതുപോലെ കണ്ണിനു കണ്ണും കാലിനു കാലും കയ്യിനു കയ്യും എടുക്കാനാണ് പഠിപ്പിച്ചിട്ടുള്ളതെ ങ്കിൽ ഇങ്ങനെ സംഭവിക്കുമയിരുന്നോ ?

ഏതൊരു രാജ്യത്തിനും ഭരണകൂടങ്ങളും ,ഭരണാധികാരിക ളും അനിവാര്യമാണ് . അതില്ലാതെയാകുമ്പോൾ ,അല്ലെങ്കിൽ അനിശ്ചിതത്തിലാവുമ്പോൾ അരാജകത്വമായിരിക്കും ഫലം .

ഭൂമുഖത്ത് ഭരണകൂടങ്ങളും ഭരണാധികാരികളും ഉണ്ടായി ത്തീരുന്നതിന്റെ നാൾവഴികൾ പരിശോധിച്ചാൽ ഞെട്ടിപ്പിക്കുന്ന പല അറിവുകളും നമുക്കു ലഭിക്കും . ഒരു പരിധിവരെ അതു തന്നെയാ ണ് ചരിത്രവും . പ്രാക്ീത കാലത്തെ കൊള്ള സംഘങ്ങളുടെയും കവർച്ചാ സംഘങ്ങളുടെയും തലവന്മാരാണ് പിൽക്കാലത്ത് നാടുവാ ഴിയും രാജാവും അവരവരുടെ ആക്രമണോത്സുകതയുടെ തോതനുസ രിച്ച് ചക്രവർത്തിമാരുമൊക്കെയായിത്തീർന്നത് .

നിരവധി പ്രവാചക ദൗത്യങ്ങളുടെയും പരിഷ്കരണ പ്രക്രിയക ളുടെ ഫലമായി അത് ഇന്ന മഹത്തായ ജനാധിപത്യത്തിൽ എത്തി നിൽക്കുന്നു . ഈ ജനാധിപത്യം തന്നെ കർമ്മനിഷ്ഠമായ ഭരണക്ര മത്തിന്റെ ആദ്യചുവടുവെപ്പു മാത്രമാണ് .

നീതിനിഷ്ഠവും ,ധാർമ്മികവുമായ ഒരു ഭരണം ജനങ്ങൾക്കു ണ്ടാവണമെങ്കിൽ അത് ഇനിയും ഒരുപാട് ദൂരം പോകേണ്ടിയിരിക്കുന്നു . ഒരുപാട് പരിഷ്കരണ പ്രക്രിയകൾക്ക് അത് ഇനിയും വിധേയമാകേണ്ടതുണ്ട് . അതു പൂർത്തിയാകുന്നതുവരെ ജനങ്ങളുടെ അതൃപ്തിയും അതിനോടനുബന്ധിച്ച് സ്പോടനാത്മകങ്ങളായ പ്രവർത്തനങ്ങളും ,പ്രതിപ്രവർത്തനങ്ങളും തുടർന്നുകൊണ്ടേയിരിക്കും . ഇതിനെയൊക്കെ മതത്തിന്റെയോ ,ആദർശത്തിന്റെയോ പരിവേഷം കൊടുത്ത് യഥാർത്ഥ ദിശയിൽ നിന്നും ശ്രദ്ധതിരിച്ചുവിടാൻ വേണ്ടി കൊള്ളക്കാരിൽ നിന്നും പരിണമിച്ചുണ്ടായ രാഷ്ട്രീയക്കാരൻ പ്രചാരണം നടത്തിക്കൊണ്ടുമിരിക്കും.

എല്ലാ തീവ്രവാദത്തിനു പിന്നിലും പ്രധാനമായും മൂന്നു കാരണങ്ങൾ നമുക്കു കാണാൻ കഴിയും .ഒന്നാമത്തേത് ഭരണകൂടത്തിന്റെ അനീതി . രണ്ടാമത് മതമൂല്ല്യങ്ങളുടെ തെറ്റായ വ്യാഖ്യാനം . മൂന്നാമച് സംഘർഷങ്ങളിൽ നിന്നും അനിശ്ചിതത്ത്വങ്ങളിൽ നിന്നും മുതലെടുക്കാൻ നടക്കുന്നവരുടെ അത്യാർത്തി .

എല്ലാ മുസ്ലിംകളും തീവ്രവാദികളല്ല എന്നാൽ എല്ലാ തീവ്രവാദികളും മുസ്ലിംകളാണ് എന്നൊരു പ്രയോഗം സാധാരണ കാണാറുണ്ട്. വാസ്തവത്തിൽ ഖുർആന്റെ ഇന്നു പ്രചാരത്തിലുള്ള പരിഭാഷകൾ വായിച്ചിട്ടും അതു വായിച്ചയാൾ തീവ്രവാദി ആയിട്ടില്ലെങ്കിൽ അയാൾക്ക് എന്തോ കുഴപ്പമുണ്ടെന്നാണ് അർത്ഥം. ഇസ്ലാമിലെ ഖുർആനേതര പ്രമാണങ്ങളാവട്ടെ (ഖുർആനൊഴികെ മറ്റൊരു പ്രമാണവും ഇസ്ലാമിനില്ല എന്നത് വേറെ കാര്യം) തീവ്രവാദത്തിനാണ് മുൻതൂക്കം കൊടുക്കുന്നത് എന്ന സത്യം പലപ്പോഴും തന്ത്രപൂർവ്വം മറച്ചുവെക്കപ്പെടുകയാണ് .

ഇസ്ലാമിൽ വികലമായ ഖുർആൻ ഭാഷ്യങ്ങൾക്കും ഖുർആനേതര പ്രമാണങ്ങൾക്കും തീവ്രവാദം വളർത്തുന്നതിലുള്ള പങ്കിനെക്കുറിച്ച് ഇസ്ലാമിനോടും ബാക്കി ഇസ്ലാമികേതര സമൂഹത്തോടും അൽ

പമെങ്കിലും ആത്മാർത്ഥതയുള്ളവർ ഗൗരവമായി ചർച്ച ചയ്യണം .

വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളിലെ ചില രാജ്യങ്ങളും കൂട്ട ചേർന്ന് ഭീകരവേട്ട നടത്തുന്നതുകൊണ്ട് മറ്റേതൊക്കെ തീവ്രവാദങ്ങളെ ഒതുക്കിക്കളയാമെന്നു വിചാരിച്ചാലും മുസ്ലിംകൾക്കിടയിൽ ഉണ്ടെന്നു പറയപ്പെടുന്ന തീവ്രവാദത്തെ ഉന്മൂലനം ചെയ്യുക ഈ അവസ്ഥയിൽ അസാധ്യമായിരിക്കും.

മുസ്ലിംകൾ അവരുടെ വേദഗ്രന്ഥത്തെയും അടിസ്ഥാന പ്രമാണങ്ങളേയും അപഗ്രഥന വിധേയമാക്കുകയും പാശ്ചാത്യരൾപ്പെടെ ഇതര സമൂഹങ്ങൾ മുസ്ലിംകളെയും ഇസ്ലാമിനേയും കുറിച്ച് പുലർത്തുന്ന കുറ്റകരമായ അജ്ഞത അവസാനിപ്പിക്കുകയും ചെയ്യാതെ തീവ്രവാദം തുടച്ചു നീക്കാൻ കഴിയുകയില്ല .

ഇതിനേക്കാളെല്ലാം ഉപരി തീവ്രവാദനിർമ്മാർജ്ജനത്തിന് അത്യന്താപേക്ഷിതമാണ് ചില രാജ്യങ്ങളുടെ വിദേശനയങ്ങളിൽ ഉണ്ടാവേണ്ട കാതലായ മാറ്റം .ആയുധനിർമ്മാണവും അതിന്റെ ക്രയവിക്രയവും ഇന്ന് അപൂതപൂർവ്വമായി വളർന്നു പന്തലിച്ചു നിൽക്കുകയാണ് അതെല്ലാം അതേപടി നിലനിർത്തിക്കൊണ്ട് തീവ്രവാദമുക്തമായ സമാധാനപൂർണ്ണമായ ഒരു ലോകം സ്വപ്നം കാണുന്നതിൽ പരം വിഡ്ഢിത്തം വേറൊന്നില്ല .

ഏതു തോന്ന്യാസവും നടത്തിയിട്ട് അതിന് മതത്തിന്റെ പരിവേഷം നൽകുന്നതിരെ മതവിശ്വാസികൾ ജാഗരൂകരാകേണ്ടിയിരിക്കുന്നു .സമ്പത്തിനു വേണ്ടി മനുഷ്യരാശിയെ ഒന്നടങ്കം നശിപ്പിക്കാനുതകുന്ന വ്യവസായങ്ങളിൽ നിന്ന് രാഷ്ട്രങ്ങൾക്ക് പിൻമാറാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു .

മനുഷ്യന് ഏതാണ്ട് എല്ലാവിധ സ്വാതന്ത്ര്യങ്ങളും അനുവദിക്കുന്ന പാശ്ചാത്യ രാജ്യങ്ങളും മനുഷ്യ സ്വാതന്ത്ര്യത്തിനു വലിയ വിലയൊന്നും കൽപിക്കേണ്ടതില്ല എന്ന നിലയിൽ മനുഷ്യരെ മൂക്കുകയ

റിട്ട് നിയന്ത്രിക്കുന്ന ചില മധ്യപൗരസ്ത്യ രാജ്യങ്ങളും തമ്മിൽ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ വലിയ അന്തരമൊന്നും കാണാനില്ല .

ഇസ്ലാം മതത്തിന്റെ പേരു പറഞ്ഞ് രക്തപുഴയൊഴുക്കി സ്ഥാപിതമായ ബഹുഭൂരിപക്ഷം മുസ്ലിംകളും അധിവസിക്കുന്ന ഒരു രാജ്യത്തെ പൗരന്മാരുടെ സുരക്ഷിതത്ത്വവും , മതസങ്കുചിതത്ത്വത്തിന്റെ പശ്ചാതലം ഒന്നുമില്ലാതെ തികഞ്ഞ മതേതരമൂല്ല്യങ്ങളിൽ അധിഷ്ഠിതമായ നിയമങ്ങളുള്ള അതിന്റെ അയൽരാജ്യത്തെ പൗരന്മാരുടെ സുരക്ഷിത്ത്വവും ഒന്നു താരതമ്യം ചെയ്താൽ തന്നെ ചില സത്യങ്ങൾ നിഷ്പക്ഷമതികൾക്ക് മനസ്സിലാവും .